TEXAS EDITION

news@sanghamam.com | sanghamam.com

Pages: 40 | Price: 50 ¢

VOL. 24 ISSUE NO. 15 Published from NEW YORK, CHICAGO, TEXAS & TORONTO

2025 April 10 - 16



സംഗമം



സോഷ്യൽ മീഡിയ

പരിധി വിട്ടാൽ പണി കിട്ടും

വിസയും ഗ്രീൻകാർഡും റദ്ദാക്കുമെന്ന് യുഎസ് ഇമിഗ്രേഷൻ സർവീസസ്

വാഷിംഗ്ടൺ: യുഎസ് വിസ നിഷേധത്തിന് അപേക്ഷകരുടെ സോഷ്യൽ മീഡിയ ആക്ടിവിറ്റികളും കാരണമാകുമെന്ന് യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് (യുഎസ്സിഐഎസ്) മുന്നറിയിപ്പ്. ഇമിഗ്രേഷൻ അധികാരികൾ വിസ അപേക്ഷകരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ സൂക്ഷ്മമായി പരിശോധിച്ച് സെമിറ്റിക് വിരുദ്ധമെന്ന് കരുതുന്ന ഉള്ളടക്കം പോസ്റ്റ് ചെയ്യുന്നവരുടെ വിസയോ റെസിഡൻസി പെർമിറ്റോ നിഷേധിക്കുമെന്നും പ്രസ്താവനയിൽ അറിയിച്ചു.

'തീവ്രവാദ അനുഭാവികൾക്ക് അമേരിക്കയിൽ ഇടമില്ല, അവരെ ഇവിടെ പ്രവേശിപ്പിക്കാനോ ഇവിടെ തന്നെ തുടരാൻ അനുവദിക്കാനോ ഞങ്ങൾക്ക് ബാധ്യതയില്ല,' ആഭ്യന്തര സുരക്ഷാ വകുപ്പിലെ പബ്ലിക് അഫയേഴ്സ് അസിസ്റ്റന്റ് സെക്രട്ടറി ട്രീഷ്യ മക്ലാഫ്ലിൻ പ്രസ്താവനയിൽ പറഞ്ഞു.

തീവ്രവാദികളിൽ നിന്നും തീവ്രവാദ ചിന്തയുള്ള വിദേശികളിൽ നിന്നും മാതൃരാജ്യത്തെ സംരക്ഷിക്കുന്നതിനായി കുടിയേറ്റ നിയമങ്ങളും പരമാവധി നടപ്പിലാക്കുമെന്ന് ഡിഎച്ച്എസ് അറിയിച്ചു.

സെമിറ്റിക് വിരുദ്ധ ഭീകരതയെയോ അനുബന്ധ പ്രവർത്തനങ്ങളെയോ പിന്തുണയ്ക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ സോഷ്യൽ മീഡിയ പോസ്റ്റുകൾ ഇമിഗ്രേഷൻ പരിശോധനകളിൽ നെഗറ്റീവ് ഘടകമായി പരിഗണിക്കും. വിസ അപേക്ഷകൾ, ഗ്രീൻ കാർഡ് അപേക്ഷകൾ, മറ്റ് ഇമിഗ്രേഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കും ഇത് ബാധകമാണെന്നും അധികൃതർ അറിയിച്ചു.

ട്രംപിന്റെ താരിഫ് ഗെയിംചേഞ്ചർ

ലക്ഷ്യം ചൈന മാത്രം

- ചൈനീസ് ഇറക്കുമതികൾക്ക് മേലുള്ള ചുങ്കം 125 ശതമാനമാക്കി
- ചൈനയൊഴിച്ചുള്ള രാജ്യങ്ങൾക്ക് 90 ദിവസത്തെ താരിഫ് അവധി
- ബീജിംഗിനെ മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെടുത്തുക ട്രംപിന്റെ തന്ത്രം



ഒടുവിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപ് അത് വ്യക്തമാക്കിയിരിക്കുന്നു: താൻ ലക്ഷ്യം വയ്ക്കുന്നത് ഒരേയൊരു രാജ്യത്തെയാണ്– ചൈനയെ.

ഏറ്റവുമൊടുവിൽ ചൈനയിൽ നിന്നുള്ള ഇറക്കുമതികൾക്ക് മേലുള്ള തീരുവ 125 ശതമാനത്തിലേക്കുയർത്തിയും ചൈനയൊഴിച്ചുള്ള രാജ്യങ്ങൾക്ക് വർധിപ്പിച്ച നികുതി നിരക്കുകളിൽ നിന്ന് 90 ദിവസത്തെ അവധി നൽകിയും ട്രംപ് ചൈനയ്ക്ക് നൽകിയിട്ടുള്ള സന്ദേശം ദൃഢവും വ്യക്തവുമാണ്: ഇനിയും കുറഞ്ഞ നിരക്കിൽ അമേരിക്കൻ വിപണിയിലേക്ക് അവരുടെ ഉത്പന്നങ്ങൾ തള്ളിക്കയറ്റാനാവില്ല.

താൻ തുടങ്ങിവച്ചിട്ടുള്ള 'താരിഫ് യുദ്ധം' ആഗോള വ്യാപാരരംഗത്തെ കീഴ്മേൽ മറിക്കുമ്പോഴും അതിനെതിരെ സ്വന്തം അണികളിൽ നിന്നുപോലും വിമർശനമുയരുമ്പോഴും പ്രസിഡന്റ് ഡോണൾഡ് ട്രംപ് കുലുങ്ങാത്തത് തന്റെ താരിഫ് പദ്ധതിയുടെ ഉദ്ദേശവും ലക്ഷ്യവും സംബന്ധിച്ച് കൃത്യമായ ധാരണയുള്ളതുകൊണ്ടാണ്.

യുഎസ് ചൈനീസ് ഉൽപ്പന്നങ്ങൾക്ക് മേൽ ചുമത്തിയ താരിഫ് 104% ആയി ഉയർത്തിയതിന് പ്രതികാരമായി ബീജിംഗ് അമേരിക്കൻ ഇറക്കുമതികൾക്ക് മേലുള്ള തീരുവ 34 ശതമാനത്തിൽ നിന്ന് 84 ശതമാനം ആയി ഉയർത്തിയത് ട്രംപിനെ ചൊടിപ്പിച്ചുവെന്ന് വ്യക്തമാണ്.

മറ്റ് പല രാജ്യങ്ങളും ചെയ്തതുപോലെ ചൈനയും താനുമായി ചർച്ചയ്ക്ക് ഒരുമ്പെടുമെന്നാണ് ട്രംപ് പ്രതീക്ഷിച്ചിരുന്നത്. അതുണ്ടാകാതെ വപ്പോൾ ചൈനയെ തളയ്ക്കാൻ ഏതറ്റം വരെയും പോകുവാൻ താൻ തയ്യാറാവുമെന്ന ശക്തമായ സന്ദേശമാണ് ട്രംപ് ഇതിലൂടെ നൽകിയിട്ടുള്ളത്. ഇത് നിലവിലെ താരിഫ് യുദ്ധത്തെ അമേരിക്കയും ചൈനയുമായി നേരിട്ടുള്ള പോരാട്ടമായി മാറിയിരിക്കുന്നുവെന്ന് പറഞ്ഞാൽ പോലും തെറ്റാവില്ല.

ചൈനീസ് ഉൽപ്പന്നങ്ങൾക്ക് ബാധകമായ താരിഫ് ഉടനടി നിലവിൽ വരുന്ന തരത്തിൽ 125% ആയി ഉയർത്തിയതായി തന്റെ ട്രൂത്ത് സോഷ്യൽ പ്ലാറ്റ്ഫോമിൽ പ്രഖ്യാപിച്ചുകൊണ്ട് ട്രംപ് എഴുതി: 'അമേരിക്കയെയും മറ്റ് രാജ്യങ്ങളെയും കൊള്ളയടിക്കുന്ന കാലം ഇനി നിലനിൽക്കില്ലെന്ന് ചൈന ഉടൻ മനസിലാക്കും,' ട്രംപ് എഴുതി.

എഴുപത്തിയഞ്ചിലധികം രാജ്യങ്ങൾ യുഎസുമായി ചർച്ച ചെയ്യുകയും യുഎസ് വർദ്ധിപ്പിച്ച താരിഫുകൾക്കെതിരെ പ്രതികാരനടപടികൾക്ക് ഒരുങ്ങാതിരിക്കുകയും ചെയ്തത് പരിഗണിച്ചാണ് പ്രസിഡന്റ് ട്രംപ് 90 ദിവസത്തേക്ക് പുതുക്കിയ നിരക്കുകൾ താത്കാലികമായി മരവിപ്പിച്ചത്. ഈ രാജ്യങ്ങൾ പ്രതികാര നടപടികൾക്ക് ഒരുമ്പെടാതിരുന്നത് തന്റെ 'ശക്തമായ നിർദ്ദേശം' മൂലമാണെന്ന് അദ്ദേഹം ഉറപ്പിച്ചു.

'വ്യാപാരം, താരിഫ് തടസ്സങ്ങൾ, കറൻസി വിനിമയം, നോൺ മോണിറ്ററി താരിഫുകൾ എന്നിവയെക്കുറിച്ചുള്ള ചർച്ചകൾക്കായി 75ലധികം രാജ്യങ്ങൾ യുഎസ് പ്രതിനിധികളുമായി ഇതിനകം ബന്ധപ്പെട്ടിട്ടുണ്ട്. എന്റെ ശക്തമായ നിർദ്ദേശപ്രകാരം ഈ രാജ്യങ്ങൾ യുഎസിനെതിരെ ഒരു വിധത്തിലും പ്രതികാര നടപടികൾക്കൊരുങ്ങിയിട്ടില്ല. ഇതിനുള്ള അംഗീകാരമെന്ന നിലയ്ക്ക് ഞാൻ പുതുക്കിയ താരിഫ് 90 ദിവസത്തേക്ക് താത്കാലികമായി മരവിപ്പിക്കുകയാണ്. ഈ കാലയളവിൽ 10% റെസിപ്രോക്കൽ താരിഫ് ബാധകമായിരിക്കും,' പ്രസിഡന്റ് ട്രംപ് എഴുതി.

വർദ്ധിപ്പിച്ച താരിഫുകളോട് ഏറെ ജാഗ്രതയോടെയാണ് **(ശേഷം പേജ് 8)**

ചൈനയ്ക്ക് പൊള്ളിത്തുടങ്ങി; ഗുണം ഇന്ത്യക്ക്

ശത്രുതകൾ മറന്ന് ഇന്ത്യയോട് സഹകരിക്കാൻ തയ്യാറായി ചൈന



ന്യൂഡൽഹി: പ്രസിഡന്റ് ഡോണൾഡ് ട്രംപ് അഴിച്ചുവിട്ടിട്ടുള്ള നികുതിയുദ്ധത്തിൽ തങ്ങൾക്ക് പരുക്കേൽക്കുമെന്ന് തിരിച്ചറിതോടെ ഇന്ത്യയുമായുള്ള ശത്രുതകൾ മറന്ന് വ്യാപാരരംഗത്ത് സഹകരിക്കണമെന്ന നിർദ്ദേശവുമായി ചൈനീസ് നേതൃത്വം.

കഴിഞ്ഞ ഏതാനും ദശകങ്ങളായി ഇന്ത്യ നടത്തിവന്ന രാഷ്ട്രീയനയതന്ത്ര നീക്കങ്ങൾക്ക് സാധിക്കാതെ വന്നതാണ് പ്രസിഡന്റ് ട്രംപിന്റെ നീക്കത്തോടെ സാധ്യമായിരിക്കുന്നത്. എല്ലായെപ്പോഴും കടകഥകളിൽ കൂടെ രാജ്യാന്തര ബന്ധങ്ങളെ നിർവചിക്കാറുള്ള ചൈനീസ് നേതൃത്വം ഇപ്പോൾ തങ്ങൾ എത്തിപ്പെട്ടിട്ടുള്ള സാഹചര്യം വർണിക്കുന്നതും അതേപോലെ തന്നെ: 'ഇത് (നമുക്ക്) ഡ്രാഗൺ ആൻഡ് എലിഫന്റ് ഡാൻസ് ചെയ്യാനുള്ള അവസരമാണ്.'

ഇത് പറഞ്ഞത് ചെറിയ പുള്ളിയല്ല, ചൈനീസ് വിദേശമന്ത്രി വാങ് യി ആണ്. അത്ര പോലും മറവില്ലാത്തതായിരുന്നു ഏപ്രിൽ 8ലെ ഡൽഹിയിലെ ചൈനീസ് എംബസിയുടെ പ്രസ്താവന: 'ഇന്ത്യയും ചൈനയും ഒരുമിച്ചു നിന്നുകൊണ്ടു ബുദ്ധിമുട്ടുകൾ മറികടക്കണം.'

'ചൈനയും ഇന്ത്യയും തമ്മിലുള്ള സാമ്പത്തികവ്യാപാര ബന്ധങ്ങൾ പരസ്പരനേട്ടങ്ങളെ അടിസ്ഥാനമാക്കി നിർമ്മിച്ചവയാണ്. യുഎസ് നികുതികളുടെ ദുർവിനിയോഗത്തിന്റെ ഫലമായി 'ഗ്ലോബൽ സൗത്ത്' എന്ന് വിളിക്കപ്പെടുന്ന രാജ്യങ്ങളുടെ വികസന സാധ്യതകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഈ പ്രദേശത്തെ രണ്ട് വികസിത സമ്പദ്വ്യവസ്ഥകൾ (ഇന്ത്യയും ചൈനയും) ഒരുമിച്ച് നിൽക്കേണ്ടത് അത്യാവശ്യമാണ്...' ന്യൂഡൽഹിയിലെ ചൈനീസ് എംബസിയിലെ വക്താവ് യൂ ജിംഗ് എക്സിൽ എഴുതി.

ഗൽവാൻ താഴ്വരയിൽ 2020 ജൂൺ മാസത്തിൽ നടന്ന സംഘർഷം മുതൽ മരവിച്ച നിലയിലായിരുന്ന ഇന്ത്യ-ചൈന ബന്ധങ്ങൾ 2024 ഒക്ടോബറിൽ ഒപ്പുവച്ച പട്രോളിംഗ് കരാറോടെ കൂടുതൽ ഊഷ്മളമായിരുന്നു. ഇരുരാജ്യങ്ങളിലെയും പ്രധാമന്ത്രിമാരും നേതാക്കളും തമ്മിൽ അതേത്തുടർന്ന് പല റൗണ്ട് ചർച്ചകളും ഇതിനകം നടന്നും കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഇപ്പോഴത്തെ ചൈനയുടെ ഇന്ത്യയോടുള്ള നീക്കം സ്വാഭാവികമാണെന്ന് തോന്നാമെങ്കിലും പ്രസിഡന്റ് ട്രംപ് അഴിച്ചുവിട്ട താരിഫ് യുദ്ധം ഇന്ത്യയെ സ്വാധീനിക്കാൻ ചൈനയെ പ്രേരിപ്പിക്കുകയാണെന്ന് വ്യക്തമാണ്.

എന്നാൽ, ഇന്ത്യ ചൈന നടത്തുന്ന സ്നേഹപ്രകടനങ്ങളോട് വളരെ സംയമനത്തോടെയാണ് പ്രതികരിച്ചിട്ടുള്ളത്. ചൈനയുടെ ഡൽഹി എംബസി പുറത്തിറക്കിയ പ്രസ്താവനയോട് ഇന്ത്യ പ്രതികരിച്ചിട്ടുതന്നെയില്ല. ആകെ ഇത് സംബന്ധിച്ച് ഒരു പരാമർശം നടത്തിയിട്ടുള്ളത് **(ശേഷം പേജ് 8)**

വീണ്ടും റഫാൽ, എഫ് 35 ഔട്ട്



അമേരിക്കയുടെ എഫ് 35 ഫൈറ്റർ ജെറ്റ് വാങ്ങാനുള്ള ചർച്ചകൾ ഏറെ മുന്നോട്ട് പോയ ശേഷം ഫ്രാൻസിൽ നിന്ന് 26 റഫാൽ എം യുദ്ധവിമാനങ്ങൾ കൂടി വാങ്ങാൻ കേന്ദ്രമന്ത്രിസഭയുടെ തീരുമാനം. 63,000 കോടി രൂപയാണ് ഇതിനായി ചിലവാക്കുക.

പ്രസിഡന്റ് ഡോണൾഡ് ട്രംപ് താല്പര്യം പ്രകടിപ്പിച്ചതനുസരിച്ച് ഇന്ത്യ എഫ് 35 ഫൈറ്റർ വിമാനങ്ങൾ വാങ്ങാൻ ഒരുമ്പെടുകയാണെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ, ഇന്ത്യൻ നാവികസേനക്കായി ഫ്രാൻസിൽ നിന്ന് 26 റഫാൽ എം യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനാണ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി അംഗീകാരം നൽകിയത്.

കേന്ദ്ര സർക്കാർ നേരിട്ട് ഫ്രാൻസുമായി കരാറിലേർപ്പെടും. കരാർ അനുസരിച്ച് ഇന്ത്യൻ **(ശേഷം പേജ് 8)**

വാക്പയറ്റ്

ബാലചന്ദ്രൻ ചുള്ളിക്കാടും മമ്മൂക്കയും പറഞ്ഞ പ്രശസ്തമായ കാര്യമുണ്ട്, പണ്ടു ഞാൻ നിന്റെ വീട്ടിൽ വരുമ്പോൾ സുഹൃത്തിനെ കാണാൻ വരുന്നു എന്നായിരുന്നു അർഥം. ഇപ്പോൾ അതു മതസൗഹാർദത്തിന്റെ അടയാളമായി മാറുന്നു. അതത്ര സന്തോഷകരമായ കാര്യമല്ല. വർഗീയത വളർന്നുവരുന്നതുകൊണ്ടു സമൂഹത്തിനു യാതൊരു നേട്ടവുമില്ല. രാഷ്ട്രീയക്കാർക്കാണ് അതിന്റെ നേട്ടം.



റഫീക്ക് അഹമ്മദ്



ഹമീദ് ചേന്ദമംഗലൂർ

സ്വേച്ഛാധിപത്യപരത, സമഗ്രാധിപത്യപരത, ശത്രുസംഹാരപരത, വിമതശബ്ദഹനനം, ഏകകക്ഷിഭരണം എന്നിവയൊക്കെയാണു ഫാഷിസത്തിന്റെ ലക്ഷണമെങ്കിൽ സോവിയറ്റ് യൂണിയന്റെ പിറവിതൊട്ട് ഇന്നുവരെയുണ്ടായിട്ടുള്ള എല്ലാ കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ ഭരണരീതിയെയും ഫാഷിസ്റ്റ് എന്നു വിശേഷിപ്പിക്കേണ്ടിവരില്ലേ? നിലവിലുള്ള കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളായ ചൈനയിലും വിയറ്റ്നാമിലും ഉത്തരകൊറിയയിലും ലാവോസിലും ക്യൂബയിലും കമ്യൂണിസ്റ്റ് പാർട്ടിയല്ലാത്ത മറ്റൊരു പാർട്ടിക്കും പ്രവർത്തനസ്വാതന്ത്ര്യമില്ലെന്ന തിക്തസത്യം കാണാതിരിക്കരുത്.

കഥകളിയിലെ ചുവന്നതാടി വേഷക്കാരനാകേണ്ടിയിരുന്ന ആളാണ് സുരേഷ് ഗോപി. വഴി തെറ്റി സിനിമയിലെത്തിയതാണ്. പുരികക്കൊടിയും ചൊടിയും അഷ്ടകലാശവും ഒക്കെ അസ്സലാകുന്നുണ്ട്. ഈ മോശം താരതമ്യത്തിന് സാത്വികരായ ആ കഥകളി ആചാര്യന്മാർ ക്ഷമിക്കട്ടെ എന്നോട്.

വടിയെടുക്കുന്ന സംവിധായകനും തിരക്കഥാകൃത്തിനും മാത്രമേ അദ്ദേഹത്തെ നിയന്ത്രിക്കാനാകൂ. ബിജെപിയിൽ മികച്ച സംവിധായകരോ തിരക്കഥാകൃത്തുക്കളോ ഇല്ലാത്തതു കൊണ്ടാണ് ഈ അഴിഞ്ഞാട്ടമൊക്കെ നടക്കുന്നത്.



എസ്. ശാരദക്കുട്ടി




ഗണേഷ് കുമാർ

കമ്മിഷണർ എന്ന സിനിമ റിലീസ് ചെയ്തപ്പോൾ കാറിനു പിന്നിൽ എസ്പിയുടെ തൊപ്പി വച്ചിരുന്നയാളാണ് സുരേഷ് ഗോപി. വർഷങ്ങൾക്ക് മുൻപ് ഭരത് ചന്ദ്രൻ ഐപിഎസ് ആയി അഭിനയിച്ചപ്പോഴായിരുന്നു പൊലീസ് തൊപ്പി കാറിന്റെ പിന്നിൽ സ്ഥിരമായി വച്ചിരുന്നത്. സാധാരണ ഉന്നത പൊലീസുകാർ കാറിൽ യാത്ര ചെയ്യുമ്പോൾ അവരുടെ തൊപ്പി ഊരി സീറ്റിന്റെ പിന്നൽ വയ്ക്കാറുണ്ട്. അത്തരത്തിൽ സുരേഷ് ഗോപിയുടെ കാറിൽ കുറെക്കാലം എസ്പിയുടെ ഐപിഎസ് എന്നെഴുതിയ തൊപ്പി കാറിന്റെ പിന്നിൽ വച്ചിരുന്നു. അത് ഗ്ലാസിലൂടെ പുറത്തേക്ക് കാണുന്ന തരത്തിലായിരുന്നു വച്ചിരുന്നത്. അത്രയേ അദ്ദേഹത്തെ കുറിച്ച് പറയാനുള്ളൂ.

അടുത്ത കാലത്തെ ഒരു പ്രധാന സവിശേഷത ഏതു സമുദായസംഘടനയുടേയും നേതൃത്വത്തിൽ എത്തുന്നത് മുഴുവൻ അതിസമ്പന്നർ ആണെന്നതാണ്. അവർക്കത് സ്വന്തം കച്ചടവടത്തിന്റെ ഭാഗമാണ്. ഇത്തരക്കാർക്ക് താഴെത്തട്ടിലെ മനുഷ്യജീവിതവുമായി ഒരു ബന്ധവുണ്ടാവില്ല. ഞാൻ കരുതുന്നത്, ഇന്ന് നായരുടെ ഏറ്റവും വലിയ ശത്രു എൻ.എസ്.എസും ഈഴവന്റെ യഥാർത്ഥ ശത്രു എസ്.എൻ.ഡി.പി.യും ആണെന്നാണ്.



അശോകൻ ചരുവിൽ



വായനക്കാരുമായി എഴുത്തുകാർക്കു ബന്ധം ആവശ്യമില്ലാത്ത കാലത്താണു നമ്മൾ ജീവിക്കുന്നത്. ഇൻസ്റ്റഗ്രാമിലും സോഷ്യൽ മീഡിയയിലുമാണ് അവർ ജീവിക്കുന്നത്. ഡിവൈസുകൾ വിട്ടു യാഥാർഥ്യങ്ങളുടെ നടുവിലേക്കു കണ്ണു തുറന്നുവയ്ക്കുന്നവരാണ് അതിജീവിക്കുന്ന എഴുത്തുകാരാകുക.

എം.മുകുന്ദൻ



മനസ്സു കൊണ്ട് ഞാൻ കമ്യൂണിസ്റ്റ് ആശയക്കാരനാണ്. ബിജെപിയൊന്നുമല്ല. മകന്റെ രാഷ്ട്രീയ നിലപാട് എന്നെ സ്വാധീനിച്ചിട്ടില്ല. സമുദായത്തിന്റെ നീതിയാണ് എന്റെ രാഷ്ട്രീയം. എസ്എൻഡിപി യോഗം ഒരു പാർട്ടിയുടെയും വാലോ ചൂലോ അല്ല.

വെള്ളാപ്പള്ളി നടേശൻ



ഇപ്പോഴും എനിക്കു വിലക്കു കൽപിച്ചിരിക്കുന്ന പ്രമുഖ വേദികളുണ്ട്. അവർ ടഗോറിനെയും വള്ളത്തോളിനെയുമെല്ലാം വീണ്ടും പഠിക്കണം. കല ജനകീയമാക്കണം എന്ന ചിന്തയിലാണു ശാന്തിനികേതനും കലാമണ്ഡലവുമെല്ലാം രൂപംകൊണ്ടത്. അവരെല്ലാം വരുംനാളുകളിൽ ശാഠ്യം ഒഴിവാക്കി മാറ്റത്തിനു മുന്നിൽ വാതിൽ തുറക്കുമെന്നുതന്നെയാണു പ്രതീക്ഷ.

ആർഎൽവി രാമകൃഷ്ണൻ




ബിസിനസ് എന്ന ഭാഗത്തു മാത്രമായി നിൽക്കുകയാണു സിനിമ. അതിനെ സാംസ്കാരികപ്രവർത്തനമായി കാണുന്നില്ല. പണം അന്വേഷിച്ചുപോകുന്നതിൽ തെറ്റില്ല. പക്ഷേ, പണം മാത്രമായി ആലോചിച്ചാൽ ശരിയാകുമോ? ലോകത്തു ചെറിയ പടങ്ങൾ പണം വാരുന്നുണ്ട്. അവരെയാണു ക്രിയേറ്റേഴ്സ് എന്നു പറയുന്നത്. അത്തരം ക്രിയേറ്റേഴ്സിനെയാണു നമുക്കു നഷ്ടമാകുന്നത്.

ഷാജി എൻ.കരുൺ



നിങ്ങൾക്കു വേണ്ടത് എന്റെ രക്തമാണ്. അത്ര വേഗത്തിൽ അതു കിട്ടില്ല. ചില മാധ്യമങ്ങൾക്കു സാമാന്യ ബുദ്ധിയില്ല. മകളുടെ കമ്പനി നൽകിയ സേവനത്തിനു കിട്ടിയ പ്രതിഫലം കള്ളപ്പണമല്ലല്ലോ. അത് രേഖകൾ പ്രകാരം വന്നതല്ലേ. അതിനു നൽകേണ്ട ആദായനികുതി, ജിഎസ്ടി എന്നിവ കൃത്യമായി നൽകിയതാണ്. രേഖ പ്രകാരമുള്ളതാണ്. അതു മറച്ചുവെച്ചുകൊണ്ടാണ് കാര്യങ്ങൾ പറയുന്നത്. നൽകാത്ത സേവനത്തിനാണ് പ്രതിഫലം എന്നു പറഞ്ഞാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. നൽകിയ സേവനത്തിനാണ് പ്രതിഫലമെന്നു മകളുടെ കമ്പനിയും സിഎംആർഎല്ലും പറയുന്നു. ഇതൊന്നും അത്ര വേഗത്തിൽ അവസാനിക്കില്ല-

പിണറായി വിജയൻ



സംഗമം Published from New York, Chicago, Texas and Toronto by Sanghamam International Inc., 1595 East Oakton Street, Des Plaines, IL 60018, USA. Directors: Benny Thomas Pampackal, George Cherayil, Jose Sebastian, Joseph Idicula, Prince Joseph Manjooran, Shaju Joseph, Wilson Joseph. Executive Editor: C. Gouridasan Nair; Associate Editor: Biji Tony; Sub Editors: Rajagopal, Contributors: O.J George . Corporate Office: Sanghamam International Inc., 1595 East Oakton Street, Des Plaines, IL 60018, USA. U.S. editions: (312) 874-3844. Toronto Office: 4623 Penhallow Road, Mississauga, Ontario, Canada L5V 1E8. Phone: (905) 814-9944, Fax: (416) 352-1635. Email: news@sanghamam.com, Website: www.sanghamam.com. Overseas Office: Sanghamam International Inc., Penta Square, Opp. Kavitha Theatre, M.G Road, Kochi, Kerala, India, Tel: +91 484 4034055, +91 9287221715. Subscription: USA for $40/yr. Sanghamam is published weekly by Sanghamam International Inc. at 1595 East Oakton Street, Des Plaines, IL 60618. Periodicals Postage paid at Chicago, IL, and at additional mailing offices under USPS #025-537. Postmaster: Send address changes to Sanghamam Publications, P.O. Box 1213, Des Plaines, IL 60017-1213.

$50 Only

SUBSCRIPTION FORM - SANGHAMAM

The largest circulated Malayalam newspaper published from New York, Chicago, Texas and Toronto

1595 E. Oakton Street, Des Plaines, Illinois 60018

Phone: (312) 874-3844, Email: news@sanghamam.com www.sanghamam.com Date.....

Name..... Phone.....

Address..... Email.....

City..... State..... ZipCode.....

USA ONLY

☐ New Subscription ☐ Renewal Member No: .....

☐ $50 for one year ☐ $90 for 2 years ☐ $200 for 5 years


☐ Cash ☐ Check ☐ Credit Card

Credit Card #..... Exp. Date..... Code.....

Make check payable to: Sanghamam Publications Inc. and mail to PO Box 1213, Des Plains, IL 60017 Signature:

കൂട്ട നാടുകടത്തൽ

ഭരണകൂടവും കോടതിയും തമ്മിൽ സംഘർഷം രൂക്ഷം



വാഷിംഗ്ടൺ: പതിനെട്ടാം നൂറ്റാണ്ടിലെ യുദ്ധകാല നിയമം അനുസരിച്ച് വെനസ്വേലൻ കുടിയേറ്റക്കാരെ എൽ സാൽവഡോറിലേക്ക് നാടുകടത്തുന്നത് നിർത്തിവെയ്ക്കാൻ കഴിഞ്ഞ മാസം പുറപ്പെടുവിച്ച ഉത്തരവ് ട്രംപ് ഭരണകൂടം ലംഘിച്ചു എന്ന നിലപാടിലേക്ക് വാഷിംഗ്ടണിലെ ഒരു ഫെഡറൽ ജഡ്ജി നീങ്ങിയതോടെ ഈ വിഷയത്തിൽ ട്രംപ് ഭരണകൂടവും ജുഡീഷ്യറിയും തമ്മിലുള്ളസംഘർഷം രൂക്ഷമായി.

ഏപ്രിൽ 3ന് നടന്ന കേസിലെ ഹിയറിംഗിനിടയിൽ തന്റെ ഉത്തരവ് അവഗണിച്ചുകൊണ്ട് വൈറ്റ് ഹൗസ് കോടതിയലക്ഷ്യം നടത്തിയതായി കരുതേണ്ട സാഹചര്യമുണ്ടെന്നും അക്കാര്യം സംബന്ധിച്ചുള്ള വിധി അടുത്ത ആഴ്ച പുറപ്പെടുവിച്ചേക്കുമെന്നും ജഡ്ജി ജെയിംസ് ഇ. ബോസ്ബർഗ് പറഞ്ഞിരുന്നു.

ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിനെ പ്രതിനിധീകരിച്ചിരുന്ന അഭിഭാഷകനുമായി ദൈർഘ്യമേറിയ വാദപ്രതിവാദത്തിന് ശേഷമാണ് അന്തിമ തീരുമാനത്തിന് കുറച്ചുകൂടി കാത്തിരിക്കേണ്ടിവരുമെന്ന് ജഡ്ജി പ്രഖ്യാപിച്ചത്. വിദേശകാര്യങ്ങൾ നടത്താനുള്ള പ്രസിഡന്റിന്റെ പ്രത്യേകാവകാശത്തിൽ കോടതി കടന്നുകയറിയതായി ആരോപിക്കുന്ന ട്രംപ് ഭരണകൂടവും ജഡ്ജി ബോസ്ബർഗും തമ്മിൽ നടന്നു വരുന്ന തർക്കത്തിലെ ഏറ്റവും പുതിയ വഴിത്തിരിവായിരുന്നു വാഷിംഗ്ടണിലെ ഫെഡറൽ ഡിസ്ട്രിക്റ്റ് കോടതിയിൽ നടന്ന സംഘർഷഭരിതമായ വാദം കേൾക്കൽ.

വിദേശകാര്യങ്ങൾ നടത്താനുള്ള പ്രസിഡന്റിന്റെ പ്രത്യേകാവകാശത്തിൽ കടന്നുകയറുന്നതായി ജില്ലാ കോടതി ജഡ്ജിക്കെതിരെ ട്രംപ് ഭരണകൂടം ആവർത്തിച്ച് ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഫെഡറൽ ജഡ്ജി ബോസ്ബെർഗിനെ ഇംപീച്ച് ചെയ്യണമെന്ന് ട്രംപ് രണ്ടാഴ്ച മുമ്പ് ആവശ്യപ്പെട്ടിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ, അദ്ദേഹത്തിന്റെ ചില ഉന്നത സഹായികളിൽ പ്രധാനിയായ അറ്റോർണി ജനറൽ പാം ബോണ്ടിയും ബോസ്ബെർഗ് ആത്മനിയന്ത്രണത്തോടെയല്ല പെരുമാറുന്നതെന്ന് ആരോപണവുമായി ടെലിവിഷനിൽ പ്രത്യക്ഷപ്പെടുകയുണ്ടായി.

ഏപ്രിൽ 3ലെ വാദം കേൾക്കുന്നതിനിടയിൽ അറ്റോർണിയെന്ന നിലയിൽ മുഖ്യമായും നരഹത്യാ കേസുകൾ കൈകാര്യം ചെയ്തിരുന്ന പ്രോസിക്യൂട്ടറായ ജഡ്ജി ബോസ്ബെർഗ് കുറിക്കു കൊള്ളുന്ന ചോദ്യങ്ങളാണ് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ അറ്റോർണിയോട് ചോദിച്ചത്. ട്രംപ് ഭരണകൂടം വെനിസ്വേലൻ കുടിയേറ്റക്കാരെ വിമാനങ്ങളിൽ കയറ്റുകയും മാർച്ച് 15 ന് അവരെ തടയാനുള്ള തന്റെ ഉത്തരവ് ലംഘിച്ചുകൊണ്ട് കുടിയേറ്റക്കാരുമായി വിമാനം പറത്തിയോ എന്നും തെളിയിക്കാൻ ഉദ്ദേശിച്ചുള്ള നിരവധി ചോദ്യങ്ങളിലൂടെ അദ്ദേഹം ഡിപ്പാർട്ട്മെന്റ് അഭിഭാഷകനായ ഡ്രൂ എൻസൈനെ നിർത്തിപ്പൊരിച്ചു.

നാടുകടത്തൽ നിർത്തിവെയ്ക്കണമെന്ന തന്റെ ഉത്തരവ് എപ്പോൾ കൈമാറിയെന്ന് ഭരണകൂടത്തിൽ ആർക്കാണ് അറിയാമായിരുന്നതെന്നും എൽ സാൽവഡോറിലേക്ക് കുടിയേറ്റക്കാരെ കൊണ്ടുപോകുന്ന വിമാനങ്ങൾ ലക്ഷ്യത്തിലെത്താതെ തിരിച്ചുപോരരുതെന്ന് ആരെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ, ആരാണ് അത് ചെയ്തത് എന്നും ജഡ്ജി ബോസ്ബെർഗ് എൻസൈനോട് ചോദിച്ചു.

ജഡ്ജി ബോസ്ബെർഗിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ പല ഘട്ടങ്ങളിലും എൻസൈനിന് കഴിഞ്ഞില്ല. അദ്ദേഹം പലപ്പോഴും ഉത്തരം നല്കാനാവാതെ നിശബ്ദനാവുകയായിരുന്നു. ചില ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തനിക്കറിയില്ലെന്ന് അദ്ദേഹം ആവർത്തിച്ച് പറഞ്ഞു. ചില വിവരങ്ങൾ അഭിഭാഷകക്ലയന്റ് ആനുകൂല്യങ്ങളുടെ സംരക്ഷണ പരിധിയിലുള്ളതാണെന്നും അദ്ദേഹം വാദിച്ചു.

ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിനെതിരെ കൂടുതൽ നടപടികൾ ഉണ്ടാകാനോ ഈ വിഷയത്തിൽ ഉൾപ്പെട്ട ചില ഉദ്യോഗസ്ഥരോട് മൊഴി നൽകാൻ ഹാജരാകാൻ ആവശ്യപ്പെടാനോ ഉള്ള സാധ്യത തുറന്നിട്ടുകൊണ്ട് പ്രശ്നത്തിന്റെ 'അടിത്തറയിലേക്ക് താൻ കൂടുതൽ കടക്കുമെന്നാ'ണ് വാദം കേൾക്കൽ അവസാനിച്ചപ്പോൾ ജഡ്ജി ബോസ്ബർഗ് പറഞ്ഞു.

ട്രെൻ ഡി അരാഗ്വ എന്ന അക്രമാസക്തമായ തെരുവ് സംഘത്തിലെ അംഗങ്ങളാണെന്ന് ആരോപിച്ച് ഏകദേശം 100 വെനിസ്വേലക്കാരെ എൽ സാൽവഡോറിലേക്ക് നാടുകടത്തിയപ്പോൾ വൈറ്റ് ഹൗസ് യുദ്ധകാല നിയമം, ഏലിയൻ എനിമീസ് ആക്ട് എന്നറിയപ്പെടുന്നത് ശരിയായി ഉപയോഗിച്ചോ എന്നതിനെക്കുറിച്ചുള്ള അടിസ്ഥാന ചർച്ചയിൽ നിന്ന് വ്യത്യസ്തമാണ് ഭരണകൂടത്തിലെ ആരെയെങ്കിലും കോടതിയലക്ഷ്യത്തിന് വിധേയമാക്കണമോ എന്ന ചോദ്യം.

1798ൽ പാസാക്കിയ ഈ നിയമം പ്രഖ്യാപിത യുദ്ധസമയത്തോ അല്ലെങ്കിൽ ഒരു 'ശത്രു രാഷ്ട്രത്തിൽ' നിന്നുള്ള യുണൈറ്റഡ് സ്റ്റേറ്റ്സിലെ ആളുകൾക്കെതിരായ ആക്രമണത്തിനിടയിലോ മാത്രമേ ഉപയോഗിക്കാവൂ എന്നാണ് കരുതുന്നത്. ഭരണകൂടം നിയമാനുസൃതമായ രീതിയിൽ നിയമം ഉപയോഗിക്കുന്നുണ്ടോ എന്ന് മുൻ ഹിയറിംഗിൽ ജഡ്ജി ബോസ്ബർഗ്, സംശയം പ്രകടിപ്പിച്ചിരുന്നു.

എങ്കിലും ജുഡീഷ്യൽ എക്സിക്യൂട്ടീവ് ബ്രാഞ്ചുകൾ തമ്മിലുള്ള ഒരു സംഘർഷത്തിന് കാരണമായതിനാൽ ജഡ്ജിയുടെ ഉത്തരവ് ട്രംപ് ഉദ്യോഗസ്ഥർ പാലിച്ചോ എന്ന തർക്കം പ്രാധാന്യമർഹിക്കുന്നതായിരുന്നു. ഭരണകൂടം നടത്തിയത് കോടതിയലക്ഷ്യമാണെന്ന് ജഡ്ജി ബോസ്ബർഗ് ഒടുവിൽ തീരുമാനിച്ചാൽ അതിന് ഉത്തരവാദികളായ ആരെയെങ്കിലും ശിക്ഷിക്കണോ വേണ്ടയോ എന്നും എങ്ങനെ ശിക്ഷിക്കണമെന്നും അദ്ദേഹം പരിഗണിക്കേണ്ടിവരും.

ഏപ്രിൽ 3ലെ വാദത്തിനിടെ ഇതിൽ ആരൊക്കെ ഉൾപ്പെട്ടിരിക്കാം എന്ന വിഷയം എൻസൈനോടുള്ള ചില മൂർച്ചയുള്ള ചോദ്യങ്ങളിലേക്ക് ജഡ്ജി ബോസ്ബർഗിനെ നയിച്ചു. വിമാനങ്ങൾ നിർത്തിവയ്ക്കാൻ കഴിഞ്ഞ മാസം ജഡ്ജി ബോസ്ബെഗ് പ്രാരംഭ ഉത്തരവ് പുറപ്പെടുവിച്ച ശേഷം സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിലെയും ഹോംലാൻഡ് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റിലെയും ഉദ്യോഗസ്ഥർക്ക് താനൊരു ഇമെയിൽ അയച്ചതായി എൻസൈൻ സമ്മതിച്ചു.

വിധിയെക്കുറിച്ച് താഴ്ന്ന തലത്തിലുള്ള നിരവധി നീതിന്യായ വകുപ്പിലെ ഉദ്യോഗസ്ഥരെ അറിയിച്ചിരുന്നുവെന്നും, എന്നാൽ വകുപ്പിലെ മറ്റാരെങ്കിലുമായി, പ്രത്യേകിച്ച് ഉയർന്ന ഓഫീസുകളിലുള്ളവരോട്, ഇക്കാര്യം താൻ പറഞ്ഞിട്ടുണ്ടോ എന്ന് തനിക്ക് ഓർമ്മയില്ലെന്നും അദ്ദേഹം പറഞ്ഞു.

മാത്രമല്ല, കുടിയേറ്റക്കാരുടെ വിമാനങ്ങൾ എൽ സാൽവഡോറിലേക്കുള്ള യാത്ര തുടരാൻ ആരാണ് അനുവദിച്ചതെന്ന് തനിക്ക് അറിയില്ലെന്ന് എൻസൈൻ പറഞ്ഞത് ജഡ്ജി ബോസ്ബർഗിൽ നിന്ന് ശക്തമായ പ്രതികരണത്തിന് കാരണമായി.

'പൈലറ്റുമാരോട് ഒന്നും പറയരുതെന്നോ അവർ യാത്ര തുടരണമെന്നോ ആരാണ് തീരുമാനിച്ചതെന്ന് ജഡ്ജി ബോസ്ബർഗ് ചോദിച്ചപ്പോൾ തനിക്കറിയില്ല എന്നാണ് എൻസൈൻ മറുപടി നൽകിയത്. വിമാനങ്ങൾ തിരികെ കൊണ്ടുവരേണ്ടതില്ല എന്ന തീരുമാനമെടുത്തത് ആരാണെന്ന് നിങ്ങൾക്ക് അറിയില്ലെന്ന് തന്നെയല്ലേ പറയുന്നതെന്ന് ജഡ്ജി ചോദിച്ചപ്പോൾ തനിക്ക് 'അതിന്റെ വിശദാംശങ്ങൾ അറിയില്ല' എന്ന് എൻസൈൻ വ്യക്തമാക്കി.

വിമാനങ്ങൾ നിർത്തിവച്ച ഉത്തരവിനെക്കുറിച്ച് അഡ്മിനിസ്ട്രേഷൻ ഉദ്യോഗസ്ഥർക്ക് എന്ത് അറിയാമെന്നും എപ്പോൾ അത് അറിയാമെന്നും ചോദിക്കാനുള്ള ജഡ്ജി ബോസ്ബർഗിന്റെ ശ്രമങ്ങളെ നീതിന്യായ വകുപ്പിലെ അഭിഭാഷകർ പലതവണ തടസ്സപ്പെടുത്തിയിരുന്നു. ഉദാഹരണത്തിന്, കഴിഞ്ഞ മാസം, ആ വിഷയങ്ങളെക്കുറിച്ച് അവരോട് ചോദിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ഒരു വാദം കേൾക്കൽ റദ്ദാക്കാൻ അവർ അവസാന നിമിഷം ശ്രമിക്കുകയും പിന്നീട് അദ്ദേഹത്തെ കേസിൽ നിന്ന് പുറത്താക്കാൻ അസാധാരണമായ ഒരു ശ്രമം നടത്തുകയും ചെയ്തു.

നാടുകടത്തൽ വിമാനങ്ങളുടെ സമയത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാനുള്ള ജഡ്ജി ബോസ്ബെർഗിന്റെ നിർദ്ദേശം ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് കഴിഞ്ഞ ആഴ്ച വീണ്ടും നിരസിച്ചു. സ്റ്റേറ്റ് സീക്രട്ട്സ് പ്രിവിലേജ് എന്ന അപൂർവ നിയമസിദ്ധാന്തം ചൂണ്ടിക്കാട്ടിയാണ് വിശദാംശങ്ങൾ നൽകാനാവില്ലെന്ന് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് വാദിച്ചത്. തുറന്ന കോടതിയിൽ കേസുകൾ വിചാരണ ചെയ്യുന്നത് ദേശീയ സുരക്ഷയെ തകർക്കുന്ന വിവരങ്ങൾ വെളിപ്പെടുത്താൻ സാധ്യതയുണ്ടെന്ന് പറയുമ്പോൾ, കോടതിയിൽ തെളിവുകളുടെ ഉപയോഗം തടയാൻ എക്സിക്യൂട്ടീവ് ബ്രാഞ്ചിനെ ഈ സിദ്ധാന്തം അനുവദിക്കും. ഇക്കാരണംകൊണ്ട് ചിലപ്പോൾ മുഴുവൻ കേസുകളും അവസാനിപ്പിക്കാനും കഴിയും.

എന്നാൽ നാടുകടത്തൽ വിമാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഒരു ദേശീയ രഹസ്യമായി കണക്കാക്കണമെന്ന ആശയത്തെ ജഡ്ജി ബോസ്ബെർഗ് പരിഹസിച്ചു. തനിക്ക് ആവശ്യമുള്ള വിമാന ഡേറ്റ രഹസ്യവിവരമായി ക്ലാസിഫൈ ചെയ്തിട്ടില്ലെന്ന് എൻസൈനെ ബോധ്യപ്പെടുത്തിയ ജഡ്ജി ദേശീയ സുരക്ഷയുടെ പരിധിയിൽ ക്ലാസിഫൈ ചെയ്യാത്ത രേഖകൾ സംരക്ഷിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും മാതൃകയുണ്ടോ എന്ന് ചോദിക്കുകയും ചെയ്തു.

ചോദ്യത്തിന് കൃത്യമായ മറുപടി പറയാൻ ബുദ്ധിമുട്ടിയ എൻസൈൻ തന്റെ വാദത്തെ പിന്തുണയ്ക്കുന്നതായി തോന്നിയ ഒരു ഒരു കേസ് ഉദ്ധരിച്ചു. എന്നാൽ അതിൽ ഉറപ്പുണ്ടോ എന്ന് ജഡ്ജി ബോസ്ബെർഗ് ചോദിച്ചപ്പോൾ താൻ മനസിലാക്കിയത് തെറ്റായിട്ടായിരിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. പൊതുവിൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ നടപടികളിൽ കോടതിക്കുള്ള അവിശ്വാസമാണ് വാദപ്രതിവാദത്തട്ടിലുടനീളം മുഴച്ചു കണ്ടത്.

സംഗമം അമേരിക്ക
2025 APRIL 10-16

ന്യൂയോർക്ക് മെട്രോ റീജിയൻ ചാരിറ്റി ക്രിക്കറ്റ് ബാഷ് 2025 ടൂർണമെന്റ് കമ്മിറ്റി രൂപികരിച്ചു



നൃൂ യോർക്ക്: ഫൊക്കാന നൃൂ യോർക്ക് മെട്രോ റീജിയന്റെ പ്രഥമ ചാരിറ്റി ക്രിക്കറ്റ് ബാഷ് 2025 ടൂർണമെന്റ് ജൂൺ 21 ശനിയാഴ്ച കന്നിഹാം പാർക്ക്, ക്യൂൻസിൽ സംഘടിപ്പിക്കുന്നു. ഇതിനായുള്ള ഒരുക്കങ്ങൾ ടൂർണമെന്റ് കോർഡിനേറ്റർ ജിൻസ് ജോസഫിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നതായി റീജണൽ വൈസ് പ്രസിഡന്റ് ലാജി തോമസ് അറിയിച്ചു.

ടൂർണമെന്റിലെ ചാംപ്യൻമാർക്ക് ട്രോഫിയും $1000.00 കാഷ് പ്രൈസും ലഭിക്കും. റണ്ണേഴ്സ് അപ്പിന് ട്രോഫിയും $500 കാഷ് പ്രൈസും നൽകുന്നതാണ്. ടൂർണമെന്റിലെ മികച്ച ബാറ്റ്സ്മാൻ, മികച്ച ബൗളർ, മികച്ച കളിക്കാരൻ എന്നിവർക്കുള്ള വ്യക്തിഗത സമ്മാനങ്ങളും നൽകുന്നതാണ്.

നോർത്ത് അമേരിക്കൻ മലയാളികൾക്കിടയിൽ ഫൊക്കാന ആദ്യമായി സംഘടിപ്പിക്കുന്ന ഈ ക്രിക്കറ്റ് ടൂർണമെന്റ് ചാരിറ്റി കൂടി ലക്ഷ്യമിട്ടാണ് ഒരുക്കിയിരിക്കുന്നത്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള മലയാളി ടീമുകൾ ഈ ക്രിക്കറ്റ് മാമാങ്കത്തിൽ അണി നിരക്കും. ടൂർണമെന്റിന് എല്ലാ വിധ സപ്പോർട്ടും നൽകുമെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും അറിയിച്ചു.

സമ്മാനങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നത് കുട്ടനാടൻ സന്തൂർ റെസ്റ്റോറന്റും, രാജ് ഓട്ടോയും ആണ്. ട്രോഫികൾ സ്പോൺസർ ചെയ്തിരിക്കുന്നത് ഫൊക്കാന സീനിയർ നേതാവും ട്രസ്റ്റീ ബോർഡ് മെംബറുമായ തോമസ് തോമസ് ആണ്.

ടൂർണമെന്റ് കമ്മിറ്റിയായ ജോയൽ സ്കറിയാ, ജോൺ കെ. ജോർജ്, ജിജോ ജോസഫ്, ബാലഗോപാൽ നായർ, ജോപ്പിസ് അലക്സ്, ജോഷ് ജോസഫ്, റോജിസ് ഫിലിപ്പ്, മനു ജോർജ്, മെജോ മാത്യു, ഗോകുൽ രാജ്, സാം തോമസ്, സിബു ജേക്കബ്, ജെറി ജോർജ്, അമൽ ഞാലിയത്ത് എന്നിവർ ടൂർണമെന്റ് കുറ്റമറ്റതാക്കാൻ പ്രവർത്തിക്കുന്നതായി റീജിയണൽ സെക്രട്ടറി ഡോൺ തോമസ്, റീജിയണൽ ട്രഷറർ മാത്യു തോമസ് എന്നിവർ അറിയിച്ചു.

ശ്രീകുമാർ ഉണ്ണിത്താൻ

ഫ്രാൻസിസ് ഇല്ലിക്കാട്ടിൽ സ്മാരക ചീട്ടുകളി മത്സരം ഹ്യൂസ്റ്റണിൽ



ഹ്യൂസ്റ്റൺ: ഹ്യൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ (എച്ച്.കെ.സി.എസ്) മുൻ പ്രസിഡന്റും തികഞ്ഞ ചീട്ടുകളി സ്നേഹിയുമായിരുന്ന യശ്ശശരീരനായ ഫ്രാൻസിസ് ഇല്ലിക്കാട്ടിലിന്റെ സ്മരണാർഥം അന്തർദേശീയ ചീട്ടുകളി മത്സരം സംഘടിപ്പിക്കുന്നു. എച്ച്.കെ.സി.എസിന്റെ ആഭിമുഖ്യത്തിലും സംഘടനയിലെ സീനിയേഴ്സ് സംഗമമായ ബി. വൈ. ഒ. എല്ലിന്റെ (ബെസ്റ്റ് ഇയേഴ്സ് ഓഫ് ലൈഫ്) നേതൃത്വത്തിലും 56, 28 ഇനങ്ങളിലാണ് മത്സരം ഒരുക്കുന്നത്.

ഹ്യൂസ്റ്റൺ ക്നാനായ കമ്യൂണിറ്റി സെന്ററിൽ മെയ് 10 നാണ് മത്സരം നടക്കുന്നത്. 56 ഇനത്തിലെ വിജയികൾക്ക് 1500 ഡോളർ സമ്മാനമായി ലഭിക്കും. രണ്ടു മുതൽ നാലു വരെ സ്ഥാനങ്ങളിൽ എത്തുന്നവർക്ക് യഥാക്രമം 900, 600, 300 ഡോളർ വീതം സമ്മാനം ലഭിക്കുന്നതാണ്.

28 ഇനത്തിലെ വിജയികൾക്ക് 900 ഡോളറാണ് സമ്മാനത്തുക. രണ്ടു മുതൽ നാലു വരെ സ്ഥാനങ്ങളിൽ എത്തുന്നവർക്ക് യഥാക്രമം 600, 300, 150 ഡോളർ വീതം സമ്മാനമായി ലഭിക്കും. 56 ഇനത്തിലെ ഒരു ടീമിന് 300 ഡോളറും 28 ഇനത്തിലെ ഒരു ടീമിന് 150 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. താത്പര്യമുള്ള എല്ലാ ടീമുകൾക്കും മൽസരത്തിൽ പങ്കെടുക്കാവുന്നതാണെന്നും മെയ് 9 ന് രജിസ്ട്രേഷൻ അവസാനിക്കുമെന്നും സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ജോണി മക്കോറ- 281 386 7472, ചാക്കോ പാലക്കാട്ട്- 713 449 9835, ടിജി പള്ളികിഴക്കേതിൽ- 832 236 6863, ബേട്ടി സൈമൺ വേലിയാത്ത്- 832 627 1553, തോമസ് ഐക്കരേത്ത്- 713 444 3025, ടോണി മഠത്തിൽതാഴെ- 713 385 3634.

ഹ്യൂസ്റ്റൺ കേരള ഹൗസിൽ എത്തിയ എം ജെ ജേക്കബിന് സ്വീകരണം



ഹ്യൂസ്റ്റൺ: പിറവം മുൻ എംഎൽഎയും സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖനുമായ എംജെ ജേക്കബിന് മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ സ്വീകരണം നൽകി ആദരിച്ചു. ഏപ്രിൽ രണ്ടാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.30ന് മാഗിന്റെ ആസ്ഥാനമായ ടെക്സസ് സ്റ്റാഫോർഡ് കേരള ഹൗസിൽ ആയിരുന്നു സ്വീകരണം. അമേരിക്കയിലെ ഫ്ളോറിഡയിൽ മുതിർന്നവർക്കായി സംഘടിപ്പിച്ച വേൾഡ് മാസ്റ്റേഴ്സ് മീറ്റിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു 84കാരനായ അദ്ദേഹം. കായികമേളയിൽ ലോകത്തെ 99 രാജ്യങ്ങളിൽ നിന്നായി 3500 ലധികം പേർ പങ്കെടുത്തു. 80 മീറ്റർ ഹർഡിൽസിൽ എം ജെ ജേക്കബ് ഒന്നാമനായി.

ഹ്യൂസ്റ്റണിൽ എത്തിയ അദ്ദേഹത്തിന് സമുചിതമായ സ്വീകരണമാണ് മലയാളി അസോസിയേഷന്റെ ബോർഡും സീനിയർ ഫോറവും കൂടി കേരള ഹൗസിൽ ഒരുക്കിയത്. പ്രസിഡന്റ് ജോസ് കെ ജോണിന്റെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ ജിമ്മി കുന്നശ്ശേരിൽ, നിലവിൽ ഫോമ നാഷണൽ പ്രസിഡണ്ടും മാഗിന്റെ മുൻപ്രസിഡന്റുമായ ബേബി മണക്കുന്നേൽ മുൻ പ്രസിഡന്റ് തോമസ് ചെറുകര, ഐബ് ജേക്കബ്, മുൻ സെക്രട്ടറി സുബിൻ കുമാരൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ട്രഷറർ സുജിത്ത് ചാക്കോ നന്ദി രേഖപ്പെടുത്തി.

മുൻ പ്രസിഡന്റുമാരായ ജെയിംസ് ജോസഫ്, ജോജി ജോസഫ്, എസ് കെ ചെറിയാൻ, വിനോദ് വാസുദേവൻ, തോമസ് വർക്കി, ജോണി കുന്നക്കാട്ട്, ഫെസിലിറ്റി മാനേജർ മോൻസി കുറിയാക്കോസ് എന്നിവരും മറ്റു നൂറോളം വരുന്ന സീനിയർ ഫോറം അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. ജിമ്മി കുന്നശ്ശേരിയും ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലും ചേർന്ന് പൊന്നാട അണിയിച്ചു. പ്രസിഡന്റ് ജോസ് കെ ജോൺ സ്പോർട്സ് കോഡിനേറ്റർ മിഖായേൽ ജോയ് ട്രഷറർ സുജിത്ത് ചാക്കോ എന്നിവർ ചേർന്ന് ഫലകം മാഗിന്റെ ഉപഹാരമായി നൽകി ആദരിച്ചു.

അജു വാരിക്കാട്

ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കാത്തലിക്ക് ഇടവകയിൽ മെൻ മിനിസ്ട്രി സെമിനാർ നടത്തി

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ മെൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിച്ചു. അമേരിക്കയിലെ പ്രത്യേക ജീവിത സാഹചര്യങ്ങളുടെയും നിയമപരമായ നടപടിക്രമങ്ങളുടെയും പശ്ചാത്തലത്തിൽ, വിൽപത്രം തയ്യാറാക്കുന്നതിന്റെ നടപടിക്രമങ്ങളും വിൽപത്രങ്ങളുടെ കുറവുകളും, ആ കുറവുകൾ മറികടക്കാനുപകരിക്കുന്ന ട്രസ്റ്റ് രൂപീകരണത്തെ സംബന്ധിച്ചുമുള്ള വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് Will & Trust എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചത്. ഷിക്കാഗോയിലെ മലയാളി സമൂഹത്തിൽ അറിയപ്പെടുന്ന വക്കീലായ അറ്റോർണി ദീപാ പോൾ സെമിനാർ നയിക്കുകയും, പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. സാധാരണഗതിയിൽ തയ്യാറാക്കുന്ന വില്പത്രങ്ങൾ നടപ്പിൽ വരുത്തുവാൻ, മരിച്ചയാളിന്റെ കാലശേഷം ഉണ്ടായേക്കാവുന്ന നിയമപരമായ കാലതാമസവും കോടതിവഴിയായി ഇത് നടപ്പിലാക്കേണ്ടിവരുമ്പോൾ ഉണ്ടായേക്കാവുന്ന ചിലവും സെമിനാറിൽ ചർച്ചാവിഷയമായി. ഇതിന് പരിഹാരമായി തയ്യാറാക്കുന്ന പല വിധത്തിലുള്ള ട്രസ്റ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങളും സെമിനാറിൽ അറ്റോർണി ദീപാ പോൾ പങ്കുവച്ചു.

മെൻ മിനിസ്ട്രി കോർഡിനേറ്റർ പോൾസൺ കുളങ്ങര സ്വാഗതം ആശംസിച്ചു. സിബി കൈതക്കത്തൊട്ടിയിൽ നന്ദിപ്രകാശനം നടത്തി. വികാരി ഫാ. സിജു മുടക്കോടിയിൽ, പാരിഷ് സെക്രട്ടറി സിസ്റ്റാർ ഷാലോം എന്നിവരോടൊപ്പം കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പുത്തൂറ, ലൂക്കാച്ചൻ പുഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ സെമിനാറിന്റെ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.

അനിൽ മറ്റത്തിക്കുന്നേൽ



ഫോമാ സതേൺ റീജിയന്റെ ആദരവ് ലീഗ് സിറ്റി മലയാളി സമാജത്തിന്



ഡാളസ്: ഫോമാ സതേൺ റീജിയന്റെ 2025-26 കമ്മിറ്റിയുടെ ആദരവ് ഡാളസിൽ വച്ച് ലീഗ് സിറ്റി മലയാളി സമാജത്തിനു നൽകപ്പെട്ടു. സംഘടനക്കുവേണ്ടി പ്രസിഡന്റ് ബിനീഷ് ജോസഫിനെയാണ് ഫോമയുടെ റീജിയണൽ കമ്മിറ്റി അംഗങ്ങളും നാഷണൽ കമ്മിറ്റി അംഗങ്ങളും ചേർന്ന് ആദരിച്ചത്. ബിനീഷ് ജോസഫിനെ കൂടാതെ ലീഗ് സിറ്റി മലയാളി സമാജം വൈസ് പ്രസിഡണ്ട് സോജൻ ജോർജ്, ജോയിന്റ് ട്രെഷറാർ മാത്യു പോൾ, സംഘടനയുടെ സ്പോൺസറും ഒട്ടേറെ ആശുപത്രികളുടെ സ്ഥാപകനുമായ ഡോ. സച്ചിൻ തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

ഫോമയുടെ 2025-26 കമ്മിറ്റയുടെ റീജിയനിൽ നിന്നുള്ള ആദ്യ മെമ്പർ കൂടിയാണ് ലീഗ് സിറ്റി മലയാളി സമാജം. ഇവരുടെ നിരന്തരമായ സാമൂഹിക പ്രവർത്തനങ്ങൾ സമൂഹത്തിനുതന്നെ ഒരു മാതൃകയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ അഭിപ്രായപ്പെട്ടു. ചടങ്ങിന് റീജിയണൽ വൈസ് പ്രസിഡന്റ് ബിജു ലൗസോൺ നേതൃത്വം നൽകി. ഫോമാ നാഷണൽ ട്രെഷറാർ സിജിൽ പാലക്കലോടി, നാഷണൽ കമ്മിറ്റി അംഗങ്ങളായ രാജൻ യോഹന്നാൻ, ജിജു കുളങ്ങര, റീജിയൺ ചെയർ രാജേഷ് വർഗീസ്, ഫോമയുടെ മുൻ പ്രെസിഡന്റുമാർ, കൺവെൻഷൻ ചെയർമാൻ മാത്യു മുണ്ടക്കൻ, കൺവെൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ മറ്റു ഭാരവാഹികൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങുകൾ നടത്തപ്പെട്ടത്. **ജീമോൻ റാന്നി**

പ്രിവിലേജ് കാർഡ്: ഫൊക്കാന സിയാലുമായി കോൺട്രാക്ടിൽ ഒപ്പുവെച്ചു

ന്യൂ യോർക്ക്: ഫൊക്കാനയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അഥവാ സിയാലുമായി ഫൊക്കാന പ്രിവിലേജ് കാർഡിന് ധാരണയായി. ചരിത്രത്തിൽ ആദ്യമായാണ് ഒരു പ്രവാസി സംഘടന ഒരു മേജർ എയർപോർട്ടുമായി ഇങ്ങനെ ഒരു ധർണയിൽ ഒപ്പുവെക്കുന്നത്.

ധാരണ പ്രകാരം കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഷോപ്പ് ചെയ്യുന്ന ഫൊക്കാനയുടെ മെംബേർസിന് 10 ശതമാനം ഡിസ്കൗണ്ടും പ്രവാസി മലയാളികൾക്ക് പ്രയോജനമാകുന്ന ഡയറക്ട് ഫ്ളൈറ്റുകൾക്ക് ടാക്സ് ഫ്രീ ഉൾപ്പെടെ നിരവധി കാര്യങ്ങളും സിയാലിൽ നിന്നും ലഭിക്കുന്നതാണ്.



ഫൊക്കാനയും സിയാലുമായി വളരെ നാളത്തെ ചർച്ചകളും മീറ്റിങ്ങുകൾക്കും ശേഷമാണ് ഇങ്ങനെ ഒരു കരാറിൽ എത്തപ്പെട്ടത്. ഫൊക്കാന പുറത്തിറക്കുന്ന പ്രിവിലേജ് കാർഡ് ഉള്ളവർക്ക് മാത്രമായിക്കും ഈ ഡിസ്കൗണ്ടുകൾക്ക് അർഹതയുള്ളത്. ഫൊക്കാനയുടെ അംഗ സംഘടനകളുടെ മെമ്പേഴ്സും ഈ കാർഡിനർഹരാണ്.

പ്രവാസി യാത്രക്കാരുടെ യാത്രകൾ കുറ്റമറ്റതാക്കുകയും യാത്ര സമയും കുറക്കുകയും കൂടിയാണ് ഫൊക്കാനയുടെ ലക്ഷ്യം. ഈ കമ്മിറ്റി അധികാരത്തിൽ വന്നപ്പോൾ മുതൽ ഫൊക്കാനക്കും അംഗ സംഘടനകൾക്കും പ്രയോജനപ്രതമായ നിരവധി പദ്ധതികൾ നടപ്പിലാക്കുണ്ട്.

ഈ പ്രിവിലേജ് കാർഡ് മെയ് 10 ന് ന്യൂ ജേഴ്സിൽ വെച്ച് നടത്തുന്ന ഫൊക്കാന കിക്കോഫിൽ ഫൊക്കാന മെമ്പേഴ്സിനും എത്തിക്കാൻ കഴിയും എന്ന വിശ്വാസത്തിലാണ് ഫൊക്കാന ടീം. ഫൊക്കാനയുടെ അഭ്യർത്ഥന പ്രകാരം സിയാൽ നൽകുന്ന സഹായങ്ങൾക്ക് പ്രസിഡന്റ് സജി മോൻ ആന്റണിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും സിയാലിന് നന്ദി അറിയിച്ചു. **ശ്രീകുമാർ ഉണ്ണിത്താൻ**

ഷിക്കാഗോ സെന്റ്മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ നോമ്പുകാല ധ്യാനം അനുഗ്രഹീതമായി

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ നോമ്പുകാല വാർഷിക ധ്യാനം അനുഗ്രഹപൂർണ്ണമായ തിരുക്കർമ്മങ്ങളോടെ നടത്തപ്പെട്ടു. കോഴിക്കോട് രൂപതാധ്യക്ഷൻ അഭി. മാർ വർഗ്ഗീസ് ചക്കാലക്കൽ നേതൃത്വം നൽകി. നൂറുകണക്കിന് ആളുകൾ മൂന്നു ദിവസം നീണ്ടു നിന്ന ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. കുട്ടികൾക്ക്വേണ്ടി പ്രത്യേകം നടത്തപ്പെട്ട ദിദിന ധ്യാനത്തിന് നേതൃത്വം നൽകിയത് Anointing Fire Catholic Youth Ministry യാണ്. നാനൂറോളം കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. വികാരി ഫാ. സിജു മുടക്കോടിയിൽ, ഫാ. ബിബിൻ കണ്ടോത്ത്, സിസ്റ്റർ ശാലോമിന്റെ നേതൃത്വത്തിലുള്ള വിസിറ്റേഷൻ സന്യാസ സമൂഹം, ട്രസ്റ്റിമാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പുഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ട്, ജെയിംസ് മന്നാകുളം, സണ്ണി മേലേടം, മതബോധന സ്കൂൾ അധ്യാപകർ, ഗായക സംഘം എന്നിവർ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.

ഓസ്റ്റിൻ സെന്റ് തോമസ് മലങ്കര യാക്കോബായ പള്ളിയിൽ തോമാശ്ലീഹായുടെ പെരുന്നാളും പള്ളി പ്രതിഷ്ഠാ ദിനാചരണവും

ടെക്സാസ്(ഓസ്റ്റിൻ): സെന്റ് തോമസ് മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ തോമാശ്ലീഹായുടെ പെരുന്നാളും സെന്റ് തോമസ് ദിനാഘോഷവും പള്ളിപ്രതിഷ്ഠാ ദിനാചരണവും ഏപ്രിൽ 26, 27 തിയതികളിൽ നടത്തപ്പെടും.

26ന് രാവിലെ 11ന് കൊടിയേറ്റ്, തുടർന്ന് 3 മണി വരെ പള്ളി വിപുലീകരണ ധനശേഖരണാർദ്ധം ബ്ലൂം ഫെസ്റ്റ് കാർണിവലും ഭക്ഷ്യ മേളയും.

27ന് രാവിലെ 9ന് പ്രഭാതപ്രാർത്ഥന. തുടർന്ന് സഭയിലെ സീനിയർ വൈദീകരായ ഗീവർഗീസ് കോറെപ്പിസ്ക്കോപ്പ ചട്ടത്തിൽ (ന്യൂയോർക്ക്), ബോബി ജോസഫ് കോറെപ്പിസ്ക്കോപ്പ (അറ്റ്ലാന്റ) ക്നാനായ അതിഭദ്രാസനത്തിലെ റെവ. ഡോ. ജോസഫ് മത്തായി (ഹൂസ്റ്റൺ) എന്നീ വൈദീക ശ്രേഷ്ഠരുടെ കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിൽമേൽ കുർബാനയും വി. മർത്തോമാശ്ലീഹായുടെ ഓർമ്മയിൽ മദ്ധ്യസ്ഥ പ്രാർത്ഥനയും. 11ന് റാസ ഉച്ചഭക്ഷണം എന്നിവയോടെ പെരുന്നാൾ സമാപിക്കും.

പള്ളിവിപുലീകരണ ധനശേഖരണാർഥം ഏപ്രിൽ 26ന് നടക്കുന്ന ഭക്ഷ്യമേളയിൽ നിരവധിയായ നാടൻ വിഭവങ്ങൾ പ്രശസ്തരായ പാചക വിദഗ്ധരുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെടും. ഫുഡ് ഡെലിവെറിയും ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുവാൻ താൽപ്പര്യപ്പെടുന്നവർ 22ന് മുൻപായി ഓർഡറുകൾ നൽകേണ്ടതാണെന്ന് സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും ഓർഡറുകൾ നൽകുന്നതിനുമായി പള്ളി സെക്രട്ടറി ടിങ്കു ഏബ്രഹാമിനെ (512) 9947839 എന്ന നമ്പറിൽ ബന്ധപ്പെടുക. **അനിൽ മറ്റത്തിക്കുന്നേൽ**

മന്ത്ര 2025 കൺവൻഷൻ ശുഭാരംഭവും, വാഷിംഗ്ടൺ ഡിസി ചാപ്റ്റർ ഉദ്ഘാടനവും



വാഷിംഗ്ടൺ ഡിസി: മന്ത്ര കൺവൻഷൻ ശുഭാരംഭവും, വാഷിംഗ്ടൺ ഡിസി ചാപ്റ്റർ ഉദ്ഘാടനവും വാഷിംഗ്ടൺ ഡിസി മെട്രോ റീജിയണിലെ മലയാളീ കമ്മ്യൂണിറ്റിയിൽ ഒരു ഉത്സവ പ്രതീതി ജനിപ്പിച്ചു. അഞ്ജലി വാരിയരുടെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച പരിപാടിയിൽ മന്ത്ര പ്രസിഡന്റ് ശ്യാം ശങ്കർ ആയിരുന്നു മുഖ്യ അതിഥി. വാഷിംഗ്ടൺ ഡിസി ചാപ്റ്റർ പ്രസിഡന്റ് സരൂപാ അനിൽ സ്വാഗതം ആശംസിച്ചു. ശ്യാം ശങ്കർ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഷിബു ദിവാകരൻ പ്രസംഗിച്ചു.

കേരള കൾചറൽ സൊസൈറ്റി ഓഫ് മെട്രോപൊളിറ്റൻ ഡിസി, കേരള അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ, നായർ സൊസൈറ്റി ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ, ശിവഗിരി ഫൌണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക, ദുർഗ ടെംപിൾ എന്നിവയുടെ പ്രതിനിധികൾ മന്ത്രക്ക് ആശംസകൾ അർപ്പിച്ചു. മനോഹരമായ കലാപ്രകടനങ്ങൾ പരിപാടിക്ക് കൂടുതൽ മിഴിവേകി.

സത്യാ മേനോൻ, അനീഷ് സേനൻ എന്നിവരെ പൊന്നാട നൽകി ആദരിച്ചു.

മന്ത്ര കുടുംബത്തിലെ മുതിർന്ന അംഗങ്ങളായ മോഹൻകുമാറും സത്യാ മേനോനും ഒരുമിച്ചു കുട്ടികൾക്ക് വിഷു കൈനീട്ടം നൽകി. അത്താഴത്തിനു ശേഷമാണ് ഏവരും പിരിഞ്ഞത്. **സരൂപ അനിൽ**

ഡാളസ് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ റവ. ഷൈജു സി ജോയിക്ക് യാത്രയയപ്പ് നൽകി



ഡാളസ്: ഡാളസ് സെന്റ് പോൾസ് മാർത്തോമ്മാ ചർച്ചിലെ മൂന്നു വർഷത്തെ സേവനത്തിനു ശേഷം നാട്ടിലേക്ക് മടങ്ങിപ്പോകുന്ന വികാരി റവ. ഷൈജു സി ജോയിക്ക് ഇടവക സേവികാ സംഘം യാത്രയയപ്പ് നൽകി.

സേവികാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ദേവാലയത്തിൽ വച്ച് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ സംഘം സെക്രട്ടറി രേഷ്മ ജോഹാഷ് സ്വാഗതം ആശംസിച്ചു. ധനീഷ വർഗീസ് യാത്ര മംഗള ഗാനം ആലപിച്ചു. സംഘത്തിന്റെ ഉപഹാരം ഖജാൻജി സാലി ഏബ്രഹാം നൽകി. മൂന്നു വർഷം ഇടവകയിൽ നിന്നും ലഭിച്ച സഹകരണത്തിനും സ്നേഹത്തിനും വികാരി റവ. ഷൈജു സി ജോയിയും ഭാര്യ സുഭിയും നന്ദി പറഞ്ഞു.

ബുധനാഴ്ച നോബിനോടനുബന്ധിച്ച് നടന്ന സന്ധ്യ നമസ്കാരത്തിൽ ഡോ. റെയ്ന തോമസ് 'ആരാധനയും അർപ്പണവും' എന്ന വിഷയത്തെ ആസ്പദമാക്കി വചന ശുശ്രൂഷ നിർവഹിച്ചു. വികാരി റവ. ഷൈജു സി ജോയി, ആനി വർഗീസ്, സൂസമ്മ എബ്രഹാം, മോളി ഉമ്മൻ കോശി തുടങ്ങിയവർ ആരാധനയ്ക്ക് നേതൃത്വം നൽകി.

മാർ മാക്കീൽ ബാസ്ക്കറ്റ്ബോൾ ടൂർണമെന്റ് ആവേശമായി



താമ്പാ (ഫ്ളോറിഡ): സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളിയിൽ നടന്ന പതിനൊന്നാമത് മാർ മാക്കീൽ ബാസ്ക്കറ്റ്ബോൾ ടൂർണമെന് ആവേശമായി മാറി. ശനിയാഴ്ച്ച രാവിലെ ഒൻപതു മണി മുതൽ ആരംഭിച്ച മത്സരങ്ങൾ രാത്രി പത്തുമണിയോടെയാണ് സമാപിച്ചത്. ഫ്ളോറിഡ സംസ്ഥാനത്തെ വിവിധ മലയാളി ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നായി 15 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

അത്യന്ത്യം വാശിയേറിയ മത്സരത്തിൽ മിഡിൽ സ്കൂൾ വിഭാഗത്തിൽ താമ്പാ സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളി ചാമ്പ്യാമാരാകുകയും ഹോളിവുഡ് സിയോൺ അസംബ്ലി ഓഫ് ഗോഡ് ചർച്ച് റണ്ണേഴ്സ് അപ്പ് ആവുകയും ചെയ്തു. ഹൈസ്കൂൾ വിഭാഗത്തിൽ താമ്പാ സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളിയുടെ എ ടീം ഒന്നാം സ്ഥാനവും ബി ടീം രണ്ടാം സ്ഥാനവും നേടി. കോളേജ് വിഭാഗത്തിൽ കോറൽ സ്പ്രിങ്സ് ഔർ ലേഡി ഓഫ് ഹെൽത്ത് സീറോ മലബാർ പള്ളി ഒന്നാം സ്ഥാനവും സെഫ് നിർ സെന്റ് ജോസഫ് സീറോ മലബാർ പള്ളി രണ്ടാം സ്ഥാനവും നേടി.

താമ്പാ സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളി വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ, അസിസ്റ്റന്റ് വികാരി ഫാ. ജോബി പൂച്ചുകണ്ടത്തിൽ എന്നിവർ വിജയികൾക്ക് ട്രോഫികളും ക്യാഷ് അവാർഡുകളും സമ്മാനിച്ചു. ജസ്റ്റിൻ മറ്റത്തിൽപറമ്പിൽ, ജെഫ്രി ചെറുതാന്നിയിൽ, ഡസ്റ്റിൻ മുടീകുന്നേൽ, എബിൻ തടത്തിൽ, ഷോൺ മാക്കീൽ, സൈമൺ പൂഴിക്കുന്നേൽ, ജോസ്ലിൻ പുതുശ്ശേരിൽ, ജെറിൻ പഴേമ്പള്ളിൽ, സാബിൻ പുവത്തിങ്കൽ, ആൽബി തെക്കേക്കുറ്റ്, ജോയ്സൺ പഴേമ്പള്ളിൽ, രാജീവ് കൂട്ടുങ്കൽ, ബേബി മാക്കീൽ, ജോസ്മോൻ തത്തംകുളം, റെനി പച്ചിലമാക്കിൽ, കിഷോർ വട്ടപ്പറമ്പിൽ, ജിമ്മി കളപ്പുരയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ പരിപാടികൾ ക്രമീകരിച്ചു.

കോട്ടയം ക്നാനായ കത്തോലിക്കാ അതിരൂപതയുടെ പ്രഥമ മെത്രാനും പിന്നീട് കത്തോലിക്കാ സഭയിൽ ദൈവദാസനുമായി ഉയർത്തപ്പെട്ട ബിഷപ്പ് മാർ മാത്യു മാക്കീലിന്റെ സ്മരണാർത്ഥമാണ് കഴിഞ്ഞ പതിനൊന്നു വർഷമായി ഈ ടൂർണമെന്റ് സംഘടിപ്പിക്കുന്നത്.

സിജോയ് പറപ്പള്ളിൽ

ശിവൻ മുഹമ്മ പ്ലെയിൻഫീൽഡ് വില്ലേജ് ട്രസ്റ്റി



ഷിക്കാഗോ: ഇല്ലിനോയിയിലെ പ്ലെയിൻ ഫീൽഡ് വില്ലേജ് ട്രസ്റ്റിയായി ശിവ പണിക്കർ (ശിവൻ മുഹമ്മ) എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ഒരു ഇന്ത്യക്കാരൻ ഈ സ്ഥാനത്തേക്ക് മത്സരിക്കുന്നതും വിജയിക്കുന്നതും ആദ്യമായിട്ടാണ്. ഇലക്ഷൻ പാർട്ടി അടിസ്ഥാനത്തിലല്ലായിരുന്നുവെങ്കിലും റിപ്പബ്ലിക്കൻ പാർട്ടി ശിവ പണിക്കരെ പിന്തുണച്ചിരുന്നു. കേരളത്തിൽ ആലപ്പുഴ ജില്ലയിലെ മുഹമ്മ സ്വദേശിയാണ് ശിവ പണിക്കർ.

ഫിസിക്സിൽ മാസ്റ്റർ ബിരുദധാരിയായ ശിവ പണിക്കർ 1995ൽ അമേരിക്കയിലെത്തി. വിവരസാങ്കേതിക വിദ്യയിൽ വൈദഗ്ദ്ധ്യം നേടി. സോഫ്റ്റ്വെയർ എഞ്ചിനീയറായി ജോലി ചെയ്യുകയും വിജയകരമായ പല ബിസിനസുകളും നടത്തുകയും ചെയ്തു. ഇപ്പോൾ മുഴുവൻസമയം സ്റ്റോക്ക് വ്യാപാരി എന്ന നിലയിലും പ്രവർത്തിക്കുന്നു.

മികച്ച സംഘാടകൻ, എഴുത്തുകാരൻ തുടങ്ങിയ നിലകളിൽ അമേരിക്കൻ മലയാളി സമൂഹത്തിൽ നിറസാന്നിദ്ധ്യമാണ് ശിവ പണിക്കർ. ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ പ്രസിഡണ്ട്, അഡ്വൈസറി ബോർഡ് ചെയർമാൻ, ഷിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട്, കൈരളി ടിവി ഡയറക്ടർ തുടങ്ങിയ വിവിധ നിലകളിൽ കഴിവു തെളിയിച്ചിട്ടുള്ള ശിവ പണിക്കരുടെ അമേരിക്കൻ രാഷ്ട്രീയ രംഗത്തേക്കുള്ള ആദ്യചുവടുവെപ്പാണ് ഈ വിജയം. ഫാമിലി മെഡിസിനിൽ പ്രാക്ടീസ് ചെയ്യുന്ന ഡോ. ആനന്ദവല്ലി പിള്ളയാണ് ഭാര്യ. മക്കൾ: നയന പിള്ള, വിഷ്ണു പിള്ള. മരുമകൾ: ശാരി കുമാർ.

ഏപ്രിൽ ഒന്നിനായിരുന്നു ഇലക്ഷൻ. മെയ് ആദ്യവാരം സത്യപ്രതിജ്ഞ നടക്കും. ഷിക്കാഗോ നഗരത്തിൽ നിന്നും 35 മൈൽ അകലെയുള്ള പ്ലെയിൻഫീൽഡ് വില്ലേജിന്റെ ആക ജനസംഖ്യയിൽ(55,000) 1500ൽ താഴെയാണ് ഇന്ത്യക്കാർ. വോട്ടർമാർ 28,000. ആറ് ട്രസ്റ്റിമാരും വില്ലേജ് പ്രസിഡണ്ട് (മേയർ) അടങ്ങിയ ബോർഡാണ് വില്ലേജിന്റെ ഭരണസമിതി.

സരേഷ് പള്ളിക്കുത്ത് കെ. എച്ച്. എൻ. എ. തെരഞ്ഞെടുപ്പ് കമ്മീഷണർ



ന്യൂയോർക്ക്: കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ 2025-27 വർഷങ്ങളിലേക്കുള്ള അടുത്ത ഭരണ സമിതിയെ തെരഞ്ഞെടുക്കുവാനുള്ള മൂന്നംഗ ഇലക്ഷൻ കമ്മിറ്റിയെ നിയമിച്ചതായി കെ എച്ച് എൻ എ ട്രസ്റ്റീ ബോർഡ് അറിയിച്ചു.

മുൻ ഫ്ളോറിഡ കെ എച്ച് എൻ എ കൺവെൻഷന്റെ മുഖ്യ സാരഥികളിൽ ഒരാളും സൗത്ത് ഫ്ളോറിഡ ഹിന്ദു അസോസിയേഷന്റെ സജീവ പ്രവർത്തകനുമായ സരേഷ് പള്ളിക്കുത്ത് (ഡേവി, ഫ്ളോറിഡ) ഇലക്ഷൻ കമ്മീഷണറും കമ്മിറ്റി അംഗങ്ങളായി കെ എച്ച് എൻ എ യുടെ സഹയാത്രികനും നിരവധി മലയാളി സംഘടനകളിൽ നേതൃസ്ഥാനം അലങ്കരിക്കുകയും ചെയ്തിട്ടുള്ള സജിത്ത് തൈവളപ്പിൽ (ടെമ്പേ, അരിസോണ), മലയാളി സംഘടനകളിൽ സജീവ സാന്നിധ്യവും മുതിർന്ന അംഗവുമായ ആശാ മനോഹർ (ഡിട്രോയിറ്റ്) എന്നിവരെയുമാണ് തെരഞ്ഞെടുത്തത്.

യങ് അഡൽറ്റ്സ് & കപ്പിൾസ് നോമ്പുകാല കൂട്ടായ്മ ഏപ്രിൽ 12 ന്

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ ഏപ്രിൽ 12 ശനിയാഴ്ച വൈകിട്ട് 6 മുതൽ യങ് അഡൽറ്റ്സ് & കപ്പ്ൾസ് കൂട്ടായ്മ നടത്തപ്പെടുന്നു. എൽമസ്റ്റ് ഇമാക്യുലേറ്റ് കൺസെപ്ഷൻ കാത്തലിക് ചർച്ച് അസോസിയേറ്റ് വികാർ ഫാ. ബെൻസസ് കൂട്ടായ്മയിൽ ധ്യാന ചിന്തകൾ പങ്കുവെയ്ക്കും. അന്നേ ദിവസം രാത്രി 8.30 ന് ആരാധനയോടെ കൂട്ടായ്മ സമാപിക്കും.

ലിൻസ് താന്നിച്ചുവട്ടിൽ

ബെൻസൻവിൽ ഇടവകയിൽ 24 മണിക്കൂർ ആരാധന ഒരുക്കി

ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ നാല്പതാം വെള്ളിയാഴ്ചയോടനുബന്ധിച്ച് 24 മണിക്കൂർ ആരാധന ഒരുക്കുന്നു. നാൽപതാം വെള്ളിയാചരണ ദിനമായ ഏപ്രിൽ 11 വെള്ളിയാഴ്ച രാവിലെ 8 30 നുള്ള വിശുദ്ധ കുർബാനയോടെ ആരംഭിച്ച് മെയ് 12 ശനിയാഴ്ച രാവിലെ 10 മണിക്കുള്ള കുർബാനയോടുകൂടി ആരാധന സമാപിക്കുന്നു.

24 മണിക്കൂർ ഇടവക ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്ന ആരാധനയിൽ ഓരോ കുടുംബവും പ്രത്യേകമായി സമയം ക്രമീകരിച്ച് കുടുംബ സമേതം എത്തി ആരാധനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണമെന്ന് വികാരി റവ. ഫാ. തോമസ് മുളവനാൽ അറിയിച്ചു.

മാർത്തോമ്മാ ഫാമിലി കോൺഫറൻസ് രജിസ്ട്രേഷൻ ന്യൂയോർക്കിൽ



ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റിയിൽ നിന്നുള്ള ഓരോ സംഘങ്ങൾ മാർച്ച് 9, 16, 23 എന്നീ തീയതികളിൽ ന്യൂയോർക്ക് സെന്റ് ആൻഡ്രൂസ്, സെന്റ് തോമസ്, സെന്റ് ജെയിംസ്, ബഥനി എന്നീ ഇടവകകൾ സന്ദർശിച്ചു.

ഇടവക വികാരിമാരായ റവ. ടി. എസ്സ്. ജോസ്, റവ. ജോൺ ഫിലിപ്പ്, റവ. അജിത് വർഗീസ്, റവ. ജോബിൻ ജോൺ എന്നിവർ സന്ദർശകരെ അതാതു ഇടവകകളിലേക്കു സ്വാഗതം ചെയ്തു.

കോൺഫ്രൻസിന്റെ ചുമതലക്കാർ, കോൺഫ്രൻസിന്റെ സ്ഥലം, തീയതി, പ്രസംഗകർ, കോൺഫ്രൻസ് തീം, സുവനീറിന്റെ വിശദാംശങ്ങൾ, ആദ്യമായി ഉൾപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ്പ് പാക്കേജ് അതിലെ ആകർഷണീയമായ അവസരങ്ങൾ എന്നിവയും ഫാമിലി കോൺഫ്രൻസിൽ ഇദംപ്രഥമമായി ക്രമീകരിക്കുന്ന അമേരിക്കയിൽ ജനിച്ചു വളർന്നവർക്കായുള്ള ട്രാക്, ഭിന്ന ശേഷിക്കാർക്കുള്ള ട്രാക്ക്, എന്നിവയെപ്പറ്റിയും സംസാരിക്കുകയും എല്ലാവരും രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

തോമസ് ജേക്കബ്, കുര്യൻ തോമസ്, ഏബ്രഹാം തരിയത്, തോമസ് ബിജേഷ്, തോമസ് മാത്യു, ഈപ്പൻ കെ. ജോർജ്, സൂസൻ ചെറിയാൻ വർഗീസ്, ഗ്യാനെൽ പ്രമോദ്, അലൻ വർഗീസ്, റിയ വർഗീസ്, മേരിക്കുട്ടി എബ്രഹാം, സി. വി. സൈമൺ കുട്ടി, ബിജു ചാക്കോ, ശമുവേൽ കെ. ശമുവേൽ, ചെറിയാൻ വർഗീസ്, ജിഷു ശമുവേൽ, സ്നേഹ ഷോൺ, എന്നിവർ സന്ദർശക ടീമിലുണ്ടായിരുന്നു.

ഇടവകകൾ നൽകിയ മികച്ച പിന്തുണക്ക് ഇടവക വികാരിമാരോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം കടപ്പാട് അറിയിച്ചു.

ജീമോൻ റാന്നി

ഷിക്കാഗോ മലയാളി അസോസിയേഷൻ കലാമേള സമാപിച്ചു

റെയിനവ് വരുൺ കലാ പ്രതിഭ, ഹയ അനീഷ് കലാ തിലകം



ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ 2025 ലെ കലാമേള 'കലോൽസവ് 2025' സമാപിച്ചു. അസോസിയേഷന്റെ ചരിത്രത്തിലെ ഏറ്റവും ജനപങ്കാളിത്തം ഉണ്ടായിരുന്ന കലാമേള ചരിത്ര വിജയമായി. ഏപ്രിൽ അഞ്ചു രാവിലെ ഏഴു മുപ്പതിന് മലയാളി അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി ഉദ്ഘാടനം ചെയ്ത കലാമേളയിൽ ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, കലാമേള ചെയർ പേഴ്സൺ സാറ അനിൽ, കലാമേള പബ്ലിസിറ്റി കൺവീനർ ബിജു മുണ്ടക്കൽ, കോർഡിനേറ്റർ വർഗീസ് തോമസ്, ഷൈനി ഹരിദാസ് എന്നിവർ ചേർന്ന് വിളക്ക് കൊളുത്തി.

രാവിലെ എട്ടു മണിയോടെ ഒരേ സമയം അഞ്ചു വേദികളിൽ ആരംഭിച്ച കലാമേള രാത്രി ഒൻപതു മുപ്പതിന് അവസാനിപ്പോൾ ഷിക്കാഗോ ഇതുവരെ കണ്ടിട്ടില്ലാത്ത മഹാ സംഗമത്തിനാണ് ബെൽവുഡ് സീറോ മലബാർ ചർച്ച് വേദിയായത്. ആയിരത്തി അറുനൂറോളം കുട്ടികൾ വിവിധ വേദികളിലും ഇനങ്ങളിലുമായി മാറ്റുരച്ച കലാമേളയിൽ റെയിനവ് വരുൺ കലാ പ്രതിഭയും ഹയ അനീഷ് കലാതിലവുമായി തിരഞ്ഞെടുക്കപ്പെട്ടു. കലാപ്രതിഭക്കു ജോൺസൻ കണ്ണൂക്കാടൻ സ്പോൺസർ ചെയ്യുന്ന ഔസേഫ് ആൻഡ് അന്നം മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും കലാതിലകത്തിനു മാത്യു ആൻഡ് ലവ്ലി വർഗീസ് സ്പോൺസർ ചെയ്യുന്ന പ്രവീൺ വർഗീസ് മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും ജെസ്സി റിൻസി, സാറ അനിൽ, ആൽവിൻ ഷിക്കോർ എന്നിവർ ചേർന്ന് സമ്മാനിച്ചു.

കൂടാതെ സീനിയർ വിഭാഗം റൈസിംഗ് സ്റ്റാർ ട്രോഫി ലളിതാംബിക ഗീതു ജയദേവും ജൂനിയർ റൈസിംഗ് സ്റ്റാർ ട്രോഫി ശ്ലോക നമ്പ്യാരും സബ് ജൂനിയർ റൈസിംഗ് സ്റ്റാർ ട്രോഫി ഇസബെൽ റോസ് വടകരയും കരസ്ഥമാക്കി.

കുട്ടികളെ പരിശീലിപ്പിക്കാനും ഇത്തരം വേദികളിൽ അവരെ മത്സരിപ്പിക്കുവാനും സമയം കണ്ടെത്തുകയും അതിനായി അത്യധ്വാനം ചെയ്യുകയും ചെയ്ത മാതാപിതാക്കളാണ് യഥാർത്ഥ ജേതാക്കളെന്നു പ്രസിഡന്റ് ജെസ്സി റിൻസി അഭിപ്രായപ്പെട്ടു. മലയാളി അസോസിയേഷന്റെ ചരിത്രത്തിലെ ഏറ്റവും വിജയകരമായ ഒരു കലാമേളക്കാണ് ഷിക്കാഗോ മലയാളി സമൂഹം സാക്ഷ്യം വഹിച്ചതെന്ന് സെക്രട്ടറി ആൽവിൻ ഷിക്കോർ പറഞ്ഞു.

വർഗീസ് തോമസിന്റെ നേതൃത്വത്തിലും സൂസൻ ചാക്കോ, ബീന ജോർജ് എന്നിവരുടെ പ്രധാന ചുമതലയിലും ട്രോഫി കമ്മറ്റി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചത് സമ്മാന വിതരണം സുഗമമാക്കി. സജി തോമസിന്റെ നേതൃത്വത്തിൽ മലബാർ കേറ്ററേഴ്സ് ആണ് കലാമേളയുടെ ഭക്ഷണ ചുമതല നിർവഹിച്ചത്.

ജോഷി പൂവത്തിങ്കൽ, പ്രിൻസ് ഈപ്പൻ, കിഷോർ കണ്ണാല, ബോബി ചിറയിൽ, ജോസ് മണക്കാട്ട്, ജൈസൺ മാത്യു, തോമസ് വിൻസെന്റ്, സി.ജെ. മാത്യു, വിവീഷ് ജേക്കബ്, റോസ് വടകര, ഷന മോഹൻ, നിഷ സജി എന്നിവർ വിവിധ ചുമതലകൾ ഭംഗിയായി നിർവഹിച്ചു.

ഡോ. സിബിൽ ഫിലിപ്പിന്റെ നേതൃത്വത്തിൽ സ്റ്റേജ് മാനേജ്മന്റ് കാര്യക്ഷമമായി നിർവഹിച്ചത് ഏവരുടെയും പ്രശംസ പിടിച്ചു പറ്റി. ഇത്തവണത്തെ കലാമേളയ്ക്ക് നേതൃത്വം നൽകിയവർക്കും ഇതിൽ പങ്കെടുത്തവർക്കും സ്പോൺസേഴ്സിനും ഷിക്കാഗോ മലയാളി സമൂഹത്തിനും ഷൈനി ഹരിദാസ് കൃതജ്ഞത രേഖപ്പെടുത്തി. സാറ അനിൽ ചെയർ പേഴ്സൺ ആയിരുന്ന കലോൽസവ് 2025 ഒരു അവിസ്മരണീയ അനുഭവമാക്കി മാറ്റിയതിനു ഷിക്കാഗോ മലയാളി അസോസിയേഷൻ നേതൃത്വത്തെ മുൻ പ്രസിഡന്റുമാരായ പി.ഒ. ഫിലിപ്പ്, ജോയ് വാച്ചാച്ചിറ, സണ്ണി വള്ളിക്കളം, ജോൺസൻ കണ്ണൂക്കാടൻ എന്നിവർ അനുമോദിച്ചു.

ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ ക്രിക്കറ്റ് ടൂർണമെന്റിനു തുടക്കം



ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ ആഭിമുഖ്യത്തിൽ 'ഹൂസ്റ്റൺ ഐസിഇസിഎച്ച് ക്രിക്കറ്റ് ടൂർണമെന്റ് 2025' ഏപ്രിൽ 5നു ശനിയാഴ്ച രാവിലെ 10 മണിക്ക് സ്റ്റാഫോർഡ് സിറ്റി സ്റ്റേഡിയത്തിൽ വെച്ച് സ്റ്റാഫോർഡ് സിറ്റിമേയർ കെൻ മാത്യു ഉദ്ഘാടനം ചെയ്തു.

ടെക്സസ് ഡിസ്ട്രിക്ട് കോർട്ട് ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് സുരേന്ദ്രൻ. കെ. പട്ടേൽ മുഖ്യാതിഥിയായിരുന്നു.

ഐസിഇസിഎച്ച് പ്രസിഡന്റ് റവ. ഡോ. ഐസക്ക്. ബി. പ്രകാശ് ടൂർണമെന്റിലെ ടീമുകൾക്കു ആശംസകൾ നേർന്നു.

ഐസിഇസിഎച്ച് സ്പോർട്സ് കൺവീനർ റവ. ജീവൻ ജോൺ, സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ, വോളന്റിയർ ക്യാപ്റ്റൻ നൈനാൻ വീട്ടീനാൽ, ക്രിക്കറ്റ് കോർഡിനേറ്റർമാരായ ബിജു ചാലക്കൽ, അനിൽ വർഗീസ്, പി ആർഓ ജോൺസൻ ഉമ്മൻ, ടൂർണമെന്റ് മെഗാ സ്പോൺസർ ജോർജ് ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു

ഹ്യൂസ്റ്റനിലെ 10 ഇടവകകളിൽ നിന്നുള്ള ടീമുകൾ വരും ദിവസങ്ങളിൽ മാറ്റുരക്കും. ഈ വർഷത്തെ ക്രിക്കറ്റ് ടൂർണമെന്റ് മെഗാ സ്പോൺസർ മാസ്സ് മ്യൂച്ചൽ ഗ്രേറ്റർ ഹൂസ്റ്റനും ഗ്രാൻഡ് സ്പോൺസർ അബാക്കസ് ട്രാവെൽസ്, റിയാലിറ്റി അസോസിയേറ്റ്സ്, ആൻസ് ഗ്രോസർസ് സ്റ്റാഫോർഡ് ആൻഡ് മിസ്സോറി സിറ്റി എന്നിവരുമാണ്.

ജീമോൻ റാന്നി

അൾത്താരശുശ്രൂഷയിലേയ്ക്ക് കുഞ്ഞുങ്ങളെ കൈ പിടിച്ചുനടത്തി മാതാപിതാക്കൾ



ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫോറാനാദേവാലയത്തിൽ അൾത്താരശുശ്രൂഷകർ പ്രാർത്ഥനയോടെ തിരുഹൃദയത്തണലിൽ അൾത്താര ശുശ്രൂഷാ സന്നദ്ധരായി. അൾത്താരശുശ്രൂഷയ്ക്കായി ദിവസങ്ങളായുള്ള ഒരുക്കത്തിന് ശേഷം പ്രാർത്ഥിച്ചൊരുങ്ങി മാതാപിതാക്കളോടൊപ്പം കുട്ടികൾ എത്തിച്ചേർന്നു. മാതാപിതാക്കളോടൊപ്പം പ്രദക്ഷിണമായി വന്ന് ഇടവകവികാരിയുടെ പ്രാർത്ഥനയോടെയും അനുഗ്രഹത്തോടെയും കൊത്തീനായും സൂനാറയും വെഞ്ചരിച്ച് നൽകി. മാതാപിതാക്കളാൽ വെഞ്ചരിച്ച കൊത്തീനായും സൂനാറയും തങ്ങളുടെ മക്കളെ ധരിപ്പിച്ചു. വിശുദ്ധ മദ്ബഹയിലേക്ക് ബഹു. വികാരി ഫാതോമസ്സ് മുളവനാൽ കൈപിടിച്ച് പ്രവേശിപ്പിച്ചു. തുടർന്ന് അൾത്താരയിൽ പ്രാർത്ഥനയോടെ ശുശ്രൂഷികളുടെ വസ്ത്രം ധരിച്ച് നിരന്നു നിന്നപ്പോൾ പ്രാർത്ഥനയോടെ വിശ്വാസസമൂഹം ദൈവത്തിനു നന്ദി പറഞ്ഞു.

പുതുതായി ഈ ശുശ്രൂഷയിലേയ്ക്ക് എത്തിച്ചേർന്ന ഏവരെയും വികാരി ഫാ. തോമസ് മുളവനാലും അസി. വികാരി ഫാ.ബിൻസ് ചേത്തലിലും അഭിനന്ദിച്ചു. ഒരുക്കങ്ങൾ ക്ക് കോർഡിനേറ്റർമാരായ ബ്രദർ ജിബിൻ, സാബു മുത്തോലം എന്നിവർ നേതൃത്വം നൽകി.

നിര്യാതരായി

പൊറിഞ്ചുണ്ണി ദേവസ്സി



ഡാളസ്: തൃശൂർ പറപ്പൂർ ചാലയ്ക്കൽ പാണേങ്ങാടൻ പൊറിഞ്ചുണ്ണി ദേവസ്സി (ജിം ഡേവിഡ് 76) ഡാളസിൽ നിര്യാതനായി. കോപ്പൽ സെന്റ് അൽഫോൻസ പള്ളി അംഗമാണ്. ഭാര്യ: ഗ്രേസി ഡേവിഡ് (നിരണം കൈപ്പള്ളിമാലിൽ കുടുംബാംഗം). മക്കൾ: ജൂലി ഡേവിഡ്, ജൂഡി നെല്ലുവേലിൽ. മരുമകൻ: റെജി നെല്ലുവേലിൽ.

മറിയാമ്മ മത്തായി



ബെൻസേലം: കുമ്പനാട്. പള്ളിക്കിഴക്കേതിൽ പരേതരായ തോമസ് വറുഗീസിന്റെയും, ശോശാമ്മ വറുഗീസിന്റെയും മകളും, പുല്ലാട് വരയന്നൂർ ഉമ്മഴങ്ങത്ത് മത്തായി തോമസിന്റെ സഹധർമ്മിണിയും, ഫിലഡൽഫിയ അസ്സൻഷൻ മാർത്തോമാ ചർച്ച് ഇടവാംഗവുമായ മറിയാമ്മ മത്തായി (80) ബെൻസേലത്ത് നിര്യാതയായി. മേബൽ, മേബിൾ, മേബി എന്നിവർ മക്കളും, തോമസ് ചാണ്ടി, അജി ജോൺ, ഉമ്മൻ ഡാനിയൽ എന്നിവർ മരുമക്കളും ആണ്.

ജോർജ് ശാമുവേൽ



ഷിക്കാഗൊ: മാവേലിക്കര ചെറുകോൽ കാവിൽ കുടുംബാംഗമായ ജോർജ് ശാമുവേൽ (റോയ് 76) ഷിക്കാഗോയിൽ അന്തരിച്ചു. ഷിക്കാഗോയിലെ ആദ്യകാല പ്രവാസികളിലൊരാളാണ് പരേതൻ. പത്നി: മേരി ശാമുവേൽ (പോളി). മക്കൾ: ബിജു, മൈക്കിൾ, ക്രിസ്റ്റഫർ. മരുമക്കൾ: ലെസ്ലി, ജൂലിയ, ലോറ.

റോജി സി. മാത്യൂസ്



ന്യൂയോർക്ക്: റോക്ക്ലാൻഡ് സുമ ട്രാവൽസ് ഉടമയും ഫ്രാക്സ് എയർ കെമിസ്റ്റും ആയ റോജി സി. മാത്യൂസ് (69) ന്യൂയോർക്കിലെ റോക്ക്ലാൻഡിൽ അന്തരിച്ചു. കോഴഞ്ചേരി കുറുംന്തോട്ടിൽ പരേതനായ കെ.എം. ചെറിയാനാണ് (രാജൻ സ്റ്റുഡിയോ ഉടമ) പിതാവ്. മാതാവ് ലില്ലിക്കുട്ടി ചെറിയാൻ. പിതാവിന്റെ പാത പിന്തുടർന്ന് റോജിയും റോക്ക്ലാൻഡിൽ ഒരു ഫോട്ടോ സ്റ്റുഡിയോയും നടത്തിവന്നിരുന്നു. ന്യൂയോർക്ക് സെന്റ് തോമസ് ചർച്ച് ഇടവകാംഗമാണ്. ഡീനാ മാത്യൂസ് ആണ് ഭാര്യ. ജീനാ, മിലി, ഷെറിൽ എന്നിവർ മക്കളും, വരുൺ, ജെഫ്, സേത് എന്നിവർ മരുമക്കളുമാണ്.

ബാബുതോമസ് പണിക്കർ



ഡാലസ്: മെക്കിനി സെന്റ് പോൾസ് ഓർത്ത ഡോക്സ് ഇടവക അംഗമായ കുണ്ടറ കല്ലുംപുറത്ത് ബാബു തോമസ് പണിക്കർ അന്തരിച്ചു. ഭാര്യ: എസ് തേറമ്മ തേവലക്കര അരുവി ചിറക്കര കിഴക്കേടത്ത് കുടുംബാംഗമാണ. മക്കൾ: അനൂപ് പണിക്കർ ഡാളസ്, അനുജ പണിക്കർ ഡിട്രോയിറ്റ്. മരുമക്കൾ: ജീന എബ്രഹാം ഡാലസ്, അനൂപ് ജോൺ ഡിട്രോയിറ്റ്.

വർഗീസ് മാത്യു



ഡാളസ്: ആറന്മുള കൊച്ചുവീട്ടിൽ കുടുംബാംഗം വർഗീസ് മാത്യൂ ഡാളസിൽ അന്തരിച്ചു. ഭാര്യ: സുസമ്മ മാത്യൂ. മക്കൾ: സ്മിത & ബിനു, സീമ & ഫിൻലി മാത്യൂ, സ്റ്റെഫിനി & സ്റ്റാൻലി.

മുഖ്യ ശത്രുക്കൾ ബിജെപിയും ആർഎസ്എസും

രണ്ടാം സ്വാതന്ത്ര്യസമരത്തിന് തുടക്കമെന്ന് കോൺഗ്രസ്



അഹമ്മദാബാദ്: രണ്ടാം സ്വാതന്ത്ര്യസമരത്തിന് തുടക്കം കുറിക്കുകയാണെന്നായിരുന്നു സബർമതിയിലെ സമ്മേളന വേദിയിൽ കോൺഗ്രസ് അധ്യക്ഷന്റെ ആഹ്വാനം. ബിജെപിയേയും ആർഎസ്എസിനെയും കടന്നാക്രമിക്കുന്ന പ്രമേയവും സമ്മേളനം പാസ്സാക്കി. അപ്പോഴും, പ്രതീക്ഷയുടെ പാർട്ടിയാകണം എന്ന തരൂരിന്റെ പ്രമേയത്തിന്റെ അന്തഃസത്തയും സമ്മേളനം ഉൾക്കൊണ്ടു. പുതിയ പ്രഖ്യാപനങ്ങൾ കോൺഗ്രസിൽ മാറ്റങ്ങളുണ്ടാക്കുമോ? കോൺഗ്രസിന്റെ ഈ നീക്കത്തിന് ബിജെപിയുടെ ബദൽ എന്താകും?

ജാതി സെൻസസ്, ആർ എസ് എസിനെതിരെയുള്ള വിമർശനം. മോഡി സർക്കാരിന്റെ വീഴ്ചകൾ എണ്ണിപ്പറഞ്ഞുള്ള വിലയിരുത്തൽ എന്നീ സ്ഥിരം പല്ലവി തന്നെയാണ് രണ്ട് ദിവസത്തെ അഹമ്മദാബാദ് സമ്മേളനത്തിൽ ഉയർന്നുകേട്ടത്. ഇവയടങ്ങുന്ന പ്രമേയമാണ് സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ടതും. പഴയ പല്ലവികൾ ആവർത്തിക്കുമ്പോഴും പുതിയ ചിലതും പ്രത്യക്ഷപ്പെട്ടു. ഇതുവരെ കോൺഗ്രസ് സ്വീകരിച്ച് പോന്ന മൃദുഹിന്ദുത്വ സമീപനം പതിയെ കൈവിടുകയാണ്. അതിന് പകരമായി ദളിത്, പിന്നാക്ക വിഭാഗങ്ങളെയും ന്യൂനപക്ഷങ്ങളെയും ഒപ്പം നിർത്താനാണ് ശ്രമം. ഇത് വ്യക്തമാക്കുന്നതായിരുന്നു രാഹുൽ ഗാന്ധിയുടെ വാക്കുകൾ.

രാഹുൽ ഗാന്ധിയുടെ നയങ്ങൾ ഉൾക്കൊള്ളുന്ന പ്രമേയത്തിനൊപ്പം പാർട്ടിയെ പുനരുജ്ജീവിപ്പിക്കാനുള്ള നിർദേശങ്ങളുള്ള സച്ചിൻ പൈലറ്റിന്റെ പ്രമേയവും സമ്മേളനത്തിൽ അവതരിപ്പിച്ചു. ശശി തരൂരിന്റെ പിന്തുയോടെയാണ് പ്രമേയം അവതരിപ്പിക്കപ്പെട്ടത്.

2004ൽ ലഭിച്ച വോട്ടുകൾ തിരികെ നേടുന്നതിനായുള്ള ശ്രമങ്ങൾ വേണമെന്ന ആശയവും പാർട്ടി ഔദ്യോഗികമായി അവതരിപ്പിച്ച പ്രമേയത്തിൽ ഉൾപ്പെടുന്നു. സാബർമതി തീരത്ത് നിന്ന് കോൺഗ്രസ് വീണ്ടും ഉയർത്തെഴുന്നേൽക്കാനുള്ള ശ്രമത്തിലാണ്. പിണങ്ങി നിന്ന നേതാക്കളെ ഇണക്കി ഒപ്പം ചേർത്തുനിർത്തി, പാർട്ടിക്കായി പണിയെടുക്കാൻ തയ്യാറാകാത്തവർ വിരമിക്കണമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയുടെ വാക്കുകൾ സൂചിപ്പിച്ചതും അതുതന്നെയാണ്.



കേന്ദ്ര മന്ത്രിയുടെ കൊച്ചുമകൾ ഭർത്താവിന്റെ വെടിയേറ്റ് മരിച്ചു

പാറ്റ്ന: ഗയയിൽ കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ജിയുടെ കൊച്ചുമകൾ സുഷ്മാ ദേവി ഭർത്താവിന്റെ വെടിയേറ്റ് മരിച്ചു. കുടുംബവഴക്കിനെ തുടർന്ന് സുഷ്മാ ദേവിയെ ഭർത്താവ് രമേഷ് നാടൻ തോക്കുപയോഗിച്ച് വെടിവെക്കുകയായിരുന്നുവെന്നാണ് പൊലീസ് പറയുന്നത്.

ടെറ്റുവ ഗ്രാമത്തിലെ വീട്ടിൽ ഉച്ചയ്ക്ക് 12 മണിയോടെയാണ് സംഭവം. രമേഷും സുഷ്മയും തമ്മിൽ വഴക്കുണ്ടാവുകയും തർക്കത്തിനിടെ രമേഷ് തോക്കെടുത്ത് സുഷമയ്ക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. വെടിയേൽക്കുമ്പോൾ സുഷ്മയുടെ മക്കളും സഹോദരി പൂനം കുമാരിയും വീട്ടിലുണ്ടായിരുന്നു എന്നാണ് റിപ്പോർട്ട്.

സംഭവത്തിനു പിന്നാലെ രമേഷ് സ്ഥലംവിട്ടുവന്ന് പുനം പറയുന്നു. ഇയാളെ പിടികൂടാൻ പൊലീസ് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ശബ്ദം കേട്ട് പൂനം കുമാരി ഓടിയെത്തിയപ്പോൾ സുഷ്മ രക്തത്തിൽ കുളിച്ച് കിടക്കുകയായിരുന്നുവെന്നും സംഭവസ്ഥലത്തു വച്ചു തന്നെ മരിച്ചെന്നും പൂനം വ്യക്തമാക്കി.

ഗയ ലോക്സഭാ സീറ്റിൽ നിന്നുള്ള എം പിയും ഹിന്ദുസ്ഥാനി അവാം മോർച്ച നേതാവുമായ ജിതൻ റാം മാഞ്ജി മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വകുപ്പിന്റെ കേന്ദ്രമന്ത്രിയാണ്.

ഇന്ത്യൻ സംരംഭകയ്ക്ക് യുഎസ് വിമാനത്താവളത്തിൽ ദുരനുഭവം

ദേഹപരിശോധനയ്ക്കായി പുരുഷ ഓഫീസർമാർ വസ്ത്രം അഴിപ്പിച്ചു



അങ്കറേജ്(യുഎസ്എ): യുവതിയായ ഇന്ത്യൻ സംരംഭകയെ അമേരിക്കയിലെ അങ്കറേജ് വിമാനത്താവളത്തിൽ എട്ട് മണിക്കൂർ തടഞ്ഞുവച്ചതായി ആരോപണം. ലഗേജിൽ പവർ ബാങ്ക് കണ്ടെത്തിയതിനെ തുടർന്നാണ് തന്നെ വിമാനത്താവളത്തിലെ സുരക്ഷാ ഉദ്യോഗസ്ഥർ മണിക്കൂറുകളോളം തടഞ്ഞുവെച്ചതെന്ന് ഇന്ത്യ ആക്ഷൻ പ്രോജക്ട്, ചായിപാനി എന്നിവയുടെ സ്ഥാപകയായ ശ്രുതി ചതുർവേദി ആരോപിച്ചു. തനിക്കുണ്ടായ ദുരനുഭവം എക്സിലെ പോസ്റ്റിലാണ് ശ്രുതി പങ്കുവച്ചത്.

"പുരുഷ ഉദ്യോഗസ്ഥൻ ദേഹപരിശോധന നടത്തുകയും അത് കാമറയിൽ ചിത്രീകരിക്കുകയും ചെയ്തു. തണുപ്പിനെ പ്രതിരോധിക്കാനുള്ള വസ്ത്രങ്ങൾ അഴിച്ചുമാറ്റാൻ ആവശ്യപ്പെട്ടു. പൊലീസ്, എഫ്ബിഐ എന്നിവർ ചോദ്യം ചെയ്തു. ഒരു ഫോൺ കോൾ പോലും അനുവദിച്ചില്ല. ഹാൻഡ്ബാഗിൽ പവർ ബാങ്ക് 'സംശയാസ്പദമായ' വസ്തുവായി കണ്ടെത്തിയതിനെ തുടർന്നായിരുന്നു ഇതെല്ലാം.

ശുചിമുറി ഉപയോഗിക്കാനുള്ള അനുമതി നിഷേധിച്ചു. വിമാനയാത്രയും നടത്താൻ സാധിച്ചില്ല. സങ്കൽപ്പിക്കാൻ സാധിക്കാത്ത ഏറ്റവും മോശമായ 7 മണിക്കൂറിലൂടെയാണ് താൻ കടന്നുപോയത്" ശ്രുതി സമൂഹമാധ്യമത്തിൽ വ്യക്തമാക്കി. ശ്രുതി വിദേശകാര്യ മന്ത്രാലയത്തെ ടാഗ് ചെയ്തുകൊണ്ടാണ് പോസ്റ്റ് പങ്കുവച്ചിരിക്കുന്നത്.

ട്രംപിന്റെ താരിഫ് ഗെയിംചേഞ്ചർ

ലക്ഷ്യം ചൈന മാത്രം

(പേജ് 1 തുടർച്ച)

ഇന്ത്യ പ്രതികരിച്ചിട്ടുള്ളത്. പ്രസിഡന്റ് ട്രംപ് ആവർത്തിച്ച് ഇന്ത്യയെ 'താരിഫ് രാജാക്കന്മാർ' എന്ന് വിശേഷിപ്പിക്കുകയും കഴിഞ്ഞ ആഴ്ച ഇന്ത്യയ്ക്ക് മേൽ 26% അധിക താരിഫ് പ്രഖ്യാപിക്കുകയും ചെയ്തിട്ടും അമേരിക്കയുമായി ഒരു ഉഭയകക്ഷി വ്യാപാരക്കരാറിനുള്ള ശ്രമമാണ് ഇന്ത്യ തുടർന്നത്.

'വർദ്ധിപ്പിച്ച താരിഫുകളുടെ പ്രത്യാഘാതങ്ങൾ ഞങ്ങൾ പഠിക്കുകയാണ്. ഇന്ത്യ-യുഎസ് വ്യാപാര ടീമുകൾ തമ്മിൽ പരസ്പരം ചുമത്താവുന്ന താരിഫുകൾ സംബന്ധിച്ച് ചർച്ചകൾ തുടരുകയാണ്. ഇന്ത്യയുടെ സമഗ്ര ആഗോള നയതന്ത്ര പങ്കാളിത്തം യുഎസുമായാണ്. രണ്ട് ടീമുകളും ചർച്ച ഏറെ മുന്നോട്ട് കൊണ്ടുപോയിട്ടുണ്ട്. അത് വേഗം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു,' വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ കഴിഞ്ഞ ദിവസം പറഞ്ഞു.

എല്ലാ രാജ്യങ്ങൾക്കും ബാധകമായ 10 ശതമാനം താരിഫ് ഒഴിച്ച് മറ്റുള്ള ഉയർന്ന താരിഫുകൾ നടപ്പിൽ വരുത്തുന്നതിന് അനുവദിച്ചിട്ടുള്ള 90 ദിവസത്തെ അവധി ഉയർന്ന താരിഫ് പ്രഖ്യാപനത്തോടെ തകർന്നടിഞ്ഞ ഇന്ത്യൻ ഓഹരി വിപണിക്ക് ആശ്വാസമാകും. ഈ താത്കാലിക വിരാമം ന്യൂഡൽഹിക്ക് യുഎസുമായി ഒരു ഉഭയകക്ഷി കരാറിൽ എത്തിച്ചേരുന്നതിന് കൂടുതൽ സമയം നൽകുകയും താരിഫുകൾ വീണ്ടും ബാധകമായാൽ തന്നെ അവയെ നേരിടാനുള്ള മികച്ച മാർഗം കണ്ടെത്താൻ സഹായിക്കുകയും ചെയ്യും.

ഉയർന്ന താരിഫുകളെ വിവിധ രാജ്യങ്ങളെ ചർച്ചാ മേശയിലേക്ക് കൊണ്ടുവരാനുള്ള ഉപകരണമായാണ് പ്രസിഡന്റ് ട്രംപ് ഉദ്ദേശിക്കുന്നതെന്ന് ഇപ്പോൾ ഏതാണ്ട് വ്യക്തമാണ്. ബുധനാഴ്ച യുഎസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസന്റ് ഡോണൾഡ് ട്രംപിന്റെ 'തന്ത്രം' പ്ലാൻ ചെയ്തതുപോലെ പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞത് ഈ അർത്ഥത്തിലാണ്. 'ഇത് തുടക്കം മുതലേ അദ്ദേഹത്തിന്റെ തന്ത്രമായിരുന്നു, ചൈനയെ ഒരു അപകടകരമായ അവസ്ഥയിൽ എത്തിക്കുന്നതിന് അദ്ദേഹം വിജയിച്ചിരിക്കുകയാണ്,' എഎഫ്പി വാർത്താഏജൻസി ബെസന്റിനെ ഉദ്ധരിച്ച് പറയുന്നു.

ചൈനയ്ക്ക് പൊള്ളിത്തുടങ്ങി; ഗുണം ഇന്ത്യക്ക്

(പേജ് 1 തുടർച്ച)

വിദേശമന്ത്രി എസ്. ജയ്ശങ്കറാണ്. അദ്ദേഹം ആകെ പറഞ്ഞത് ഇത്രമാത്രം: 'ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ഗുണകരമായ ദിശയിലേക്കാണ് നീങ്ങുന്നത്.' ചൈനയെ ആശ്ലേഷിച്ച് അമേരിക്കയെ പ്രത്യേകിച്ച് പ്രസിഡന്റ് ട്രംപിനെ പിണക്കാൻ ഇന്ത്യ തയ്യാറല്ലെന്ന് വ്യക്തം. വാണിജ്യമന്ത്രി പീയൂഷ് ഗോയൽ ഇന്ത്യയുടെ നിലപാട് മറ്റൊരു തരത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. 'ആഗോള വ്യാപാര അസന്തുലിതാവസ്ഥയ്ക്ക് കാരണം ചൈനയുടെ ദുഷ്പ്രവർത്തികളാണെന്നും അതിനാൽ ട്രംപിനെ ആരും പഴി പറയേണ്ടതില്ലെന്നുമാണ് ഗോയൽ മുംബൈയിൽ നടന്ന ഇന്ത്യ ഗ്ലോബൽ ഫോറത്തിന്റെ വേദിയിൽ പറഞ്ഞത്.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ചൈനയുടെ സാമ്പത്തിക വളർച്ചയ്ക്ക് കാരണം അവരുടെ അന്യായമായ വ്യാപാര രീതികൾ, മറഞ്ഞിരിക്കുന്ന സബ്സിഡികൾ, വികലമായ തൊഴിൽ മാതൃകകൾ എന്നിവയാണ്. അന്താരാഷ്ട്ര നിയമങ്ങൾ പ്രകാരം അനുചിതമായി കണക്കാക്കപ്പെടുന്ന നടപടികളിലാണ് ചൈന അടിത്തറ പാകിയത്, അദ്ദേഹം പറഞ്ഞു.

വീണ്ടും റഫാൽ, എഫ് 35 ഔട്ട്

(പേജ് 1 തുടർച്ച)

നാവികസേനക്ക് 22 സിംഗിൾ സീറ്റ് വിമാനങ്ങളും നാല് ഡബിൾ സീറ്റ് വിമാനങ്ങളും ലഭിക്കും. വിമാനങ്ങളുമായി ബന്ധപ്പെട്ട ആയുധങ്ങൾ, സിമുലേറ്ററുകൾ, വൈമാനികർക്കുള്ള പരിശീലനം, അഞ്ച് വർഷത്തെ ലോജിസ്റ്റിക്സ് പിന്തുണ എന്നിവയും കരാറിന്റെ ഭാഗമാണ്.

2016 സെപ്തംബറിൽ ഒപ്പുവെച്ച 59,000 കോടി രൂപയുടെ കരാറിന്റെ ഭാഗമായി വ്യോമസേനയിൽ ഉൾപ്പെടുത്തിയ 36 റഫാലുകളുടെ നവീകരണവും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇന്ത്യൻ നിർമിത വിമാനവാഹിനിക്കപ്പലായ ഐഎഎസ് വിക്രാന്തിലാണ് ആദ്യഘട്ടത്തിൽ വിമാനങ്ങൾ വിന്യസിക്കുക. 2029 അവസാനത്തോടെ നാവികസേനക്ക് ആദ്യ ബാച്ച് യുദ്ധ വിമാനങ്ങൾ ലഭിച്ചേക്കും. 2031ഓടെ എല്ലാ വിമാനങ്ങളും ലഭിക്കുമെന്നാണ് പ്രതീക്ഷ. വിമാനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഐഎൻഎസ് വിക്രാന്തിനൊപ്പം ഐഎൻഎസ് വിക്രമാദിത്യയിലും ഉൾപ്പെടുത്തിയേക്കും.

പറക്കുന്നതിനിടയിൽ പരസ്പരം ഇന്ധനം നിറക്കാൻ സാധിക്കുന്നവയാണ് പുതിയ റഫാൽ മറൈൻ ജെറ്റുകൾ. കാലഹരണപ്പെടുന്ന മിഗ്29 കെ യുദ്ധവിമാനങ്ങളുടെ പ്രവർത്തനം ക്രമേണ നിർത്തലാക്കും. വ്യോമസേനയുടെ കാലഹരണപ്പെട്ട യുദ്ധവിമാനങ്ങളെ കുറിച്ച് എയർ ചീഫ് മാർഷൽ എ.പി. സിങ് നേരത്തെ വിമർശനം ഉന്നയിച്ചിരുന്നു.

യു എസും ഇറാനും ഒമാനിൽ പരോക്ഷ ചർച്ചകൾക്ക് തയ്യാറെടുക്കുന്നു



വാഷിംഗ്ടൺ: ഏഴ് വർഷത്തിന് ശേഷം ആദ്യമായി ഇറാനും യു എസും പരോക്ഷ ചർച്ചകൾക്ക് തയ്യാറെടുക്കുന്നു. വർഷങ്ങൾ നീണ്ട അവിശ്വാസത്തിന് ശേഷമാണ് ഒമാനിൽ ശനിയാഴ്ച ഇരു രാജ്യങ്ങളും പരോക്ഷ ചർച്ചകൾ നടത്താൻ തയ്യാറെടുക്കുന്നത്. 2018ലാണ് അവസാനമായി യു എസ് ഇറാൻ സംഭാഷണം നടന്ന്. അന്നും യു എസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപായിരുന്നു. ഇറാൻ യു എസ് ബന്ധത്തിന്റെ നാഴികക്കല്ലായ ആണവ കരാറിൽ നിന്നും പിന്മാറിയതോടെയാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള സംഭാഷണങ്ങൾ നടക്കാതെ പോയത്. ഈ സാഹചര്യത്തിലാണ് ഇപ്പോൾ ഒമാനിൽ പരോക്ഷ ചർച്ചകൾക്ക് ഇരു രാജ്യങ്ങളും തയ്യാറാകുന്നത്. പരോക്ഷ ചർച്ചകൾക്കാണ് തയ്യാറെടുക്കുന്നതെങ്കിലും ഇരു രാജ്യങ്ങളുടെയും ആവശ്യങ്ങൾ അത്ര ചേർന്നു പോകുന്നവയല്ല.

ഇറാന്റെ അതിവേഗം പുരോഗമിക്കുന്ന ആണവ പദ്ധതിയെ കുറിച്ചുള്ള ചർച്ചകൾ പുനരുജ്ജീവിപ്പിക്കാനുള്ള പുതിയ ശ്രമത്തിൽ ഒമാനിൽ ഇരുപക്ഷവും ഏർപ്പെടും. എന്നാൽ ചർച്ചകൾ എങ്ങനെയാവും മുന്നേറുക എന്ന കാര്യത്തിൽ തീർപ്പിലായിട്ടില്ല.

നേരിട്ടുള്ള ചർച്ചകൾക്കാണ് യു എസ് മുൻതൂക്കം നൽകുന്നതെങ്കിലും ഇറാൻ പരോക്ഷ ചർച്ചകൾക്കാണ് തയ്യാറാകുന്നത്.

സംഗമം പബ്ലിക്കേഷൻസ്
news@sanghamam.com www.sanghamam.com
U.S. Editions: (312) 874-3844. Toronto- Phone 905 814 9944 Fax- 416-352-1635

ട്രംപിനെതിരെ യുഎസിലെങ്ങും പ്രതിഷേധം



വാഷിംഗ്ടൺ: പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഭിന്നിപ്പിക്കുന്ന നയങ്ങളെ എതിർത്ത് ശനിയാഴ്ച യുഎസിലെ പ്രധാന നഗരങ്ങളിലെ തെരുവുകളിൽ പതിനായിരക്കണക്കിന് പ്രതിഷേധക്കാർ ഒത്തുകൂടി.

ട്രംപ് രണ്ടാമതും വൈറ്റ് ഹൗസിൽ ചുമതലയേറ്റതിനു ശേഷമുള്ള ഏറ്റവും വലിയ പ്രകടനമായിരുന്നു ശനിയാഴ്ച അമേരിക്ക കണ്ടത്.

സർക്കാർ ജീവനക്കാരുടെ എണ്ണം കുറയ്ക്കൽ മുതൽ വ്യാപാര താരിഫ് കുറയ്ക്കൽ, പൗരസ്വാതന്ത്ര്യം ഇല്ലാതാക്കൽ വരെയുള്ള റിപ്പബ്ലിക്കൻ പ്രസിഡന്റിന്റെ നയങ്ങളെ എതിർക്കുന്നവർ വാഷിംഗ്ടൺ, ന്യൂയോർക്ക്, ഹ്യൂസ്റ്റൺ, ഫ്ലോറിഡ, കൊളറാഡോ, ലോസ് ഏഞ്ചൽസ് എന്നിവിടങ്ങളിൽ ഒത്തുചേർന്നാണ് റാലി നടത്തിയത്.

'എനിക്ക് വളരെ ദേഷ്യമുണ്ട്, ബലാത്സംഗം ചെയ്തതായി ആരോപിക്കപ്പെടുന്ന ഒരു കൂട്ടം പ്രഭുക്കന്മാരും വെള്ളക്കാരുമായ ബലാത്സംഗികളുടെ ഒരു കൂട്ടവുമാണ് നമ്മുടെ രാജ്യം നിയന്ത്രിക്കുന്നത്. ഇത് അത്ര നല്ലതല്ല,' മാൻഹട്ടന്റെ ഹൃദയഭാഗത്ത് ജനക്കൂട്ടത്തോടൊപ്പം മാർച്ച് ചെയ്യുന്ന ന്യൂയോർക്ക് ചിത്രകാരിയായ ഷൈന കെസ്നർ പറഞ്ഞു.

വാഷിംഗ്ടണിൽ ആയിരക്കണക്കിന് പ്രകടനക്കാർ നാഷണൽ മാളിൽ ഒത്തുകൂടി. യുണൈറ്റഡ് സ്റ്റേറ്റ്സിലെമ്പാടുനിന്നും യാത്രചെയ്ത് എത്തിയ അവിടെ ഡസൻ കണക്കിന് പ്രഭാഷകർ ട്രംപിനെതിരെ പ്രതിഷേധം സംഘടിപ്പിച്ചു.

'ലോകമെമ്പാടുമുള്ള നമ്മുടെ അനുകൂലികളെ നഷ്ടപ്പെടുത്തുകയും ഇവിടെ നാട്ടിലുള്ള ആളുകൾക്ക് നാശം വരുത്തുകയും ചെയ്യുന്ന ഈ ക്രൂരമായ ഭരണകൂടത്തിനെതിരെ പ്രതിഷേധിക്കാൻ ന്യൂ ഹാംഷെയറിൽ നിന്ന് ബസിലും വാനിലുമായി ഏകദേശം 100 പേർ എത്തിയെന്ന് ബൈക്ക് ടൂർ ഗൈഡായ 64 കാരിയായ ഡയാൻ കോളിഫ്രത്ത് പറഞ്ഞു. 'അവർ നമ്മുടെ സർക്കാരിനെ നശിപ്പിക്കുകയാണ്.'

ലോസ് ഏഞ്ചലസിൽ ഡിസ്റ്റോപ്പിയൻ നോവലായ 'ദി ഹാൻഡ്മെയ്ഡ്സ് ടെയിൽ' ലെ കഥാപാത്രമായി വസ്ത്രം ധരിച്ച ഒരു സ്ത്രീ, ട്രംപിന്റെ ഗർഭഛിദ്ര വിരുദ്ധ നയങ്ങളെ പരാമർശിച്ച് 'എന്റെ ഗർഭാശയത്തിൽ നിന്ന് പുറത്തുകടക്കുക' എന്ന സന്ദേശമുള്ള ഒരു വലിയ പതാക വീശി.

കൊളറാഡോയിലെ ഡെൻവറിൽ, പ്രതിഷേധക്കാരടങ്ങിയ വലിയ ജനക്കൂട്ടത്തിൽ ഒരാൾ 'യുഎസ് എയ്ക്ക് രാജാവില്ല' എന്ന പ്ലക്കാർഡ് ഉയർത്തിക്കാട്ടി.

ട്രംപിനും അദ്ദേഹത്തിന്റെ ആക്രമണാത്മക വ്യാപാര നയങ്ങൾക്കും എതിരെ പ്രകടനക്കാർ എതിർപ്പ് പ്രകടിപ്പിച്ച ചില യൂറോപ്യൻ തലസ്ഥാനങ്ങളിലും റാലികൾ വ്യാപിച്ചു.

'അമേരിക്കയിൽ സംഭവിക്കുന്നത് എല്ലാവരുടെയും പ്രശ്നമാണെന്ന് ലണ്ടനിലെ ഒരു റാലിയിൽ പങ്കെടുത്ത ഇരട്ട യുഎസ് ബ്രിട്ടീഷ് പൗരയായ ലിസ് ചേംബർലിൻ എഎഫ്പിയോട് പറഞ്ഞു.

'ഇത് സാമ്പത്തിക ഭ്രാന്താണ്... അദ്ദേഹം(ട്രംപ്) നമ്മളെ ഒരു ആഗോള മാന്ദ്യത്തിലേക്ക് തള്ളിവിടാൻ പോവുകയാണ്.'

ട്രംപ് 'ഒരു ഭരണഘടനാ പ്രതിസന്ധി' സൃഷ്ടിച്ചെന്ന്, 70 വയസ്സുള്ള വിരമിച്ച സൂസൻ ഫെസ്റ്റ് ബെർലിനിൽ പറഞ്ഞു. 'ആ വ്യക്തി ഒരു ഭ്രാന്തനാണ്' എന്നും അവർ കൂട്ടിച്ചേർത്തു.

യുഎസിൽ, മൂവ്ഓൺ, വിമൻസ് മാർച്ച് പോലുള്ള ഇടതുപക്ഷ ചായ്വുള്ള ഗ്രൂപ്പുകളുടെ ഒരു അയഞ്ഞ സഖ്യം 1,000ത്തിലധികം നഗരങ്ങളിലും എല്ലാ കോൺഗ്രസ് ജില്ലകളിലും 'ഹാൻഡ്സ് ഓഫ്' പരിപാടികൾ സംഘടിപ്പിച്ചുവെന്ന് ഗ്രൂപ്പുകൾ പറഞ്ഞു.

വ്യാപാര നയത്തിൽ ട്രംപിനെതിരെ ക്രോധം ഉയരുന്നു

ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനും, ഏകപക്ഷീയമായി യാഥാസ്ഥിതിക മൂല്യങ്ങൾ അടിച്ചേൽപ്പിക്കുന്നതിനും, അതിർത്തികളിലും വ്യാപാരത്തിലും സൗഹൃദ രാജ്യങ്ങളെ പോലും ശക്തമായി സമ്മർദ്ദത്തിലാക്കുന്നതിനും, ഓഹരി വിപണികൾ ഇടിവിന് കാരണമായതുമെല്ലാം ട്രംപിനെതിരെ അമേരിക്കക്കാരുടെ ക്രോധം ആളിക്കത്തുന്നതിനു കാരണമായി.

'സത്യസന്ധമായി പറഞ്ഞാൽ, ഈ ഫാസിസത്തെ ഞങ്ങൾ തടയും,' പ്രതിഷേധക്കാരനായ ഡൊമിനിക് സാന്റില്ല ബോസ്റ്റണിൽ എഎഫ്പി യോട് പറഞ്ഞു. 'എതിരാളികളെയും, ക്രമരഹിതമായ ആളുകളെയും, കുടിയേറ്റക്കാരെയുമെല്ലാം ജയിലിലടയ്ക്കുന്നതിൽ നിന്ന് ഒരു നേതാവിനെ ഞങ്ങൾ തടയാൻ ശ്രമിക്കുകയാണ്.'

ട്രംപിന്റെ നീക്കങ്ങളെ കോൺഗ്രസിന്റെ ഇരുസഭകളിലും ചെറുക്കാൻ കഴിയാത്തവിധം ന്യൂനപക്ഷമായതിനാൽ പല ഡെമോക്രാറ്റുകളും രോഷാകുലരാണ്.

വൈറ്റ് ഹൗസിന് തൊട്ടടുത്തുള്ള നാഷണൽ മാളിൽ, ട്രംപിന്റെ രണ്ടാമത്തെ ഇംപീച്ച്മെന്റ് സമയത്ത് ഇംപീച്ച്മെന്റ് മാനേജരായി സേവനമനുഷ്ഠിച്ച ഡെമോക്രാറ്റിക് പ്രതിനിധി ജാമി റാസ്കിൻ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് പ്രഭാഷകർ പ്രതിഷേധത്തിൽ അണിനിരന്നു.

'എല്ലാത്തിന്റെയും വിലയും ഒന്നിന്റെയും മൂല്യവും അറിയുന്ന, സാമ്പത്തിക തകർച്ച നേരിടുന്ന ഒരു സ്വേച്ഛാധിപതിയെ ഒരു ധാർമ്മിക വ്യക്തിയും ആഗ്രഹിക്കുന്നില്ലെന്ന് അദ്ദേഹം ജനക്കൂട്ടത്തോട് പറഞ്ഞു.

വോട്ടർമാർ ഉറങ്ങുന്ന ഒരു ഭീമനെയാണ് ഉണർത്തിയതെന്ന് അനുഭവിച്ചറിയാൻ പോകുന്നതേയുള്ളൂ എന്ന് ആക്ടിവിസ്റ്റ് ഗ്രേലാൻ ഹാഗ്ലർ (71) പ്രതിഷേധത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. ഇതിനെല്ലാമെതിരെ ജനങ്ങൾ നിശബ്ദരായിരിക്കില്ലെന്ന് ഗ്രേലാൻ ഹാഗ്ലർ പറഞ്ഞു.

ശനിയാഴ്ചത്തെ പ്രകടനങ്ങൾ ഏറെക്കുറെ സമാധാനപരമായിരുന്നു. വൃദ്ധർ മുതൽ സ്ട്രോളറുകളിൽ കുഞ്ഞുങ്ങളുമായി നിൽക്കുന്ന യുവ ദമ്പതികൾ വരെ പ്രതിഷേധക്കാർ ഉണ്ടായിരുന്നു.

2016 ലെ ട്രംപിന്റെ ആദ്യ തിരഞ്ഞെടുപ്പിന് തൊട്ടുപിന്നാലെ നടന്ന ഒരു വനിതാ മാർച്ച് ഏകദേശം അര ലക്ഷം പ്രതിഷേധക്കാരെ വാഷിംഗ്ടണിലേക്ക് ആകർഷിച്ചിരുന്നു.

വാഷിംഗ്ടണിൽ നടന്ന പുതിയ റാലിയുടെ സംഘാടകർ 20,000 പേർ പങ്കെടുക്കുമെന്ന് പോളിംഗ് പ്രവചിച്ചിരുന്നു, എന്നാൽ ശനിയാഴ്ച ഉച്ചയോടെ ഈ സംഖ്യ ഗണ്യമായി കൂടുതലാണെന്ന് അവർ പറഞ്ഞു.

അധികാരമേറ്റതിനുശേഷം ട്രംപിന്റെ അംഗീകാര റേറ്റിംഗ് ഏറ്റവും താഴ്ന്ന നിലയിലേക്ക് താഴ്ന്നുവെന്നാണ് സമീപകാല വോട്ടെടുപ്പ് സൂചിപ്പിക്കുന്നത്.

എന്നാൽ അദ്ദേഹത്തിന്റെ വ്യാപകമായ തീരുവകൾക്കെതിരായ ആഗോള എതിർപ്പും നിരവധി അമേരിക്കക്കാരുടെ പ്രതിഷേധവും ഉണ്ടായിരുന്നിട്ടും, പ്രതിഷേധങ്ങളെയെല്ലാം വൈറ്റ് ഹൗസ് തള്ളിക്കളയുകയാണുണ്ടായത്.

അതേസമയം എത്ര വലിയ എതിർപ്പിനിടയിലും ഇപ്പോഴും തന്റെ അടിത്തറയിൽ ജനപ്രിയനായ റിപ്പബ്ലിക്കൻ പ്രസിഡന്റ്, വിട്ടുവീഴ്ച ചെയ്യുന്നതിന്റെ ഒരു ലക്ഷണവും കാണിക്കുന്നില്ല.

തന്റെ നയങ്ങൾ ഒരിക്കലും മാറില്ല എന്നാണ് ട്രംപ് വെള്ളിയാഴ്ച പറഞ്ഞത്.

താരിഫ് പ്രഖ്യാപനം പണപ്പെരുപ്പം സൃഷ്ടിച്ചിട്ടില്ലെന്ന് ട്രംപ്



വാഷിംഗ്ടൺ: താരിഫ് പ്രഖ്യാപനം ആഗോളതലത്തിൽ വിപണിയെ ഉലച്ചതിനു പിന്നാലെ പണപ്പെരുപ്പമില്ലെന്ന് പ്രഖ്യാപിച്ച് യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. എണ്ണ വിലയും പലിശ നിരക്കും ഭക്ഷ്യ വിലയും കുറയുകയാണെന്നും പണപ്പെരുപ്പമില്ല എന്നുമാണ് സാമ്പത്തിക മാന്ദ്യ സാധ്യതകൾ തള്ളിക്കൊണ്ട് ട്രംപ് പ്രഖ്യാപിച്ചത്.

കാലങ്ങളായി യു എസിനെ ചൂഷണം ചെയ്തു കൊണ്ടിരുന്ന രാജ്യങ്ങളിൽ നിന്നാണ് ഒരാഴ്ച കൊണ്ട് ബില്യൺ കണക്കിന് ഡോളർ തിരിച്ചെടുത്തതെന്നും ചൈനയാണ് എക്കാലത്തും യു എസിനെ ചൂഷണം ചെയ്തിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

ലോക വ്യാപാരത്തിനു ഭീഷണി ഉയർത്തിയാണ് അറുപതോളം രാജ്യങ്ങൾക്ക് യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പകരം തീരുവ ഏർപ്പെടുത്തിയിരിക്കുന്നത്. അമേരിക്കയുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് ഉയർന്ന തീരുവ ചുമത്തണമെന്ന നിലപാട് നേരത്തെ തന്നെ സ്വീകരിച്ചിരുന്നു.

വ്യാപാര മേഖലയിൽ അമേരിക്കയ്ക്കു സംരക്ഷണം ഉറപ്പാക്കുന്നതിന് പല രാജ്യങ്ങൾക്കുമെതിരെ പല നിരക്കിലാണു തീരുവ ഈടാക്കുന്നത്. ചൈനയ്ക്ക് 54 ശതമാനം, വിയറ്റ്നാമിന് 46 ശതമാനം, ശ്രീലങ്കയ്ക്ക് 44 ശതമാനം, ബംഗ്ലാദേശിന് 37 ശതമാനം, തായ്ലൻഡിന് 36 ശതമാനം, പാക്കിസ്ഥാന് 29 ശതമാനം എന്നിങ്ങനെയാണു പകരം തീരുവ.

ട്രംപ് വീണ്ടും പ്രസിഡന്റ് ആകാനുള്ള സാധ്യത വിരളമെന്ന് അറ്റോർണി ജനറൽ പാം ബോണ്ടി



വാഷിംഗ്ടൺ: പ്രസിഡന്റ് ഡോണൾഡ് ട്രംപ് വീണ്ടും മത്സരിക്കുന്നതിനുള്ള നിയമപരമായ മാർഗം കണ്ടെത്തുന്നത് 'ഒരു വലിയ വെല്ലുവിളി' ആയിരിക്കുമെന്ന് യുഎസ് അറ്റോർണി ജനറൽ ഞായറാഴ്ച പറഞ്ഞു.

'അദ്ദേഹത്തെ 20 വർഷം നമ്മുടെ പ്രസിഡന്റായി നിലനിർത്തണമെന്നാണ് എന്റെ ആഗ്രഹം, പക്ഷേ, ഈ കാലാവധിക്ക് ശേഷം അദ്ദേഹം സ്ഥാനമൊഴിയുമെന്ന് ഞാൻ കരുതുന്നു.' പാം ബോണ്ടി ഞായറാഴ്ച ഫോക്സ് ന്യൂസിനോട് പറഞ്ഞു,

നാലുതവണ പ്രസിഡന്റായ ഫ്രാങ്ക്ലിൻ റൂസ്വെൽറ്റ് വൈറ്റ് ഹൗസിലെ തന്റെ നാലാം കാലാവധി ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് മരിച്ചതിന് തൊട്ടുപിന്നാലെ, പ്രസിഡന്റ് സ്ഥാനത്ത് ഒരാൾ രണ്ട് തവണ മാത്രം എന്ന പരിധി നിശ്ചയിച്ചുകൊണ്ട് 1947ൽ യുഎസ് ഭരണഘടന ഭേദഗതി ചെയ്തിരുന്നു.

എന്നാൽ ഭരണഘടനാ ഭേദഗതികൾക്ക് കോൺഗ്രസിന്റെ ഇരുസഭകളുടെയും മൂന്നിൽ രണ്ട് ഭാഗത്തിന്റെയും അംഗീകാരവും 50 സംസ്ഥാനങ്ങളിൽ മുക്കാൽ ഭാഗത്തിന്റെയും അംഗീകാരവും ആവശ്യമാണ്, അതിന് അപൂർവമായേ സാധ്യതയുള്ളൂ എന്നാണ് രാഷ്ട്രീയ വിശകലന വിദഗ്ധർ പറയുന്നത്.

'അത് ചെയ്യാനുള്ള ഒരേയൊരു മാർഗ്ഗമാണിത്,' ബോണ്ടി പറഞ്ഞു.

മൂന്നാം തവണയും മത്സരിക്കുമെന്ന ട്രംപിന്റെ ആദ്യകാല പ്രസംഗം പലർക്കും സാങ്കൽപ്പികമായി തോന്നിയെങ്കിലും, സാധ്യതയെക്കുറിച്ച് താൻ 'തമാശ പറയുന്നില്ല' എന്നാണ് മാർച്ച് 31 ന് 78 കാരനായ പ്രസിഡന്റ് എൻബിസി ന്യൂസിനോട് പറഞ്ഞത്.

നിയമപരമായ മൂന്നാം തവണയും മത്സരിക്കാനുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് മുൻ ഫ്ളോറിഡ അറ്റോർണി ജനറലായ ബോണ്ടി നടത്തിയ പരാമർശങ്ങൾ മിക്ക ഭരണഘടനാ പണ്ഡിതരുടെയും വീക്ഷണങ്ങളുമായി യോജിക്കുന്നതായി തോന്നുന്നു. എന്നാൽ സർക്കാരിന്റെ ഉന്നത നിയമ പാലക ഓഫീസ് വഹിക്കുന്ന ഒരു സ്ഥിരീകൃത ട്രംപ് വിശ്വസ്ത എന്ന നിലയിൽ, അവരുടെ അഭിപ്രായങ്ങൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്.

ഫോക്സിന്റെ ഷാനൻ ബ്രീമുമായുള്ള അഭിമുഖത്തിൽ, തന്റെ നയങ്ങൾ നടപ്പിലാക്കാൻ ആക്രമണാത്മകമായി നീങ്ങുമ്പോൾ ട്രംപ് ഭരണകൂടം തുടക്കത്തിൽ തന്നെ നേരിട്ട വ്യാപകമായ നിയമപ്രതിസന്ധിക്കെതിരെ ബോണ്ടി സംസാരിച്ചിരുന്നു.

ട്രംപ് ഭരണകൂടത്തിനെതിരെ 170ലധികം കേസുകൾ കൊണ്ടുവന്നിട്ടുണ്ടെന്നും അതാണ് അവിടെയുള്ള ഭരണഘടനാ പ്രതിസന്ധിയെന്നും ബോണ്ടി പറഞ്ഞു. കോടതികളിൽ ആ കേസുകൾക്കെതിരെ തുടർന്നും പോരാടുമെന്നും അവർ വ്യക്തമാക്കി.


2024 ഡിസംബർ 4ന് ന്യൂയോർക്കിലെ നടപ്പാതയിൽവെച്ച് ആരോഗ്യ ഇൻഷുറൻസ് എക്സിക്യൂട്ടീവ് ബ്രയാൻ തോംസണെ കൊലപ്പെടുത്തിയ കേസിൽ കുറ്റാരോപിതനായ ലൂയിജി മാംഗിയോൺ എന്നയാളുടെ കേസിൽ വധശിക്ഷ തേടാനുള്ള ഭരണകൂടത്തിന്റെ തീരുമാനത്തെ ബോണ്ടി ന്യായീകരിച്ചു.

സാധ്യമാകുമ്പോഴെല്ലാം നമ്മൾ വധശിക്ഷ തേടണമെന്ന പ്രസിഡന്റിന്റെ നിർദ്ദേശം വളരെ വ്യക്തമാണെന്ന് അവർ പറഞ്ഞു.

വൈവിധ്യം, തുല്യത, ഉൾപ്പെടുത്തൽ എന്നിവ ഉറപ്പാക്കാനുള്ള ശ്രമങ്ങൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഡിഇഐ ഗ്രാന്റുകൾ മരവിപ്പിക്കാനുള്ള നീക്കത്തെച്ചൊല്ലിയുള്ള തർക്കത്തിൽ സുപ്രീം കോടതി വെള്ളിയാഴ്ച ഭരണകൂടത്തോടൊപ്പം നിന്നപ്പോൾ, അടുത്തിടെ ലഭിച്ച നിയമപരമായ വിജയത്തിൽ ബോണ്ടി ആഹ്ലാദം പ്രകടിപ്പിച്ചു.

അധ്യാപക പരിശീലനത്തിനും പ്രൊഫഷണൽ വികസനത്തിനുമായി ഉദ്ദേശിച്ചിട്ടുള്ള 64 മില്യൺ ഡോളർ മരവിപ്പിക്കുന്നത് തുടരാൻ വലതുപക്ഷ ചായ്വുള്ള കോടതി ഭരണകൂടത്തെ അനുവദിച്ചു.

ഒരു മികച്ച വിജയം ലഭിച്ചുവെന്ന് ബോണ്ടി പറഞ്ഞു, 'ഞങ്ങൾ എല്ലാ ദിവസവും പോരാട്ടം തുടരും' എന്ന് അവർ കൂട്ടിച്ചേർത്തു.







അനധികൃത ഗെയിം റൂം റാക്കറ്റ് നേതാവ് പാകിസ്താനി



ഹ്യൂസ്റ്റൺ: അനധികൃത ഗെയിം റൂമുകൾ നടത്തി 22 മില്യൺ ഡോളർ കള്ളപ്പണം വെളുപ്പിച്ച സംഘത്തിന്റെ തലവൻ ഒരു പാകിസ്താനിയാണെന്ന് അന്വേഷകസംഘം.

അഞ്ച് വർഷത്തോളം നീണ്ട അന്വേഷണത്തിന് ശേഷം ബുധനാഴ്ച 40 സ്ഥലങ്ങളിൽ നടത്തിയ റെയ്ഡുകൾക്കൊടുവിലാണ് പോലീസ് ഉദ്യോഗസ്ഥർ. റിച്ച്മണ്ടിൽ നിന്നുള്ള 61 വയസ്സുള്ള പാകിസ്താനി പൗരൻ നിസാർ അലിയാണ് ഈ അനധികൃത ഗെയിം റൂം സ്കീമിന്റെ പ്രധാന സംഘാടകൻ എന്ന് തിരിച്ചറിഞ്ഞത്. 22 മില്യൺ ഡോളറിലധികം ഈ സംഘടന നേടിയതായി കണക്കാക്കുന്നു.

അലി തന്റെ കുടുംബാംഗങ്ങളെ ഉപയോഗിച്ച് നഗരത്തിൽ ഡസൻ കണക്കിന് ഗെയിം റൂമുകൾ നടത്തിയതോടൊപ്പം റിയൽ എസ്റ്റേറ്റിലും മറ്റു വിലയേറിയ ആസ്തികളിലും ഈ പണം നിക്ഷിപ്പിച്ച് കള്ളപ്പണം വെളുപ്പിച്ചുവെന്നും അന്വേഷകർ വിശ്വസിക്കുന്നു.

ഈ ക്രിമിനൽ സംഘടനയുമായി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ നിന്ന് ദശലക്ഷക്കണക്കിന് ഡോളർ പിടിച്ചെടുത്തു. കൂടാതെ, 4.5 മില്യൺഡോളർ കറൻസിയും, 2,000സ്ലോട്ട് മെഷീനുകളും, 100റോളെക്സ് വാച്ചുകളും, എട്ട് തോക്കുകളും ഇവരിൽ നിന്ന് പിടിച്ചെടുത്തു.

സ്പെഷ്യൽ ഏജന്റ് ചാഡ് പ്ലാന്റ്സ് പറയുന്നതനുസരിച്ച്, അലി രഹസ്യ കുടിയേറ്റക്കാരെ ആയുധധാരികളായ സുരക്ഷാ ഗാർഡുമാരായും സ്കീമിലെ വിവിധ തലങ്ങളിലുള്ള മറ്റ് ജോലികൾക്കും നിയമിച്ചിരുന്നു. ഇതിൽ ഉൾപ്പെട്ട 31 രഹസ്യ കുടിയേറ്റക്കാരെ അറസ്റ്റ് ചെയ്ത് ഹ്യൂസ്റ്റൺ പോലീസ് അധികൃതർ യുഎസ് ഇമ്മിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് അധികൃതർക്ക് കൈമാറി.

അലിക്കൊപ്പം പ്രവർത്തിച്ചിരുന്ന നിരവധി പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. ഇവരിൽപ്പെട്ട 59 വയസ്സുള്ള സയ്യദ് അലി, 35 വയസ്സുള്ള സ്റ്റെഫനി ഹ്യുവെർത്ത എന്നിവർ ഇപ്പോൾ ഒളിവിലാണ്.

അഴിമതിക്കാരനെന്ന ഭാവേന നീങ്ങിയ ഒരു പോലീസ് ഉദ്യോഗസ്ഥനെ അര മില്യൺ ഡോളറിലധികം നൽകി റിക്രൂട്ട് ചെയ്ത് തന്റെ പ്രവർത്തനങ്ങൾ അധികൃതരിൽ നിന്ന് മറച്ചുവയ്ക്കാനുള്ള ശ്രമമാണ് നടത്തിയത്.

എന്നാൽ ഈ ഉദ്യോഗസ്ഥൻ യഥാർത്ഥത്തിൽ പോലീസ്സേനയിലെ ഒരു ഏജന്റായിരുന്നു. അലിയുടെ ചലനങ്ങളും സ്കീമുകളും നിയമപാലകരെ അദ്ദേഹം അപ്പപ്പോൾ അറിയിച്ചുകൊണ്ടിരുന്നു. ഇതാണ് അലിയുടെ അനധികൃത ഗെയിം റൂം സംവിധാനം തകർക്കുന്നതിന് സഹായകമായത്.

അറ്റോർണി നിക്കോളാസ് ജെ. ഗഞ്ചി ഈ ഏജന്റിനെ സംബന്ധിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്താൻ വിസമ്മതിച്ചു. അത് അദ്ദേഹത്തിന്റെ സുരക്ഷയെ ബാധിക്കുമെന്ന് ഗഞ്ചി ചൂണ്ടിക്കാട്ടി.

ഫെഡറൽ തലത്തിൽ അനധികൃത ഗെയിം റൂമുകളുമായി ബന്ധപ്പെട്ട ഹ്യൂസ്റ്റണിൽ സമീപകാലത്തുണ്ടായ ഏറ്റവും വലിയ കള്ളപ്പണക്കേസാണിതെന്ന് അദ്ദേഹം പറഞ്ഞു.

നെതന്യാഹുവിനെ വൈറ്റ് ഹൗസിലേക്ക് സ്വാഗതം ചെയ്ത് ട്രംപ്

വാഷിംഗ്ടൺ: വൈറ്റ് ഹൗസിലെത്തിയ ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹുവിനെ യു എസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ് സ്വീകരിച്ചു. ഇരുനേതാക്കളും ചർച്ചകൾ നടത്തി. എന്നാൽ സംയുക്ത വാർത്താ സമ്മേളനം റദ്ദാക്കി.

നെതന്യാഹു എത്തുന്നതിനു മുമ്പുതന്നെ വാർത്താ സമ്മേളനം റദ്ദാക്കിയതായി വൈറ്റ് ഹൗസ് അറിയിച്ചു. വിവിധ രാജ്യങ്ങളുമായി യു എസിന്റെ താരിഫ് പ്രതിസന്ധികൾ ഓഹരി വിപണി മൂന്നാം ദിവസവും ഇടിയാൻ കാരണമായി.

ഗാസയിലെ ഏറ്റവും പുതിയ ഇസ്രായേലി സൈനിക നടപടികളെക്കുറിച്ചും ഇസ്രായേലിനും മറ്റ് രാജ്യങ്ങൾക്കുമെതിരെ ട്രംപ് പ്രഖ്യാപിച്ച പുതിയ യു എസ് താരിഫുകളെക്കുറിച്ചും ട്രംപും നെതന്യാഹുവും ചർച്ച ചെയ്തു.

സ്റ്റോക്ക് മാർക്കറ്റ് തകർച്ചയും സമ്പദ്വ്യവസ്ഥയിലെ മാന്ദ്യവും മൂലം വർധിച്ചുവരുന്ന സമ്മർദ്ദം നേരിടുന്നുണ്ടെങ്കിലും പിന്മാറാൻ ട്രംപ് തയ്യാറല്ല. അമേരിക്കയിലേക്ക് തൊഴിലവസരങ്ങൾ തിരികെ കൊണ്ടുവരാനുള്ള തെരഞ്ഞെടുപ്പ് വാഗ്ദാനം താൻ നിറവേറ്റുകയാണെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്.



ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെ. പി. ജോർജിനെ കള്ളപ്പണാരോപണത്തിൽ അറസ്റ്റ് ചെയ്ത് വിട്ടയച്ചു



ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെ. പി. ജോർജിനെതിരെ രണ്ട് കള്ളപ്പണം വെളുപ്പിക്കൽ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വെള്ളിയാഴ്ച അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം വിട്ടയച്ചു. എന്നാൽ, തനിക്കെതിരെ നടക്കുന്നത് നഗ്നമായ 'രാഷ്ട്രീയ വേട്ടയാടൽ' ആണെന്ന് ജഡ്ജ് ജോർജ് പ്രതികരിച്ചു.

കൗണ്ടിയിലെ ഉന്നത സ്ഥാനത്തിരിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥനായ ജോർജിനെതിരെ 'ക്രിമിനൽ പ്രവർത്തനം, അതായത് വയർ ഫ്രോഡ്', ഒരു തെരഞ്ഞെടുപ്പ് ഫണ്ടിംഗ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് 'സർക്കാർ രേഖകളിൽ കൃത്രിമം കാട്ടി' എന്നീ രണ്ട് കുറ്റങ്ങളാണ് ആരോപിച്ചിട്ടുള്ളതെന്ന് കുറ്റപത്രത്തിലെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഹ്യൂസ്റ്റൺ ക്രോണിക്കിൾ റിപ്പോർട്ട് പറഞ്ഞു.

കുറ്റാരോപണ പ്രകാരം, 2019 ജനുവരി 12 മുതൽ 2019 ഏപ്രിൽ 22 വരെ 30,000 മുതൽ 1,50,000 ഡോളർ വരെയുള്ള തുകയുടെ കള്ളപ്പണം വെളുപ്പിച്ചതായി ആരോപിക്കുന്നു. 2019 ജനുവരി 1നാണ് ജോർജ് കൗണ്ടി ജഡ്ജിയായി അധികാരമേറ്റത്.

എന്നാൽ, താൻ 'തന്റെ സ്വകാര്യ പണം തെരഞ്ഞെടുപ്പ് ക്യാമ്പെയിന് വായ്പയായി നൽകുകയും അത് തിരികെ വാങ്ങുകയും മാത്രമാണ് ചെയ്തതെന്നും ഇത് നിയമാനുസൃതമായ പതിവുള്ള ഒരു നടപടിയാണെന്നും' വെള്ളിയാഴ്ച പുറത്തിറക്കിയ ഒരു പ്രസ്താവനയിൽ ജോർജ് പറഞ്ഞു.

'ആധികാരികമായ വിവരങ്ങൾ വെളിപ്പെടുത്താതെയും സംഭവങ്ങളുടെ യഥാർത്ഥ പശ്ചാത്തലം മറച്ചുവച്ചുമാണ് തനിക്കെതിരെ ആരോപണങ്ങളുന്നയിച്ചിരിക്കുന്നതെന്നും ഇത് വ്യക്തമായും തന്റെ സൽപ്പേര് നശിപ്പിക്കാനും വ്യക്തിഹത്യ നടത്താനും ഉദ്ദേശിച്ചാണെന്ന് അദ്ദേഹം വ്യക്തമാക്കി. ടെക്സാസ് നിയമപ്രകാരം കുറ്റക്കാരനെന്ന് തെളിയുകയാണെങ്കിൽ ജോർജിന് തിരഞ്ഞെടുക്കപ്പെട്ട പദവിയിൽ നിന്ന് പുറത്തുപോകേണ്ടി വരും.

പാലസ്തീൻ അനുകൂല പ്രതിഷേധം: രണ്ട് സർവ്വകലാശാലകളുടെ കൂടി ഫണ്ട് റദ്ദാക്കി ട്രംപ്



വാഷിംഗ്ടൺ: പാലസ്തീൻ അനുകൂല പ്രതിഷേധങ്ങളെ അടിച്ചമർത്തുന്നതിന്റെ ഭാഗമായി രണ്ട് സുപ്രധാന സർവ്വകലാശാലകളുടെ കൂടി ഫണ്ട് റദ്ദാക്കി യു.എസ് ഭരണകൂടം. കോർനൽ യൂണിവേഴ്സിറ്റിയുടെ 100 കോടി ഡോളറിന്റെയും നോർത്ത് വെസ്റ്റ് യൂണിവേഴ്സിറ്റിയുടെ 790 ദശലക്ഷം ഡോളറിന്റെയും സഹായമാണ് റദ്ദാക്കിയത്. പൗരാവകാശം ലംഘിച്ചെന്ന് ആരോപിച്ചാണ് നടപടിയെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

പാലസ്തീൻ അനുകൂല പ്രതിഷേധം അനുവദിക്കുക, ഭരണകൂടം അവസാനിപ്പിച്ച വൈവിധ്യനയം തുടരുക തുടങ്ങിയ കാരണങ്ങളാൽ ഫണ്ട് റദ്ദാക്കുമെന്ന യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നിലപാടിന് പിന്നാലെയാണ് നടപടി. ജൂത വിരുദ്ധത അവസാനിപ്പിച്ചില്ലെങ്കിൽ ഫണ്ട് റദ്ദാക്കുമെന്ന് ചൂണ്ടിക്കാട്ടി ട്രംപ് ഭരണകൂടം 60 യൂണിവേഴ്സിറ്റികൾക്ക് നോട്ടീസ് നൽകിയിരുന്നു. കൊളംബിയ യൂനിവേഴ്സിറ്റിയുടെ 400 ദശലക്ഷം ഡോളറിന്റെ ഫണ്ട് കഴിഞ്ഞ മാസം റദ്ദാക്കുകയും ചെയ്തു. സൈബർ സുരക്ഷ, ആരോഗ്യം, ദേശീയ സുരക്ഷ മേഖലയിലെ പ്രധാന ഗവേഷണങ്ങളുമായി ബന്ധപ്പെട്ട 75 കരാറുകൾ പ്രതിരോധ വകുപ്പ് റദ്ദാക്കിയതായി കോർനൽ യൂണിവേഴ്സിറ്റി സ്ഥിരീകരിച്ചു. കരാർ റദ്ദാക്കാനുള്ള കാരണം ഫെഡറൽ ഉദ്യോഗസ്ഥരോട് അന്വേഷിച്ചതായി യൂണിവേഴ്സിറ്റി പ്രസിഡന്റ് മൈക്കൽ ഐ കോട്ലിക്കോഫ് പറഞ്ഞു. അതേസമയം, ഫണ്ട് റദ്ദാക്കിയത് സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ലെന്ന് നോർത്ത് വെസ്റ്റ് യൂണിവേഴ്സിറ്റി വക്താവ് അറിയിച്ചു. യൂണിവേഴ്സിറ്റിയുടെ ഗവേഷണ പദ്ധതികൾ അവതാളത്തിലായിരിക്കുകയാണെന്നും വക്താവ് വ്യക്തമാക്കി.

കാനഡ

ഇമിഗ്രേഷൻ അപേക്ഷകളുടെ ബാക്ക്ലോഗ് കുറയുന്നു



ടൊറന്റോ: സമീപകാല നടപടികളുടെ ഫലമായി കാനഡയിലേക്കുള്ള ഇമിഗ്രേഷൻ അപേക്ഷകളുടെ ബാക്ക്ലോഗ് കുറയുന്നുവെന്ന് ഇമിഗ്രേഷൻ, റെഫ്യൂജീസ് ആന്റ് സിറ്റിസൺഷിപ്പ് കാനഡ (ഐആർസിസി).

വകുപ്പ് അതിന്റെ നിശ്ചിത സേവന മാനദണ്ഡങ്ങൾക്കുള്ളിൽ കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനാലാണ് ബാക്ക്ലോഗിൽ കുറവുണ്ടാകുന്നതെന്നും ഈ നടപടികളുടെ ഫലമായി 2025 ജനുവരിയിൽ 892,100 ആയിരുന്ന അപേക്ഷകളുടെ ബാക്ക്ലോഗ് മാർച്ചിൽ 821,200 ആയി കുറഞ്ഞുവെന്നും ഐആർസിസി അറിയിക്കുന്നു 7.95 ശതമാനത്തിന്റെ പ്രതിമാസ കുറവാണിത്. ഐആർസിസി ഡേറ്റ പ്രകാരം തുടർച്ചയായ മൂന്നാം മാസവും ബാക്ക്ലോഗ് ഒരു ദശലക്ഷത്തിന് താഴെയായി തുടരുകയാണ്.

വകുപ്പിന്റെ സേവന മാനദണ്ഡത്തേക്കാൾ കൂടുതൽ സമയമെടുക്കുന്ന ഒരു അപേക്ഷയെയാണ് ഐആർസിസി ബാക്ക്ലോഗിന്റെ ഭാഗമായി കണക്കാക്കുന്നത്. എക്സ്പ്രസ് എൻട്രി അപേക്ഷകൾ ആറ് മാസത്തിനുള്ളിലാണ് പ്രോസസ്സ് ചെയ്യപ്പെടേണ്ടത്; ഫാമിലി സ്പോൺസർഷിപ്പ് അപേക്ഷകൾ 12 മാസത്തിനുള്ളിലും. പ്രോസസ്സിംഗ് സമയം ഇതിൽ കൂടുതലാണെങ്കിൽ അപേക്ഷ ബാക്ക്ലോഗിൽ ചേരും.

ഈ സമയപരിധിക്കുള്ളിൽ 80 ശതമാനം അപേക്ഷകളും പ്രോസസ്സ് ചെയ്യുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഐആർസിസി പറയുന്നു. ബാക്കിയുള്ള 20 ശതമാനം അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിന് പല തരത്തിലുള്ള സങ്കീർണ്ണതകൾ കാരണം കൂടുതൽ സമയമെടുക്കും. എങ്കിലും, ഇങ്ങനെ ബാക്ക്ലോഗിലേക്ക് വീഴുന്ന അപേക്ഷകളുടെ എണ്ണം 2024 സെപ്റ്റംബർ മുതൽ കുറഞ്ഞുവരികയാണ്.

2024 സെപ്റ്റംബറിൽ ഈ വിഭാഗത്തിൽ 1,097,000 അപേക്ഷകളുണ്ടായിരുന്നത് ഒക്ടോബറിൽ 1,056,100ഉം, നവംബറിൽ 1,006,500ഉം, ഡിസംബറിൽ 942,300ഉം, 2025 ജനുവരിയിൽ 892,100ഉം, ഫെബ്രുവരിയിൽ 821,200മായി മാറി. ഫെബ്രുവരി അവസാനത്തോടെ ഇൻവെന്ററിയിൽ 842,600 സ്ഥിര താമസ അപേക്ഷകൾ ഉണ്ടായിരുന്നു.

എക്സ്പ്രസ് എൻട്രി ഉൾപ്പെടെ പ്രൊവിൻഷ്യൽ നോമിനി പ്രോഗ്രാം (പി എൻ പി), കുടുംബ സ്പോൺസർഷിപ്പ് സ്ട്രീമുകളാണ് ഇതിൽ ഉൾപ്പെട്ടിരുന്നത്. ഇതിൽ 478,600 സേവന മാനദണ്ഡങ്ങൾക്കുള്ളിലും 364,000 പേർ ബാക്ക്ലോഗിലുമായിരുന്നു. ഐആർസിസി ഓരോ സ്ട്രീമിലും കൃത്യമായ സംഖ്യകൾ നൽകുന്നില്ലെങ്കിലും എക്സ്പ്രസ് എൻട്രി അപേക്ഷകളിൽ 25 ശതമാനം ബാക്ക്ലോഗിലായിരുന്നുവെന്നാണ് കണക്കുകൾ കാട്ടുന്നത്.

എക്സ്പ്രസ് എൻട്രി അലൈൻഡ് പി എൻ പി സ്ട്രീമിലെ ബാക്ക്ലോഗ് ഫെബ്രുവരിയിൽ 36 ശതമാനമായി ഉയർന്നു. ജനുവരിയിൽ ഇത് 30 ശതമാനമായിരുന്നു. ഇതിനു വിപരീതമായി ഫാമിലി സ്പോൺസർഷിപ്പ് ബാക്ക്ലോഗ് കഴിഞ്ഞ മാസത്തെ 15 ശതമാനത്തിൽ നിന്ന് 14 ശതമാനമായി നേരിയ തോതിൽ കുറഞ്ഞു.

താത്ക്കാലിക താമസ പ്രോഗ്രാമുകൾക്ക് ആകെ 947,200 അപേക്ഷകളിൽ 414,500 അപേക്ഷകൾ ബാക്ക്ലോഗ് ഉണ്ടായിരുന്നു. 56 ശതമാനം മാത്രമേ കൃത്യസമയത്ത് പ്രോസസ്സ് ചെയ്തിട്ടുള്ളൂ. സന്ദർശക വിസ അപേക്ഷകളുടെ 65 ശതമാനം മാത്രം ബാക്ക്ലോഗിലാണ്. ഐആർസിസിയുടെ ആന്തരിക ലക്ഷ്യം ഇത്തരം അപേക്ഷകളുടെ ബാക്ക്ലോഗ് 50 ശതമാനമാക്കുക എന്നതാണ്.

പഠന അനുമതി അപേക്ഷകൾ പോസസ്സ് ചെയ്യുന്നതിൽ 45 ശതമാനവും ഇപ്പോൾ ബാക്ക്ലോഗിലാണ്. 24 ശതമാനം മാത്രം ബാക്ക്ലോഗ് വിഭാവനം ചെയ്തിട്ടുള്ളിടത്താണിത്. വർക്ക് പെർമിറ്റ് അപേക്ഷകളിലാണ് ഏറ്റവും കുറഞ്ഞ ബാക്ക്ലോഗ് നിരക്ക് 34 ശതമാനം. 2023 ജൂലൈ മുതലുള്ള ഏറ്റവും താഴ്ന്ന നിരക്കാണിത്.

2024 നവംബറിലെ അപ്ഡേറ്റിൽ പ്രോസസ്സിംഗ് വേഗത്തിലാക്കാൻ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് ഐആർസിസി പറഞ്ഞു. ഈ ഉപകരണങ്ങൾ നേരായ അപേക്ഷകൾ തിരിച്ചറിയാൻ സഹായിക്കുകയും തീരുമാനമെടുക്കുന്നതിന് ഉദ്യോഗസ്ഥരെ സഹായിക്കുകയും ചെയ്യുന്നുവെന്ന് വകുപ്പ് ചൂണ്ടിക്കാട്ടി. സന്ദർശക വിസ അപേക്ഷകളിൽ 80 ശതമാനത്തിലധികവും ഇപ്പോൾ ഓട്ടോമേഷൻ ഉപയോഗിച്ചാണ് പ്രോസസ് ചെയ്യുന്നത്.

2023നെ അപേക്ഷിച്ച് 2024ൽ പുതിയ അന്താരാഷ്ട്ര പഠന പെർമിറ്റുകളുടെ തോത് ഏകദേശം 35 ശതമാനം കുറഞ്ഞിരുന്നു. അംഗീകൃത പെർമിറ്റുകൾ 360,000 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. 2025-27ലെ ഇമിഗ്രേഷൻ ലെവൽ പ്ലാൻ അനുസരിച്ച് കാനഡ 2025ൽ 485,000 പേരെയും 2026ലും 2027ലും 500,000 പേരെയും സ്ഥിരതാമസക്കാരായി നിലനിർത്തും.









BABUKUTTY FINANCIAL

9660 Hillcroft Ave. Suite 308 Houston, TX 77096



VARKEY V. BABUKUTTY, CPA, PFS. CFP
Tel: (713) 975 6800
Fax: (713) 728-0087

BEENA MATHEW, CPA, CFP
Tel: (713) 975-6200
Fax: (713) 728-0087

PROFESSIONAL SERVICES IN:

INVESTMENT	INCOME TAX	RETIREMENT	INSURANCE	ESTATE TAX
• Stock Markets • Mutual Funds • Monthly Savings for College Education	• Tax Planning • Tax Return Preparation	• Traditional and Roth IRA • 401K, TSA, 403B and SEP IRA • Rollovers	• Life Insurance • Planning for Family Income • Variable Annuity	• Estate Planning • Wills

Disclosure: Investment Adviser Representative offering securities and advisory services through Cetera Advisor Networks LLC, Member FINRA/SIPC. Cetera is under seperate ownership from any other named entity.



കനേഡിയൻ തിരഞ്ഞെടുപ്പിലെ മലയാളി സാന്നിധ്യമായി ബെലന്റ് മാത്യു

ടൊറന്റോ: മലയാളികൾ കനേഡിയൻ രാഷ്ട്രീയത്തിൽ ഏറെ സജീവമായ കാലഘട്ടത്തിൽ ഫെഡറൽ തിരഞ്ഞെടുപ്പിനുള്ള പോരാട്ടത്തിന് കുറിവീണ ഏക മലയാളിയാണ് ബെലന്റ് മാത്യു.

സ്കാർബറോ സെന്റർ ഡോൺവാലി ഈസ്റ്റ് റൈഡിങ്ങിലെ കൺസർവേറ്റീവ് പാർട്ടി സ്ഥാനാർഥിയാണ് ബെലന്റ്. മൂന്നു തവണയായി ലിബറൽ സ്ഥാനാർഥി ജയിച്ചുവരുന്ന റൈഡിങ് തിരിച്ചുപിടിക്കാനുള്ള ദൗത്യമാണ് ബെലന്റിനെ പാർട്ടി ഏൽപ്പിച്ചിരിക്കുന്നത്.

ഏപ്രിൽ 28ന് നടക്കാനിരിക്കുന്ന ഫെഡറൽ തിരഞ്ഞെടുപ്പിൽ അംഗീകൃത കക്ഷികളുടെ ഒദ്യോഗിക സ്ഥാനാർഥിയായി രംഗത്തുള്ള ഏക മലയാളിയാണ്. കേരളത്തിൽനിന്നു കുടിയേറിയവരിൽനിന്ന് ഇതുവരെ ആരും പാർലമെന്റിലേക്ക് എത്തിയിട്ടില്ലാത്തതിനാൽ ബെലന്റിനിത് വിജയത്തിലേക്കു മാത്രമല്ല, ചരിത്രത്തിലേക്കുള്ള പോരാട്ടം കൂടിയാണ്.

പത്തു വർഷം കുവൈത്തിൽ ജോലി ചെയ്തശേഷം പതിനേഴ് വർഷം മുൻപാണ് കാനഡയിലേക്ക് ബെലന്റ് കുടിയേറിയത്. എറണാകുളം സെന്റ് ആൽബർട്സ് വിദ്യാർഥിയായിരിക്കെ കലാലയ രാഷ്ട്രീയത്തിലുണ്ടായിരുന്നെങ്കിലും പിന്നീട് രാഷ്ട്രീയത്തിൽ സജീവമാകുന്നത് ഇവിടെ വന്നശേഷമാണ്.

സ്റ്റീഫൻ ഹാർപറുടെ പിൻഗാമിയായി ആൻഡ്രൂ ഷീർ കൺസർവേറ്റീവ് പാർട്ടി നേതൃത്വത്തിലെത്തിയതുമുതലാണ് ബെലന്റ് പാർട്ടിയിൽ സജീവമായത്. എറിൻ ഒ ടൂൾ നേതാവായപ്പോൾ പ്രചാരണരംഗത്തുള്ളപ്പെടെ സജീവമായിരുന്ന ബെലന്റ് സ്ഥാനാർഥിയായി രംഗത്തെത്തുന്നത് ഇപ്പോഴത്തെ നേതാവ് പിയേർ പൊളിയേവിന്റെ ടീമിലെ പ്രമുഖ മലയാളികളിലൊരാളായാണ്.

ക്രിക്കറ്റ് കളിക്കാരൻ കൂടിയായ ബെലന്റ് ദുർഹം മലയാളി അസോസിയേഷന്റെ (ഡുമാസ്) പ്രസിഡന്റായിരുന്നു. ടൊറന്റോ മലയാളി സമാജം (ടി. എം. എസ്.) ജോയിന്റ് എന്റർടെയ്ൻമെന്റ് കൺവീനറും കനേഡിയൻ കൊച്ചിൻ ക്ലബ് അഡൈസറി ബോർഡ് അംഗവുമായിരുന്നു. ഡുമാസ് പ്രസിഡന്റായിരിക്കെ സാൽവേഷൻ ആർമി ഫുഡ് കലക്ഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്നു.

ജസ്റ്റിൻ ട്രൂഡോയുടെ നേതൃത്വത്തിലുള്ള ലിബറൽ പാർട്ടിയാണ് ഏറെക്കാലമായി അധികാരത്തിലെന്നതിനാൽ ഭരണവിരുദ്ധവികാരം അലയടിക്കുമെന്ന കണക്കുകൂട്ടലിലാണ് കൺസർവേറ്റീവ് പാർട്ടി.

ഇതിനിടെ ട്രൂഡോയെ മാറ്റി മാർക് കാർണിയെ നേതൃത്വത്തിലെത്തിച്ചതോടെ പോരാട്ടം കടുക്കുമെന്ന പ്രതീക്ഷയാണ് മാധ്യമങ്ങൾ ഉയർത്തുന്നത്. എന്നാൽ, കാർബൺ നികുതിമൂലമുള്ള വിലക്കയറ്റവും കുറ്റകൃത്യങ്ങളുടെ വർധനയും തൊഴിൽഭവനമേഖലകളിലെ പ്രതിസന്ധിക്കൾക്കുമൊപ്പം അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഉയർത്തുന്ന വെല്ലുവിളികളും തിരഞ്ഞെടുപ്പിലെ പ്രധാന ചർച്ചാവിഷയങ്ങളാണെന്നിരിക്കെ, കനേഡിയൻ ജനത പെട്ടെന്ന് മനസ് മാറ്റില്ലെന്ന പ്രതീക്ഷയിലാണ് കൺസർവേറ്റീവ് പക്ഷക്കാർ.

യുകെ വിസ തട്ടിപ്പ്

ഇരകൾ കൂടുതൽ കേരളത്തിൽ നിന്നെന്ന് ബിബിസി റിപ്പോർട്ട്



തിരുവനന്തപുരം: യുകെയിൽ എത്തിയ ഒന്നര ലക്ഷത്തോളം കെയർ വിസക്കാരിൽ നല്ല പങ്കും കേരളത്തിൽ നിന്നാണെന്ന് റിപ്പോർട്ട്. യുകെയിലേക്കുള്ള കെയർവിസക്കാരുടെ ഒരു പ്രധാന റിക്രൂട്ടിംഗ് കേന്ദ്രമായി കേരളം മാറിയിരിക്കുന്നു എന്നാണ് യുകെ ഹോം ഓഫീസിന്റെ പക്കലുള്ള രേഖകൾ വ്യക്തമാക്കുന്നത്.

15 ലക്ഷമോ അതിലധികമോ രൂപ ഇടനിലക്കാർക്കു നൽകിയുകെയിലേക്കുള്ള വിസ നേടാൻ വർഷങ്ങളായി കാത്തിരിക്കുന്ന നൂറുകണക്കിനുപേർ ഇപ്പോഴും കേരളത്തിലുണ്ടെന്ന് തെളിയിക്കുന്ന വിവരങ്ങൾ ബ്രിട്ടീഷ് മാധ്യമമായ ബിബിസി തയ്യാറാക്കിയ റിപ്പോർട്ടിലൂടെ പുറത്തുവന്നു.

കെയർവിസകളുടെ പേരിൽ നടക്കുന്ന ഇത്തരം തട്ടിപ്പുകളും ദുരുപയോഗവും മൂലം മലയാളികൾക്ക് യുകെയിലേക്കുള്ള തൊഴിൽ വിസകളിൽ കടുത്ത നിയന്ത്രണത്തിന് ഉള്ള സാധ്യതയാണ് തെളിയുന്നത്. കെയർ വിസകൾ ദുരുപയോഗം ചെയ്യപ്പെട്ടെന്നു സ്ഥാനമൊഴിഞ്ഞ കൺസർവേറ്റീവ് സർക്കാർ തുറന്നു സമ്മതിച്ചതിനു പിന്നാലെയാണ് ഇത് സംബന്ധിച്ചുള്ള അന്വേഷണം ഊർജിതമാക്കിയത്.

പണം നൽകി യുകെ വിസ സ്വന്തമാക്കുന്നതിന്റെ ഉൽഭവ കേന്ദ്രം കേരളമായിരുന്നു എന്ന വെളിപ്പെടുത്തൽ ഒട്ടും ചെറുതല്ലാത്ത പ്രത്യാഘാതമാവും ഭാവിയിൽ ഉണ്ടാക്കുക. ഇത് സംഭവിക്കാതിരിക്കാൻ കേരളത്തിൽ വിസ കച്ചവടലോബിയെ നിയന്ത്രിക്കാൻ നടപടികളില്ലാത്ത സാഹചര്യം സാഹചര്യം കൂടുതൽ വഷളാക്കുന്നു.

വിസയ്ക്കായി പണം നൽകി കാത്തിരിക്കുന്ന പേരും മുഖവും വെളിപ്പെടുത്താൻ ഭയമില്ലാതെ നിരവധി പേർ ബിബിസി റിപ്പോർട്ടർക്ക് മുന്നിലെത്തി തട്ടിപ്പിന്റെ കഥകൾ തുറന്നു പറഞ്ഞിരിക്കുകയാണ്.

കോതമംഗലം ടൗണിൽ എത്തിയ ബിബിസി ടീമിന് മുന്നിൽ കണ്ണീരോടെ എത്തിയത് 30 വിസ അപേക്ഷകരാണ്. ഹെന്റി പൗലോസ് എന്ന കുപ്രസിദ്ധ വിസ കച്ചവടക്കാരനെ കുറിച്ചാണ് ബിബിസിയോട് ഇവർ പരാതി പറഞ്ഞിരിക്കുന്നത്. യുകെയിലും കേരളത്തിലും ഓഫിസുള്ള ഹെന്റി പൗലോസ് ആരംഭിച്ച ഗ്രേസ് ഇന്റർനാഷണൽ എന്ന സ്ഥാപനമാണ് ഇപ്പോൾ ആരോപണം നേരിടുന്നത്.

വ്യാജ ജോലി വാഗ്ദാനവും വ്യാജ സ്പോൺസർഷിപ്പ് ലെറ്ററുകളും ആയിരുന്നു ഗ്രേസ് ഇന്റർനാഷണൽ യുകെ ജോലിയുടെ പേരിൽ നൽകിയിരുന്നത് എന്നും ബിബിസി കണ്ടെത്തി. ആലപ്പുഴക്കാരി ശിൽപ 13 ശതമാനം പലിശക്ക് എടുത്ത പണമാണ് ഹെന്റി പൗലോസിനെ ഏൽപ്പിച്ചത്. മൂന്നു പെണ്മക്കൾ ഉള്ള തനിക്ക് അവർക്കായി ഒരു മികച്ച ഭാവി ഉണ്ടാകണം എന്ന ആഗ്രഹമാണ് ഒടുവിൽ ഈ ചതിയനിലേക്ക് എത്തിച്ചത് എന്നും പേരും മുഖവും വെളിപ്പെടുത്താൻ ഭയമില്ലാത്ത ശിൽപ പറയുന്നു.

ഇസ്രായേലിൽ ഉണ്ടായിരുന്ന ജോലി ഉപേക്ഷിച്ചാണ് തന്റെ ഭാര്യ യുകെയിലേക്ക് എത്താനായി ഹെന്റി പൗലോസിന് പണം നൽകിയതെന്ന് ബിനു എന്ന ചെറുപ്പക്കാരനും ബിബിസി ഡോക്യുമെന്ററിയിൽ പറയുന്നു. എന്നാൽ ഈ ആരോപണങ്ങളെക്കുറിച്ച് ബിബിസിയോട് പ്രതികരിക്കാൻ ഹെന്റി പൗലോസ് തയ്യാറായില്ല.

കോതമംഗലം പോലീസ് ഇയാളുടെ ടൗണിലെ ഓഫിസ് പൂട്ടി സീൽ ചെയ്തിരിക്കുകയാണ്. ഇയാൾ യുകെയിലേക്ക് കടന്നു എന്നാണ് പോലീസ് ഇപ്പോൾ പറയുന്നത്. ഇന്റർപോൾ സഹായത്തോടെ ഇയാളെ കണ്ടെത്തി കേരളത്തിൽ എത്തിക്കാനുള്ള ശ്രമം നടക്കുന്നുണ്ട് എന്നാണ് കേരളത്തിലെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ബിബിസിയോട് വെളിപ്പെടുത്തിയിരിക്കുന്നത്.

മൂന്നു വർഷം മുൻപ് കൈയിൽ പണം ഉണ്ടെങ്കിൽ ആർക്കും യുകെ വിസ സ്വന്തമാക്കാം എന്ന സാഹചര്യത്തിൽ പതിനായിരക്കണക്കിന് ആളുകളാണ് കേരളമെങ്ങും ഉള്ള ആയിരക്കണക്കിന് യുകെ വിസ കച്ചവടക്കാർക്ക് ചോദിക്കുന്ന പണം നൽകാൻ തയ്യാറായത്. കേരളത്തിൽ ഒരു ജോലി കിട്ടാൻ ഏറ്റവും കുറഞ്ഞത് 25 ലക്ഷം രൂപയെങ്കിലും കോഴ കൊടുക്കേണ്ടിവരുന്ന സാഹചര്യമുള്ളതിനാൽ ആ പണം യുകെ പോലുള്ള ഒരു സമ്പന്ന രാജ്യത്ത് മെച്ചപ്പെട്ട ജോലികിട്ടാൻ കൊടുത്തുകൂടെ എന്ന ഇടനിലക്കാരുടെ ചോദ്യത്തിൽ വീണുപോയവരാണവർ.

അതുകൊണ്ടുതന്നെ മുൻപിൻ നോക്കാതെയാണ് പലരും യുകെ വിസക്ക് പണം ഏതു വിധേനെയും സംഘടിപ്പിച്ചു നൽകിയത്. തെക്കു വടക്ക് നടന്നവരൊക്കെ യുകെയിലേക്ക് വിമാനം കേറിത്തുടങ്ങിയപ്പോൾ ഇനിയും കാത്തിരിക്കുന്നത് എന്തിന് എന്ന ചോദ്യമാണ് സാധാരണ മലയാളികൾക്ക് ഉണ്ടായി തുടങ്ങിയത്. ഇങ്ങനെയാണ് അരുൺ ജോർജ് (യഥാർത്ഥ പേരല്ല) എന്ന ചെറുപ്പക്കാരൻ പത്തു വർഷത്തെ അധ്വാന ഫലമായ 15 ലക്ഷം രൂപ ബെഡ്ഫോർഡിലെ അൾച്ചിത എന്ന ഡോം കെയർ സ്ഥാപനത്തിന് നൽകാൻ തയ്യാറായത്.

യുകെ വിസയ്ക്ക് കേരളത്തിൽ പണം നൽകുന്ന ആർക്കും കെയർ വിസയിൽ എത്തിയാൽ കിട്ടുന്ന ജോലിയെക്കുറിച്ചോ ഏറ്റവും താഴ്ന്ന ശമ്പളത്തിൽ എങ്ങനെ ഏറ്റവും ചിലവേറിയ ഒരു രാജ്യത്തു ജീവിക്കും എന്നതോ ഒന്നും പ്രശ്നമല്ലാത്തതിനാൽ അരുൺ ജോർജും അങ്ങനെയൊക്കെ തന്നെയാണ് ചിന്തിച്ചത്. വിസയ്ക്കായി സമ്പാദ്യം മുഴുവൻ വാരി എറിയുമ്പോൾ എങ്ങനെയും യുകെയിൽ എത്തുക എന്നത് മാത്രമായിരുന്നു ചിന്ത. തങ്ങളുടെ കുട്ടിക്ക് പ്രത്യേക ആരോഗ്യ ശ്രദ്ധ ആവശ്യമാണ് എന്നതിനാൽ ഇത്തരത്തിൽ അനേകമാളുകൾ യുകെയിലെ സൗജന്യ ചികിത്സയുടെ ആകർഷണത്തിൽ യുകെ വിസ സ്വന്തമാക്കിയതും അരുണിന്റേയും ഭാര്യയുടെയും യുകെ ജോലിക്കായുള്ള ശ്രമങ്ങളിൽ പ്രധാനവും ആയിരുന്നു. എന്നാൽ ബെഡ്ഫോർഡിൽ എത്തിയ ഇവരെ ജോലിയും ശമ്പളവും ഇല്ലാത്ത സാഹചര്യമാണ് കാത്തിരുന്നിരുന്നത്.

ഇത്തരം സംഭവങ്ങൾ പതിവായതിനാൽ അവിടെയുള്ള മലയാളി സമൂഹത്തിനും ഇരകൾക്കുവേണ്ടി കാര്യമായൊന്നും ചെയ്യാൻ കഴിയാറില്ല.

ജോലിയില്ലാതെ യുകെയിൽ ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അരുണും ഭാര്യയും നാട്ടിലേക്ക് മടങ്ങി. ചതിക്കപ്പെട്ടുവെന്ന കാര്യം ഇനി സമൂഹത്തിൽ അറിഞ്ഞിട്ട് എന്ത് കാര്യം എന്നതിനാലാണ് അരുൺ യഥാർത്ഥ പേരും വിവരങ്ങളും വെളിപ്പെടുത്താൻ തയ്യാറാകാത്തത്. തങ്ങളുടെ നഷ്ടവും യുകെ മോഹവും ആർക്കും തിരികെ നൽകാനാകില്ല എന്ന തിരിച്ചറിവ് കൂടിയാണ് യുകെയിൽ നിന്നും അരുണിനും ഭാര്യയ്ക്കും ലഭിച്ചത്.

തന്നെപ്പോലെ ഉള്ള ആയിരങ്ങൾ നഷ്ടമായ പണം തിരികെ കിട്ടും എന്ന പ്രതീക്ഷ ഇല്ലാത്തതിനാൽ ഏറ്റവും ചുരുങ്ങിയത് പത്തു വർഷം എങ്കിലും നാട്ടിൽ കഠിനാധ്വാനം ചെയ്താലേ നഷ്ടമായതുക തിരിച്ചുപിടിക്കാൻ കഴിയൂ എന്ന ബോധ്യത്തിലാണ് ഈ യുവാവ്.

അൽഷിത എന്ന സ്ഥാപനത്തിന് പണം നൽകി യുകെയിൽ എത്തി കബളിപ്പിക്കപ്പെട്ട മൂന്നു പേരെങ്കിലും ഉണ്ടെന്ന് ബിബിസി പറയുന്നു. സ്ഥാപനത്തിന്റെ ലൈസൻസ് നഷ്ടമായ കഥയൊന്നും അവർക്ക് അറിയുകയുമില്ല. ശ്രീദേവി (യഥാർത്ഥ പേരല്ല) എന്ന യുവതിക്ക് ആകെ യുകെയിൽ എത്താൻ ചെലവായത് 18 ലക്ഷം രൂപയാണ്. അൾഷിതയിൽ എത്തിയ ഇവർക്ക് നാട്ടിൽ കടം വാങ്ങിയവരോട് പറയാൻ ഒന്നും ഇല്ലാത്തതിനാൽ ഇപ്പോഴും യുകെയിൽ തന്നെ കഴിയുകയാണ്.

കോവിഡ് കാലത്തുണ്ടായ ജീവനക്കാരുടെ ദൗർലഭ്യം മാറ്റാൻ കെയർ മേഖലയിലെ നിയമനങ്ങൾ ഷോർട്ടേജ് ഒക്യുപ്പേഷൻ ലിസ്റ്റിൽ നിന്ന് നടത്തിയ ബ്രിട്ടീഷ് സർക്കാർ നടപടിയാണ് ഇത്തരം ഹതഭാഗ്യർ ഉണ്ടാകാൻ കാരണമെന്നും ബിബിസി തുറന്നു പറയുന്നു. താൻ കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഏറ്റവും ചുരുങ്ങിയത് പത്തു പേർക്ക് വേണ്ടിയെങ്കിലും നിയമ പോരാട്ടത്തിന് തയ്യാറായ കാര്യം കേംബ്രിഡ്ജ് മേയർ ആയ ബൈജു തിട്ടാല പറയുന്നതും ബിബിസി വാർത്തയിൽ സൂചിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ പണം നൽകി വഞ്ചിതരായ ആയിരത്തിലേറെ ആളുകൾ ഇപ്പോൾ യുകെയിൽ ഉണ്ടാകാം എന്നാണ് ബൈജു തിട്ടാല പറയുന്നത്.

കഴിഞ്ഞ വർഷം ന്യൂകാസിലിൽ നൂറിലേറെ മലയാളികൾ ജോലി ചെയ്തിരുന്ന അഡിസൺ കോർട്ട് കെയർ ഹോമിൽ പലരും പണം നൽകിയാണ് വിസ സ്വന്തമാക്കിയത് എന്ന് ബിബിസിയുടെ 'പനോരമ' എന്ന ഡോക്യുമെന്ററി വെളിപ്പെടുത്തിയിരുന്നു. ബെഡ്ഫോർഡിലെ അൾഷിത എന്ന ഡോം കെയർ സ്ഥാപനത്തിന് ആണ് വിസയ്ക്ക് വേണ്ടി പണം നൽകിയത് എന്ന് തെളിവുകളോടെ വിസയ്ക്ക് ശ്രമിച്ചവർ പറയുമ്പോൾ കെയർ വിസ ദുരുപയോഗത്തിന്റെ വികൃത മുഖം മറനീക്കി പുറത്തു വരികയാണ്.

കെയർ വിസയിൽ എത്തിയവരുടെ വിസ പുതുക്കൽ വേണ്ടി വരുമ്പോൾ പണം നൽകിയാണോ യുകെ വിസ സ്വന്തമാക്കിയത് എന്ന തുൾപ്പെടെയുള്ള അന്വേഷണം ഹോം ഓഫീസ് ആരംഭിക്കാൻ സാധ്യതയുണ്ട്. ഇപ്പോൾ ബിബിസി പുറത്തു വിട്ട മലയാളികൾ പണം നൽകിയാണ് യുകെ വിസ സ്വന്തമാക്കുന്നത് എന്ന റിപ്പോർട്ടുകൾ സർക്കാരിലേക്ക് ഔദ്യോഗികമായി എത്തുന്നതോടെ ശക്തമായ കൂടുതൽ വിസ നിയന്ത്രണ നടപടികൾ ഏതു മേഖലയിൽ യുകെയിൽ ജോലിക്കു ശ്രമിക്കുന്നവരെയും തേടിയെത്തും എന്നതാണ് അനന്തര ഫലമായി മാറുന്നത്.

തട്ടിപ്പും കൃത്രിമരേഖകളും

2,000 ഇന്ത്യക്കാരുടെ വിസ കൂടിക്കാഴ്ചകൾ റദ്ദാക്കി



ന്യൂഡൽഹി: അമേരിക്കയിലേക്ക് അനധികൃതമായി കുടിയേറിയവരെ പുറത്താക്കുന്നതിനൊപ്പം തെറ്റായ വിവരങ്ങളും വ്യാജരേഖകളും സമർപ്പിച്ച് വിസ നേടി അമേരിക്കയിലേക്ക് കടക്കാൻ ശ്രമിക്കുന്നവരെ തടയുന്നതിനുള്ള നടപടികളും അമേരിക്ക കൂടുതൽ കർശനമാക്കി.

ഏകദേശം 2000 ഇന്ത്യൻ അപേക്ഷകരുടെ വിസ അപ്പോയിന്റ്മെന്റുകൾ റദ്ദാക്കിയതിന് പുറമേ വിസ അപ്പോയ്ന്റ്മെന്റുകൾ ഷെഡ്യൂളിങ്ങിൽ തിരിമറികൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചു. ഷെഡ്യൂളിംഗ് വ്യവസ്ഥകൾ ലംഘിക്കുന്ന ഏജന്റുമാരോടും മറ്റ് ഇടനിലക്കാരോടും ഒരു ദാക്ഷിണ്യവും കാട്ടില്ലെന്ന് ന്യൂഡൽഹിയിലെ ഇന്ത്യൻ എംബസി അറിയിച്ചു.

ഷെഡ്യൂളിംഗ് നയങ്ങൾ ലംഘിച്ച് ഏകദേശം 2,000 വിസ അപ്പോയിന്റ്മെന്റുകൾ തരപ്പെടുത്തിയ വ്യക്തികളെയും സ്ഥാപനങ്ങളെയും ഇന്ത്യയിലെ കോൺസുലർ ടീം തിരിച്ചറിഞ്ഞതായി എംബസി എക്സിൽ പങ്കിട്ട ഒരു അറിയിപ്പിൽ പറഞ്ഞു.

ബന്ധപ്പെട്ട അപ്പോയിന്റ്മെന്റുകൾ റദ്ദാക്കുകയും അനുബന്ധ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഷെഡ്യൂളിംഗ് സംബന്ധിച്ചുള്ള പ്രത്യേകാവകാശങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്യുകയാണെന്നും എംബസി അറിയിച്ചു.

പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള 30 ലധികം വ്യക്തികൾ 2024 മെയ് മുതൽ ഓഗസ്റ്റ് വരെ വിസ തട്ടിപ്പിന് ഇരയായതായി ആരോപിച്ച് ന്യൂഡൽഹിയിലെ ചാണക്യപുരിയിലെ യുഎസ് എംബസി നൽകിയ പരാതിയെത്തുടർന്ന് ഫെബ്രുവരി 27ന് ഡൽഹി പോലീസ് എഫ്ഐആർ ചെയ്ത കേസിൽ തുടർച്ചയായ അന്വേഷണം നടന്നുവരികയാണ്. തുടർന്നാണ് യുഎസ് എംബസി വിസ അപേക്ഷകളുടെ സൂക്ഷ്മപരിശോധന കർശനമാക്കി നടപടിയെടുത്തുതുടങ്ങിയത്.

വിസ ഏജന്റുമാരും അപേക്ഷകരും ഉൾപ്പെടെ പ്രതികൾ യുഎസ് വിസ നേടുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, വിദ്യാഭ്യാസ രേഖകൾ, തൊഴിൽ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ വ്യാജ രേഖകൾ നിർമ്മിക്കാൻ ഗൂഢാലോചന നടത്തിയെന്നാണ് ഡൽഹി പോലീസിന്റെ എഫ്ഐആർ. ഏജന്റുമാരുടെയും ഡോക്യുമെന്റ് വെണ്ടർമാരുടെയും സഹായത്തോടെ അപേക്ഷകർ തെറ്റായ ക്ലെയിമുകൾ സമർപ്പിച്ച 21 കേസുകൾ യുഎസ് അധികൃതർ കണ്ടെത്തി.

ഈ സേവനങ്ങൾക്ക് അപേക്ഷകരിൽ നിന്ന് 1 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ ഈടാക്കിയതായി അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തി. ഒരു കേസിൽ, ചാംകൗർ സിംഗ് എന്ന അപേക്ഷകൻ തന്റെ അപേക്ഷയിൽ പരിചയമുള്ളതായി പറഞ്ഞിരിക്കുന്ന ജോലി താൻ ഒരിക്കലും ജോലിചെയ്തിട്ടില്ലെന്ന് വിസ അഭിമുഖത്തിനിടെ സമ്മതിച്ചു.

തന്റെ സമയപരിധിയിലെ വിടവ് നികത്താൻ വിസ ഏജന്റ് തെറ്റായ തൊഴിൽ വിശദാംശങ്ങൾ പൂരിപ്പിച്ചതായും തന്റെയും പിതാവിന്റെയും പേരിൽ വ്യാജ ബാങ്ക് രേഖകൾ സമർപ്പിച്ചെന്നുമാണ് അദ്ദേഹം പറഞ്ഞത്. വിസ അംഗീകരിച്ചാൽ പിതാവ് ഏജന്റിന് 13 ലക്ഷം രൂപ നൽകാമെന്ന് സമ്മതിച്ചതായി സിംഗ് പറഞ്ഞു.

എംബസിയുടെ ആഭ്യന്തര അന്വേഷണം വിവിധ കൺസൾട്ടന്റുമാരുമായും വെണ്ടർമാരുമായും ബന്ധപ്പെട്ട ഐപി വിലാസങ്ങൾ പരിശോധിച്ചപ്പോൾ ഒന്നിലധികം അപേക്ഷകളിൽ വ്യാജവിവരങ്ങൾ ചേർത്തതായി ശ്രദ്ധയിൽപെട്ടു. ഭാരതീയ ന്യായ സംഹിതയുടെ സെക്ഷൻ 318, 336, 340, ഐടി ആക്ടിന്റെ സെക്ഷൻ 66(ഡി) എന്നിവ പ്രകാരം എഫ്ഐആർ ഫയൽ ചെയ്തിട്ടുണ്ട്. വിസ തട്ടിപ്പ് ശൃംഖലയിൽ ഉൾപ്പെട്ട മറ്റുള്ളവരെ കണ്ടെത്താൻ റെയ്ഡുകൾ നടക്കുന്നുണ്ട്.

തട്ടിപ്പിനെ 'യുണൈറ്റഡ് സ്റ്റേറ്റ്സിനെയും ഇന്ത്യയെയും ബാധിക്കുന്ന ഗുരുതരമായ സുരക്ഷാ വിഷയം' എന്നാണ് യുഎസ് എംബസി വിശേഷിപ്പിച്ചത്. അന്വേഷണം വേഗത്തിലാക്കാനും യുഎസ് എംബസി ഇന്ത്യൻ അധികാരികളോട് ആവശ്യപ്പെട്ടു.

കേരളത്തിൽ വിസ തട്ടിപ്പ് കേസുകൾ വർധിക്കുന്നു; പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പോലീസ്



കൊച്ചി: ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പുകൾ നടക്കുന്ന കേരളത്തിൽ വിസ തട്ടിപ്പ് കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പോലീസ്.

വിസ തട്ടിപ്പുകൾക്ക് ഇരയാകുകയും പണം നഷ്ടപ്പെടുകയും ചെയ്ത വ്യക്തികളിൽ നിന്ന് ദിവസേന നിരവധി പരാതികൾ ലഭിക്കുന്നുണ്ടെന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് അറിയിച്ചു.

യൂറോപ്പ്, കാനഡ, യുകെ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പുകാർ ലക്ഷക്കണക്കിന് രൂപ തട്ടിയെടുക്കുന്നുണ്ടെന്നാണ് പോലീസ് പറയുന്നത്. സോഷ്യൽ മീഡിയയിലെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളിലൂടെയാണ് മിക്ക ഇരകളെയും തുടക്കത്തിൽ ആകർഷിക്കുന്നത്. പിന്നീട് മറ്റ് പലർക്കും വിദേശത്ത് ഉയർന്ന ശമ്പളമുള്ള ജോലികൾ നൽകിയതായി അവകാശപ്പെട്ടാണ് തട്ടിപ്പുകാർ ഇരകളുടെ വിശ്വാസം നേടുന്നതെന്ന് പോലീസ് പറഞ്ഞു.

തന്ത്രപൂർവം നീങ്ങുന്ന തട്ടിപ്പുകാർ രജിസ്ട്രേഷൻ, പ്രോസസ്സിംഗ് ഫീസ്, വിസ ചാർജുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി വലിയ തുകകൾ നൽകാൻ ഇരകളെ പ്രേരിപ്പിക്കുന്നു. പലപ്പോഴും, ഇരകൾ തട്ടിപ്പുകാരെ നേരിട്ട് കാണാറില്ല, പണം കൈമാറിയതിന് ശേഷം പ്രതികരണങ്ങൾ ഇല്ലാതാകുമ്പോളാണ് തങ്ങൾ വഞ്ചിക്കപ്പെട്ടുവെന്ന് ഇരകൾക്ക് മനസ്സിലാകുന്നതെന്ന് പ്രസ്താവനയിൽ പറയുന്നു.

ഈ തട്ടിപ്പുകാരിൽ ചിലർ വിദേശത്ത് ജോലി ചെയ്യുന്ന വ്യക്തികളാണ്, അവർ കേരളത്തിലെ ആളുകളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഉപയോഗിച്ച് തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രചരിപ്പിക്കുന്നുവെന്ന് പോലീസ് കൂട്ടിച്ചേർത്തു.

പരസ്യങ്ങളിൽ സാധാരണയായി ഒരു പ്രാദേശിക കോൺടാക്റ്റിന്റെ ഫോൺ നമ്പർ ഉണ്ടാകും. സ്ഥാനാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള കമ്മീഷൻ വാഗ്ദാനം ചെയ്താണ് അവരെ നിയമിക്കുന്നത്. എന്നാൽ, നൽകുന്ന ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ തട്ടിപ്പുകാരുടേതാണ്. ഒരു ഇര കെണിയിൽ അകപ്പെടുകയും പണം നൽകുകയും ചെയ്തുകഴിഞ്ഞാൽ, വിദേശത്തുള്ള തട്ടിപ്പുകാരൻ അപ്രത്യക്ഷനാകുന്നു, അതേസമയം പ്രാദേശിക ഇടപാടുകാരാൻ ഇക്കാര്യത്തിൽ താൻ നിസ്സഹായനാണ് എന്ന് പറഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിവാകുകയും ചെയ്യുമെന്ന് പോലീസ് പറഞ്ഞു.

ചില കേസുകളിൽ ഇരകളെ വിദേശത്തേക്ക് കൊണ്ടുപോകുന്നുണ്ടെങ്കിലും, വാഗ്ദാനം ചെയ്ത ജോലികൾ നൽകാറില്ലെന്ന് പോലീസ് കൂട്ടിച്ചേർത്തു. കഴിഞ്ഞ വർഷം മാത്രം, എറണാകുളം റൂറൽ ജില്ലയിൽ 172 വിസ തട്ടിപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ആദ്യ രണ്ട് മാസങ്ങളിൽ, 21 എഫ്ഐആറുകൾ ഇതിനകം രജിസ്റ്റർ ചെയ്തതായി പോലീസ് പറയുന്നു.

നിയമപരമായി അംഗീകൃത സ്ഥാപനങ്ങൾ വഴി മാത്രം വിദേശത്ത് തൊഴിൽ തേടണമെന്നും സത്യസന്ധരല്ലാത്ത വ്യക്തികൾക്ക് പണം നൽകി വഞ്ചിക്കപ്പെടരുതെന്നും പോലീസ് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു.

വെനസ്വേലക്കാരെ നാടുകടത്താം, പക്ഷേ അവരുടെ ഭാഗം കൂടി കേൾക്കണം: യുഎസ് സുപ്രീംകോടതി



വാഷിംഗ്ടൺ: പതിനെട്ടാം നൂറ്റാണ്ടിലെ യുദ്ധകാല നിയമം ഉപയോഗിച്ച് വെനസ്വേലൻ കുടിയേറ്റക്കാരെ നാടുകടത്താൻ ട്രംപ് ഭരണകൂടത്തിന് സുപ്രീം കോടതി തിങ്കളാഴ്ച സാങ്കേതികമായി അനുമതി നൽകി, എന്നാൽ അവരെ അമേരിക്കയിൽ നിന്ന് കൊണ്ടുപോകുന്നതിന് മുമ്പ് അവർക്ക് കോടതിയെ സമീപിക്കാനും അവരുടെ വാദം കേൾക്കാനും അവസരമൊരുക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചു.

ഗുണ്ടാസംഘാംഗങ്ങളാണെന്ന് ആരോപിച്ച് നാടുകടത്തപ്പെടുന്ന വെനസ്വേലക്കാർക്ക് കോടതിയിൽ പോകാൻ ഭരണകൂടം 'ന്യായമായ സമയം' നൽകണമെന്ന് സുപ്രീംകോടതി പറഞ്ഞു. നാടുകടത്താനുള്ള ഭരണകൂട തീരുമാനത്തിൽ രാജ്യത്ത് കടുത്ത ഭിന്നത നിലനിൽക്കുന്ന സാഹചര്യത്തിലാണ് സുപ്രീംകോടതിയുടെ പരാമർശം.

എന്നാൽ നിയമപരമായ വെല്ലുവിളികൾ വാഷിംഗ്ടൺ കോടതിമുറിക്ക് പകരം ടെക്സാസിൽ നടത്തണമെന്നാണ് ജഡ്ജിംഗ് പാനലിലെ ഭൂരിപക്ഷം വരുന്ന കൺസർവേറ്റീവ് അംഗങ്ങൾ നിർദ്ദേശിച്ചത്.

കഴിഞ്ഞ മാസം നൂറുകണക്കിന് കുടിയേറ്റക്കാരെ എൽ സാൽവഡോറിലെ ഒരു കുപ്രസിദ്ധ ജയിലിലേക്ക് കൊണ്ടുപോയ വിമാനങ്ങൾ ഉടൻ പുനരാരംഭിക്കുന്നതിൽ നിന്ന് ഭരണകൂടത്തെ കോടതിയുടെ നടപടി തടയുകയാണ്.

രണ്ടാം ലോകമഹായുദ്ധകാലത്ത് നാടുകടത്തലുകൾക്കുവേണ്ടി നടപ്പാക്കിയ ഏലിയൻ എനിമീസ് ആക്ട് അതിനുശേഷം ഇതാദ്യമായാണ് പറന്നുതുടങ്ങിയത്. ഇതിനെതിരെ വാഷിംഗ്ടൺ ഡിസ്ട്രിക്ട് കോടതി പുറപ്പെടുവിച്ച വിധിയിൽ ആകാശത്തിലുള്ള വിമാനങ്ങൾ ഉടൻ തിരികെ ഇറക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ആ വിമാനങ്ങളെക്കുറിച്ച് ഭരണകൂടത്തിന്റെ അപ്പീൽ പരിഗണിച്ച സുപ്രീംകോടതിയിലെ ഭൂരിപക്ഷം ജഡ്ജിമാരും മൗനം പാലിച്ചു.

ഈ കേസിൽ ഭരണകൂടം ജുഡീഷ്യൽ അവലോകനം ഒഴിവാക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും കോടതി ഇപ്പോൾ സർക്കാരിന് പ്രതിഫലം നൽകുകയാണെന്നും മൂന്ന് ലിബറൽ ജസ്റ്റിസുമാർ വിയോജിപ്പിൽ പറഞ്ഞു.

എവിടെ തടവിലാക്കപ്പെട്ടാലും ആളുകൾക്ക് നാടുകടത്തലിനെ വ്യക്തിപരമായി വെല്ലുവിളിക്കുന്നത് ബുദ്ധിമുട്ടായിരിക്കുമെന്ന് ജസ്റ്റിസ് സോണിയ സൊട്ടോമയർ പറഞ്ഞു, കൂടാതെ കോടതിയുടെ മുമ്പാകെയുള്ള മറ്റൊരു കേസിൽ ഭരണകൂടം അബദ്ധത്തിൽ എൽ സാൽവഡോർ ജയിലിലേക്ക് നാടുകടത്തപ്പെട്ട ആളുകളെ തിരിച്ചയക്കാൻ കഴിയില്ലെന്ന് പറഞ്ഞിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടി.

അപൂർവ്വമായി ഉപയോഗിക്കുന്ന ഏലിയൻ എനിമീസ് ആക്ട് പ്രകാരം ഗുണ്ടാസംഘാംഗങ്ങളാണെന്ന് ആരോപിക്കപ്പെടുന്ന കുടിയേറ്റക്കാരെ നാടുകടത്തുന്നത് താൽക്കാലികമായി നിരോധിക്കുന്ന ഉത്തരവ് വാഷിംഗ്ടണിലെ ഫെഡറൽ അപ്പീൽ കോടതി പ്രാബല്യത്തിൽ വരുത്തിയതിനെത്തുടർന്ന് ഭരണകൂടം സമർപ്പിച്ച അടിയന്തര അപ്പീലിലാണ് ജസ്റ്റിസുമാർ നടപടി സ്വീകരിച്ചത്.

വൈറ്റ് ഹൗസും ഫെഡറൽ കോടതികളും തമ്മിലുള്ള സംഘർഷം രൂക്ഷമാകുന്നതിനിടയിലാണ് കേസ് ഒരു പൊട്ടിത്തെറിയായി മാറിയിരിക്കുന്നത്. ഒരു ആഴ്ചയ്ക്കുള്ളിൽ രണ്ടാമത്തെ തവണയാണ് ഭൂരിഭാഗം യാഥാസ്ഥിതിക ജസ്റ്റിസുമാരും ട്രംപിന്റെ അജണ്ടയുടെ ചില ഭാഗങ്ങൾ കീഴ്ക്കോടതികൾ തടഞ്ഞതിനെത്തുടർന്ന് അടിയന്തര അപ്പീലിൽ ഭാഗികമായെങ്കിലും വിജയം നൽകുന്നത്.

നിയമവിരുദ്ധമായി രാജ്യത്ത് താമസിക്കുന്ന മാതാപിതാക്കളുടെ യുഎസിൽ ജനിച്ച കുട്ടികൾക്ക് പൗരത്വം നിഷേധിക്കാനുള്ള ട്രംപിന്റെ പദ്ധതി ഉൾപ്പെടെ നിരവധി കേസുകൾ പരിഗണനയിലാണ്.

'നമ്മുടെ അതിർത്തികൾ സുരക്ഷിതമാക്കാനും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ രാജ്യത്തെയും സംരക്ഷിക്കാനും ഒരു പ്രസിഡന്റിനെ അനുവദിച്ചുകൊണ്ട് സുപ്രീം കോടതി നമ്മുടെ രാജ്യത്തെ നിയമവാഴ്ച ഉയർത്തിപ്പിടിച്ചിരിക്കുന്നു. അമേരിക്കയിൽ നീതിക്ക് ഒരു മഹത്തായ ദിനം!' കോടതിയുടെ നടപടിയെ ട്രംപ് പ്രശംസിച്ചു കൊണ്ട് ട്രംപ് തന്റെ ട്രൂത്ത് സോഷ്യൽ സൈറ്റിൽ എഴുതി.

പ്രഖ്യാപനം പരസ്യമാക്കി മണിക്കൂറുകൾക്ക് ശേഷവും ഇമിഗ്രേഷൻ അധികൃതർ നൂറുകണക്കിന് കുടിയേറ്റക്കാരെ കാത്തിരിക്കുന്ന വിമാനങ്ങളിലേക്ക് മാറ്റുന്നതിനിടയിലും ടെക്സാസിൽ തടവിലാക്കിയിരുന്ന അഞ്ച് വെനിസ്വേലൻ പൗരന്മാരല്ലാത്തവർക്കുവേണ്ടി അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയനിലെ അഭിഭാഷകരാണ് കേസ് ഫയൽ ചെയ്തത്.









കാനഡയിൽ മിനിമം വേതനം വർധിപ്പിച്ചു

ഒട്ടാവ: മിനിമം വേതനം വർധിപ്പിച്ചതോടെ ഇന്ത്യക്കാർ ഉൾപ്പെടെ മധ്യവർഗത്തിന് കൂടുതൽ സന്തോഷം.

സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന വർക്കുള്ള ഫെഡറൽ മിനിമം വേതന നിരക്ക് കനേഡിയൻ സർക്കാർ ഉയർത്തിയതിനാൽ ഉയർന്ന ജീവിതച്ചെലവുകൾക്കിടയിലും കാനഡയിൽ പഠിക്കുകയും താമസിക്കുകയും ചെയ്യുന്ന ഇന്ത്യക്കാർക്ക് കുറച്ച് ആശ്വാസം ലഭിക്കും. ഏപ്രിൽ 1 മുതൽ, ഫെഡറൽ നിയന്ത്രിത സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കാനഡയിൽ മിനിമം വേതനം മണിക്കൂറിന് 17.30 കനേഡിയൻ ഡോളറിൽ നിന്ന് 17.75 ഡോളറായി ഉയർത്തി.

ഫെഡറൽ മിനിമം വേതനം കനേഡിയൻ തൊഴിലാളികൾക്കും ബിസിനസുകൾക്കും ഒരുപോലെ സ്ഥിരതയും ഉറപ്പും നൽകുന്നുവെന്നും ബോർഡിലുടനീളം വരുമാന അസമത്വം കുറയ്ക്കാൻ സഹായിക്കുന്നതിനോടൊപ്പം കൂടുതൽ ന്യായമായ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലേക്ക് ഒരു പടി കൂടി അടുപ്പിക്കുന്നുവെന്ന് തൊഴിൽ മന്ത്രി സ്റ്റീവൻ മക്കിന്നൺ പറഞ്ഞു.

തൊഴിലുടമകൾക്ക് അവരുടെ പേറോൾ സംവിധാനങ്ങൾ അപ്ഡേറ്റ് ചെയ്യാനും ഇന്റേണുകൾ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും അപ്ഗ്രേഡ് ചെയ്ത നിരക്കിൽ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുൻ വർഷത്തെ അപേക്ഷിച്ച് കാനഡയുടെ വാർഷിക ശരാശരി ഉപഭോക്തൃ വില സൂചികയെ അടിസ്ഥാനമാക്കി എല്ലാ വർഷവും ഏപ്രിൽ 1ന് ഫെഡറൽ മിനിമം വേതന നിരക്ക് ക്രമീകരിക്കും.

ഭക്ഷ്യബാങ്കുകൾ അന്താരാഷ്ട്ര വിദ്യാർഥികളെ പരിഗണിക്കുന്നത് ഒഴിവാക്കിയതോടെ കാനഡയിൽ താമസിക്കുന്ന ചിലർക്ക് മിനിമം വേതന നിരക്കിലെ വർധനവ് സ്വാഗതാർഹമായിരിക്കും.

പണപ്പെരുപ്പം വർധിച്ചത് ജസ്റ്റിൻ ട്രൂഡോ സർക്കാരിനെതിരായ പ്രധാന വിമർശനമായിരുന്നതിനു പുറമേ 2025ലെ കനേഡിയൻ തിരഞ്ഞെടുപ്പിൽ ഇത് പ്രധാന വിഷയമായിരിക്കും.

മിനിമം വേതനത്തിലെ 2.4 ശതമാനം വർധനവ് ഇന്ത്യക്കാരെയും സഹായിക്കും. കനേഡിയൻ ജനസംഖ്യയുടെ 3.7 ശതമാനം വരുന്ന ഇന്ത്യക്കാർക്ക് ഈ വർധനവിൽ നിന്ന് ധാരാളം നേട്ടങ്ങളുണ്ട്.

ഒരു റിപ്പോർട്ട് അനുസരിച്ച്, കാനഡയിലെ ഗിഗ് തൊഴിലാളികളിൽ ഭൂരിഭാഗവും കുടിയേറ്റക്കാരാണ്. 2005 മുതൽ 2020 വരെ, എല്ലാ കനേഡിയൻ തൊഴിലാളികളുടെയും വിഹിതം 5.05 ശതമാനത്തിൽ നിന്ന് 10 ശതമാനം ആയി വളർന്നു.

കാനഡയിലെ ഇന്ത്യക്കാർ റീട്ടെയിൽ, ആരോഗ്യ സംരക്ഷണം, നിർമ്മാണം, കാനഡയിലെ മറ്റ് നിരവധി മേഖലകൾ എന്നിവയിലാണ് ജോലി ചെയ്യുന്നത്.

തൊഴിലാളികൾക്ക് മാത്രമല്ല, ഇന്ത്യൻ വിദ്യാർഥികൾക്കു പോലും ഈ വർധനവിന്റെ പ്രയോജനം ലഭിക്കും.

കമ്പ്യൂട്ടർ സയൻസ്, ബിസിനസ്, എഞ്ചിനീയറിംഗ്, ആരോഗ്യ ശാസ്ത്രം, ഐടി എന്നീ മേഖലകളിൽ ഉന്നത പഠനം നടത്തുന്നതിന് ഇന്ത്യൻ വിദ്യാർഥികൾക്ക് കാനഡ മികച്ച ലക്ഷ്യസ്ഥാനമായി കണക്കാക്കപ്പെടുന്നു. കൂടാതെ അവിടത്തെ ഇന്ത്യൻ തൊഴിൽ ശക്തി ഇൻഫർമേഷൻ ടെക്നോളജി (ഐടി), എഞ്ചിനീയറിംഗ്, ആരോഗ്യ സംരക്ഷണം, ബിസിനസ്, ധനകാര്യ മേഖലകളിൽ ഉയർന്ന പ്രാതിനിധ്യം വഹിക്കുന്നു.

കനേഡിയൻ ബ്യൂറോ ഓഫ് ഹയർ എഡ്യൂക്കേഷന്റെ കണക്കനുസരിച്ച്, 2021ൽ ഇന്ത്യൻ വിദ്യാർഥികൾ കനേഡിയൻ സമ്പദ്‌വ്യവസ്ഥയിലേക്ക് ഏകദേശം 4.9 ബില്യൺ ഡോളർ സംഭാവന ചെയ്യുമെന്നും കാനഡയിലെ ഏറ്റവും വലിയ അന്താരാഷ്ട്ര വിദ്യാർഥി ഗ്രൂപ്പാണെന്നും പറയുന്നു.

സംഗമം

2025 ഏപ്രിൽ 10 – 16

1200 മീനം 27 – മേടം 03

എഡിറ്റോറിയൽ

ഈ ദുരിതം അവസാനിപ്പിക്കണം

ഒരു പ്രശ്നം പരിഹരിക്കാനാവാതെ വരുമ്പോൾ സർക്കാരുകൾ നാട്ടുകാരുടെ കണ്ണിൽ പൊടിയിടാൻ ഒരു വഴി കണ്ടെത്താറുണ്ട്: ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിക്കുക. ഒരു പ്രശ്നം പരിഹരിക്കണ്ട എന്ന് തീരുമാനിക്കുമ്പോഴും അതൊക്കെ തന്നെ ചെയ്യാം. മുനമ്പത്തെ അറുനൂറോളം കുടുംബങ്ങളുടെ സ്വത്തിന് മേൽ വഖഫ് ബോർഡ് ഉയർത്തിയിട്ടുള്ള അവകാശവാദം എന്തുകൊണ്ടോ പരിഹരിക്കേണ്ടെന്ന് തീരുമാനിച്ച സംസ്ഥാന സർക്കാരും കളിക്കുന്ന കളിയും ഇത് തന്നെ.

കമ്മീഷനെ വച്ച് സർക്കാർ എന്താണ് പഠിക്കാൻ പോകുന്നതെന്ന് വ്യക്തമല്ല. മുനമ്പത്തെ മനുഷ്യരുടെ പ്രശ്നം പകൽ പോലെ വ്യക്തമാണ്. കോഴിക്കോട്ടെ ഫാറൂഖ് കോളജിന് വഖഫ് (ദാനം) ആയി ലഭിച്ച ഭൂമി അവർക്ക് ഉപയോഗമില്ലാത്തതിനാൽ അവർ മുൻ തലമുറകളിൽ പെട്ടവർക്ക് വിറ്റു. അങ്ങനെ വാങ്ങിയവരുടെ പിൻഗാമികൾ അവരുടെ ജീവിത സമ്പാദ്യം മുഴുവൻ ചെലവ് ചെയ്ത് അവിടെ വീടുകളും മറ്റും നിർമ്മിച്ച് അവിടെ പതിറ്റാണ്ടുകളായി ജീവിച്ചു വരുകയാണ്. ഇപ്പോൾ അവർ അവിടെ നിന്ന് ഇറങ്ങിക്കൊടുക്കണമെന്നാണ് വഖഫ് ബോർഡ് പറയുന്നത്. ഇതിലെ നീതികേട് പ്രത്യേകിച്ച് പറയേണ്ടതില്ല. അത് അന്വേഷിക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ വയ്ക്കുന്നത് തന്നെ ഒരു വഞ്ചനയല്ലാതെ അല്ലാതെ മറ്റ് എന്താണ്?

മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായരെയാണ് മുനമ്പം ജുഡീഷ്യൽ കമ്മിഷനായി സർക്കാർ നിയമിച്ചിരുന്നത്. ഈ ജുഡീഷ്യൽ കമ്മീഷന് എതിരെ സ്വാഭാവികമായും കോടതിയിൽ കേസ് വന്നു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് കമ്മീഷന്റെ പ്രവർത്തനം മരവിപ്പിച്ചുകൊണ്ട് ഉത്തരവിട്ടു. എന്നാൽ ആ ഉത്തരവ് ചോദ്യം ചെയ്തു കൊണ്ട് കേരള സർക്കാർ ഡിവിഷൻ ബെഞ്ചിന് മുന്നിലെത്തി. ഇത്തരം കേസുകളിൽ സാധാരണ ചെയ്യും പോലെ ബെഞ്ച് ഇപ്പോൾ താൽക്കാലികമായി ഈ കമ്മീഷനെ പ്രവർത്തിക്കാൻ അനുവദിച്ചിരിക്കുകയാണ്.

എന്നാൽ ഒരുപിടി വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ പ്രവർത്തനം ഹൈക്കോടതി അനുവദിച്ചിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനം ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ നിന്ന് ഇക്കാര്യത്തെ സംബന്ധിച്ചുള്ള തീരുമാനം വരുന്നതുവരെ കമ്മീഷന്റെ ഒരു തീർപ്പും നടപ്പാക്കാൻ പാടില്ല എന്നുള്ളതാണ്. ഇതിനർത്ഥം കമ്മീഷൻ ഇനി നടത്താൻ പോകുന്ന തെളിവെടുപ്പുകളും അതിന്റെ പുറത്തു ഉണ്ടാകുന്ന വാദപ്രതിവാദങ്ങളും അതിന്റെ എല്ലാം അടിസ്ഥാനത്തിൽ കമ്മീഷൻ എത്തുന്ന തീരുമാനങ്ങളും ഈ കേസ് കേരള ഹൈക്കോടതി തീരുമാനിക്കുന്ന സന്ദർഭത്തിൽ മാത്രമേ പൂർത്തിയാവൂ എന്നുള്ളതാണ്.

ഇതിനിടയിലാണ് പാർലമെന്റ് വഖഫ് സ്വത്തുക്കൾ സംബന്ധിച്ച് രാജ്യത്തിന് ആകമാനം ബാധകമായ ഒരു നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. രാഷ്ട്രപതി ആ ബില്ലിന് അംഗീകാരവും നൽകിക്കഴിഞ്ഞു.

ആ നിയമത്തിലെ വ്യവസ്ഥകൾ പൂർവ്വകാല പ്രാബല്യത്തോടെ നടപ്പാക്കാൻ സാധ്യതയുണ്ടോ എന്ന ചോദ്യം അന്തരീക്ഷത്തിലുണ്ട്. പൂർവ്വകാല പ്രാബല്യത്തോടെ ഈ നിയമം നടപ്പാക്കാനുള്ള വ്യവസ്ഥകൾ അതിലുണ്ടെന്നാണ് ഒരു പക്ഷം പറയുന്നത്.

അങ്ങനെയെങ്കിൽ അത് മുനമ്പത്തിനും ബാധകമാകണം. ആ പ്രതീക്ഷയിലാണ് മുനമ്പത്ത് ചില രാഷ്ട്രീയ ചലനങ്ങൾ ഇക്കഴിഞ്ഞ ആഴ്ചകളിൽ ഉണ്ടായത്. ഇനി അങ്ങനെ ഈ നിയമം മുനമ്പത്തിന് ബാധകമാണെങ്കിൽ അപ്പോൾ വീണ്ടും കമ്മീഷന്റെ സാംഗത്യം ചോദ്യം ചെയ്യപ്പെടുന്നു.

ഈ കമ്മീഷനുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോകേണ്ടതുണ്ടോ അതോ പാർലമെന്റ് പാസാക്കിയ പുതിയ നിയമത്തിനനുസൃതമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമോ എന്നതാണ് ഇന്ന് ആലോചിക്കേണ്ട വിഷയം. അങ്ങനെ എന്തെങ്കിലും ആലോചനകൾക്ക് സമയം ചിലവിടാതെ ഹൈക്കോടതിയുടെ മുന്നിൽ പോയി കമ്മീഷൻ തുടരാൻ അനുവദിക്കണം എന്ന് വാദിച്ച് അതിന് അനുമതി നേടി എടുത്തിരിക്കുകയാണ് സംസ്ഥാന സർക്കാർ. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ സർക്കാർ നൽകിയ അപ്പീൽ വേനലധിക്കുശേഷം ജൂണിൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഹൈക്കോടതി ഉത്തരവിലെ സുപ്രധാന ഭാഗവും അത് തന്നെയാണ്.

അപ്പോൾ മുനമ്പം പ്രശ്നം നീണ്ടുപോകാതെ വയ്യ. അത് തങ്ങളുടെ ഭൂമി സംരക്ഷിക്കാൻ ശ്രമിക്കുന്ന കുടുംബങ്ങളുടെ സ്ഥിതി കൂടുതൽ ദുരിതമായമാക്കും. സർക്കാർ ഇക്കാര്യത്തിൽ പിടിവാശി കാട്ടരുത്. പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ സർക്കാരും വഖഫ് ബോർഡും പ്രശ്നം പുനഃപരിശോധിക്കുകയും മുനമ്പത്തെ ജനങ്ങളുടെ ദുരിതം അവസാനിപ്പിക്കുകയും വേണം.

ക്രിമിനൽ സംഘങ്ങൾക്കിടയിൽ ഭീതി വിതച്ച് ട്രംപ് ഭരണകൂടം

കൂടുതൽ ക്രിമിനൽ സംഘാംഗങ്ങളെ യുഎസ് എൽ സാൽവഡോറിലേക്ക് നാടുകടത്തിയും ഒരു പ്രചാരണ ക്യാമ്പയിൻ അഴിച്ചുവിടുകയും ചെയ്ത് മുൻ സർക്കാരുകൾ ചെയ്യാത്ത രീതിയിൽ അനധികൃത കുടിയേറ്റക്കാർക്കിടയിൽ പ്രത്യേകിച്ച് ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കിടയിൽ ഭീതി വിതയ്ക്കുകയാണ് ട്രംപ് ഭരണകൂടം.



വാഷിംഗ്ടൺ: തങ്ങളുടെ നാടുകളിലെ ദുർബലമായ നിയമസംവിധാനങ്ങളെ വെല്ലുവിളിച്ച് അമേരിക്കയിൽ മയക്കുമരുന്ന് വിൽപ്പന, അക്രമങ്ങൾ എന്നിവയിൽ ഏർപ്പെടുന്ന ക്രിമിനൽ സംഘങ്ങൾക്ക് ട്രംപ് ഭരണകൂടത്തിന്റെ കൂട്ട നാടുകടത്തൽ നടപടികൾ തിരിച്ചടിയാവുന്നു.

ഹോംലാൻഡ് സെക്യൂരിറ്റി അധികൃതർ പറയുന്നതനുസരിച്ച്, ട്രംപ് ഭരണത്തിന്റെ ആദ്യ 50 ദിവസങ്ങളിൽ ഇമിഗ്രേഷൻ, കസ്റ്റംസ് എൻഫോഴ്സ്മെന്റ് (ഐസിഇ) 32,000ത്തിലധികം അറസ്റ്റുകൾ നടത്തിയിട്ടുണ്ട്.

കസ്റ്റംസ്, ബോർഡർ പ്രൊട്ടക്ഷൻ (സിബിപി) പറയുന്നത് ഇതിൽ 1,155 പേർ സംശയിക്കപ്പെട്ട ക്രിമിനൽ സംഘാംഗങ്ങളും 39 പേർ അറിയപ്പെടുന്ന അല്ലെങ്കിൽ സംശയിക്കപ്പെട്ട ഭീകരവാദികളും 14,000ത്തിലധികം പേർ ക്രിമിനൽ കുറ്റങ്ങൾ ചെയ്തവരുമാണെന്നാണ്. പിടികൂടപ്പെട്ടവരിൽ ഏതാണ്ട് 10,000 പേർക്കെതിരെ നിലവിൽ ക്രിമിനൽ കേസുകളുണ്ട്. ഇനിയുമൊരു 8,700ത്തിലധികം പേരെ സിബിപി 'ഇമിഗ്രേഷൻ നിയമ ലംഘകർ'എന്നാണ് വിളിക്കുന്നത്.

പ്രസിഡന്റ് ബൈഡന്റെ കാലത്ത്, 2024ൽ ഒരു ദിവസം ശരാശരി 750 പേരെ കൂട്ടമായി നാടുകടത്തിയിരുന്നു. എന്നാൽ, പ്രസിഡന്റ് ട്രംപിന്റെ കാലത്ത് ഒരു ദിവസം ശരാശരി 600 പേരെ മാത്രമേ നാടുകടത്തുന്നുള്ളൂ. എന്നാൽ ഇപ്പോഴത്തെ നാടുകടത്തലുകൾ കൂടുതൽ ശബ്ദഘോഷത്തോടെയായതിനാൽ അതിന്റെ പ്രഹരശേഷി കൂടുതലാണ്. കാരണം, മുൻകാലങ്ങളിൽ നാടുകടത്തപ്പെട്ടവർ വീണ്ടും അതിർത്തി കടന്നെത്തുന്ന സാഹചര്യമുണ്ടായിരുന്നു. ഇന്ന് അത് അത്ര സാധ്യമല്ല.

തീർച്ചയായും ഇതിൽ വലിയൊരു ഭാഗം ഒരു പബ്ലിക് റിലേഷൻസ് പ്രചാരണം മാത്രമാണ്. പക്ഷെ, അമേരിക്കയിൽ അനധികൃതമായി കുടിയേറുകയോ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നവർക്ക് നിൽക്കാൻ ഇനി കഴിയില്ല എന്ന സന്ദേശം വളരെ ശക്തമായി ജനങ്ങൾക്കിടയിലെത്തിക്കുന്നതിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഹോം ലാൻഡ് സെക്യൂരിറ്റി വിജയിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

ഈ പ്രചാരണത്തിൽ വൈറ്റ്ഹൗസിന്റെ തന്നെ സോഷ്യൽ മീഡിയ പോസ്റ്റുകൾ ഉൾപ്പെടുന്നു, വൈറ്റ് ഹൗസ് അക്കൗണ്ടിൽ നിന്ന് പോസ്റ്റ് ചെയ്ത ഒരു വീഡിയോയിൽ കൂട്ട നാടുകടത്തൽ ഫ്ലൈറ്റിന്റെ ശബ്ദങ്ങൾ(ചങ്ങലകളുടെ ശബ്ദം ഉൾപ്പെടെ) ഉൾപ്പെടുത്തിഭീതിയുടെ അന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമം മനഃപൂർവ്വമായി നടത്തിയിട്ടുണ്ട്.

ഈ പിആർ പ്രചാരണത്തിനായി ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി 200 ദശലക്ഷം ഡോളർ ചെലവഴിച്ച് ഒരു പരസ്യ കാമ്പെയ്ൻ തന്നെ ആരംഭിച്ചിട്ടുണ്ട്. കൂട്ട നാടുകടത്തൽ പൊതു സുരക്ഷയ്ക്ക് അത്യാവശ്യമാണെന്ന ആശയമാണ് ഈ ക്യാമ്പയിൻ ജനങ്ങൾക്കിടയിലെത്തിക്കാൻ ശ്രമിക്കുന്നത്.

ക്യാമ്പയ്നിന്റെ ഭാഗമായുള്ള ഒരു പരസ്യത്തിൽ ഡിഎച്ച്എസ് സെക്രട്ടറി ക്രിസ്റ്റി നോം കുടിയേറ്റക്കാരെ നേരിട്ട് നോക്കി ആളുകളോട് ഉടൻ സ്വയം ഡീപോർട്ട് ചെയ്യാൻ ആവശ്യപ്പെടുന്നുണ്ട്. വൈറ്റ് ഹൗസും ട്രംപ് ഭരണകൂടവും രജിസ്ട്രേഷൻ ഇല്ലാത്ത കുടിയേറ്റക്കാരെ 'ക്രിമിനലുകൾ' എന്നാണ് ഈ വീഡിയോകളിൽ വിളിക്കുന്നത്. എന്നാൽ, മുമ്പ് പരമാവധി സുരക്ഷാ ജയിലിലേക്ക് അയച്ചവരിൽ ചിലരുടെ കുടുംബാംഗങ്ങൾ തടവുകാർക്ക് ഒരു തരത്തിലുള്ള ഗുണ്ടാ ബന്ധവുമില്ലെന്നാണ് വാദിക്കുന്നത്.

ഇക്കഴിഞ്ഞ ദിവസം ഗുണ്ടാസംഘാംഗങ്ങളെന്ന് ആരോപിക്കപ്പെടുന്ന 17 പേരെ കൂടി ട്രംപ് ഭരണകൂടം എൽ സാൽവഡോറിലേക്ക് നാടുകടത്തിയതായി യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു. ഈ സെൻട്രൽ അമേരിക്കൻ രാജ്യത്തെ സൂപ്പർമാക്സ് സെക്യൂരിറ്റി ജയിലിലേക്ക് ആളുകളെ മാറ്റുന്നതുമായി ബന്ധപ്പെട്ട നിയമ പോരാട്ടങ്ങൾ നടക്കുന്നതിനിടയിലാണ് ട്രംപ് ഭരണകൂടം കൂടുതൽ പേരെ അവിടേക്ക് അയച്ചത്.

ട്രെൻ ഡി അരാഗ്വ, എംഎസ്13 എന്നീ ഗുണ്ടാസംഘങ്ങളിലെ അംഗങ്ങൾ സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറയുന്നത്. തടവുകാരിൽ വെനിസ്വേലക്കാരും സാൽവഡോറുകാരും ഉൾപ്പെട്ടിട്ടുണ്ടെന്ന് സാൽവഡോറൻ സർക്കാർ ഉദ്യോഗസ്ഥർ പറഞ്ഞതായി ബിബിസി റിപ്പോർട്ട് ചെയ്യുന്നു.

ചങ്ങലയിട്ട പുരുഷന്മാരെ വിമാനത്തിൽ നിന്ന് ഇറക്കി ജയിൽ മുറികളിലേക്ക് മാറ്റുന്നതിന് മുമ്പ് അവരുടെ തല മൊട്ടയടിക്കുന്നത് കാണിക്കുന്ന എഡിറ്റ് ചെയ്ത വീഡിയോ എൽ സാൽവഡോർ പ്രസിഡന്റ് നയിബ് ബുക്കെലെ, എക്സിലെ ഒരു പോസ്റ്റിൽ, പങ്കിട്ടു.

'കൊലപാതകികളും ബലാത്സംഗികളും' സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് റൂബിയോ ഒരു പ്രസ്താവനയിൽ പറഞ്ഞു. എന്നാൽ ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങളുടെ പേരുകളോ വിശദാംശങ്ങളോ ഏതെങ്കിലും ശിക്ഷാവിധികളോ അദ്ദേഹം നൽകിയില്ല.

'എല്ലാ വ്യക്തികളും സ്ഥിരീകരിച്ച കൊലപാതകികളും ആറ് കുട്ടികളെ ബലാത്സംഗം ചെയ്യുന്നവർ ഉൾപ്പെടെ വലിയ കുറ്റവാളികളുമാണ്,' അദ്ദേഹം എഴുതി. 'ഈ പ്രവർത്തനം ഭീകരതയ്ക്കും സംഘടിത കുറ്റകൃത്യങ്ങൾക്കുമെതിരായ പോരാട്ടത്തിലെ മറ്റൊരു ചുവടുവയ്പ്പാണ്,' റുബിയോ പറഞ്ഞു.


ഈ സന്ദേശം വീണ്ടും പോസ്റ്റ് ചെയ്ത പ്രസിഡന്റ് ട്രംപ് നാടുകടത്തപ്പെട്ടവരെ യുഎസിലേക്ക് കടക്കാൻ അനുവദിച്ചതിന് തന്റെ മുൻഗാമിയായ ജോ ബൈഡന്റെ ഭരണകൂടത്തെ കുറ്റപ്പെടുത്തി. 'അവർക്ക് ഇത്രയും മനോഹരമായ ഒരു താമസസ്ഥലം നൽകിയതിന്' ബുക്കെലെയോട് ട്രംപ് നന്ദി പറഞ്ഞു. 6 മില്യൺ ഡോളർ (£4.6 മില്യൺ) പ്രതിഫലം വാങ്ങിയാണ് നാടുകടത്തപ്പെട്ടവരെ എൽ സാൽവഡോർ സ്വീകരിക്കാൻ സമ്മതിച്ചത്.

മാർച്ച് മാസം ആദ്യം യുഎസിൽ നിന്ന് 100ലധികം വെനിസ്വേലക്കാരെ നീക്കം ചെയ്യാൻ ട്രംപ് ഏലിയൻ എനിമി ആക്ട് നടപ്പിലാക്കിയതിനെ തുടർന്ന് കുടിയേറ്റക്കാർക്ക് നിയമവിരുദ്ധമായി നടപടിക്രമങ്ങൾ നിഷേധിച്ചുവെന്ന് ആരോപിച്ച് അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയൻ ഉൾപ്പെടെയുള്ള ഗ്രൂപ്പുകൾ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു.

മാർച്ച് 15ന് നടന്ന കേസ് ഹിയറിംഗിൽ, 1798ലെ യുദ്ധകാലത്ത് മാത്രം ഉപയോഗിച്ചിരുന്ന ഈ ആക്ട് പ്രകാരം നടത്തിയ നാടുകടത്തൽ നിർത്തിവയ്ക്കാൻനിയമം ഉപയോഗിക്കുന്നതിന് വാഷിംഗ്ടൺ ഡിസിയിലെ ഉന്നത ഫെഡറൽ ജഡ്ജിയായ ജെയിംസ് ബോസ്ബർഗ് താൽക്കാലിക വിലക്ക് ഏർപ്പെടുത്തുകയും പുറപ്പെട്ട നാടുകടത്തൽ വിമാനങ്ങൾ തിരിച്ചയക്കാൻ ഉത്തരവിടുകയും ചെയ്തു.

എന്നാൽ, അപ്പോഴേക്ക് 100ലധികം വെനിസ്വേലക്കാരെയും വഹിച്ചുകൊണ്ടുള്ള വിമാനം യുഎസിൽ നിന്ന് പറന്നുയർന്നിരുന്നു. ഫെഡറൽ ജഡ്ജി വിമാനം യുഎസ് വിടരുതെന്ന് നിർദ്ദേശിച്ച ശേഷമാണോ അതോ അതിന് മുൻപാണോ അത് സംഭവിച്ചതെന്ന ചോദ്യം കോടതിയും ട്രംപ് ഭരണകൂടവുമായി ഒരു ഏറ്റുമുട്ടലിന് തന്നെ വഴിയൊരുക്കിയിരിക്കുകയാണ്.

നുണക്കൂമ്പാരങ്ങൾ



വഖ്ഫ് നിയമ പരിഷ്കരണം പോലെ ഹിന്ദുമുസ്ലീം സമുദായങ്ങളെ തമ്മിൽ അകറ്റിയ മറ്റൊരു നിയമപരിഷ്കരണം ഇന്ത്യയിൽ ഇന്നുവരെ ഉണ്ടായിട്ടുണ്ടോ എന്ന് തോന്നുന്നില്ല. അതിനെ ചുറ്റിപ്പറ്റിയുള്ള വ്യാജപ്രചാരണങ്ങളാണ് കാരണം. ''നിയമവിധേയമായ (വഖ്ഫ്) സ്വത്ത് അപഹരണം'' എന്നാണ് പാക് പത്രമായ ഡോൺ അതിനെ വിഷേശിപ്പിക്കുന്നത്. ഏതാണ്ട് അതുതന്നെയാണ് ഇന്ത്യയിലെ പ്രതിപക്ഷ പാർട്ടികളും മുസ്ലീം സമുദായ നേതാക്കളും സംഘടനകളും പറയുന്നത്. സത്യത്തിൽ നിയമവിധേയമായ ഭൂസ്വത്ത് അപകരണം അവസാനിപ്പിക്കാനുള്ള നിയമനിർമ്മാണ് അതെന്ന് അതിന്റെ വകുപ്പുകൾ പരിശോധിച്ചാൽ വ്യക്തമാകും. വഖ്ഫ് ഭൂമിയുടെ ദുർവ്വിനിയോഗവും തട്ടിപ്പുകളും തടയുകയും ചെയ്യും. പക്ഷേ, രാഷ്ട്രീയവും മതപരവുമായ മുതലെടുപ്പിനു ശ്രമിക്കുന്നവർ അതു കാണുന്നില്ല, പറയുന്നില്ല.

ഇസ്ലാമിക നിയമപ്രകാരം മതപരമോ ജീവകാരുണ്യപരമോ ആയ ആവശ്യങ്ങൾക്കു മാത്രമായി സമർപ്പിച്ച സ്വത്തുക്കളെയാണ് വഖഫ് എന്ന് പറയുന്നത്. അതിന്റെ മറ്റേതെങ്കിലും ഉപയോഗമോ വിൽപ്പനയോ നിരോധിച്ചിരിക്കുന്നു. വഖഫ് ചെയ്യുന്ന വ്യക്തി (വഖ്ഫി)യിൽ നിന്ന് സ്വത്തിന്റെ ഉടമസ്ഥാവകാശം അല്ലാഹുവിനു കൈമാറ്റം ചെയ്യുന്നു എന്നാണ് സങ്കല്പം. വഖഫ് സ്വത്ത് അല്ലാഹുവിന് കൈകാര്യം ചെയ്യുന്നതിനോ നിയന്ത്രിക്കുന്നതിനോ കഴിയാത്തതിനാൽ അതിനായി ഒരു വ്യക്തിയെ (‘മുത്തവല്ലി’) നിയോഗിക്കുന്നു. സ്വത്ത് അല്ലാഹുവിന്റേതായിക്കഴിഞ്ഞാൽ അത് തിരിച്ചെടുക്കാനാവില്ല.

എല്ലാ ഇസ്ലാമിക രാജ്യങ്ങളിലും വഖഫ് ഇല്ല. തുർക്കി, ലിബിയ, ഈജിപ്ത്, സുഡാൻ, ലെബനൻ, സിറിയ, ജോർദാൻ, ടുണീഷ്യ, ഇറാഖ് തുടങ്ങിയവ അതിൽ പെടും. ഇന്ത്യയിൽ വഖ്ഫ് സ്വത്തുക്കൾ ഉണ്ടെന്നു മാത്രമല്ല അതു നിയന്ത്രിക്കാൻ നിയമവും നിയമാനുസൃത സംവിധാനങ്ങളുമുണ്ട്. ഇന്ത്യയിൽ വഖ്ഫിന്റെ ചരിത്രം തുടങ്ങുന്നത് 12ാം നൂറ്റാണ്ടിൽ ഡൽഹി സുൽത്താനേറ്റിന്റെ ആദ്യനാളുകളിലാണ്. സുൽത്താൻ മുയിസുദ്ദീൻ സാം ഘോർ രണ്ട് ഗ്രാമങ്ങൾ മുൾട്ടാനിലെ ജുമാ മസ്ജിദിന് സമർപ്പിച്ച് അതിന്റെ ഭരണം ശൈഖുൽ ഇസ്ലാമിന് കൈമാറി. ഡൽഹി സുൽത്താനേറ്റും പിന്നീട് ഇസ്ലാമിക രാജവംശങ്ങളും ഇന്ത്യയിൽ അഭിവൃദ്ധി പ്രാപിച്ചതോടെ വഖ്ഫ് സ്വത്തുക്കളും വർദ്ധിച്ചു. ഇപ്പോൾ ഇന്ത്യയിലുടനീളം 9.4 ലക്ഷം ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 8.7 ലക്ഷം സ്വത്തുക്കൾ വഖ്ഫ് ബോർഡുകളുടെ നിയന്ത്രണത്തിലുണ്ട്. അതിന് 1.2 ലക്ഷം കോടി രൂപയുടെ മൂല്യം കണക്കാക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ വഖ്ഫ് സ്വത്തുക്കൾ ഇന്ത്യയിലാണ്. സായുധ സേനയ്ക്കും ഇന്ത്യൻ റെയിൽവേയ്ക്കും ശേഷം ഇന്ത്യയിലെ ഏറ്റവും വലിയ ഭൂവുടമയാണ് വഖഫ് ബോർഡ്. ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 356,051 വഖ്ഫ് എസ്റ്റേറ്റുകളും 872,328 സ്ഥാവര സ്വത്തുക്കളും 16,713 ജംഗമ സ്വത്തുക്കളുമുണ്ട്.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വഖ്ഫ് നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ട് കേസുണ്ടായി. ലണ്ടനിലെ പ്രിവി കൗൺസിൽ ‘ഏറ്റവും മോശവും ഏറ്റവും ദോഷകരവുമായ ശാശ്വത വ്യവസ്ഥ’ എന്ന് വിശേഷിപ്പിച്ച് വഖ്ഫ് അസാധുവാക്കി. എന്നാൽ 1913ൽ ‘മുസൽമാൻ വഖഫ് വാലിഡേറ്റിംഗ് ആക്ട്’ വഴി ഇന്ത്യയിൽ വഖഫ് പുനഃസ്ഥാപിച്ചു. എങ്കിലും വഖ്ഫുകൾ നിയന്ത്രിക്കാൻ സംവിധാനമുണ്ടായില്ല. സ്വാതന്ത്ര്യത്തിനു ശേഷമാണ് വഖഫ് ശക്തിപ്പെട്ടത്. 1954ൽ പാസാക്കിയ നിയമം വഖ്ഫുകളുടെ കേന്ദ്രീകരണത്തിനു വഴിയൊരുക്കി. 1964ൽ സെൻട്രൽ വഖ്ഫ് കൗൺസിലും സംസ്ഥാന വഖ്ഫ് ബോർഡുകളും സ്ഥാപിതമായി. 1995ൽ വഖ്ഫ് നിയമം മുസ്ലീങ്ങൾക്ക് കൂടുതൽ അനുകൂലമാക്കി. വഖ്ഫ് കൗൺസിൽ, സംസ്ഥാന വഖ്ഫ് ബോർഡുകൾ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ അധികാരവും മുത്തവല്ലിയുടെ കടമകളും വ്യവസ്ഥ ചെയ്യുന്ന 1995ലെ നിയമം, സിവിൽ കോടതിക്ക് പകരം വഖ്ഫ് ട്രൈബ്യൂണലുകൾ സ്ഥാപിച്ചു. ട്രൈബ്യൂണലുകളുടെ തീരുമാനങ്ങൾ ഒരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ ചെയ്തു. 2013ൽ വീണ്ടും നിയമം ഭേദഗതി ചെയ്ത് വഖ്ഫ് ബോർഡിന് അനിയന്ത്രിതമായ അധികാരങ്ങൾ നൽകി. അതാണ് ഇപ്പോഴത്തെ പ്രശ്നം.

വഖ്ഫ് നിയമത്തിലെ സെക്ഷൻ 40 അനുസരിച്ച് ആരുടെയെങ്കിലും സ്വത്ത് വഖ്ഫ് സ്വത്താണെന്ന് ബോർഡിനു തോന്നുന്ന പക്ഷം അങ്ങനെ പ്രഖ്യാപിക്കുന്നതിനും അത് ഏറ്റെടുക്കുന്നതിനും ബോർഡിന് അധികാരമുണ്ട്. തർക്കമുണ്ടെങ്കിൽ വഖഫ് ട്രൈബ്യൂണലിനെ സമീപിക്കാം. ട്രൈബ്യൂണലിന്റെ വിധി അന്തിമമാണ്; സുപ്രീം കോടതിയിൽ പോലും ചോദ്യം ചെയ്യാനാവില്ല. ഈ വ്യവസ്ഥ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടു. ഇത് വളരെയധികം വ്യവഹാരങ്ങൾക്ക് മാത്രമല്ല, സമൂഹിക സംഘർഷങ്ങൾക്കും കാരണമായി. മുനമ്പത്തെ 400 ഏക്കർ ഭൂമി തന്നെ ഉദാഹരണം.

കൂടാതെ, ലിമിറ്റേഷൻ ആക്ട് ഇതിനു ബാധകമല്ല. സാധാരണഗതിയിൽ 12 വർഷം കഴിഞ്ഞാൽ സ്വത്ത് കൈവശക്കാരന്റേതാകും. അതിനുള്ളിൽ ചോദ്യം ചെയ്തില്ലെങ്കിൽ ഉടമയ്ക്ക് അതിന്റേമേൽ അവകാശം ഇല്ലാതാകും. വഖ്ഫ് ബോർഡിന് ഇത് ബാധകമല്ല. നൂറ്റാണ്ടുകൾക്ക് മുമ്പ് ഏതെങ്കിലും മുസ്ലീം ഭരണാധികാരി നൽകിയതായി പറയപ്പെടുന്ന ഭൂമിക്കുമേൽ പോലും ഇപ്പോൾ അവകാശവാദം ഉന്നയിക്കാൻ കഴിയുന്നു. വഖ്ഫ് ബോർഡ് അവകാശപ്പെടുന്ന ഭൂമി പലകുറി കൈമറിഞ്ഞ് മുസ്ലീമുകളുടെ മാത്രമല്ല അമുസ്ലീമുകളുടെ പോലും കൈകളിൽ എത്തിയിട്ടുണ്ടാകാം. അതിനാൽ നിയമം മുസ്ലീമുകൾ അല്ലാത്തവരെയും ബാധിക്കുന്നു. മറ്റൊരു പ്രശ്നം, സ്വന്തമല്ലാത്ത സ്വത്തുക്കളും വഖഫ് ആക്കാൻ സാധിക്കും എന്നതാണ്. വാടകക്കാരന് വാടകവീട് വഖ്ഫിന് നാൽകാം. ഉടമ അറിയുക അത് വിൽക്കാനോ കരമടയ്ക്കാനോ ചെല്ലുമ്പോൾ മാത്രമാകും. അമുസ്ലീമുകൾക്കും സ്വത്തുക്കൾ വഖ്ഫിന് ദാനം ചെയ്യാം. ഇത്തരം ഭരണഘടനാ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് പുതിയ ഭേദഗതി കൊണ്ടുവന്നത്.

പുതിയ നിയമം അനുസരിച്ച് കുറഞ്ഞത് അഞ്ച് വർഷമെങ്കിലും ഇസ്ലാം ആചരിക്കുന്ന ഒരാൾക്ക് മാത്രമേ വഖഫ് ചെയ്യാൻ കഴിയൂ. പ്രഖ്യാപിക്കുന്ന സ്വത്ത് ആ വ്യക്തിയുടെ സ്വന്തമായിരിക്കുകയും വേണം. ഉപയോക്താവിന് വഖഫ് ചെയ്യാൻ കഴിയില്ല. ദാതാവിന്റെ സ്ത്രീകൾ അടക്കമുള്ള അവകാശിക്ക് അനന്തരാവകാശം നിഷേധിക്കാൻ കാരണമാകരുതെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ട്രൈബ്യൂണലിന്റെ വിധി അന്തിമമായിരിക്കില്ല, ഉയർന്ന കടതിയെ സമീപിക്കാം.

പക്ഷേ, പ്രതിപക്ഷവും ചില മുസ്ലീം സംഘടനകളും അടിച്ചുവിടുന്ന നുണ, മുസ്ലീമുകളുടെ സ്വത്തുക്കൾ അടിച്ചുമാറ്റാനുള്ള നീക്കമാണെന്നാണ്. ഒരു വഖ്ഫ് ഭൂമിയും ആരും കൊണ്ടുപോകുകയില്ല. തർക്കമുള്ള സ്വത്തുക്കളുടെ കാര്യത്തിൽ പരിഹാരത്തിന് മെച്ചപ്പെട്ട സംവിധാനമുണ്ടായി എന്നതാണ് മാറ്റം. ബോർഡ് കണ്ണുവയ്ക്കുന്ന സ്വത്തെല്ലാം ആരും അറിയാതെ സ്വന്തമാക്കാനുമാവില്ല.

മോദി സർക്കാർ തുടക്കം മുതൽ തന്നെ ന്യൂനപക്ഷങ്ങളെ ആക്രമിച്ചുവരികയാണത്രെ. സിഖുകാരും ക്രിസ്ത്യാനികളും ദലിതരും വിവേചനത്തിനു പാത്രമാണെങ്കിലും ഭരണകർത്താക്കളുടെ പ്രധാന ലക്ഷ്യം മുസ്ലീങ്ങളാണത്രെ. ഇതുവരെ മുസ്ലീമുകൾക്കെതിരായ ആക്രമണങ്ങളിൽ ഭൂരിഭാഗവും സ്റ്റേറ്റ് സ്പോൺസർ ചെയ്ത ജനക്കൂട്ടങ്ങളിൽ നിന്നാണ് ഉണ്ടായത്, എന്നാൽ ഇപ്പോൾ മുസ്ലീങ്ങളെ ലക്ഷ്യമിടുന്നതിൽ ഭരണകൂടം നേരിട്ടുള്ള കക്ഷിയായി മാറിയിരിക്കുന്നു. സുപ്രീം കോടതിയുടെ വിലക്കുണ്ടായിട്ടും സംസ്ഥാന സർക്കാരുകൾ മുസ്ലീം വീടുകളും കടകളും പ്രതികാര നടപടിയായി തകർത്തത് ഉദാഹരണം. പ്രത്യയശാസ്ത്രപരമായി നയിക്കപ്പെടുന്ന ഭരണസംവിധാനം ഹിന്ദു സ്ത്രീകളുടെ പുരോഗതിയെ അട്ടിമറിക്കാൻ പുരുഷാധിപത്യ പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും ആശ്രയിക്കുമ്പോൾത്തന്നെ, മുസ്ലീം സ്ത്രീകളുടെ രക്ഷകയായി ചമയുന്നു....

പുതിയ വഖഫ് നിയമം കേരളത്തിൽ സമുദായ സംഘർത്തിലേക്ക് വഴിതെളിച്ചു എന്നതാണ് സത്യം. നിയമഭേദഗതിക്ക് കത്തോലിക്കാ മെത്രാന്മാർ നൽകിയ പിന്തുണയാണ് അതിനു കാരണം. അവർ പിന്തുണയ്ക്കാൻ കാരണം മുനമ്പത്തെ ഭൂമിപ്രശ്നത്തിന് സഹായകമാകും എന്നതാണ്. രാജഭരണകാലത്ത് ഒരു സേട്ടുവിന് കൃഷി ചെയ്യാനായി പാട്ടിത്തിനു നൽകിയ ഭൂമി അയാൾ ഫറൂക്ക് കോളജിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വിൽക്കുന്നു. വഖ്ഫ് ചെയ്യുകയായിരുന്നു എന്നാണ് അവകാശവാദം. അവിടുത്തെ താമസക്കാരെ ഒഴിപ്പിക്കാൻ കഴിയില്ലെന്നു ബോദ്ധ്യമായപ്പോൾ കോളജ് ആ ഭൂമി താമസക്കാർക്കുതന്നെ വിറ്റ് പണം വിദ്യാഭാസ ആവശ്യത്തിന് ഉപയോഗിച്ചു. താമസക്കാർ പണംകൊടുത്ത് തീറു വാങ്ങി കരമടച്ച ഭൂമി വഖഫ് ആണെന്നും സ്വന്തമാണെന്നുമുള്ള കേരള വഖ്ഫ് ബോർഡിന്റെ അവകാശവാദത്തിനെതിരെ ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലീമുകളും അടങ്ങുന്ന താമസക്കാർ സമരം ചെയ്തുവരികയാണ്. അത് വഖഫ് ഭൂമിയല്ലെന്ന് മുസ്ലീം ലീഗും കോൺഗ്രസും അടക്കമുള്ള കക്ഷികൾ ആണയിടുമ്പോഴും അവകാശവാദം ഉപേക്ഷിക്കാൻ ബോർഡോ മറ്റ് മുസ്ലീം സംഘടനകളോ തയ്യാറല്ല. ഈ സാഹചര്യത്തിലാണ് കത്തോലിക്കാ മെത്രാന്മാർ സമരത്തിന് പിന്തുണ നൽകുകയും പുതിയ ബില്ലിനെ എതിർക്കരുതെന്ന് യുഡിഎഫ് എംപിമാരെ ആഹ്വാനം ചെയ്യുകയും ചെയ്തത്.

ഒരു കാര്യം തീർച്ച, വഖ്ഫ് വിഷയം കേരളത്തിലെ സാമൂഹ്യ, രാഷ്ട്രീയ രംഗം കലക്കിമറിക്കുകയാണ്. വഖഫ് സ്വത്തുക്കളേക്കാൾ സ്വത്ത് കത്തോലിക്കാ സഭയ്ക്കുണ്ടെന്നും, ഇന്ന് മുസ്ലീം ഭൂമിയിൽ കൈ വയ്ക്കുന്ന സംഘ്പരിവാർ നാളെ കത്തോലിക്കരുടെ സ്വത്ത് തേടിയെത്തുമെന്നും മുസ്ലീമുകൾ മുന്നറിയ്പ്പ് നൽകുന്നു. ക്രൈസ്തവരുടെ സ്വത്ത് നിയന്ത്രിക്കാൻ ചർച്ച് ആക്ട് കൊണ്ടുവരണമെന്ന ആവശ്യവും ഉന്നയിക്കുന്നുണ്ട്. ഒരു മതവിശ്വാസിക്കും സമാധാനത്തോടെ ജീവിക്കാൻ കഴിയാത്ത അവസ്ഥ ഇനിയും ഇന്ത്യയിൽ ഉണ്ടായിട്ടില്ല. ഉടനെങ്ങും അങ്ങനെ ഒരവസ്ഥ വരുമെന്നും കരുതേണ്ടതില്ല. അതാണ് സത്യം.



യുഎസ് ഉൽപ്പന്നങ്ങൾക്ക് യൂറോപ്യൻ യൂണിയൻ 28 ബില്യൺ ഡോളർ പ്രതികാര തീരുവ ചുമത്തും



ലണ്ടൻ: യൂറോപ്യൻ യൂണിയൻ അമേരിക്കയ്ക്ക് പ്രതികാര തീരുവ ചുമത്താൻ ഒരുങ്ങുന്നു. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ താരിഫുകൾക്കെതിരെ കാനഡയും ചൈനയും ആരംഭിച്ച പോരാട്ടത്തിനൊപ്പം യൂറോപ്യൻ യൂണിയനും ചേരുകയാണെന്ന് ഉറപ്പാക്കുന്നതാണ് ഈ നീക്കം.

27 രാജ്യങ്ങളുള്ള ഇ.യു കൂട്ടായ്മ ബുധനാഴ്ച മുതൽ സ്റ്റീൽ, അലുമിനിയം, കാറുകൾ എന്നിവയ്ക്ക് 25 ശതമാനം ഇറക്കുമതി തീരുവയും മറ്റ് എല്ലാ ഉൽപ്പന്നങ്ങൾക്കും 20 ശതമാനം 'പരസ്പര' തീരുവയും നേരിടുന്നു. പ്രസിഡന്റ് ട്രംപിന്റെ താരിഫുകൾ കഴിഞ്ഞ വർഷം മൊത്തം 532 ബില്യൺ യൂറോ (585 ബില്യൺ ഡോളർ) വിലമതിക്കുന്ന അമേരിക്കയിലേക്കുള്ള ഇ.യു കയറ്റുമതിയുടെ 70 ശതമാനത്തെയും ബാധിക്കും. ഇതിനു പുറമെ ചെമ്പ്, ഫാർമസ്യൂട്ടിക്കൽസ്, സെമികണ്ടക്ടറുകൾ, തടി എന്നിവയ്ക്കുള്ള തീരുവ ചുമത്താനുണ്ട്.

മാർച്ചിൽ ട്രംപ് സ്റ്റീൽ, അലുമിനിയം ഇറക്കുമതിയിൽ 25 ശതമാനം തീരുവ ചുമത്തിയപ്പോൾ, ഇ.യു 'കണ്ണിന് കണ്ണ് ' എന്ന സമീപനം തീരുമാനിച്ചുകൊണ്ട് തിരിച്ചും അതേ നിരക്കിൽ പ്രതികാരച്ചുങ്കം ഏർപ്പെടുത്തി.

'ഞങ്ങൾക്കു ബാധിക്കുന്നതുപോലെ അമേരിക്കയ്ക്കു വേദനിക്കുന്ന മേഖലകളിൽ ഞങ്ങളും പ്രതികരിക്കും,' ഒരു മുതിർന്ന ഇ.യു ഉദ്യോഗസ്ഥൻ പറഞ്ഞു. ട്രംപിന്റെ അജണ്ട കോൺഗ്രസിൽ മുന്നോട്ട് കൊണ്ടുപോകുന്ന യുഎസ് സ്പീക്കർ മൈക്ക് ജോൺസന്റെ ജന്മനാടായ ലൂസിയാന പോലെയുള്ള രാഷ്ട്രീയമായി പ്രധാനപ്പെട്ട യുഎസ് സംസ്ഥാനങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന സോയാബീൻ ഉൾപ്പെടെയുള്ള സാധനങ്ങൾ ആണ് യൂറോപ്യൻ യൂണിയൻ അധിക തീരുവയ്ക്കായി ലക്ഷ്യമിടുന്നതെന്ന് ഉദ്യോഗസ്ഥർ മുമ്പ് പറഞ്ഞിരുന്നു.

ഭാവിയിൽ യുഎസിനും യൂറോപ്പിനും 'വളരെ അടുത്തതും ശക്തവുമായ ഒരു പങ്കാളിത്തം' സൃഷ്ടിക്കാനും 'സീറോ താരിഫ് സോൺ' കൈവരിക്കാനും കഴിയുമെന്ന് താൻ പ്രതീക്ഷിക്കുന്നു എന്നാണ് പ്രസിഡന്റ് ട്രംപിന്റെ ഏറ്റവും അടുത്ത ഉപദേഷ്ടാക്കളിൽ ഒരാളായ കോടീശ്വരൻ എലോൺ മസ്ക് ശനിയാഴ്ച ഇറ്റലി ലീഗ് നേതാവ് മാറ്റിയോ സാൽവിനിയോട് പറഞ്ഞത്.

ഫ്ളോറൻസിൽ നടന്ന ലീഗ് കോൺഗ്രസിനിടെ ഒരു വീഡിയോ കോൺഫറൻസിലാണ് മസ്ക് സാൽവിനിയുമായി സംസാരിച്ചത്. തീവ്ര വലതുപക്ഷ, കുടിയേറ്റ വിരുദ്ധ ലീഗ് പാർട്ടിയുടെ നേതാവും പ്രധാന മന്ത്രി ജോർജിയ മെലോണി നയിക്കുന്ന ഇറ്റാലിയൻ യാഥാസ്ഥിതിക സർക്കാരിന്റെ ഉപ പ്രധാനമന്ത്രിയുമാണ് സാൽവിനി.

യൂറോപ്യൻ യൂണിയൻ വ്യാപാര നയം ഏകോപിപ്പിക്കുന്ന യൂറോപ്യൻ കമ്മീഷൻ, ട്രംപിന്റെ സ്റ്റീൽ, അലുമിനിയം താരിഫുകൾക്ക് മറുപടിയായി അധിക തീരുവ ചുമത്തേണ്ട യുഎസ് ഉൽപ്പന്നങ്ങളുടെ പട്ടിക തിങ്കളാഴ്ച വൈകുന്നേരം അംഗങ്ങൾക്ക് നിർദ്ദേശിക്കും.

യുഎസ് മാംസം, ധാന്യങ്ങൾ, വൈൻ, മരം, വസ്ത്രങ്ങൾ, ച്യൂയിംഗ് ഗം, ഡെന്റൽ ഫ്ലോസ്, വാക്വം ക്ലീനർ, ടോയ്ലറ്റ് പേപ്പർ എന്നിവയും ഇതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ബ്ലോക്കിൽ കൂടുതൽ ശ്രദ്ധ നേടുകയും അഭിപ്രായവ്യത്യാസം തുറന്നുകാട്ടുകയും ചെയ്ത ഒരു ഉൽപ്പന്നം ബോർബൺ ആണ്. കമ്മീഷൻ 50 ശതമാനം താരിഫ് നീക്കിവച്ചിട്ടുണ്ട്. ബ്ലോക്ക് മന്നോട്ട് പോയാൽ ലഹരിപാനീയങ്ങൾക്ക് യൂറോപ്യൻ യൂണിയന് 200 ശതമാനം പ്രതികാര താരിഫ് ഏർപ്പെടുത്തുമെന്ന ഭീഷണി ട്രംപും നൽകിയിട്ടുണ്ട്.

വൈൻ കയറ്റുമതിക്കാരായ ഫ്രാൻസും ഇറ്റലിയും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.

പ്രാരംഭ യൂറോപ്യൻ യൂണിയൻ പ്രതികാര താരിഫുകൾ ബുധനാഴ്ച വോട്ടിനിടും, യൂറോപ്യൻ യൂണിയനിലെ ജനസംഖ്യയുടെ 65 ശതമാനത്തെ പ്രതിനിധീകരിക്കുന്ന 15 യൂറോപ്യൻ യൂണിയൻ അംഗങ്ങളിൽ യോഗ്യതയുള്ള ഭൂരിപക്ഷം എതിർക്കുന്നില്ലെങ്കിൽ അവ അംഗീകരിക്കപ്പെടും.

അവ രണ്ട് ഘട്ടങ്ങളിലായി പ്രാബല്യത്തിൽ വരും. ഒരു ചെറിയ ഭാഗം ഏപ്രിൽ 15 നും ബാക്കിയുള്ളത് ഒരു മാസത്തിനു ശേഷവും.

യുഎസും യൂറോപ്പും തമ്മിൽ തുറന്ന വ്യാപാര ബന്ധം ഉണ്ടാവണമെന്ന് മസ്ക്



വാഷിംഗ്ടൺ: ഭാവിയിൽ അമേരിക്കയും യൂറോപ്പും തമ്മിൽ പൂർണ സ്വാതന്ത്ര്യത്തോടെയുള്ള വ്യാപാര ബന്ധം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നതായി യു.എസ് ടെക് ബില്യണയർ ഇലോൺ മസ്ക്. യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് വ്യാപാര പങ്കാളികൾക്ക് താരിഫ് പ്രഖ്യാപിച്ച് ദിവസങ്ങൾക്കകം ആണ് പ്രസ്താവന.

ട്രംപ് പ്രഖ്യാപിച്ച പദ്ധതികൾ പ്രകാരം അമേരിക്കയുമായി വലിയ വ്യാപാര ബന്ധമുള്ള ഇറ്റലിയും മറ്റ് യൂറോപ്യൻ യൂനിയൻ രാജ്യങ്ങളും 20 ശതമാനം പൊതു താരിഫിന് വിധേയമാകും. യു. എസ് സർക്കാറിന്റെ പൊതുചെലവ് വെട്ടിക്കുറക്കുന്നതിനായി പ്രവർത്തിക്കുന്ന ട്രംപ് ഉപദേഷ്ടാവായ മസ്ക്, ഇറ്റലിയിലെ വലതുപക്ഷ പാർട്ടിയുടെ കോൺഗ്രസിൽ ഓൺലൈൻ വഴി സംസാരിക്കവെയാണ് ഇക്കാര്യം പറഞ്ഞത്.

'എന്റെ കാഴ്ചപ്പാടിൽ യൂറോപ്പും അമേരിക്കയും ഒരു സീറോ താരിഫ് സാഹചര്യത്തിലേക്ക് നീങ്ങണം, യൂറോപ്പിനും വടക്കേ അമേരിക്കക്കും ഇടയിൽ ഒരു സ്വതന്ത്ര വ്യാപാര മേഖല ഫലപ്രദമായി സൃഷ്ടിക്കണം' മസ്ക് പറഞ്ഞു.

'ആളുകൾ യൂറോപ്പിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ അല്ലെങ്കിൽ വടക്കേ അമേരിക്കയിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ അഭിപ്രായത്തിൽ അവരെ അങ്ങനെ ചെയ്യാൻ അനുവദിക്കണം' മസ്ക് പറഞ്ഞു. ഇത് തീർച്ചയായും പ്രസിഡന്റിനുള്ള എന്റെ ഉപദേശമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇറ്റലിയുടെ വലതുപക്ഷ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായും അവരുടെ ബ്രദേഴ്സ് ഓഫ് ഇറ്റലി പാർട്ടിയുമായും മുൻകാലങ്ങളിൽ അടുത്ത ബന്ധം പുലർത്തിയിരുന്ന മസ്ക്, ഇറ്റാലിയൻ വലതുപക്ഷ നേതാവ് സാൽവിനിയുടെ ലീഗിനും പിന്തുണ അറിയിച്ചിട്ടുണ്ട്.

ക്രമസമാധാനം, നികുതി ഇളവുകൾ, ക്രമരഹിതമായ കുടിയേറ്റത്തിനെതിരെ കർശന നടപടി എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഒരു തീവ്ര വലതുപക്ഷ അജണ്ടയാണ് ഇരു ഗ്രൂപുകൾക്കുള്ളത്. സാറ്റലൈറ്റ് ആശയവിനിമയത്തിനുള്ള സംവിധാനം ലഭിക്കുന്നതിന് ഇറ്റലി തന്റെ സ്റ്റാർലിങ്ക് കമ്പനിയെ തിരഞ്ഞെടുക്കണമെന്ന് ലീഗ് മേധാവി സാൽവിനിയോട് കഴിഞ്ഞ മാസം മസ്ക് അഭ്യർഥിച്ചിരുന്നു.

ആഗോളവത്ക്കരണം അവസാനിപ്പിക്കാനുള്ള പ്രഖ്യാപനവുമായി യുകെ പ്രധാനമന്ത്രി



ലണ്ടൻ: താരിഫുകളും 'അമേരിക്ക ഫസ്റ്റ്' നയവും പോലുള്ള യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നടപടികളെ തുടർന്ന് ആഗോളവൽക്കരണ യുഗം അവസാനിച്ചുവെന്ന് പ്രഖ്യാപിച്ച് യു കെ പ്രധാന മന്ത്രി കെയർ സ്റ്റാർമർ പ്രസംഗം നടത്തിയേക്കും.

1991ൽ സോവിയറ്റ് യൂണിയന്റെ പതനത്തോടെ ആരംഭിച്ച ആഗോളവൽക്കരണം ട്രംപിന്റെ അഭൂതപൂർവമായ 10 ശതമാനം 'അടിസ്ഥാന' താരിഫുകൾ ആഗോള വിപണികളെ അനിശ്ചിതത്വത്തിലേക്ക് തള്ളിവിട്ടതിനാൽ ദശലക്ഷക്കണക്കിന് വോട്ടർമാരെ നിരാശരാക്കിയിട്ടുണ്ടെന്ന് യു കെ പ്രധാന മന്ത്രി പ്രഖ്യാപിക്കാൻ ഒരുങ്ങുകയാണെന്ന് ടൈംസ് റിപ്പോർട്ട് ചെയ്തു.

ടൈംസിന്റെ റിപ്പോർട്ട് അനുസരിച്ച് സാമ്പത്തിക ദേശീയതയിലുള്ള യു എസിന്റെ ശ്രദ്ധ മനസ്സിലാക്കുന്ന കാര്യവും സ്റ്റാർമർ വ്യക്തമാക്കിയേക്കും.

മുതിർന്ന യു കെ ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് ഔട്ട്ലെറ്റ് റിപ്പോർട്ട് ചെയ്തത് ട്രംപിന്റെ തീവ്രമായ നടപടികളോട് സ്റ്റാർമർ ഭരണകൂടം യോജിക്കുന്നില്ലെങ്കിലും പുതിയ യുഗം ആരംഭിച്ചുവെന്ന് സമ്മതിക്കുന്നുണ്ട്. പലരും യു എസ് പ്രസിഡന്റിന്റെ സമീപനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

ആഗോളവൽക്കരണം ധാരാളം തൊഴിലാളികൾക്ക് ഫലപ്രദമല്ലെന്നും വ്യാപാര യുദ്ധങ്ങളാണ് ഉത്തരമെന്ന് തങ്ങൾ വിശ്വസിക്കുന്നില്ലെന്നും വ്യത്യസ്തമായ വഴിയുണ്ടെന്ന് കാണിക്കാനുള്ള അവസരമാണിതെന്നും സ്റ്റാർമർ പറഞ്ഞതായി ടൈംസ് റിപ്പോർട്ട് ചെയ്തു.

ട്രംപ് വ്യാപാര തടസ്സങ്ങൾ നീക്കാൻ നീങ്ങുമ്പോൾ ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനും വിതരണ പരിഷ്കാരങ്ങളിലൂടെ ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിനും രാജ്യങ്ങൾ ശ്രദ്ധിക്കുമെന്ന് സ്റ്റാർമർ പറഞ്ഞതായി ദി ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

സ്റ്റാർമറിന്റെ വീക്ഷണവുമായി യോജിക്കുന്ന തരത്തിലാണ് എച്ച് എസ് ബി സി മേധാവി സർ മാർക്ക് ടക്കറും സമാനമായ വികാരം പങ്കുവെച്ചത്.

കഴിഞ്ഞ മാസം ഹോങ്കോങ്ങിൽ നടന്ന ബാങ്കിന്റെ ആഗോള നിക്ഷേപ ഉച്ചകോടിയെ അഭിസംബോധന ചെയ്തുകൊണ്ട് വർദ്ധിച്ചുവരുന്ന ആഗോള പിരിമുറുക്കങ്ങൾക്കും ട്രംപിന്റെ ആക്രമണാത്മക വ്യാപാര നയങ്ങൾക്കും ഇടയിൽ ലോകം ചെറിയ പ്രാദേശിക ബ്ലോക്കുകളോ ക്ലസ്റ്ററുകളോ ആയി വിഭജിക്കാൻ സാധ്യതയുണ്ടെന്ന് സർ ടക്കർ പ്രവചിച്ചു. അവിടെ ശക്തമായ വ്യാപാര ബന്ധങ്ങൾ ഉയർന്നുവന്നേക്കാമെന്നും ദി ഫിനാൻഷ്യൽ ടൈംസ് റിപ്പോർട്ട് ചെയ്തു.

ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ഏപ്രിൽ 2ന് ട്രംപ്, യു എസ് ഇറക്കുമതികൾക്ക് ഉയർന്ന താരിഫും 10 ശതമാനം അടിസ്ഥാന താരിഫും ചുമത്തുന്ന രാജ്യങ്ങൾക്ക് 'പരസ്പര' താരിഫ് പ്രഖ്യാപിച്ചു.

2025 ഏപ്രിൽ 2, അമേരിക്കൻ വ്യവസായം പുനർജനിച്ച ദിവസമായും അമേരിക്കയുടെ വിധി തിരിച്ചുപിടിച്ച ദിവസമായും അമേരിക്കയെ വീണ്ടും സമ്പന്നമാക്കാൻ തുടങ്ങിയ ദിവസമായും എന്നേക്കുമായി ഓർമ്മിക്കപ്പെടുമെന്നും ട്രംപ് തുടർന്നു.

പ്രതികാര താരിഫുകൾ ഉപയോഗിച്ച് യൂറോപ്യൻ യൂണിയൻ പ്രതികരിച്ചപ്പോഴും യു കെ 'പ്രായോഗിക സമീപനം' സ്വീകരിച്ചു 10 ശതമാനം അടിസ്ഥാന താരിഫ് മാത്രം നേരിട്ടു നിന്നു.



യുഎസിന് ചൈനയുടെ 34 ശതമാനം അധിക നികുതി

ബീജിംഗ്: യു എസ് ഉത്പന്നങ്ങൾക്ക് 34 ശതമാനം അധിക നികുതി ഏർപ്പെടുത്താൻ ചൈന. അമേരിക്ക ചൈനീസ് ഉൽപ്പന്നങ്ങൾക്ക് കനത്ത നികുതികൾ ഏർപ്പെടുത്തിയതിന് പിന്നാലെയാണ് ചൈനയുടെ നീക്കം. ഏപ്രിൽ 10 മുതൽ യു എസിൽ നിന്നുള്ള എല്ലാ ഇറക്കുമതികളും 34 ശതമാനം അധിക നികുതി ഏർപ്പെടുത്തുമെന്നാണ് ചൈനയുടെ ധനമന്ത്രാലയം പ്രഖ്യാപിച്ചത്.

ചൈനീസ് വാണിജ്യമന്ത്രാലയം ഗാഡൊലിനിയം, ഇറ്റ്ട്രിയം ഉൾപ്പെടെ ഏഴ് അപൂർവ ധാതുക്കളുടെ കയറ്റുമതിയ്ക്ക് നിയന്ത്രണങ്ങളും ഏർപ്പെടുത്തി.

തങ്ങളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കാൻ 'പ്രതികാരനടപടികൾ' സ്വീകരിക്കുമെന്ന് ചൈന പ്രഖ്യാപിച്ചു. കൂടാതെ, ഈ നികുതികൾക്കെതിരെ ലോക വ്യാപാര സംഘടനയിൽ കേസ് നൽകുമെന്നും മന്ത്രാലയം വ്യക്തമാക്കി.

യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഈ ആഴ്ച ലോകത്താകമാനമുള്ള ഇറക്കുമതികൾക്ക് 10 ശതമാനം നികുതി ഏർപ്പെടുത്തുകയും പ്രധാന വ്യാപാര പങ്കാളികൾക്ക് അതിലധികം കനത്ത നികുതികൾ ബാധകമാക്കുകയും ചെയ്തു.

ചൈന അമേരിക്കയുടെ പ്രധാന വ്യാപാര പങ്കാളികളിലൊന്നായതിനാൽ, ട്രംപ് ചൈനീസ് ഉൽപ്പന്നങ്ങൾക്ക് 34 ശതമാനം അധിക നികുതി പ്രഖ്യാപിച്ചത് വലിയ ആഘാതം സൃഷ്ടിച്ചിട്ടുണ്ട്.

താരിഫ് ആയുധമാക്കുന്നത് നിർത്തണം: യുഎസിനോട് ചൈന

ബീജിങ്: തീരുവകളെ ആയുധമാക്കുന്നത് യു.എസ് നിർത്തണമെന്ന് ചൈന. ചൈനീസ് വാർത്ത ഏജൻസിയാണ് ഇക്കാര്യത്തിലെ സർക്കാറിന്റെ നിലപാട് അറിയിച്ചത്. തീരുവയെ ചൈനീസ് സമ്പദ്വ്യവസ്ഥയേയും വ്യാപാരത്തേയും തകർക്കാനുള്ള ആയുധമാക്കി ഉപയോഗിക്കരുതെന്നും ചൈന ആവശ്യപ്പെട്ടു.

കഴിഞ്ഞ ദിവസം ചൈനീസ് വിദേശകാര്യമന്ത്രാലയം വക്താവ് ഗുവോ ജിയാക്കുൻ ഇക്കാര്യത്തിൽ പ്രതികരിച്ചിരുന്നു. തീരുവയുണ്ടാക്കുന്ന പ്രശ്നങ്ങളെ കുറിച്ച് വിപണി സംസാരിക്കുമെന്നായിരുന്നു വിദേശകാര്യമന്ത്രാലയം വക്താവ് പറഞ്ഞിരുന്നു. യു.എസ് വിപണിയെ തകർച്ചയുടെ ചിത്രങ്ങളും അദ്ദേഹം പങ്കുവെച്ചിരുന്നു.

അമേരിക്ക പ്രഖ്യാപിച്ച പകരച്ചുങ്കത്തിന് തിരിച്ചടിയുമായി ചൈന രംഗത്തെത്തിയിരുന്നു. അടുത്ത വ്യാഴാഴ്ച മുതൽ അമേരിക്കൻ ഉൽപന്നങ്ങൾക്ക് 34 ശതമാനം അധിക തീരുവ ചുമത്താനാണ് ചൈനയുടെ തീരുമാനം. കഴിഞ്ഞ ദിവസം ചൈനക്കെതിരെ ട്രംപ് പ്രഖ്യാപിച്ച തീരുവയുടെ അതേ തോതിലാണ് തിരിച്ചടി.

അമേരിക്കൻ ഉൽപന്നങ്ങൾക്ക് ചൈന 67 ശതമാനം തീരുവ ചുമത്തുന്നുവെന്ന് ചൂണ്ടിക്കാട്ടിയാണ് കഴിഞ്ഞ ദിവസം ട്രംപ് 34 ശതമാനം പകരച്ചുങ്കം പ്രഖ്യാപിച്ചത്. കഴിഞ്ഞ മാസം ചുമത്തിയ 20 ശതമാനം കൂടിയാകുമ്പോൾ തീരുവ 54 ശതമാനമായി.

ഇലക്ട്രോണിക്സ് നിർമാണ രംഗത്ത് അനിവാര്യമായ ഏഴ് അപൂർവ ധാതുക്കളുടെ കയറ്റുമതിക്ക് നിയന്ത്രണം ഏർപ്പെടുത്താനും ചൈന തീരുമാനിച്ചു. ചൈനയുടെ ദേശീയ സുരക്ഷക്കും താൽപര്യങ്ങൾക്കും വെല്ലുവിളിയെന്ന് ചൂണ്ടിക്കാട്ടി 16 അമേരിക്കൻ സ്ഥാപനങ്ങളെ കയറ്റുമതി നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു.



ടിക് ടോക്കിന്റെ സമയപരിധി 75 ദിവസം കൂടി നീട്ടി നൽകി ട്രംപ്



വാഷിംഗ്ടൺ: ചൈനീസ് സോഷ്യൻ മീഡിയ പ്ലാറ്റ് ഫോം ആയ ടിക് ടോക്കിന് 75 ദിവസം കൂടി യുഎസിൽ പ്രവർത്തിക്കുന്നതിന് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സമയം നീട്ടി നൽകി. 'ടിക് ടോക്കിനെ രക്ഷിക്കാനുള്ള' ഒരു കരാറിൽ തന്റെ ഭരണകൂടം പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തിക്കൊണ്ടാണ് വെള്ളിയാഴ്ച ചൈനീസ് ആപ്പിന് സമയം നീട്ടിനൽകിയത്.

ടിക് ടോക്കിനെ രക്ഷിക്കാനുള്ള ഒരു കരാറിൽ എന്റെ ഭരണകൂടം വളരെയധികം കഠിനാധ്വാനം ചെയ്തുവരുന്നു, ഞങ്ങൾ വളരെയധികം പുരോഗതി കൈവരിച്ചു. ആവശ്യമായ എല്ലാ അംഗീകാരങ്ങളും ഒപ്പുവെച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കരാറിൽ കൂടുതൽ പരിശ്രമം ആവശ്യമാണ്, അതുകൊണ്ടാണ് ടിക് ടോക്ക് 75 ദിവസത്തേക്ക് കൂടി പ്രവർത്തിപ്പിക്കാൻ ഒരു എക്സിക്യൂട്ടീവ് ഉത്തരവിൽ ഞാൻ ഒപ്പുവയ്ക്കുന്നത്' ട്രംപ് തന്റെ ട്രൂത്ത് സോഷ്യൽ പോസ്റ്റിൽ പറഞ്ഞു.

യുഎസിന്റെ പരസ്പര താരിഫുകളിൽ ചൈനയ്ക്ക് അതൃപ്തിയുണ്ടെന്ന് അംഗീകരിച്ചുകൊണ്ട് ചൈനയുമായുള്ള ചർച്ചകൾ നല്ല വിശ്വാസത്തിൽ തുടരുമെന്ന് പ്രതീക്ഷിക്കുന്നതായി ട്രംപ് പറഞ്ഞു. എന്നാൽ ന്യായമായ വ്യാപാരത്തിന് താരിഫ് വർധനവ് അത്യാവശ്യമാണെന്ന് ട്രംപ് ന്യായീകരിക്കുകയും ചെയ്തു. 'ചൈനയുമായി നല്ല വിശ്വാസത്തോടെ പ്രവർത്തിക്കുന്നത് തുടരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു, ഞങ്ങളുടെ പരസ്പര താരിഫുകളിൽ അവർ അത്ര സന്തുഷ്ടരല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. താരിഫുകൾ ഏറ്റവും ശക്തമായ സാമ്പത്തിക ഉപകരണമാണെന്നും നമ്മുടെ ദേശീയ സുരക്ഷയ്ക്ക് വളരെ പ്രധാനമാണെന്നും ഇത് തെളിയിക്കുന്നു! ടിക് ടോക്ക് ഇല്ലാതാക്കാൻ നമ്മൾ ആഗ്രഹിക്കുന്നില്ല. കരാർ അവസാനിപ്പിക്കാൻ ടിക് ടോക്കും ചൈനയുമായി പ്രവർത്തിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ നിങ്ങളുടെ ശ്രദ്ധയ്ക്ക് നന്ദി,' പോസ്റ്റ് കൂട്ടിച്ചേർത്തു.

ചൈനീസ് ഉടമസ്ഥതയിലുള്ള ടിക് ടോക്കിന്റെ യുഎസ് പ്രവർത്തനാധികാരം യുഎസ് കമ്പനിക്ക് വിൽക്കുന്നതിനുള്ള കരാറിലാണ് ട്രംപ് ഭരണകൂടം പ്രവർത്തിക്കുന്നത്.

എന്നാൽ ട്രംപിന്റെ താരിഫ് പ്രഖ്യാപനത്തെത്തുടർന്ന് കരാർ അംഗീകരിക്കില്ലെന്ന് ഈ ആഴ്ച ചൈന സൂചിപ്പിച്ചതിനെത്തുടർന്ന് ടിക് ടോക്കിന്റെ യുഎസ് ആസ്തികൾ വിഭജിക്കാനുള്ള കരാർ നടപടികൾ നിർത്തിവച്ചു. ബുധനാഴ്ചയോടെ, ടിക് ടോക്കിന്റെ യുഎസ് പ്രവർത്തനങ്ങൾ യുഎസിൽ ആസ്ഥാനമായുള്ള ഒരു പുതിയ കമ്പനിയാക്കി മാറ്റുന്നതിനുള്ള ഒരു കരാർ അന്ത്യഘട്ടത്തിലായിരുന്നുവെന്ന് രണ്ട് സ്രോതസ്സുകളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് റിപ്പോർട്ടു ചെയ്തു. പുതിയ കരാർ വ്യവസ്ഥയനുസരിച്ച് ഭൂരിപക്ഷ ഓഹരികൾ അമേരിക്കൻ നിക്ഷേപകരുടെ ഉടമസ്ഥതയിലുള്ളതാണ്. ബൈറ്റ്ഡാൻസ് 20% ൽ താഴെ ഓഹരികൾ മാത്രമേ നിലനിർത്തൂ എന്നും സ്രോതസുകളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് വെളിപ്പെടുത്തി.

അതേസമയം, ടിക് ടോക്ക് മാതൃകമ്പനി 'ടിക് ടോക്ക് യുഎസിനുള്ള ഒരു സാധ്യമായ പരിഹാരം സംബന്ധിച്ച് യുഎസ് സർക്കാരുമായി ചർച്ച നടത്തിവരികയാണെന്ന്' ഒരു ബൈറ്റ്ഡാൻസ് വക്താവ് പറഞ്ഞു.

'ഒരു കരാർ നടപ്പിലാക്കിയിട്ടില്ല. പരിഹരിക്കേണ്ട പ്രധാന കാര്യങ്ങൾ ഉണ്ട്. ഏതൊരു കരാറും അന്തിമമായി പരിഗണിക്കുക ചൈനീസ് നിയമവും അംഗീകാരവും അനുസരിച്ചായിരിക്കും,' ബൈറ്റ്ഡാൻസ് വക്താവ് ഒരു പ്രസ്താവനയിൽ പറഞ്ഞതായി സിഎൻഎൻ റിപ്പോർട്ട് ചെയ്തു.

ടിക് ടോക്കിനെക്കുറിച്ചുള്ള ചൈനയുടെ നിലപാട് നിരവധി തവണ വ്യക്തമാക്കിയിട്ടുണ്ടെന്ന് വാഷിംഗ്ടണിലെ ചൈനീസ് എംബസി പ്രതികരിച്ചു. ചൈന എല്ലായ്പ്പോഴും സംരംഭങ്ങളുടെ നിയമാനുസൃതമായ അവകാശങ്ങളെയും താൽപ്പര്യങ്ങളെയും ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്, കൂടാതെ വിപണി സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാന തത്വങ്ങളെ ലംഘിക്കുന്ന രീതികളെ എതിർക്കുകയും ചെയ്തിട്ടുണ്ടെന്നും ടിക് ടോക്കിനായുള്ള ഒരു കരാറിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി ചൈനീസ് എംബസി ഒരു പ്രസ്താവനയിൽ പറഞ്ഞു.

ജനുവരിയിൽ ട്രംപ് അധികാരമേറ്റപ്പോൾ 75 ദിവസം വൈകിയതിന് ശേഷം, നിരോധനം പ്രാബല്യത്തിൽ വരുന്നതിന് ഒരു ദിവസം മാത്രം അവശേഷിക്കെയാണ് ട്രംപിന്റെ പുതിയ പ്രഖ്യാപനം വന്നതെന്ന് സിഎൻഎൻ റിപ്പോർട്ട് ചെയ്യുന്നു.

കഴിഞ്ഞ വർഷം, മുൻ പ്രസിഡന്റ് ജോ ബൈഡൻ ചൈന ആസ്ഥാനമായുള്ള ടിക് ടോക്കിന്റെ മാതൃ കമ്പനിയായ ബൈറ്റ്ഡാൻസ് ആപ്പ് വിൽക്കുകയോ ദേശീയ സുരക്ഷാ ആശങ്കകൾ കാരണം അമേരിക്കയിൽ നിരോധനം നേരിടുകയോ ചെയ്യണമെന്ന് നിർബന്ധമാക്കുന്ന ഒരു നിയമം നടപ്പിലാക്കിയിരുന്നു.









തൃശൂർ കഥകൾ

യഥാർത്ഥ മനുഷ്യരുടെ അയഥാർത്ഥ കഥകൾ

'പ്രിന്റ്കസ്' അജിത്ത്

ശില്പിയും കൃഷ്ണനും

കയ്യിൽ പത്തു പൈസയില്ല. സ്ഥിരം ചെന്നിരിക്കാറുള്ള കൽക്കൂനയിൽ ശില്പി ഇരുന്നു...

ശില്പിയുടെ വീടിന് മുന്നിലൂടെയാണ് ഇന്ത്യയുടെ നാനാ ഭാഗങ്ങളിലേക്കുമുള്ള തീവണ്ടികൾ കൂകിയും കൂകാതെയും പായുന്നത്. കൽക്കൂനയിൽ ഇരുന്ന് ബീഡി വലിക്കുന്ന ശില്പിയെ ഒരു നോക്കെങ്കിലും കാണാത്തവർ കുറവായിരിക്കും. മുന്നിലൂടെ കടന്നുപോകുന്ന തീവണ്ടികളുടെ ബോഗികൾ എണ്ണി ക്കൊണ്ട് ശില്പി വെയിൽ കായാനിരുന്നു.

എന്തിനാണീ ബോഗികളുടെ എണ്ണമെടുക്കുന്നതെന്ന് ശില്പിക്ക് ഇന്നും അറിയില്ല. എങ്കിലും ശില്പി എന്നും ബോഗികൾ എണ്ണിക്കൊണ്ടേയിരുന്നു. ഠൃമശിൗേശേഴ എന്ന സിനിമയെക്കുറിച്ചോ, ഹോബിയെക്കുറിച്ചോ ശില്പി ഇതുവരെ കേട്ടിട്ടു പോലുമില്ല. പതിവുപോലെ ഇന്നും ശില്പി കൽക്കൂനയിൽത്തന്നെ...

പണ്ടത്തെപ്പോലെയല്ല, ഓരോ മിനിറ്റിനും വണ്ടികളാണ്. റയിൽ പാത ഇരട്ടിപ്പിച്ചതിന് ശേഷം ചിലപ്പോൾ തെക്കോട്ടും വടക്കോട്ടുമുള്ള വണ്ടികൾ ഒന്നിച്ച് കടന്ന് പോകും. ആ സമയങ്ങളിൽ ഒരു ഭാഗത്തേക്കുള്ള വണ്ടിയുടെ ബോഗികൾ മാത്രമേ എണ്ണാൻ കഴിയൂ... എറണാകുളം ഭാഗത്തേക്ക് അല്പം മുൻപ് കടന്ന് പോയ ചരക്ക് വണ്ടിക്കെത്ര ബോഗികളുണ്ടായിരുന്നു എന്നത് എണ്ണാൻ കഴിഞ്ഞില്ല.

വെയിലിന് ചൂട് കൂടാൻ തുടങ്ങി. റെയിൽവേ ട്രാക്കിനപ്പുറത്താണ് ജോസിന്റെ വീട്. ലോകമറിയുന്ന നാടകക്കാരൻ! ഒന്ന് കൈകൊട്ടി വിളിച്ചാൽ കേൾക്കാവുന്നതേയുള്ളൂ. കഴിഞ്ഞ ദിവസം ഷാപ്പിൽ ഇരുന്ന് ഒന്നും രണ്ടും പറഞ്ഞ് വഴക്കിട്ടതാണ്. ഒന്നിച്ചുള്ള കള്ളുകുടിയും ഇടക്ക് വഴക്കിടലും സാധരണയാണ്. എന്നാലും വിളിച്ചാൽ അവൻ വരും. ഇന്നലെത്തെ കുപ്പിയിൽ ബാക്കിവല്ലതും ഉണ്ടാകാനും സാധ്യതയുണ്ട്.

'ടാ ജാസേ...' എന്ന് ചുമ്മാ വിളിച്ചാൽ തീരുന്ന പ്രശ്ന മേയള്ളൂ. വിളിച്ചില്ല. വിളിക്കണോ വേണ്ടയോ എന്ന് ചിന്തിച്ച് ശില്പി കൽകൂനയിൽ നിന്ന് താഴെയിറങ്ങി. അതാ, മുന്നിൽ സുകുമാരേട്ടൻ...

'രാജാ... പണിയൊന്നുമില്ലേ?'

ആ ചോദ്യം ശില്പിയ്ക്ക് അത്രയങ്ങ് സുഖിച്ചില്ല. 'ഇല്ല എന്തേ? വല്ല പണിയും തരാനുള്ള ഉദ്ദേശവുണ്ടോ?'

'നിനക്ക് തോട്ടി കെട്ടിയതല്ല രാജാ, എനിക്കൊരു ശില്പം ഉണ്ടാക്കിത്തരണം'

കൃഷ്ണഭക്തനായ സുകുമാരേട്ടന് 'ഓടക്കുഴൽ വിളിച്ച് നില്ക്കുന്ന' ശ്രീകൃഷ്ണനെ വേണം. പൂജാമുറിയിൽ വെയ്ക്കാനാണ്. പ്ലാവിൻ തടിയിൽ വേണം. രണ്ടര അടി പൊക്കത്തിലുള്ളത്. 'പ്ലാവിൻ തടി ഞാൻ തരാം, അഡ്വാൻസ് തരാൻ ഇപ്പൊ എന്റെ കയ്യിലില്ല.'

അഡ്വാൻസ് ഇല്ലെങ്കിലും സുകുമാരേട്ടന്റെ കയ്യിൽ മറ്റൊന്നുണ്ടായിരുന്നു.'രാജാ നീ ഇരിക്ക്...'

അവർ വീണ്ടും കരിങ്കൽ കൂനയിൽ ഇരുന്നു...

സുകുമാരേട്ടൻ മടിക്കുത്തിൽ നിന്ന് ഒരു കൊച്ചു പൊതി പുറത്തെടുത്ത് തുറന്നു. ശില്പി അതെടുത്തൊന്ന് മണത്തു.'അസ്സൽ നീല ചടയൻ!

ഒരെണ്ണം ഇടല്ലേ... സുകുമാരേട്ടാ...'

ബാക്കിയുണ്ടായിരുന്ന രണ്ട് മഞ്ഞ കാജയിലൊന്നിൽ സുകുമാരേട്ടനും മറ്റൊന്നിൽ ശില്പിയും 'ഇട്ടു'.

ആദ്യ പുകയിൽ ഒന്നും സംഭവിച്ചില്ല. രണ്ടാമത്തേതിലും മൂന്നാമത്തേതിലും സംഭവം ഇരമ്പി. സുമാരേട്ടൻ ശില്പിയെയും ശില്പി സുകുമാരനേയും കെട്ടിപ്പിടിച്ചു, ഉമ്മവെച്ചു.

വട്ടപ്പിന്നി പ്രദേശത്തെ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിലെ ചെറുപ്പക്കാർ മുന്നിൽ വന്നപ്പോഴാണ് ശില്പി അക്കാര്യം ഓർത്തത്. 'രാജേട്ടാ... നേരായീ... കാണാണ്ടായപ്പൊ... മറന്ന് ട്ട്ണ്ടാവുംന്ന് തോന്നി... വേഗം ഷർട്ടെടുത്തിട്. പുവ്വാം, വണ്ടി കൊണ്ടന്ന്ട്ട്ണ്ട്...'

ആട്സ് & സ്പോട്സ് ക്ലബ്ബിന്റെ ഓണാഘോഷപരിപാടിയിൽ ക്ലേമോഡലിങ്ങിന്റെ ജഡ്ജിയാകാനാണ് ചെറുപ്പക്കാർ ശില്പിയെ ക്ഷണിച്ചിരുന്നത്.

'ജഡ്ജിയാകാനൊന്നും ഞാനില്ല. അതിന് വേണേൽ നിങ്ങളാ സുരേഷ് വക്കീലിനെ വിളിച്ചോ... ഞാൻ മത്സരത്തിൽ പങ്കെടുക്കാം. അപ്പൊ പിന്നെ സമ്മാനം കിട്ടുമല്ലോ ഓണക്കാലമായിട്ട് വട്ടച്ചിലവിന് ഒന്നുമില്ലതെയുള്ള ഇരുപ്പ് തുടങ്ങിയിട്ട് അഞ്ചാറ് നാളായി.'

ശില്പി ഷർട്ടെടുത്തിട്ട് പിള്ളാരുടെ ബൈക്കിന് പുറകിൽ കയറി. മത്സരം കഴിഞ്ഞ് സമ്മാനം വല്ലതും കിട്ടിയാൽ അതായി... എന്നിട്ട് വേണം സുകുമാരേട്ടന്റെ ഓടക്കുഴൽ ഊതുന്ന കൃഷ്ണനെ കൊത്തിയെടുക്കാൻ...

ബൈക്കിന് പുറകിലിരുന്ന് ഓടക്കുഴലിനെക്കുറിച്ചും കൃഷ്ണനെക്കുറിച്ചും ചിന്തിച്ചു കൊണ്ട് വട്ടപ്പിന്നി മൈതാനത്തെത്തി. ഉള്ളിൽ മറ്റവനുള്ളതു കൊണ്ട് ചിന്ത കൃഷ്ണന്റെ പല രൂപങ്ങളിലും ഭാവങ്ങളിലും തത്തിക്കളിച്ചു. 'നീലച്ചടയന്റെ ഒരു മിടുക്ക്!'

Contextual മോഡേണിസത്തിന്റെ ഉപജ്ഞാതാവായ രാം കിങ്കർ ബെയ്ജ് (Ramkinkar Baij) ആരാണെന്നോ contextual modernism തന്നെ എന്താണെന്നോ രാജന് കേട്ട് കേൾവി പോലുമില്ല. ശാന്തി നികേതനിൽ പോവുകയോ 'ബംഗാൾ' എന്ന കെജിഎസിന്റെ കവിത പോലും കേൾക്കുകയോ ചെയ്യാത്ത രാജന്റെ ശില്പങ്ങളിൽ രാം കിങ്കർ ബെയ്ജിന്റെ സ്വാധീനം പ്രകടമായി കാണാം. അതാണ് contextual മോഡേണിസത്തിന്റെ കേരളീയ പ്രാധിനിധ്യം.

മത്സരത്തിൽ പങ്കെടുക്കാൻ ആകെ ആറ് പേർ. രാജനെ കൂടാതെ 5 സ്കൂൾ കുട്ടികൾ.

ഷർട്ട് ഊരി ആണിയിൽ തൂക്കി. സുമാരേട്ടനെയും ഓടക്കുഴൽ വിളിക്കുന്ന കൃഷ്ണനെയും പണി കഴിഞ്ഞാൽ തടയുന്ന ചില്ലറയെയും ഓർത്തു കൊണ്ട് പരദൈവങ്ങളെ ധ്യാനിച്ച്, കമ്മറ്റിക്കാർ കൊടുത്ത കളിമൺ കട്ടയുടെ മുന്നിൽ ശിൽപി ഇരുന്നു.

ഒരു വെടിക്ക് രണ്ട് പക്ഷി അതായിരുന്നു ശില്പിയുടെ ലക്ഷ്യം: സുമാരേട്ടന് വേണ്ട കൃഷ്ണനും, മത്സരത്തിന് വേണ്ട ശില്പവും ഒറ്റപ്പിടിയാലേ പിടിക്കുക...

ധ്യാനം ഫലിച്ചു, അരമണിക്കൂറിനുള്ളിൽ ശില്പം റെഡി! പക്ഷെ, ശില്പത്തിന് പേരിടാൻ രാജൻ മറന്ന് പോയി. ജഡ്ജിക്കാണെങ്കിൽ ശില്പത്തിന് പേരിട്ടേ പറ്റൂ...

പേര് തീരുമാനിക്കാനുള്ള അവകാശം ജഡ്ജിക്കും കമ്മറ്റിക്കാർക്കുംവിട്ടു കൊടുത്ത്, 'സമ്മാനം എനിക്കാണെങ്കിൽ വീട്ടിലേയ്ക്ക് കൊടുത്തു വിട്ടാൽ മതി.. പൈസയായിട്ടായാൽ നന്നായി' എന്ന വാക്കും പറഞ്ഞ് രാജൻ സ്ഥലംവിട്ടു...

ശില്പകലയെക്കുറിച്ചോ ചിത്രകലയെക്കുറിച്ചോ ചുക്കുംചുണ്ണാമ്പുമറിയാത്ത കമ്മിറ്റിക്കാരും സുരേഷ് വക്കീലും ചേർന്ന് ഫലം പ്രഖ്യാപിച്ചു.

പിന്നീടുണ്ടായ മൈക്ക് അനൗൺസ്മെന്റ് കേട്ടിരുന്നെങ്കിൽ ശില്പി രാജൻ വീട്ടിന് മുന്നിലൂടെ കൂകിയും കൂകാതെയും പായുന്ന ഏതെങ്കിലും ഒരു ട്രെയിനിന് മുന്നിലേക്ക് ചാടിയേനെ...

'ക്ലേ മോഡലിങ്ങിൽ ഒന്നാം സമ്മാനം ഹെർബർട്ട് നഗർ സ്വദേശിയായ പി.എസ് .രാജന്റെ 'കരിമ്പ് തിന്നുന്ന ആദിവാസി ബാലൻ' എന്ന ശില്പത്തിൻ

ന്റെ കൃഷ്ണാ!

പ്രതിരോധ സഹകരണ കരാറിൽ ഒപ്പിട്ട് ഇന്ത്യയും ശ്രീലങ്കയും

കൊളംബോ: ഇന്ത്യ ശ്രീലങ്ക ഉഭയകക്ഷിബന്ധത്തിൽ നിർണായക ചുവടുവെപ്പ്. ഇതാദ്യമായി ഇരുരാജ്യങ്ങളും തമ്മിൽ പ്രതിരോധ സഹകരണ കരാറിൽ ഒപ്പിട്ടു. ഇന്ത്യയുടെയും ശ്രീലങ്കയുടെയും സുരക്ഷാതാൽപര്യങ്ങൾ പരസ്പരബന്ധിതവും പരസ്പര ആശ്രയത്വത്തിലുള്ളതും ആണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി കൊളംബോയിൽ പറഞ്ഞു.

മോഡിയും ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസ്സനായകെയും തമ്മിൽ നടന്ന ചർച്ചയ്ക്ക് പിന്നാലെ ഒപ്പിട്ട ഏഴ് കരാറുകളിൽ ഒന്നാണ് പ്രതിരോധ സഹകരണ ഉടമ്പടി. ഇരുരാജ്യങ്ങളുടെയും സുരക്ഷാതാത്പര്യങ്ങൾ സമാനമാണെന്ന് കരുതുന്നതായി മോഡി പറഞ്ഞു. ഇന്ത്യൻ താൽപര്യങ്ങളോടുള്ള അനുഭാവപൂർണമായ നിലപാടിന് പ്രസിഡന്റ് ദിസ്സനായകെയോട് അദ്ദേഹം നന്ദിയും പറഞ്ഞു. ഇന്ത്യക്ക് ഭീഷണിയുയർത്തുന്ന ഒരു പ്രവൃത്തിയും ശ്രീലങ്കയുടെ മണ്ണിൽ അനുവദിക്കില്ലെന്ന് ദിസ്സനായകെ പറഞ്ഞു. ദുരിതകാലത്ത് ഇന്ത്യ നൽകിവന്ന പിന്തുണയ്ക്ക് അദ്ദേഹം നന്ദിയും അറിയിച്ചു.

ഊർജമേഖലയിലെ സഹകരണമായിരുന്നു ഇരു നേതാക്കളും തമ്മിൽ നടന്ന ചർച്ചയിലെ പ്രാധാന്യമേറിയ വിഷയം. ട്രിൻകോമാലിയെ ഊർജ ഹബ്ബ് ആക്കി വികസിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. ശ്രീലങ്കയുടെ ക്ലീൻ എനർജി ശേഷി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സമ്പൂർണ സൗരവൈദ്യുത പദ്ധതി മോഡിയും ദിസനായകെയും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഗ്രിഡ് ഇന്റർകണക്ടിവിറ്റി ഉടമ്പടിയിലും ഇരുരാജ്യങ്ങളും ഒപ്പിട്ടിട്ടുണ്ട്. ഭാവിയിൽ ശ്രീലങ്കയ്ക്ക് ഇന്ത്യയിലേക്ക് വൈദ്യുതി കയറ്റുമതി ചെയ്യാനുള്ള സാധ്യത ഈ കരാർ തുറന്നിടുന്നു.

ബാങ്കോക്കിൽ നടന്ന ബിംസ്രെക് (ബേ ഓഫ് ബെംഗാൾ ഇനിഷ്യേറ്റീവ് ഫോർ മൾട്ടി സെക്ടറൽ ടെക്നിക്കൽ ആൻഡ് എക്കണോമിക് കോ ഓപ്പറേഷൻ) ഉച്ചകോടിയിൽ പങ്കെടുത്ത് മടങ്ങിയ മോഡി വെള്ളിയാഴ്ച വൈകിട്ടാണ് ശ്രീലങ്കയിലെത്തിയത്. ഇൻഡിപെൻഡൻസ് സ്ക്വയറിലാണ് അദ്ദേഹത്തിന് സ്വീകരണമൊരുക്കിയത്. ഇതാദ്യമായാണ് ഒരു വിദേശനേതാവിന് ഇത്തരത്തിലൊരു സ്വീകരണം ശ്രീലങ്ക നൽകുന്നത്.





യുക്രെയ്ൻ വെടിനിർത്തൽ ചർച്ച പുട്ടിൻ നീട്ടിക്കൊണ്ടു പോകുന്നെന്ന് ബ്രിട്ടനും ഫ്രാൻസും

ബ്രസൽസ്: യുക്രെയ്ൻ വെടിനിർത്തൽ ചർച്ച റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ നീട്ടിക്കൊണ്ടുപോവുകയാണെന്ന് കുറ്റപ്പെടുത്തി ബ്രിട്ടനും ഫ്രാൻസും. വെടിനിർത്തൽ സംബന്ധിച്ച് യു.എസിന് മറുപടി നൽകാൻ റഷ്യ ബാധ്യസ്ഥരാണെന്നും ബ്രിട്ടന്റെ വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയും ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ നോയൽ ബാരറ്റും പറഞ്ഞു.

യുദ്ധം 30 ദിവസത്തേക്ക് ഉടൻ പൂർണമായും നിർത്തിവെക്കണമെന്ന യു.എസ് നിർദേശം റഷ്യ തള്ളിയതിന് പിന്നാലെയാണ് ഇരുവരും നേറ്റോ ആസ്ഥാനത്ത് മാധ്യമങ്ങളോട് പ്രതികരിച്ചത്.

ആശയക്കുഴപ്പമുണ്ടാക്കി വെടിനിർത്തൽ ചർച്ച പുട്ടിൻ നീട്ടിക്കൊണ്ടുപോവുകയാണെന്ന് ലാമി പറഞ്ഞു. വെടിനിർത്തൽ ഉടമ്പടി അംഗീകരിക്കുമ്പോഴും യുക്രെയ്ൻ ജനതയുടെയും വൈദ്യുതി വിതരണ മേഖലയുടെയും മേൽ ബോംബിടുന്നത് റഷ്യ തുടരുകയാണെന്നും ലാമി വ്യക്തമാക്കി.

അതേസമയം, വെടിനിർത്തൽ വിഷയത്തിൽ ഉരുണ്ടുകളിക്കുന്ന പുട്ടിൻ യുദ്ധക്കുറ്റങ്ങൾ തുടരുകയാണെന്ന് ബാരറ്റ് കുറ്റപ്പെടുത്തി. 'അതേ അല്ലെങ്കിൽ ഇല്ല, റഷ്യ പെട്ടെന്ന് മറുപടി പറയണം' ബാരറ്റ് ആവശ്യപ്പെട്ടു. യുദ്ധം അവസാനിപ്പിക്കാൻ പുടിന് ഒരു ഉദ്ദേശവുമില്ലെന്നുപറഞ്ഞ ബാരറ്റ്, ഒരു വർഷത്തെ നിർബന്ധിത സൈനിക സേവനത്തിനായി 1.60 ലക്ഷം പേർക്ക് തിങ്കളാഴ്ച പുട്ടിൻ ഉത്തരവ് നൽകിയതായും ചൂണ്ടിക്കാട്ടി. ആയുധ, ഇന്റലിജൻസ് സേവനങ്ങൾ യു.എസ് അവസാനിപ്പിച്ചതിനെ തുടർന്ന് യുക്രെയ്ന്റെ സായുധ സേനയെ ശക്തിപ്പെടുത്താനുള്ള പദ്ധതിയിലാണ് ബ്രിട്ടനും ഫ്രാൻസും.

ഫ്രാൻസിസ് മാർപാപ്പ വീണ്ടും പൊതുവേദിയിൽ

വത്തിക്കാൻ സിറ്റി: ശ്വാസകോശ അണുബാധയിൽനിന്ന് പൂർണമായും മുക്തനായ ഫ്രാൻസിസ് മാർപാപ്പ വീണ്ടും പൊതുവേദിയിൽ.

ഞായറാഴ്ച രോഗികൾക്കും ആരോഗ്യ പ്രവർത്തകർക്കും വേണ്ടിയുള്ള പ്രത്യേക ജൂബിലി കുർബാനക്കിടയിലാണ് മാർപാപ്പ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ എത്തിയത്.

റോമിലെ ജെമേലി ആശുപത്രിയിൽനിന്ന് തിരിച്ചെത്തി രണ്ട് ആഴ്ചക്കു ശേഷം ആദ്യമായാണ് മാർപാപ്പ പൊതുവേദിയിൽ പ്രത്യക്ഷപ്പെടുന്നത്. വീൽ ചെയറിൽ എത്തിയ മാർപാപ്പ വിശ്വാസികൾക്ക് ആശംസകൾ നേരുകയും നന്ദി പറയുകയും ചെയ്തു.



ഇസ്രയേൽ വിരുദ്ധരെന്ന് സംശയം

ബ്രിട്ടീഷ് എംപിമാരെ കസ്റ്റഡിയിലെടുത്ത് തിരിച്ചയച്ചു



ടെൽ അവീവ്: യു.കെയിൽ നിന്നുള്ള രണ്ട് എംപിമാരെ രാജ്യവിരുദ്ധരെന്ന് ആരോപിച്ച് കസ്റ്റഡിയിലെടുത്ത് ഇസ്രായേൽ.

രാജ്യത്ത് സന്ദർശനം നടത്തുന്ന സംഘത്തോടൊപ്പമുള്ള എംപിമാരെയാണ് ഇസ്രായേൽ തടഞ്ഞത്. ഇവരുടെ രാജ്യത്തേക്കുള്ള പ്രവേശനം തടയുകയും തിരിച്ചയക്കുകയും ചെയ്തുവെന്ന് ബ്രിട്ടീഷ് വിദേശകാര്യമന്ത്രി ഡേവിഡ് ലാമി പറഞ്ഞു.

ലേബർ പാർട്ടി എംപിമാരായ യുയാൻ യാങ്, അബ്തിസം മുഹമ്മദ് എന്നിവരെയാണ് കസ്റ്റഡിയിലെടുത്തത്. ഇസ്രായേൽ പ്രതിരോധസേനയെ സംബന്ധിച്ച് ഡോക്യുമെന്ററി പുറത്തിറക്കി രാജ്യത്തെ അപമാനിക്കാൻ ശ്രമിച്ചുവെന്ന് ആരോപിച്ചാണ് നടപടി. യുയാൻ യാങ് വുഡ്ലി മണ്ഡലത്തിൽ നിന്നുള്ള എംപിയാണ്. മുഹമ്മദ് ഷെഫീൽഡ് സെൻട്രൽ മണ്ഡലത്തെയാണ് പ്രതിനിധീകരിക്കുന്നത്.

എം.പിമാരെ ഇസ്രായേൽ കൈകാര്യം രീതി ശരിയായില്ലെന്ന് യു.കെ വിദേശകാര്യമന്ത്രി പറഞ്ഞു. രണ്ട് എം.പിമാരേയും ബന്ധപ്പെട്ട് പിന്തുണ അറിയിച്ചുവെന്നും ഇസ്രായേൽ വിദേശകാര്യമന്ത്രി അറിയിച്ചു. ഗാസയിൽ വീണ്ടും വെടിനിർത്തൽ കരാർ പ്രാബല്യത്തിലാക്കണമെന്നാണ് തങ്ങൾ ആവശ്യപ്പെടുന്നത്. സംഘർഷം അവസാനിക്കുകയും ബന്ദിമോചനം സാധ്യമാക്കുകയും വേണമെന്നും ബ്രിട്ടീഷ് വിദേശകാര്യമന്ത്രി ആവശ്യപ്പെട്ടു.

ഗാസയിൽ ഏകപക്ഷീയമായി വെടിനിർത്തൽ കരാർ ലംഘിച്ച ഇസ്രായേൽ വീണ്ടും തുടങ്ങിയ ആക്രമണങ്ങളിൽ ഇതുവരെ 1,249 പേർക്ക് ജീവൻ നഷ്ടമായി. ഇതോടെ ഫലസ്തീനിലെ ഇസ്രായേൽ ആക്രമണങ്ങളിൽ മരിച്ചവരുടെ എണ്ണം 50,000 കടന്നു.

ശരീര ദുർഗന്ധത്തെചൊല്ലി തർക്കം

യാത്രക്കാരി ജീവനക്കാരിയെ കടിച്ചു; വിമാനം മണിക്കൂറുകൾ വൈകി

ബീജിംഗ്: ശരീരത്തിന്റെ ദുർഗന്ധവും പെർഫ്യൂമിന്റെ ഗന്ധവുമായി ബന്ധപ്പെട്ട് വിമാനത്തിൽ രണ്ട് വനിത യാത്രക്കാർ തമ്മിലുണ്ടായ തർക്കം ഫ്ളൈറ്റ് അറ്റൻഡന്റിന് കടിയേൽക്കുന്നിടത്തേക്കെത്തി. ചൈനയിൽ ഷെൻഷെൻ എയർലൈൻസിലായിരുന്നു സംഭവം.

ഷെൻഷനിൽ നിന്നും ഷാങ്ഹായിലേക്ക് ഷെൻഷെൻ എയർലൈൻസ് പറക്കാൻ തയ്യാറെടുത്തപ്പോഴാണ് വനിതാ യാത്രക്കാർ തർക്കത്തിൽ ഏർപ്പെട്ടത്. ഇതോടെ വിമാനം പുറപ്പെടാനും വൈകി.

അടുത്തടുത്ത സീറ്റുകളിലിരുന്ന യാത്രക്കാരികൾ തമ്മിലാണ് തർക്കമുണ്ടായത്. ഒരാൾ മറ്റേയാളുടെ ശരീര ദുർഗന്ധത്തെക്കുറിച്ച് പരാതിപ്പെട്ടതോടെയാണ് തർക്കം തുടങ്ങിയത്. രണ്ടാമത്തെയാളുടെ പരാതി കടുത്ത പെർഫ്യൂം ഉപയോഗിച്ചതിനെ കുറിച്ചായിരുന്നു.

തർക്കം ശാരീരിക ആക്രമണത്തിലേക്ക് വഴിമാറിയതോടെ ഫ്ളൈറ്റ് ജോലിക്കാർ വനിതകളെ തടയാൻ ശ്രമിക്കുകയായിരുന്നു. രണ്ട് പുരുഷ അറ്റൻഡന്റുകളും രണ്ട് വനിതാ അറ്റൻഡന്റുമാരുമാണ് ഉണ്ടായിരുന്നത്. എന്നാൽ അതോടെ സംഗതി കൂടുതൽ സങ്കീർണമാവുകയും യാത്രിക്കാരികളായ വനിതകളിലൊരാൾ വനിതാ ജീവനക്കാരിയെ കടിക്കുകയുമായിരുന്നു.

സംഭവത്തിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. അതിൽ ഫ്ളൈറ്റ് ജീവനക്കാരി 'വായ തുറക്കൂ. നീ എന്നെ കടിച്ചു!' എന്ന് ആക്രോശിക്കുന്നത് കേൾക്കാനാവും.

ജീവനക്കാരിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായും 'ഗുരുതരമല്ലാത്ത അവസ്ഥയിലാണെന്നും' എയർലൈൻ അറിയിച്ചു.

വനിതാ യാത്രക്കാരികളെ പൊലീസെത്തി വിമാനത്തിൽ നിന്നും ഇറക്കിയെങ്കിലും രണ്ട് മണിക്കൂറിന് ശേഷം അവർ വീണ്ടും വിമാനത്തിൽ കയറി. വിമാനം മണിക്കൂറുകൾ വൈകിയാണ് യാത്ര പുറപ്പെട്ടത്.



ഏറ്റവും ശക്തമായ പാസ്പോർട്ട് അയർലൻഡിന്റേത്



ഡബ്ളിൻ: 2025ൽ ലോകത്തിലെ ഏറ്റവും ശക്തമായ പാസ്പോർട്ട് എന്ന പദവി ഒറ്റക്ക് സ്വന്തമാക്കി അയർലൻഡ്. നൊമാഡ് പാസ്പോർട്ട് ഇൻഡെക്സ് പുറത്തുവിട്ട 2025 ലെ പട്ടിക പ്രകാരമാണ് ലോകത്തെ മറ്റെല്ലാ രാജ്യങ്ങളെയും പിന്തള്ളിയാണ് ഐറിസ് പാസ്പോർട്ട് ഈ നേട്ടം കൈവരിച്ചത്. പട്ടികയിൽ സ്വിറ്റ്സർലൻഡ് ആണ് രണ്ടാംസ്ഥാനത്ത്. ഗ്രീസ് മൂന്നാമതുണ്ട്. പോർച്ചുഗൽ നാലാം സ്ഥാനത്തു. മാൾട്ടയാണ് അഞ്ചാംസ്ഥാനത്ത്. ഇറ്റലി, ലക്സംബർഗ്, ഫിൻലാൻഡ്, നോർവെ, യു.എ.ഇ എന്നീ രാജ്യങ്ങളാണ് ആദ്യപത്തിൽ ഇടം പിടിച്ചത്. പട്ടികയിലെ ആദ്യ ഒമ്പതും യൂറോപ്യൻ രാജ്യങ്ങളാണ്.

പട്ടികയിൽ ഇതാദ്യമായാണ് അയർലൻഡ് ഒറ്റക്ക് ഒന്നാം സ്ഥാനം നേടുന്നത്. 2020 ൽ ലക്സംബർഗ്, സ്വീഡൻ എന്നിവയുമായി അയർലൻഡ് ഒന്നാം സ്ഥാനം പങ്കിട്ടിരുന്നു.

വീസ ഫ്രീ യാത്ര, ടാക്സേഷൻ, ആഗോളമായി രാജ്യത്തിനുള്ള പ്രതിച്ഛായ, ഇരട്ട പൗരത്വത്തിനുള്ള സൗകര്യം, വ്യക്തിസ്വാതന്ത്ര്യം എന്നിവയാണ്

ലോകത്തിലെ മികച്ച പാസ്പോർട്ടിനുള്ള മാനദണ്ഡമായി കണക്കാക്കുന്നത്. 109 പോയന്റാണ് അയർലൻഡിന് ലഭിച്ചത്. 199 രാജ്യങ്ങളുള്ള പട്ടികയിൽ ഇന്ത്യ പട്ടികയിൽ 148ാം സ്ഥാനത്താണ്. 47.5 ആണ് ഇന്ത്യയുടെ സ്കോർ. യു.കെ 21ാം സ്ഥാനത്താണ്. യു.എസിന് പട്ടികയിൽ 45ാം സ്ഥാനം ലഭിച്ചു.

HARI PILLAI CPA
ACCOUNTING & TAX SERVICES
• INCOME TAX • SALES TAX • CORPORATE TAXES
• BOOKKEEPING & PAYROLL SERVICES
• NEW COMPANY SET UP
• INCORPORATION
• HOME HEALTHCARE COST REPORTS
(New Location)
17330 Preston Rd Suite 100-A, Dallas, TX 75252
PH: 972-203-2010 Fax: 972-852-7997
hari@haricpa.com www.haricpa.com



ഒരു മലയാളി സ്ഥാപനം
CHAMUNDA
AUTOMOTIVES LLC.
PAINT & BODY
?
Chamunda AUTOMOTIVES, LLC
Regi Varughese
972-693-1943 / 214-394-7999
2207 S. PEACHTREE ROAD, MESQUITE / BALCH SPRINGS, TX 75180

ഹജ്ജ് സുരക്ഷാ പ്രശ്നങ്ങൾ

ഇന്ത്യ, പാകിസ്ഥാൻ ഉൾപ്പെടെ 14 രാജ്യങ്ങൾക്ക് സൗദി താൽക്കാലിക വിസകൾ നിരോധിച്ചു



റിയാദ്: ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നിവയുൾപ്പെടെ 14 രാജ്യങ്ങളിൽ നിന്നുള്ളവർക്ക് സന്ദർശക വിസകൾ ഉൾപ്പെടെ ചില വിസകൾ നൽകുന്നത് സൗദി അറേബ്യ നിർത്തിവച്ചു. ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനം അവസാനിക്കുന്ന ജൂൺ പകുതി വരെയാണ് ഈ നിരോധനം നിലനിൽക്കുക.

വിസ റദ്ദാക്കലുകളിൽ ഉംറ വിസകളും ബിസിനസ്, കുടുംബ സന്ദർശന വിസകളും ഉൾപ്പെടുന്നു. ശരിയായ രജിസ്ട്രേഷൻ ഇല്ലാതെ വ്യക്തികൾ ഹജ്ജ് നിർവഹിക്കാൻ ശ്രമിക്കുന്നത് തടയുന്നതിനാണ് സൗദി അധികൃതർ ഈ നടപടി സ്വീകരിച്ചിരിക്കുന്നത്. നിരവധി വിദേശ പൗരന്മാർ ഉംറയിലോ സന്ദർശന വിസയിലോ രാജ്യത്ത് പ്രവേശിച്ച് ഔദ്യോഗിക അനുമതിയില്ലാതെ ഹജ്ജിൽ പങ്കെടുക്കാൻ നിയമവിരുദ്ധമായി രാജ്യത്ത് അധികകാലം താമസിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

ഹജ്ജ് തീർത്ഥാടനത്തിന്റെ സുഗമവും സുരക്ഷിതവുമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് കർശനമായ വിസ നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ സൗദി അറേബ്യയുടെ കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ അധികാരികൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഈ സംരംഭത്തിന്റെ ഭാഗമായി, വിദേശ പൗരന്മാർക്ക് ഏപ്രിൽ 13 വരെ മാത്രമേ ഉംറ വിസയ്ക്ക് അപേക്ഷിക്കാൻ അനുവാദമുള്ളൂ. ഈ സമയപരിധിക്ക് ശേഷം, ഹജ്ജ് അവസാനിക്കുന്നതുവരെ പുതിയ ഉംറ വിസകൾ നൽകില്ല.

ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, ഈജിപ്ത്, ഇന്തോനേഷ്യ, ഇറാഖ്, നൈജീരിയ, ജോർദാൻ, അൾജീരിയ, സുഡാൻ, എത്യോപ്യ, ടുണീഷ്യ, യെമൻ, റിപ്പോർട്ടുകളിൽ വ്യക്തമായി തിരിച്ചറിയാൻ കഴിയാത്ത ഒരു രാജ്യം എന്നിവ ഉൾപ്പെടെ 14 രാജ്യങ്ങളാണ് താൽക്കാലിക വിസ നിരോധനത്തിലുള്ളത്.

2024ൽ ഹജ്ജിനിടെ 1,000ത്തിലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ട ദാരുണമായ സംഭവങ്ങളെ തുടർന്നാണ് ഈ നടപടി. അവരിൽ പലരും അനധികൃത തീർത്ഥാടകരായിരുന്നു. തിരക്കും കടുത്ത ചൂടും സ്ഥിതി കൂടുതൽ വഷളാക്കി. രജിസ്റ്റർ ചെയ്യാത്ത തീർത്ഥാടകരെ ഹജ്ജിൽ പങ്കെടുക്കുന്നതിൽ നിന്ന് നിയന്ത്രിക്കുന്നത് അപകടസാധ്യതകൾ കുറയ്ക്കുന്നതിനും ജീവൻ സംരക്ഷിക്കുന്നതിനും ഈ നീക്കം സഹായിക്കുമെന്നാണ് സൗദി അധികൃതർ വിശ്വസിക്കുന്നത്.

തീർത്ഥാടകരെ സഹായിക്കുന്നതിനായി സൗദി അറേബ്യ 16 വ്യത്യസ്ത ഭാഷകളിൽ ഹജ്ജിനും ഉംറയ്ക്കുമായി ഒരു ഡിജിറ്റൽ ഗൈഡ് പുറത്തിറക്കിയിട്ടുണ്ട്. സുരക്ഷ മെച്ചപ്പെടുത്തുന്നതിനും ഹജ്ജ് തീർത്ഥാടകരുടെ ആത്മീയയാത്രയ്ക്ക് സുഗമമായ അനുഭവം നൽകുന്നതിനുമുള്ള വിശാലമായ ശ്രമത്തിന്റെ ഭാഗമാണിത്. കൂടാതെ, ഹജ്ജ് സമയത്ത് അനധികൃതമായി താമസിക്കുന്നവർക്ക് സൗദി അറേബ്യയിലേക്ക് അഞ്ച് വർഷത്തെ പ്രവേശന വിലക്ക് നേരിടേണ്ടിവരുമെന്ന് ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഹജ്ജിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാവരും നിയമങ്ങൾ പാലിക്കുകയും ശരിയായി രജിസ്റ്റർ ചെയ്യുകയും ചെയ്യണമെന്ന് സൗദി ഭരണകൂടം അഭ്യർത്ഥിച്ചു. നേരത്തെ ഈ വർഷത്തെ ഹജ്ജ് കർമം നിർവഹിക്കുന്നതിൽ നിന്ന് കുട്ടികളെ നിരോധിക്കുന്ന ഉത്തരവ് സൗദി ഭരണകൂടം പുറപ്പെടുവിച്ചിരുന്നു.

കുറ്റപ്പെടുത്തേണ്ടത് ട്രംപിനെയല്ല, ചൈനയെയെന്ന് പീയുഷ് ഗോയൽ



മുംബൈ: ആഗോള വ്യാപാര അസന്തുലിതാവസ്ഥയ്ക്ക് കാരണം ചൈനയുടെ ദുഷ്പ്രവർത്തികളാണെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയൽ. ഇന്ത്യ ഗ്ലോബൽ ഫോറത്തിന്റെ വേദിയിൽ പ്രസംഗിക്കുമ്പോഴായിരുന്നു ഗോയലിന്റെ പരാമർശം.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ചൈനയുടെ സാമ്പത്തിക വളർച്ചയ്ക്ക് കാരണം അവരുടെ അന്യായമായ വ്യാപാര രീതികൾ, മറഞ്ഞിരിക്കുന്ന സബ്സിഡികൾ, വികലമായ തൊഴിൽ മാതൃകകൾ എന്നിവയാണ്. അന്താരാഷ്ട്ര നിയമങ്ങൾ പ്രകാരം അനുചിതമായി കണക്കാക്കപ്പെടുന്ന നടപടികളിലാണ് ചൈന അടിത്തറ പാകിയത്, അദ്ദേഹം പറഞ്ഞു.

ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളിലേയും ദേശീയ സമ്പദ്വ്യവസ്ഥകളുടെയും ഉത്പാദന ആവാസവ്യവസ്ഥയുടെയും ചെലവിൽ ചൈനയുടെ ഉയർച്ച ഉണ്ടായിട്ടുണ്ട്. ഏകദേശം മൂന്ന് പതിറ്റാണ്ടുകളായി ലോക സമ്പദ്വ്യവസ്ഥക്കെതിരെ നടന്നു വരുന്ന ഈ ആക്രമണത്തിന്റെ പരിണതഫലമാണ് ഇപ്പോഴത്തെ അവസ്ഥയെന്ന് അദ്ദേഹം പറഞ്ഞു. ചൈനയുടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് ആഗോള നേതാക്കൾ അമിതമായി ശുഭാപ്തിവിശ്വാസം പുലർത്തുന്നുണ്ട്. അത് ഉദാരവത്ക്കരിക്കപ്പെടുമെന്നും ചൈന കൂടുതൽ സുതാര്യവും ന്യായവുമായ വ്യാപാര തത്വങ്ങൾ സ്വീകരിക്കുമെന്നും ഏവരും വിശ്വസിച്ചു. എന്നാൽ അതിനെല്ലാം പകരം ചൈന കവർച്ചാ വിലനിർണ്ണയം, സുതാര്യമല്ലാത്ത സബ്സിഡി ഘടനകൾ, നീചമായ തൊഴിൽ മാനദണ്ഡങ്ങൾ എന്നിവ ഉപയോഗിച്ച് ആഗോള വ്യാപാര മേഖലയെ തകർത്തു.

ആഭ്യന്തര വിതരണ ശൃംഖലകളെ പിന്തുണച്ചും മേഖലകളിലുടനീളം സഹകരിച്ചും ദേശീയ മുൻഗണനകളുമായി യോജിച്ചും ദേശീയ മനോഭാവം പുലർത്താൻ ഇന്ത്യൻ സ്ഥാപനങ്ങൾ തയ്യാറാകണം. വൈ2കെ ഐടി പരിവർത്തനഘട്ടത്തിലും കോവിഡ് 19 പാൻഡെമിക്ക് കാലത്തും ഇന്ത്യ ആഗോള വെല്ലുവിളികളെ നേരിട്ടു. ഇന്നത്തെ വിഷമഘട്ടത്തെയും ഒരു അവസരമാക്കി മാറ്റാൻ കഴിയും.

മുൻ യുപിഎ സർക്കാരിന്റെ ഭരണകാലത്ത് ചൈനയുമായുള്ള വ്യാപാരക്കമ്മി കുതിച്ചുയർന്നു. 2004ൽ അടൽ ബിഹാരി വാജ്പേയി അധികാരമേറ്റപ്പോൾ ഇന്ത്യ-ചൈന വ്യാപാര കമ്മി ഒരു നിശ്ചിത തലത്തിലായിരുന്നു. എന്നാൽ യുപിഎ സർക്കാരിന്റെ 10 വർഷത്തിനിടയിൽ അത് 25 മടങ്ങ് വർധിച്ചു. ചൈനയുമായി രാജീവ് ഗാന്ധി ഒരു ധാരണാപത്രത്തിൽ ഒപ്പുവെച്ചതായി ആരോപിച്ച ഗോയൽ തുടർന്ന് ഉണ്ടായ താരിഫ് കുറയ്ക്കലുകൾ ചൈനയെ ഇന്ത്യൻ വിപണികളിലേക്ക് വൻതോതിൽ നിക്ഷേപിക്കാൻ അനുവദിച്ചുവെന്നും സൂചിപ്പിച്ചു.

അത് ഇന്ത്യയുടെ പ്രാദേശിക ഉത്പാദന മേഖലകളിൽ പലതിനെയും കൊല്ലുകയും ചൈനയെ ആശ്രയിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. സമ്പദ്വ്യവസ്ഥയുടെ 10 വർഷത്തെ തെറ്റായ മാനേജ്മെന്റിന്റെ ഫലമായി രാജ്യം ഇപ്പോഴും കഷ്ടപ്പെടുകയാണെന്നും ഗോയൽ പറഞ്ഞു.

വാഷിംഗ്ടണുമായുള്ള ചർച്ചകളുടെ സ്ഥിതി വെളിപ്പെടുത്താൻ ഗോയൽ വിസമ്മതിച്ചു. ഇന്ത്യയുടെ സമ്പദ്വ്യവസ്ഥ സ്ഥിരതയുള്ളതാണെന്നും രൂപയുടെ മൂല്യം സ്ഥിരതയുള്ളതായി തുടരുന്നുവെന്നും ട്രംപിന്റെ താരിഫ് നയങ്ങൾ ഇന്ത്യൻ ഓഹരികളെയാണ് ഏറ്റവും കുറവ് ബാധിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ലംബോർഗിനി ഉറുസിന്റെ വില 4.80 കോടി; ഫാൻസി നമ്പറിന് പൊടിച്ചത് 46.24 ലക്ഷം

കേരളത്തിലെ ഏറ്റവും വില കൂടിയ നമ്പർ ലേലം

കൊച്ചി: കേരളത്തിലെ ഏറ്റവും വില കൂടിയ ഫാൻസി നമ്പർ എറണാകുളം ജില്ലയിൽ. കെ എൽ 07 ഡിജി 0007 എന്ന നമ്പർ 46.24 ലക്ഷം രൂപയ്ക്കാണ് ലേലത്തിൽ പോയത്.

പരിവാഹൻ സൈറ്റിൽ ലേലം അവസാനിച്ചപ്പോൾ കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന ഐ ടി കമ്പനി ലിറ്റ്മസ് 7 സിസ്റ്റംസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡാണ്. കാക്കാനാട് ഇൻഫോപാർക്കിലെ ലുലു ടവറിൽ പ്രവർത്തിക്കുന്ന ഐ ടി കമ്പനിയുടെ ഉടമ വേണുഗോപാലകൃഷ്ണനാണ്.

കമ്പനിയുടെ ലംബോർഗിനി ഉറുസിന് വേണ്ടി ലേലത്തിൽ പിടിച്ച ഫാൻസി നമ്പറിനു വേണ്ടി കാൽലക്ഷം രൂപ അടച്ച് അഞ്ചു പേർ രംഗത്തുണ്ടായിരുന്നു.

ഇതിനു മുമ്പ് കേരളത്തിലെ ഏറ്റവും വലിയ ഫാൻസി നമ്പർ ലേലം നടന്നത് 2019ലാണ്. കെ എൽ 01 സികെ 0001 എന്ന നമ്പർ 31 ലക്ഷം രൂപയ്ക്കാണ് ലേലത്തിൽ പോയത്.

ഫാൻസി നമ്പർ കരസ്ഥമാക്കുന്നവർ അഞ്ചു ദിവസത്തിനകം നടപടി ക്രമങ്ങൾ പൂർത്തിയാക്കി ബാക്കി തുക അടക്കണം.

'ചപ്പുചവറുകൾ ശേഖരിക്കാൻ ആളുകൾ കാർ നിർത്തുന്ന ഇന്ത്യൻ നഗരം'

ശുചിത്വ റാങ്കിൽ തുടർച്ചയായി മുന്നിലെത്തിയ ഇൻഡോർ രാജ്യത്തിന് മാതൃക

ഇൻഡോർ: വൃത്തിയും വെടിപ്പുമുള്ള ഗ്രാമങ്ങളെക്കുറിച്ചും നഗരങ്ങളെക്കുറിച്ചും വാതോരാതെ പ്രസംഗിക്കാൻ നമ്മൾക്ക് ഒരു മടിയുമില്ല. പക്ഷെ തൊട്ടടുത്ത നിമിഷം തന്നെ നിൽക്കുന്ന ഇടം വൃത്തിഹീനമാക്കുന്ന എന്തെങ്കിലും ചെയ്യുകയും ചെയ്യും. വൃത്തിയെക്കുറിച്ചുള്ള ശരാശരി ഇന്ത്യക്കാരന്റെ വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ശുചിത്വത്തെക്കുറിച്ച് നമ്മൾക്ക് വലിയ സങ്കല്പങ്ങളും പദ്ധതികളുമുണ്ട്. സ്വച്ഛഭാരത്, സുചിത്വ മിഷൻ.. അങ്ങനെ പലതുമുണ്ട്. എന്നാൽ പറയുന്ന സമയത്ത് മാത്രം അതിനെക്കുറിച്ച് ചിന്തിക്കുകയും പിന്നീട് മറന്നുപോവുകയും ചെയ്യും. പ്രത്യേകിച്ച് രാഷ്ട്രീയ നേതാക്കന്മാരോ ഭരണകർത്താക്കളോ തുടങ്ങുന്ന പദ്ധതികളുടെ അവസ്ഥ നോക്കാം.

ഏതെങ്കിലും ഒരു രാഷ്ട്രീയനേതാവ് കൊട്ടിഘോഷിച്ച് ശുചിത്വ 'ആചരണം' ആരംഭിക്കുന്നു. അവർ ഏതെങ്കിലും ഒരു തെരുവ് തൂത്തുവാരാൻ തുടങ്ങുകയും മാധ്യമങ്ങൾ ഫോട്ടോയെടുക്കുമ്പോൾ പൗരധർമ്മത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുകയും ചെയ്യും. അടുത്ത ദിവസം അത് അവസാനിക്കും. കാര്യങ്ങൾ പഴയതുപോലെയാകും. ഇന്ത്യയിൽ സാധാരണയായി സംഭവിക്കുന്നത് ഇതാണ്.



പക്ഷേ മധ്യപ്രദേശിലെ ഇൻഡോറിൽ അങ്ങനെയല്ല കാര്യങ്ങൾ. 2017 ൽ, രാജ്യത്തെ ഏറ്റവും വൃത്തിയുള്ള നഗരത്തിനുള്ള പുരസ്കാരം നേടിയപ്പോൾ മുതൽ, കഴിഞ്ഞ വർഷം വരെ തുടർച്ചയായി എട്ട് വർഷം അവർ ശുചിത്വത്തിലെ വിജയം ആവർത്തിക്കുകയാണ്.

'നിങ്ങൾ വിമാനത്താവളത്തിൽ നിന്ന് പുറത്തുവരുമ്പോൾ, നിങ്ങൾ എത്തിയത് ഇന്ത്യയിൽ തന്നെയാണോ എന്ന് അതിശയിക്കുന്ന വിധത്തിലാണ് ഇൻഡോറിലെ മാറ്റം. അത്രയ്ക്ക് വൃത്തിയുള്ളതാണ് അവിടം' ജോലിക്കായി ഇൻഡോറിലേക്ക് പതിവായി യാത്ര ചെയ്യുന്ന ഒരു കോർപ്പറേറ്റ് എക്സിക്യൂട്ടീവ് നിതീഷ അഗർവാൾ പറഞ്ഞു.

2017 ന് മുമ്പ്, സർക്കാരിന്റെ ശുചിത്വ റാങ്കിംഗിൽ ഇൻഡോർ 471 പട്ടണങ്ങളിലും നഗരങ്ങളിലും 25 ാം സ്ഥാനത്തായിരുന്നു.

മാലിന്യം നീക്കം ചെയ്ത് സംസ്കരിക്കുന്ന രീതി മുതൽ, ഏകദേശം 850 തൂപ്പുകാരുടെ സൈന്യവും, ഏറ്റവും ചെറിയ ഇടവഴിയിൽ പോലും നിരന്നിരിക്കുന്ന ആയിരക്കണക്കിന് വ്യത്യസ്ത നിറങ്ങളിലുള്ള ബിന്നുകളും വരെ, പൊതുജീവിതത്തിന്റെ പല വശങ്ങളും ഈ മാറ്റത്തിലൂടെ മറ്റുള്ളവർക്ക് ഉൾക്കൊള്ളാൻ കഴിയും.

പല നഗരങ്ങളിലും, കുടുംബങ്ങൾ അവരുടെ വീട് വളരെ വൃത്തിയായി സൂക്ഷിക്കും, പക്ഷേ അവരുടെ മുൻവാതിലിൽ നിന്ന് ഏതാനും അടി അകലെ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നതുകാണാം.

'ആ മറ്റൊരു പ്രദേശം മറ്റൊരാളുടെ ഉത്തരവാദിത്തമായി കാണുന്ന മനോഭാവമാണ് പ്രശ്നം. ദുർഗന്ധം വമിക്കുന്ന മാലിന്യക്കൂമ്പാരം കടന്ന് അവരുടെ വൃത്തിയുള്ള വീട്ടിലേക്ക് നടക്കുന്നതിൽ ആരും ഒരു വൈരുദ്ധ്യവും കാണുന്നില്ല' പ്രാദേശത്തെ കെമിസ്ട്രി അദ്ധ്യാപകനായ അർജുൻ സെഹ്ഗാൾ പറഞ്ഞു.

ഇൻഡോർ ഒരുകാലത്ത് മാലിന്യക്കൂമ്പാരങ്ങളാൽ നിറഞ്ഞിരുന്നു, അവിടെ തെരുവ് പശുക്കളും പന്നികളും നായ്ക്കളും ചുറ്റും കൂടുകയും അവയുടെ വിസർജ്ജനം കൂമ്പാരത്തിലേക്ക് ചേർക്കുകയും അവിടെ ഈച്ചകൾ കൂട്ടത്തോടെ ആർക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇപ്പോൾ അതിരാവിലെ, നടപ്പാതകളിലും റോഡ് ഡിവൈഡറുകളിലും പുനരുപയോഗം ചെയ്ത വെള്ളം നിറയ്ക്കുന്നു. ഇൻഡോർ ഒന്നാം നമ്പർ ആയി' എന്ന ഗാനം ആലപിച്ചുകൊണ്ട് മാലിന്യം ശേഖരിക്കുന്ന വാനുകൾ പുറത്തിറങ്ങുന്നു. ശബ്ദം അടുക്കുമ്പോൾ, ആളുകൾ അവരവരുടെ വീടുകളിൽ നിന്ന് മാലിന്യവുമായി പുറത്തുവരുന്നു.

ജിപിഎസ് ട്രാക്കിംഗ് ഉപയോഗിച്ച്, ഒരു കൂട്ടം തൊഴിലാളികൾ വാനുകളുടെ ചലനങ്ങൾ നിരീക്ഷിക്കുകയും അവ അവരുടെ ജോലി ചെയ്യുന്നുണ്ടെന്നും എല്ലായിടത്തും എത്തുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ഗാർഹിക മാലിന്യത്തിന്റെ 100% വും നനഞ്ഞ, ഇലക്ട്രോണിക്സ്, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് ഇതര, ബയോമെഡിക്കൽ, അപകടകരമായ വസ്തുക്കൾ എന്നിങ്ങനെ വേർതിരിച്ചാണ് ശേഖരണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം പറയുന്നു.

മാലിന്യം ഇന്ധനമായും കമ്പോസ്റ്റായും പരിവർത്തനം ചെയ്യപ്പെടുന്നു, ഇത് കർഷകർക്ക് വളമായി വിൽക്കുന്നു. പല റെസ്റ്റോറന്റുകളിലും പുറത്ത് മൊബൈൽ കമ്പോസ്റ്റിംഗ് വാനുകൾ സ്ഥാപിച്ചിട്ടുണ്ട്.

'എന്റെ വീടിനടുത്തുള്ള പഴം, പച്ചക്കറി മാർക്കറ്റിൽ വ്യത്യസ്ത തരം മാലിന്യങ്ങൾക്കായി വ്യത്യസ്ത ബിന്നുകളുണ്ട്. മാലിന്യത്തെ ഇന്ധനമാക്കി മാറ്റുന്ന ഒരു യന്ത്രവും അവിടെയുണ്ട്, അത് സിറ്റി ബസുകളിലും പാചക ഇന്ധനമായും ഉപയോഗിക്കുന്നു,' വീട്ടമ്മയായ നീരു ശർമ്മ പറഞ്ഞു.

ഗവൺമെന്റിന്റെ ഈ നീക്കം നഗരത്തിൽ പൗര അഭിമാന ബോധം സൃഷ്ടിച്ചതിനാൽ അത് വിജയകരമായിരുന്നുവെന്നാണ് അഞ്ച് വർഷമായി ഇൻഡോറിൽ താമസിക്കുന്ന റിയ രഘുവംശി പറഞ്ഞത്. ഈ അവാർഡിൽ വളരെയധികം അഭിമാനമുള്ളതുകൊണ്ടാണ് ഇത് വിജയിച്ചത്. അഭിമാനത്തോടൊപ്പം നഗരത്തിന്റെ പ്രശസ്തി നിലനിർത്താനുള്ള ദൃഢനിശ്ചയവും ഉണ്ട്. ഇത് ഒരു വലിയ പ്രചോദനമായി മാറിയിട്ടുണ്ടെന്നും അവർ പറഞ്ഞു.

പെട്രോൾ പമ്പ് ഉടമയായ പ്രഭ്നിത് സാവ്നിയുടെ അഭിപ്രായത്തിൽ, താമസക്കാർ ശുചിത്വം സ്വന്തം വ്യക്തിപരമായ ഉത്തരവാദിത്തമായി ഏറ്റെടുത്തിട്ടുണ്ട്. 'ആളുകൾ മാലിന്യം വലിച്ചെറിയുന്ന ഒരാളെ തടയുന്നത് ഞാൻ കണ്ടിട്ടുണ്ട്. തെരുവിൽ മാലിന്യം കാണുമ്പോൾ ഡ്രൈവർമാർ അവരുടെ കാർ നിർത്തി അത് നീക്കം ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. എല്ലാവരെയും പ്രചോദിപ്പിക്കുന്ന ഒരു ദൗത്യമായി ഇത് മാറിയിരിക്കുന്നു', അദ്ദേഹം പറഞ്ഞു.

പുതിയ പെരുമാറ്റം കൊണ്ടുവരാൻ തീവ്രമായ പൊതുജന അവബോധ കാമ്പെയ്നുകൾ ആവശ്യമായി വന്നു. നഗരം വൃത്തിയായി സൂക്ഷിക്കാൻ സ്കൂൾ കുട്ടികളോട് പ്രതിജ്ഞയെടുക്കാൻ ആവശ്യപ്പെട്ടു. സിസിടിവി ക്യാമറകൾ സ്ഥാപിക്കുകയും മാലിന്യം വലിച്ചെറിഞ്ഞതായി തിരിച്ചറിഞ്ഞവർ ആരായാലും അവർക്ക് പിഴ ചുമത്തുകയും ചെയ്തു.

ശുചിത്വ മത്സരങ്ങൾ ആരംഭിച്ചു. ശുചിത്വത്തിന്റെ ആവശ്യകതയെ പിന്തുണയ്ക്കുന്നതിനായി മതഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നതിനായി മതനേതാക്കളെ ഉൾപ്പെടുത്തി. ഹിന്ദു ഉത്സവമായ ഹോളിയിൽ, തെരുവുകളും കെട്ടിടങ്ങളും തിളക്കമുള്ള നിറങ്ങൾ കൊണ്ട് മലിനമാകുമ്പോൾ, അധിക വാഹനങ്ങളും വാട്ടർ ടാങ്കറുകളും കൊണ്ടുവന്ന് നഗരം കഴുകി വെടിപ്പാക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വയം സമർപ്പിച്ചാൽ ഇൻഡോറിന്റെ വിജയം ഇന്ത്യയിലെ മറ്റിടങ്ങളിലും ആവർത്തിക്കപ്പെടുമെന്ന് സാവ്നി വിശ്വസിക്കുന്നു. 'നിങ്ങൾക്ക് മനസ്സോടെ പ്രവർത്തിക്കുന്ന ഒരു പൊതുജനവും ദൃഢനിശ്ചയമുള്ള ഒരു സർക്കാരും ആവശ്യമാണ്, കൂടാതെ ഇവിടെയും അവിടെയും ഈ വേഗത നിലനിർത്താൻ വളരെ ഊർജ്ജസ്വലരും മുൻകൈയെടുക്കുന്നവരുമായ വ്യക്തികൾ ആവശ്യമാണ്,' അദ്ദേഹം പറഞ്ഞു. 'അപ്പോൾ മാത്രമേ തലമുറകളായി തുടരുന്ന ശീലങ്ങൾ മാറുകയുള്ളൂ.'

കോൺഗ്രസിൽ തലമുറ മാറ്റം പൂർത്തിയാവുന്നു

കെപിസിസി പുനഃസംഘടിപ്പിക്കാൻ വിശാല പ്രവർത്തക സമിതിയിൽ ധാരണ; കെ. സുധാകരൻ മാറുമെന്ന് ഉറപ്പായി



അഹമ്മദാബാദ്: കെപിസിസി പുനഃ സംഘടിപ്പിക്കാൻ ഗുജറാത്തിലെ അഹമ്മദാബാദിൽ ചേർന്ന വിശാല പ്രവർത്തക സമിതിയിൽ ധാരണയായതോടെ കോൺഗ്രസിന്റെ കേരള ഘടകത്തിൽ തലമുറ മാറ്റം പൂർത്തിയാകാൻ വഴിയൊരുങ്ങി.

അന്തരിച്ച കെ. കരുണാകരനോടും വാർദ്ധക്യത്തിന്റെ പിടിയിലായ എ. കെ. ആന്റണിയോടും കൂറുപുലർത്തുന്ന ഗ്രൂപ്പുകൾ പാർട്ടിയിൽ ഇന്ന് മൃതപ്രായമായിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് പുതിയ തലമുറ മുന്നോട്ട് വരുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി കെപിസിസി അധ്യക്ഷ സ്ഥാനത്തു നിന്ന് കെ. സുധാകരൻ മാറും.

എഐസിസി ദ്വിദിന സമ്മേളനത്തിന് മന്നോടിയായി അഹമ്മദാബാദിൽ നടക്കുന്ന വിശാല പ്രവർത്തക സമിതിയിലാണ് പുനഃസംഘടന സംബന്ധിച്ച് ധാരണയായത്. പുതിയ അധ്യക്ഷനായി ആന്റോ ആന്റണിയടേയും റോജി എം. ജോണിന്റേയും പേരുകളാണ് പരിഗണിക്കുന്നത്. 11 ഡിസിസി അധ്യക്ഷൻമാരെയും മാറ്റും.

തദ്ദേശ തെരഞ്ഞടുപ്പിൽ കേരളത്തിൽ കോൺഗ്രസിനെ നയിക്കുക പുതിയ നേതൃത്വമായിരിക്കും എന്ന് ഉറപ്പായി. കെപിസിസി അദ്ധ്യക്ഷസ്ഥാനത്ത് നിന്ന് കെ. സുധാകരൻ മാറുന്നത് അദ്ദേഹത്തിന്റെ കൂടി സമ്മതതോടെയാണെന്നാണ് ലഭിക്കുന്ന വിവരം. ആന്റോ ആന്റണി, റോജി എം ജോൺ ഇവരിലൊരാൾ കെപിസിസി അധ്യക്ഷനായേക്കും. മുനമ്പം വിഷയത്തിൽ ക്രിസ്ത്യൻ സഭകൾ ഇടഞ്ഞ് നിൽക്കുന്ന സാഹചര്യത്തിൽ കത്തോലിക ബിഷപ്പുമാരുമായുള്ള അടുപ്പമാണ് ആന്റോ ആന്റണിയെ പരിഗണിക്കാൻ കാരണം. ചെറുപ്പവും കത്തോലിക്ക സഭാംഗമാണെന്നതും റോജി എം. ജോണിന്റെ സാധ്യതകളാണ്.

അടൂർ പ്രകാശിന്റെ പേര് പരിഗണിച്ചിരുന്നുവെങ്കിലും ബാർ ഉടമയെ കെപിസിസി അദ്ധ്യക്ഷനാക്കരുത് എന്ന് വി. എം .സുധീരൻ നിലപാട് എടുത്തതോടെ ആ സാധ്യത അടഞ്ഞു. കെ. സുധാകരനെ പ്രവർത്തകസമിതിയിൽ ക്ഷണിതാവാക്കും. തൃശ്ശൂർ, ഏറണാകുളം മലപ്പുറം ഡിസിസി അദ്ധ്യക്ഷമാർ ഒഴികെ ബാക്കി എല്ലാ ഡിസിസി അദ്ധ്യക്ഷൻമാരെയും മാറ്റും. ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കേരളത്തിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷ ഹൈക്കമാന്റിന് കൈമാറി.

സർദാർ വല്ലഭായി പട്ടേൽ ദേശീയ മ്യൂസിയത്തിലെ വേദിയിലാണ് എഐസിസി സമ്മേളനം നടക്കുന്നത്. പാർട്ടിയെ അടിത്തറയിൽ ശക്തിപ്പെടുത്തുക എന്നതാണ് സമ്മേളനത്തിന്റെ മുഖ്യ അജണ്ട. ഡിസിസികളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾക്കടക്കം സമ്മേളനം രൂപം നൽകും. ഡിസിസി അധ്യക്ഷൻമാർക്ക് കൂടുതൽ അധികാരം നൽകാനും ധാരണയാകും. ബ്ലോക്ക്, നിയോജകമണ്ഡലം ഭാരവാഹികളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഡിസിസിക്ക് നൽകും.

എത്ര മുതിർന്ന നേതാക്കൾ സഹകരിച്ചില്ലെങ്കിലും ഇതിന് എഐസിസി പിന്തുണ നൽകും. ആദ്യ ഘട്ടത്തിൽ ഗുജറാത്തിലായിരിക്കും ഈ മാറ്റം നടപ്പിലാക്കുക.

64 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് എഐസിസി സമ്മേളനത്തിന് ഗുജറാത്ത് വേദിയാകുന്നത്. ഡിസിസികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകാനും എഐസിസി സമ്മേളനം തീരുമാനിക്കും.

1885ൽ കോൺഗ്രസ് സ്ഥാപിതമായ ശേഷം ആറാം തവണയാണ് ഗുജറാത്തിൽ എഐസിസി സമ്മേളനം നടക്കുന്നത്. സ്വാതന്ത്ര്യത്തിനശേഷം രണ്ടാം തവണയും.

തഹാവൂർ റാണ ഇന്ത്യയിലെത്തി; കമാൻഡോ സുരക്ഷ



ന്യൂഡൽഹി : 26 /11 മുംബൈ ഭീകരാക്രണകേസിലെ പ്രതി പാക്കിസ്ഥാൻ വംശജനായ കനേഡിയൻ വ്യവസായി തഹാവൂർ റാണയെ (64) ഇന്ത്യയിലെത്തിച്ചു. വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണ് യുഎസിൽനിന്ന് ഇന്ത്യയിലെത്തിച്ചത്. ഇന്ത്യയ്ക്ക് കൈമാറുന്നത് തടയണമെന്നാവശ്യപ്പെട്ട് തഹാവൂർ റാണ സമർപ്പിച്ച ഹർജി യുഎസ് സുപ്രീം കോടതി മാർച്ചിൽ തള്ളിയിരുന്നു. തഹാവൂർ റാണയെ പാർപ്പിക്കുന്നതിനായി രാജ്യത്തെ രണ്ട് ജയിലുകളിൽ സുരക്ഷാ ക്രമീകരണങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. ഡൽഹി തീഹാർ ജയിലിലും മുംബൈയിലെ ജയിലിലുമാണ് റാണയ്ക്കായുള്ള പ്രത്യേക സെല്ലുൾപ്പെടെ സജ്ജമാക്കിയിരിക്കുന്നത്.

ഇന്ത്യയിൽ എത്തിക്കുന്ന റാണ കുറച്ച് ആഴ്ചകൾ എങ്കിലും ദേശീയ അന്വേഷണ ഏജൻസിയുടെ (എൻഐഎ)യുടെ കസ്റ്റഡിയിൽ ഉണ്ടാകുമെന്നാണ് റിപ്പോർട്ട്. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിലാണ് റാണയെ ഇന്ത്യയിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നത്.

മുംബൈ ഭീകരാക്രമണത്തിൽ ഇന്ത്യ തേടുന്ന കുറ്റവാളിയാണ് പാക് കനേഡിയൻ പൗരനും ലഷ്കർ ഇ ത്വയ്ബയിലെ അംഗവുമായ തഹാവൂർ റാണ.

പാക് ഭീകരസംഘടനകൾക്കു വേണ്ടി മുംബൈയിൽ ഭീകരാക്രമണം നടത്താൻ സുഹൃത്തും യു എസ് പൗരനുമായ ഡേവിഡ് കോൾമാൻ ഹെഡ്‌ലിക്കൊപ്പം ഗൂഢാലോചന നടത്തിയെന്നാണ് റാണയ്ക്കെതിരെ ഇന്ത്യയിൽ നിലനിൽക്കുന്ന കേസ്.

ആഡംബര ഹോട്ടലുകൾ, റെയിൽവേ സ്റ്റേഷൻ, മുംബൈയിലെ ഒരു ജൂകേന്ദ്രം എന്നിവിടങ്ങളിൽ മൂന്ന് ദിവസങ്ങളായി നടന്ന 26 / 11 മുംബൈ ഭീകരാക്രണത്തിൽ 166 പേർ കൊല്ലപ്പെട്ടിരുന്നു. 2011 ലാണ് തഹാവൂർ റാണ ഭീകരാക്രമണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയത്. കേസിൽ 13 കൊല്ലത്തെ ജയിൽ ശിക്ഷ ലഭിച്ച റാണ ലോസ് ആഞ്ജിലിസിലെ മെട്രോപോളിറ്റൻ ഡിറ്റൻഷൻ സെന്ററിൽ കഴിഞ്ഞു വരികയായിരുന്നു.

റാണയെ ഇന്ത്യക്ക് കൈമാറുന്നതിന് യുഎസ് പ്രസിഡന്റ് അനുമതി നൽകിയിരുന്നു. ജനുവരിയിൽ സുപ്രീംകോടതി റാണയുടെ പുനഃപരിശോധനാഹർജി തള്ളിയതിനെത്തുടർന്നായിരുന്നു ഇത്. ഇതേത്തുടർന്ന് ഈ ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പട്ട് റാണ സമർപ്പിച്ച അടിയന്തര അപേക്ഷ യുഎസ് സുപ്രീംകോടതി മാർച്ചിൽ തള്ളിയിരുന്നു. പാകിസ്താനിൽ ജനിച്ച മുസ്ലിം ആണ് താനെന്നും ഇന്ത്യയിൽ പീഡനങ്ങൾ നേരിടേണ്ടിവരുമെന്നും ആരോപിച്ചായിരുന്നു റാണ സുപ്രീം കോടതിയെ സമീപിച്ചത്.




'ഭാരത് മാതാവിനെയും കാവിക്കൊടിയെയും മാനിക്കുന്ന മുസ്ലീങ്ങളെ ആർഎസ്എസിൽ ചേർക്കും: മോഹൻ ഭാഗവത്

ലഖ്നൗ: മുഗൾ ചക്രവർത്തി ഔറംഗസേബിന്റെ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കാത്തവരെ സംഘത്തിൽ ചേരാനും ശാഖകളിൽ പങ്കെടുക്കാനും ക്ഷണിച്ച് ആർഎസ്എസ് മേധാവി മോഹൻ ഭാഗവത്. 'ഭാരത് മാതാ'വിനെയും കാവിക്കൊടിയെയും ബഹുമാനിക്കുന്ന എല്ലാവരെയും സംഘടന സ്വാഗതം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.

കാശി മേഖലാ യൂണിറ്റിലെ നാലു ദിന 'പ്രവാസ' പരിപാടിയിൽ ചോദ്യത്തിന് മറുപടിയായാണ് മോഹൻ ഭാഗവതിന്റെ പ്രതികരണം. ശാഖയിൽ ചേരാൻ വരുന്ന ഓരോരുത്തരും 'ഭാരത് മാതാ കീ ജയ്' വിളിക്കുന്നതിൽ ഒരു മടിയും വിചാരിക്കേണ്ടതില്ലെന്നും കാവിക്കൊടിയോട് ബഹുമാനം കാണിക്കണമെന്ന് മാത്രമാണ് വ്യവസ്ഥയെന്നും ശാഖകളിൽ മുസ്ലീങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി മോഹൻ ഭാഗവത് പറഞ്ഞു. ജാതി വിവേചനം, പരിസ്ഥിതി, സാമ്പത്തികം അടക്കം മറ്റ് വിഷയങ്ങൾ എന്നിവ അവസാനിപ്പിച്ച് ശക്തമായ ഒരു സമൂഹം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത ആർഎസ്എസ് മേധാവി ആവർത്തിച്ചു.

ഇന്ത്യക്കാർക്ക് വ്യത്യസ്ത മതാചാരങ്ങളും ജീവിതശൈലിയും ഉണ്ടായിരിക്കാം. പക്ഷേ അവരുടെ സംസ്കാരം ഒന്നുതന്നെയാണ്. ഇന്ത്യയിലെ എല്ലാ വിശ്വാസങ്ങളിൽ നിന്നും വിഭാഗങ്ങളിൽ നിന്നും ജാതികളിൽ നിന്നുമുള്ള ആളുകളെയും ശാഖകളിലേക്ക് സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയെ വിശ്വ ഗുരുവാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിളിച്ചുചേർത്ത കാശിയിലെ വേദപണ്ഡിതരുമായി മോഹൻ ഭാഗവത് കൂടിക്കാഴ്ച നടത്തി. 94 ഐഐടിക്കാരുമായും ബനാറസ് ഹിന്ദു സർവകലാശാലയിലെ 28 പ്രൊഫസർമാരുമായും സംവദിക്കുന്നതിനിടെ, തിരക്കേറിയ സമയങ്ങളിൽ നിന്ന് അൽപ്പം സമയം കണ്ടെത്തി വ്യത്യസ്ത ഗ്രാമങ്ങൾ സന്ദർശിക്കാൻ ആർഎസ്എസ് മേധാവി ആവശ്യപ്പെട്ടു.







യു കെ മലയാളിയുടെ 'മണവാട്ടി' കൊച്ചി വിമാനത്താവളത്തിലെത്തി



കൊച്ചി: വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന ഇന്ത്യൻ വാറ്റുചാരായം 'മണവാട്ടി' കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ വിൽപനക്കെത്തി. യൂറോപ്യൻ നിലവാരത്തിലുള്ള 'മണവാട്ടി' കർശന ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് യു കെയിലാണ് നിർമിക്കുന്നത്. മലയാളിയായ ജോൺ സേവ്യറാണ് മണവാട്ടിയുടെ ആശയത്തിന് പിന്നിൽ പ്രവർത്തിച്ചത്.

പൂർണമായും ഭക്ഷ്യധാന്യങ്ങൾ ഉപയോഗിച്ച് കൊണ്ട് പ്രകൃതിദത്തമായ രീതിയിലാണ് ഉത്പാദനം. 44 ശതമാനം ആൽക്കഹോൾ അടങ്ങിയിട്ടുള്ള 'മണവാട്ടി'യിൽ കൃത്രിമ മധുരമോ നിറങ്ങളോ ഫ്ളേവറോ കൊഴുപ്പോ ചേർത്തിട്ടില്ലെന്ന് നിർമാതാക്കളായ ലണ്ടൻ ബാരൻ ലിമിറ്റഡ് പറയുന്നു.

യു കെ, ശ്രീലങ്ക, ജപ്പാൻ, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന തനത് വാറ്റുകൾക്ക് വിദേശരാജ്യങ്ങളിൽ വൻ ഡിമാന്റുണ്ട്. ഇന്ത്യയിലും ഇത്തരം നാടൻ മദ്യനിർമ്മാണരീതികൾ പ്രചാരത്തിലുണ്ടെങ്കിലും സുരക്ഷാ പ്രശ്നങ്ങൾ കാരണം വിദേശ വിപണിയിൽ ലഭ്യമായിരുന്നില്ല. ആ കുറവാണ് 'മണവാട്ടി'പരിഹരിക്കുന്നത്. ഇന്ത്യയിലെ നാടൻ വാറ്റ് രീതിക്കൊപ്പം അത്യാധുനിക മദ്യനിർമാണ ഉപകരണങ്ങളും കൂടി സമന്വയിപ്പിച്ചാണ് 'മണവാട്ടി'യുടെ ഉത്പാദനം നിർവഹിക്കുന്നത്.

യു കെ വിപണിയിൽ ഇന്ത്യൻ മദ്യങ്ങൾ എത്തിക്കുന്നതിന് 2019ലാണ് ലണ്ടൻ ബാരൻ ലിമിറ്റഡ് സ്ഥാപിതമായത്. കേരളത്തിലെ നാടൻ കള്ള് ഉൾപ്പെടെയുള്ളവ യു കെയിലെ വിപണിയിൽ പരീക്ഷിച്ച് വിജയിച്ച ശേഷമാണ് വാറ്റുചാരായം എന്ന ആശയത്തിലേക്ക് കടന്നത്. 2023 മുതലാണ് 'മണവാട്ടി' യു കെ വിപണിയിൽ ലഭ്യമായിത്തുടങ്ങിയത്. യു കെയിൽ തദ്ദേശീയരും പ്രവാസികളും ഒരുപോലെ ഏറ്റെടുത്ത 'മണവാട്ടി' ഇതാദ്യമായാണ് കേരളത്തിൽ വില്പനയ്ക്കെത്തുന്നത്. സീറോ ഷുഗർ, സീറോ കാർബ്, സീറോ ഫാറ്റ് എന്ന വാഗ്ദാനങ്ങളാണ് 'മണവാട്ടി' മുമ്പോട്ടുവെക്കുന്നത്.

പ്രകൃതിദത്ത ഊർജം എന്നർഥമുള്ള 'മന'യും കലാകാലങ്ങളായി കള്ള് പുളിപ്പിക്കാൻ ഉപയോഗിക്കുന്ന രീതികൾ സൂചിപ്പിക്കുന്ന 'വാറ്റ്'ഉം ചേർത്താണ് 'മണവാട്ടി' എന്ന പേര് ലഭിച്ചത്.

കൊച്ചിയിൽ വിമാനം ഇറങ്ങുന്നവർക്ക് വിമാനത്താവളത്തിനുള്ളിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ നിന്നും 'മണവാട്ടി' വാങ്ങാൻ സാധിക്കും. ഒരു ലിറ്ററിന് 3,500 രൂപയാണ് വില. നിലവിൽ 10 ശതമാനം ഡിസ്കൗണ്ട് ഉൾപ്പെടെ 3150 രൂപയ്ക്കാണ് വിമാനത്താവളത്തിനുള്ളിൽ വില്പന നടക്കുന്നത്.

സുപ്രീം കോടതി വിധി

കേരളമടക്കമുള്ള സംസ്ഥാനങ്ങൾക്ക് വൻ വിജയം

നിയമസഭ പാസാക്കിയ ബില്ലുകൾ ഗവർണർ പിടിച്ചുവെക്കുന്നത് നിയമവിരുദ്ധമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: നിയമസഭ പാസാക്കിയ ബില്ലുകൾ പിടിച്ചുവെക്കുന്ന ഗവണർമാരുടെ നടപടിക്ക് സുപ്രീം കോടതി തടയിട്ടത് ഗവർണമാരുടെ അമിതാധികാര പ്രയോഗത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചു വരുന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളുടെ വിജയമാണ്.

സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകൾ പിടിച്ചു വയ്ക്കുന്ന ഗവർണർമാരുടെ നടപടി നിയമവിരുദ്ധമാണെന്നും പരമാവധി മൂന്ന് മാസത്തിനുള്ളിൽ അവയിൽ തീരുമാനമെടുക്കണമെന്നും സുപ്രീം കോടതി വ്യക്തമാക്കി. തമിഴ്നാട് നിയമസഭ പാസാക്കിയ ബില്ലുകൾ തടഞ്ഞുവെച്ച ഗവർണറുടെ നടപടി ഭരണഘടനാ വിരുദ്ധമാണെന്നും സുപ്രീം കോടതി വിമർശിച്ചു. ഗവർണർക്കെതിരായ തമിഴ്നാട് സർക്കാരിന്റെ ഹർജിയിലാണ് നിർണായക ഉത്തരവ്.

ബില്ലുകൾ രാഷ്ട്രപതിക്ക് അയക്കുകയാണെങ്കിലോ തിരിച്ചയക്കുകയാണെങ്കിലോ അത് മൂന്നു മാസത്തിനുള്ളിൽ ചെയ്യണമെന്നും കോടതി നിർദേശിച്ചു. ബില്ലുകൾ പിടിച്ചുവെയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വീറ്റോ അധികാരവും ഇന്ത്യൻ ഭരണഘടന ഗവർണർമാർക്ക് നൽകിയിട്ടില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഗവർണർ സർക്കാരിന്റെ ഉപദേശം അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്.

തമിഴ്നാട്ടിൽ ഗവർണർ തടഞ്ഞുവെച്ച പത്ത് ബില്ലുകൾക്കും കോടതി അംഗീകാരം നൽകുകയും ചെയ്തു. ഒരു ഭരണഘടന എത്ര നല്ലതായാലും അത് നടപ്പാക്കുന്നവർ ശരി അല്ലെങ്കിൽ മോശമാണെന്ന് തോന്നുമെന്ന അംബേദ്കറുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു കോടതി വിധി പറഞ്ഞത്. നിയമങ്ങൾ ജനങ്ങളുടെ ആവശ്യത്തിനായി കൊണ്ടുവരുന്നതാണ്. ജനങ്ങളുടെ ക്ഷേമത്തിനായിട്ടാണ് സർക്കാരുകൾ നിയമം കൊണ്ടുവരുന്നത്. അതിൽ തടയിടുന്ന നിലപാട് ശരിയല്ല. സംസ്ഥാനസർക്കാരിനെ തടയുകയല്ല ഗവർണറുടെ ചുമതലയെന്നും കോടതി വ്യക്തമാക്കി.

സംസ്ഥാന സർക്കാരുകളും ഗവർണർമാരും തമ്മിലുള്ള പോര് നിലനിൽക്കുന്നിനിടയിലാണ് സുപ്രീം കോടതിയുടെ ഈ സുപ്രധാന ഉത്തരവ്. നിയമസഭ പാസാക്കുന്ന ബില്ലുകൾ അനന്തമായി പിടിച്ചുവെയ്ക്കാൻ രാജ്യത്തെ ഒരു സംസ്ഥാനത്തെയും ഗവർണർമാർക്ക് അധികാരമില്ലെന്നാണ് സുപ്രീം കോടതി വ്യക്തമാക്കിയിരിക്കുന്നത്.







1200 മീനം 27 – മേടം 03 • 2025 APRIL 10 - 16

ഫയൽ ദുരന്തം

സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നത് 3 ലക്ഷം ഫയലുകൾ



സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നത് 3 ലക്ഷം ഫയലുകൾ. ഓരോ ഫയലിനുള്ളിലും ഓരോ ജീവൽ പ്രശ്നമാണുള്ളതെന്ന് ആർക്കും അറിയാഞ്ഞല്ല. പക്ഷെ, കാര്യങ്ങൾ അങ്ങനെയൊക്കെയാണ്. ഇതിനൊരു പ്രധാന കാരണം ജീവനക്കാരുടെ അനാസ്ഥയും, വ്യാപകമായ അഴിമതിയും, സ്വജനപക്ഷപാതവുമൊക്കെത്തന്നെ. എന്നാൽ,അതിനുമപ്പുറം ചില കാരണങ്ങളുമുണ്ട്.

സെക്രട്ടേറിയറ്റിൽ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അടിസ്ഥാന വ്യവസ്ഥയുടെ കൂടെ പ്രശ്നമാണത്. നിയമസഭയിൽ (അത് യുഎസ് കോൺഗ്രസ് ആയാലും) തീരുമാനങ്ങൾ ഉണ്ടാകുന്നത് ബില്ലുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന നിയമങ്ങളായാണ്. അതിനാലാണ് അവയെ നിയമനിർമ്മാണ സഭകൾ എന്ന് വിളിക്കുന്നത്. ഇതിന് സമാനമാണ് എക്സിക്യൂട്ടീവിന്റെയും പ്രവർത്തനം.

കേരളത്തിലായാലും ഇന്ത്യയിലായാലും അമേരിക്കയിലായാലും എക്സിക്യൂട്ടീവ് തീരുമാനങ്ങളെടുക്കുന്നത് ഫയലുകളെ അടിസ്ഥാനപ്പെടുത്തിയാണ്. അതിനാലാണ് ഇന്ത്യയിൽ ഫയൽ കുറിപ്പുകളടക്കം വിവരാവകാശ നിയമത്തിന്റെ പരിധിയിലാക്കിയിട്ടുള്ളത്.

ഫയലുകളുടെ പേജ് ഓർഡർ മാറ്റി മറിക്കാൻ ആർക്കും അവകാശമില്ല. ഇനി ഏതെങ്കിലും ഫയൽ ആരെങ്കിലും മുക്കിയാൽ അത് പുനർനിർമ്മിക്കാൻ ഓരോ വകുപ്പിലും അതിന്റെ ചെറു പ്രതിരൂപങ്ങൾ കൂർത്തിണക്കിയാൽ മതി. പ്രമാദമായ അഴിമതിക്കേസുകളിൽ ഇങ്ങനെ മുങ്ങിയ ഫയലുകൾ പുനർനിർമ്മിച്ച പല സന്ദർഭങ്ങളുമുണ്ട്. ആരുമോർക്കുന്നില്ലെങ്കിലും കെ. കരുണാകരനെ വട്ടം ചുറ്റിച്ച പാമോയിൽ കേസിൽ ഫയലിലെ കുറിപ്പുകളാണ് നിർണായകമായത്.

ഇങ്ങനെ ഫയൽ അടിസ്ഥാനത്തിലുള്ള എക്സിക്യൂട്ടീവ് തീരുമാനമെടുക്കൽ സ്വാഭാവികമായും കൂടുതൽ ഫയലുകളുടെ സൃഷ്ടിയിലാണ് ചെന്ന് കലാശിക്കുക. അതുകൊണ്ടാണ് എത്ര തവണ ഫയൽ നിർമ്മാർജ്ജന യജ്ഞം നടത്തിയാലും ഫയലുകളുടെ എണ്ണം കുറയുന്നില്ല എന്ന തോന്നൽ നമുക്ക് ഉണ്ടാവുന്നത്.

ഇനി മറ്റൊരു കാര്യാണം കൂടെയുണ്ട്. കേരള സെക്രട്ടേറിയറ്റിനെ സംബന്ധിച്ചിടത്തോളം ഒരു ഫയൽ എത്ര പേർ കാണണമെന്നത് സംബന്ധിച്ചുള്ള വ്യവസ്ഥ സെക്രട്ടേറിയറ്റ് മാന്വൽ എന്ന പുസ്തകത്തിലുണ്ട്.. മുൻപൊരു കാലത്ത് എട്ടുപേരുടെയെങ്കിലും കൈകളിലൂടെ കടന്ന് പോയാൽ മാത്രമേ ഒരു ഫയലിൽ തീരുമാനമുണ്ടാകുമായിരുന്നുള്ളൂ. വിവിധ ഭരണപരിഷ്ക്കര ശ്രമങ്ങളുടെ ഫലമായി ഇത് ഏതാണ്ട് നാലായി കുറഞ്ഞിട്ടുണ്ട്.

ഇങ്ങനെ പറയുമ്പോൾ പലരും ഓരോ തീരുമാനവും ഉണ്ടാകുന്നതിനുള്ള കാലതാമസത്തിന് ഇത് ബ്യൂറോക്രസി പറയുന്ന തട്ടിപ്പ് ന്യായമാണെന്നൊക്കെ പറഞ്ഞേക്കാം. അതിൽ അദ്ഭുതവുമില്ല. കാരണം, ബ്യൂറോക്രസിയുടെ കെടുകാര്യസ്ഥത മൂലമുള്ള കാലവിളംബം ഇന്ത്യ പോലെയുള്ള രാജ്യങ്ങളുടെ ദുര്യോഗമാണ്. ഫയലുകൾ നോക്കേണ്ട തെറ്റുകളുടെ എണ്ണം കുറഞ്ഞിട്ടും സർക്കാർ ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നില്ല എന്ന ദുരന്തവും ഇതിനൊപ്പമുണ്ട്.

ഇതിനുള്ള പരിഹാരമായാണ് ഇലക്ട്രോണിക് ഫയൽ നീക്ക സംവിധാനം ഇന്ത്യയിൽ ആദ്യമായി ആന്ധ്ര പ്രദേശിലും പിന്നീട കേരളത്തിലും പരീക്ഷിക്കപ്പെട്ടത്. പക്ഷെ, അത് ചെന്ന് അവസാനിച്ചതാകട്ടെ പലയിടത്തും ഒരു ഫിസിക്കൽ ഫയലും ഇലക്ട്രോണിക് ഫയലും സൃഷ്ടിക്കുന്നതിലാണ്. ഇലക്ട്രോണിക് ഫയലിംഗ് ശാശ്വതമാണോ എന്ന് ഇപ്പോഴും നമുക്ക് സംശയമാണ്.

കേരള സെക്രട്ടേറിയറ്റിൽ 46 വകുപ്പുകളിലായി പ്രതിദിനം എത്തുന്നത് 10001200 ഫയലുകളാണ്. സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരം ഒരുസീറ്റിലെ ഉദ്യോഗസ്ഥന് ഫയൽ കൈവശം വയ്ക്കാൻ അനുമതിയുള്ളത് പരമാവധി അഞ്ചുദിവസം. എന്നാൽ, ഇതിനുള്ളിൽ ഫയൽനീക്കം നടക്കുന്നില്ല. ഇതുമൂലം സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നത് മൂന്നുലക്ഷത്തോളം ഫയലുകൾ. ചില ഐഎഎസ് ഉദ്യോഗസ്ഥരുടെ ചേരിപ്പോരടക്കം ഇതിന് കാരണമാകുന്നു.

ഫയൽനീക്കത്തിൽ കർശന നടപടിയെടുക്കേണ്ട ഐഎഎസ് ഉദ്യോഗസ്ഥരിൽ പലരും അതിന് തയ്യാറാകുന്നില്ലെന്നും ആക്ഷേപമുണ്ട്. അതിനാൽ ഫയലുകൾ പല തട്ടുകളിലായി ഇഴഞ്ഞു നീങ്ങുന്നതുമൂലം തീർപ്പ് അനന്തമായി നീളുന്നു. സർക്കാരിൽ നിന്ന് സമ്മർദ്ദമേറുമ്പോൾ തീർപ്പാക്കലിന് അല്പം വേഗത കൈവരുമെങ്കിലും വീണ്ടും കാര്യങ്ങൾ പഴയപടിയാകും. ഓരോ ഫയലും ഓരോ ജീവിതമെന്ന് മുഖ്യമന്ത്രി ഇടയ്ക്കിടെ ഓർമ്മിപ്പിക്കാറുണ്ടെങ്കിലും ഫയൽ നീക്കത്തിന് വേണ്ടത്ര വേഗത ഉണ്ടാകാറില്ല.

വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളിലാണ് ഫയലുകൾ ഏറെയും എത്തുന്നത്. പല തട്ടുകൾ കടന്നുവേണം ഒരു ഫയലിൽ തീർപ്പുണ്ടാകാൻ. സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാരുടെ കുറവും ഫയൽ നീക്കത്തെ ബാധിക്കുന്നു. കോടതിയുമായി ബന്ധപ്പെട്ട ഫയലുകളിൽ വിധിയോ കോടതി നിർദ്ദേശമോ വരുന്നതുവരെ തീർപ്പ് വൈകുന്നു. ഇ ഫയലിംഗ് സംവിധാനം സമ്പൂർണമാകാത്തതും തടസമാണ്.

പല തട്ടുകളിലൂടെയാണ് ഫയലുകളുടെ നീക്കം:

1. സെക്രട്ടറി മുഖേനയല്ലാത്തവ (മൂന്നു തട്ടിൽ) സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള ഉദ്യോഗസ്ഥരിൽ ആരെങ്കിലും ഒരാൾ, മന്ത്രി അല്ലെങ്കിൽ മുഖ്യമന്ത്രി.

2. മന്ത്രിസഭ പരിഗണിക്കേണ്ടവ (നാല് തട്ട്) സെക്ഷൻ ഓഫിസർ, അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള ഉദ്യോഗസ്ഥരിൽ ആരെങ്കിലും ഒരാൾ, സെക്രട്ടറി, മന്ത്രി അല്ലെങ്കിൽ മുഖ്യമന്ത്രി.

3. ചീഫ് സെക്രട്ടറി പരിഗണിക്കേണ്ടവ (നാല് തട്ട്). സെക്ഷൻ ഓഫിസർ, അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള ഉദ്യോഗസ്ഥരിൽ ആരെങ്കിലും ഒരാൾ, സെക്രട്ടറി, ചീഫ് സെക്രട്ടറി

4. സെക്രട്ടറി പരിഗണിക്കേണ്ടവ (മൂന്നു തട്ട്). സെക്ഷൻ ഓഫിസർ, അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള ഉദ്യോഗസ്ഥരിൽ ആരെങ്കിലും ഒരാൾ, സെക്രട്ടറി.

പ്രധാനവകുപ്പുകളിലെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാരുടെ ഏകദേശ കണക്ക് ഇങ്ങനെ: ജിഎഡി 1200; ധനകാര്യം 500; നിയമം: 250. ഇവരുടെ കൈകളിലൂടെ വേണം ഈ മൂന്നുലക്ഷം ഫയലുകൾ തീരുമാനത്തിലേക്ക് സഞ്ചരിക്കാൻ. ഇതിൽ പ്രധാനം വിഷമം പിടിച്ച മറ്റെന്തുണ്ട്?

പഞ്ചായത്ത് – മുനിസിപ്പൽ സേവനങ്ങൾ എല്ലാം കെ സ്മാർട്ട് പ്ലാറ്റ്ഫോമിൽ ലഭ്യം

വീഡിയോ കെ.വൈ.സി സഹായത്തോടെ കെ സ്മാർട്ട് വഴി ലോകത്തെവിടെ നിന്നും വിവാഹ രജിസ്ട്രേഷന് അപേക്ഷിക്കാനും പൂർത്തിയാക്കാനും കഴിയും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന കെസ്മാർട്ട് പൂർണസജ്ജമാകുന്നതോടെ പഞ്ചായത്ത്മുനിസിപ്പൽ സേവനങ്ങൾക്കായി അവിടെയുമിവിടെയും ഓടിനടക്കുന്നത് ഒഴിവാക്കാം.

ജനനമരണവിവാഹ രജിസ്ട്രേഷൻ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് തുടങ്ങിയ നിരവധി സേവനങ്ങൾ ഇഗവേണൻസിന്റെയും സ്മാർട്ട് ഓഫീസുകളുടെയും ഭാഗമായി ഡിജിറ്റലായി മാറിയിട്ടുണ്ടെങ്കിലും ഇപ്പോഴും വിവിധ പ്ലാറ്റ്ഫോമുകളിലൂടെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഈ മാസത്തോടെ ആ അവസ്ഥ മാറും.

കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ (കെ സ്മാർട്ട്) ഈ സേവനങ്ങൾ കൂടുതൽ സുഗമവും സുതാര്യവും കാര്യക്ഷമവുമാക്കുകയാണ്. https://ksmart.lsgkerala.gov.in വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പ്ലിക്കേഷനിലൂടെയും സേവനങ്ങൾ വിരൽത്തുമ്പിൽ എത്തിക്കുകയാണ് കെസ്മാർട്ട്.

ഇൻഫർമേഷൻ കേരള മിഷനാണ് തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള വിവിധ സോഫ്റ്റ്വെയറുകൾക്ക് പകരമായി കെസ്മാർട്ട് വിന്യസിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക,സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളിലേക്കുള്ള ചുവടുവയ്പ്പാണ് കെസ്മാർട്ടിലൂടെ യാഥാർത്ഥ്യമാകുന്നത്.



2024 ജനുവരി ഒന്നു മുതൽ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കെസ്മാർട്ട് നിലവിൽ വന്നിട്ടുണ്ട്. 2025 ഏപ്രിൽ 10ന് 941 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക്, 14 ജില്ല പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും കെ സ്മാർട്ടിന്റെ സേവനം വ്യാപിപ്പിക്കും.

കെസ്മാർട്ടിലൂടെ പൊതുജനങ്ങൾക്ക് പേപ്പർ രഹിതമായി ഡിജിറ്റൽ ഒപ്പിട്ട് അപേക്ഷകൾ സ്ഥലകാല പരിമിതികൾ ഇല്ലാതെ സമർപ്പിക്കാം. വ്യക്തി കേന്ദ്രീകൃതമായ ലോഗിൻ വഴി ഒരിക്കൽ നൽകിയ വിവരങ്ങളും ലഭ്യമാക്കിയ വിവരങ്ങളും പിന്നീടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിക്കും.

വാട്സാപ്പ്, ഇ മെയിൽ എന്നിവ വഴി രസീതുകളും സാക്ഷ്യപത്രങ്ങളും ലഭ്യമാക്കും. ആധാർ/ പാൻകാർഡ്/ ഇ മെയിൽ ഐഡി വഴി കെസ്മാർട്ടിൽ ലോഗിൻ ചെയ്യാം. ലോഗിൻ ചെയ്യാതെയും ഫോൺ നമ്പർ മാത്രം നൽകി പ്രധാന സേവനങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയും.

അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ ഹെൽപ്പ് ഡെസ്കുകൾ എന്നിവ വഴിയും അപേക്ഷകളും പരാതികളും നൽകാം. ഇടനിലക്കാർ ഇല്ലാതെയും ഓഫിസിൽ നേരിട്ട് വരാതെയും അപേക്ഷകളുടെയും പരാതികളുടെയും സ്റ്റാറ്റസ് ഓൺലൈനായി അപേക്ഷകന് സമയാസമയം അറിയാനാകും. കെസ്മാർട്ടിലൂടെ അപേക്ഷാ ഫീസുകൾ, നികുതികൾ, മറ്റ് ഫീസുകൾ എന്നിവ അടയ്ക്കാനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാനും സാധിക്കും.

കെസ്മാർട്ടിൽ സംയോജിപ്പിച്ച ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് നിർമാണാനുമതി നല്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ K-MAP എന്ന ഫീച്ചറിലൂടെ പൊതുജനങ്ങൾക്ക് അറിയാനാകും. KNOW YOUR LAND ഫീച്ചറിലൂടെ ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുകയെന്ന വിവരം ലഭ്യമാകും. കെട്ടിട നിർമ്മാണത്തിനായി സമർപ്പിക്കുന്ന പ്ലാനുകൾ ചട്ടങ്ങൾ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് സോഫ്റ്റ്വെയർ തന്നെ പരിശോധിച്ചു ഉറപ്പുവരുത്തുന്നതിനാൽ ഫീൽഡ് പരിശോധനകൾ ലഘൂകരിക്കപ്പെടും.

ജനങ്ങൾക്കും ലൈസൻസികൾക്കും പെർമിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ഏത് സമയത്തും പരിശോധിക്കുന്നതിനും കെസ്മാർട്ടിലൂടെ സാധിക്കും. ജി.ഐ.എസ് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലോട്ടുകളുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിലൂടെ ഏറ്റവും വേഗത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ ജനങ്ങൾക്ക് ലഭ്യമാകും.

വീഡിയോ കെ.വൈ.സി സഹായത്തോടെ കെസ്മാർട്ട് വഴി ലോകത്തെവിടെ നിന്നും വിവാഹ രജിസ്ട്രേഷന് അപേക്ഷിക്കാനും പൂർത്തിയാക്കാനും കഴിയും. മരണ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ, നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ തദ്ദേശ സ്ഥാപനങ്ങൾ സന്ദർശിക്കാതെ ലഭിക്കുന്നതിനും എല്ലാതരം ട്രേഡ് ലൈസൻസുകൾ എടുക്കുന്നതിനും അവ പുതുക്കുന്നതിനും കെസ്മാർട്ടിലൂടെ സാധിക്കും.

വൈദ്യ സഹായമില്ലാതെ വീട്ടിൽ പ്രസവിച്ച യുവതി രക്തം വാർന്ന് മരിച്ചു

സംഭവത്തിൽ അടിമുടി ദുരൂഹത



കൊച്ചി: പെരുമ്പാവൂർ സ്വദേശിയായ യുവതി മലപ്പുറത്തെ വാടക വീട്ടിൽ പ്രസവത്തിനിടെ രക്തം വാർന്നു മരിച്ചു. കാസർകോട്ട് മതാധ്യാപകനായ സിറാജുദ്ദീന്റെ ഭാര്യ മുപ്പത്തിയഞ്ചുകാരിയായ അസ്മയാണ് ദുരൂഹമായ സാഹചര്യത്തിൽ മരിച്ചത്. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകി. അസ്വഭാവിക മരണത്തിന് കേസെടുത്ത പൊലീസ് പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയ ശേഷം തുടർ നടപടികളിലേക്ക് കടക്കും. മതിയായ ചികിത്സ ലഭിക്കാത്തിനാലാണ് യുവതി മരിച്ചതെന്നാണ് ബന്ധുക്കളുടെ പരാതി.

അതേസമയം അസ്മയുടെ മരണത്തിൽ ദുരൂഹത നിലനിൽക്കുകയാണ്. സിറാജുദ്ദീനും അസ്മയും അക്യുപംക്ചർ ചികിത്സയിൽ ബിരുദം നേടിയവരാണ്. അക്യുപംക്ചർ ചികിത്സയിലൂടെ പ്രസവമെടുക്കുമ്പോഴായിരുന്നോ മരണം എന്നതടക്കം പൊലീസ് അന്വേഷിക്കുമെന്നാണ് വിവരം. മലപ്പുറം ചട്ടിപ്പറമ്പിൽ വീട്ടിൽ കുടുംബം ഒന്നര വർഷമായി താമസിക്കുന്നുണ്ടെങ്കിലും അയൽവാസികളുമായി സിറാജുദ്ദീനും അസ്മയ്ക്കും സൗഹൃദം ഉണ്ടായിരുന്നില്ലെന്ന് നാട്ടുകാർ പറയുന്നു. സിറാജുദ്ദീന്റെ പേരും വീട്ടിൽ എത്ര കുട്ടികളുണ്ടെന്നതും ഞായറാഴ്ച മരണ വാർത്ത വരുമ്പോഴാണു തൊട്ടടുത്ത അയൽവാസികൾ പോലും അറിയുന്നത്.

കാസർകോട്ട് മതാധ്യാപകനാണെന്നാണു സിറാജുദ്ദീൻ താമസത്തിനു വന്ന സമയത്തു പറഞ്ഞിരുന്നത്. പ്രഭാഷണത്തിനും പോകാറുണ്ട്. 'മടവൂർ കാഫില'യെന്ന പേരിൽ 63,500 പേർ സബ്സ്ക്രൈബ് ചെയ്ത യുട്യൂബ് ചാനൽ നടത്തിപ്പുകാരൻ കൂടിയാണ് സിറാജുദ്ദീൻ. അസ്മ കുട്ടികളെ സ്കൂളിലയയ്ക്കാൻ മാത്രമാണു പുറത്തിറങ്ങുന്നതെന്നും അയൽവാസികൾ പറയുന്നു.

ജനുവരിയിൽ ആശാവർക്കർ വീട്ടിലെത്തി, ഗർഭിണിയാണോയെന്ന് അസ്മയോട് അന്വേഷിച്ചിരുന്നു. വീട്ടിൽനിന്നു പുറത്തിറങ്ങാതെ, ജനലിലൂടെ അല്ലെന്നു മറുപടി നൽകി. എന്നാൽ, കഴിഞ്ഞ ദിവസം അയൽവാസികൾ അന്വേഷിച്ചപ്പോൾ ഗർഭിണിയാണെന്നും 8 മാസമായെന്നും പറഞ്ഞിരുന്നു.

ശനിയാഴ്ച വൈകീട്ട് കുഞ്ഞ് ജനിച്ചതായി സിറാജുദ്ദീൻ വാട്സ്ആപ്പിൽ സ്റ്റാറ്റസ് ഇട്ടിരുന്നു. വൈകുന്നേരം വീടിനു സമീപം ഇയാളെ കണ്ടവരുണ്ട്. വാടക കയ്ക്കു താമസിക്കുന്ന വീട്ടിലേക്കു കാർ വരാനുള്ള വഴിയില്ലാത്തതിനാൽ സമീപത്തെ വീട്ടിലാണു നിർത്തിയിടുന്നത്. എട്ടു മണിയോടെ സിറാജുദ്ദീൻ കാർ എടുത്തിരുന്നതായി വീട്ടുകാർ പറയുന്നു. എന്നാൽ, ആംബുലൻസ് വിളിച്ചതും മൃതദേഹം അതിലേക്കു കയറ്റിയതും എപ്പോഴാണെന്നു വ്യക്തമല്ല. ഇയാൾക്കൊപ്പമുണ്ടായിരുന്നവർ മറ്റു സ്ഥലങ്ങളിൽ നിന്നുള്ളവരാണ്. ഭാര്യയ്ക്കു ശ്വാസതടസ്സമാണെന്നാണു ആംബുലൻസ്ഡ്രൈവറോട് പറഞ്ഞിരുന്നത്.

പ്രസവത്തെത്തുടർന്നു രക്തസ്രാവമുണ്ടായെന്നും വൈദ്യസഹായം തേടാൻ ഭർത്താവ് തയാറായില്ലെന്നുമാണു യുവതിയുടെ വീട്ടുകാരുടെ പരാതി. പ്രസവ ശുശ്രൂഷയിൽ പരിചയമുള്ള സ്ത്രീയുടെ സഹായം തേടിയിരുന്നതായി സിറാജുദ്ദീൻ യുവതിയുടെ ബന്ധുക്കളോട് പറയുന്നുണ്ട്. ഇക്കാര്യം പൊലീസ് അന്വേഷിക്കും.



രണ്ടു കോടിയുടെ ഹെറോയിനുമായി പൊലീസ് ഉദ്യോഗസ്ഥ അറസ്റ്റിൽ


ചണ്ഡീഗഡ്: ബത്തിൻഡയിൽ 17.7 ഗ്രാം ഹെറോയിനുമായി പൊലീസ് ഉദ്യോഗസ്ഥ അറസ്റ്റിൽ. പൊലീസ് കോൺസ്റ്റബിൾ അമൻദീപ് കൗറാണ് പിടിയിലായത്. പിടിച്ചെടുത്ത ഹെറോയ്ന് രണ്ടു കോടി രൂപയുടെ മൂല്യമുണ്ടാകുമെന്നും ഇവരെ സർവീസിൽ നിന്നും പിരിച്ചുവിട്ടതായും പഞ്ചാബ് പൊലീസ് അറിയിച്ചു.

പഞ്ചാബ് സർക്കാരിന്റെ മയക്കുമരുന്ന് വിരുദ്ധ ദൗത്യമായ 'യുദ്ധ് നശേയൻ വിരുദ്'ന്റെ ഭാഗമായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പൊലീസ് പരിശോധന. ഇവരുടെ കാർ തടഞ്ഞു നിർത്തി പരിശോധന നടത്തിയതിൽ പെട്ടിയിൽ ഒളിപ്പിച്ച നിലയിൽ ഹെറോയിൻ കണ്ടെത്തിയെന്നും ഉടനെ ഇവരെയും വാഹനവും കസ്റ്റഡിയിലെടുക്കുകയായിരുന്നു എന്നും ഡി എസ് പി ഹർബൻസ് സിംഗ് പറഞ്ഞു. തുടർന്ന് സർവീസിൽ നിന്നും പിരിച്ചു വിടുകയായിരുന്നു.

സോഷ്യൽ മീഡിയയിൽ 'പൊലീസ് കൗർദീപ്' എന്ന പേരിൽ അക്കൗണ്ടുള്ള അമൻദീപ് കൗറിന് ഇൻസ്റ്റഗ്രാമിൽ 37,000 ത്തിലേറെ ഫോളോവേഴ്സുണ്ട്. ഇവരുടെ റീലുകൾ പലതും വൈറലാണ്. 27കാരിയായ അമൻദീപ് യൂണിഫോം ധരിച്ച് ചെയ്ത പല വിഡിയോകളും പഞ്ചാബ് പൊലീസിന്റെ സ്റ്റിക്കർ പതിച്ച എസ് യു വി ഥാർ വാഹനവും നിരന്തരം വിവാദത്തിനിടയാക്കിയിരുന്നു.

1 ഓഡി, 2 ഇന്നോവ കാറുകൾ, 1 ബുള്ളറ്റ്, 2 കോടി രൂപ വിലമതിക്കുന്ന ഒരു വീട്, 1 ലക്ഷം വിലവരുന്ന ഒരു വാച്ച് എന്നിവയുൾപ്പെടെ നിരവധി ആഡംബര വസ്തുക്കൾ കൗറിന്റെ ഉടമസ്ഥതയിലുണ്ടെന്നാണ് വിവരം. കൗറിന് എവിടെ നിന്നാണ് മയക്കുമരുന്ന് ലഭിച്ചതെന്നും ഇവരുടെ സ്വത്തു വിവരങ്ങളും മറ്റ് ഇടപാടുകളെക്കുറിച്ചും അന്വേഷിക്കുമെന്നും പൊലീസ് വ്യക്തമാക്കി.







പ്രവാസിപ്പണത്തിൽ പകുതിയും കേരളം, മഹാരാഷ്ട്ര, തമിഴ് നാട് സംസ്ഥാനങ്ങൾക്ക്



ന്യൂഡൽഹി: പ്രവാസി ഇന്ത്യൻ ജോലിക്കാരിൽ നിന്നും സാമ്പത്തിക നേട്ട മുണ്ടാക്കിയതിൽ മുൻനിരിയൽ മഹാരാഷ്ട്രയും കേരളവും തമിഴ് നാടും. 2024 സാമ്പത്തിക വർഷത്തിൽ രാജ്യത്തേക്ക് വന്ന 118.7 ബില്യൻ ഡോളറിൽ പകുതിയും ഈ സംസ്ഥാനങ്ങളാണ് നേടിയത്.

റിസർവ് ബാങ്ക് നടത്തിയ റെമിറ്റൻസ് സർവേയുടെ ഫലങ്ങളിൽ ഇന്ത്യയിലേക്കുള്ള വിദേശനാണ്യത്തിന്റെ വരവ് നേരത്തെ ഗൾഫ് രാജ്യങ്ങളിൽ നിന്നായിരുന്നുവെങ്കിൽ ഇപ്പോഴത് യുഎസ്, യുകെ, സിംഗപ്പൂർ, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ ആധുനിക സമ്പന്ന രാജ്യങ്ങളിലേക്ക് മാറിയതായി അടിവരയിടുന്നു.

2024 സാമ്പത്തിക വർഷത്തിൽ രാജ്യത്തെത്തിയ പ്രവാസി നിക്ഷേപത്തിൽ പകുതിയിലധികം ഈ രാജ്യങ്ങളിൽ നിന്നാണ്. ഈ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഭൂരിഭാഗം ഇന്ത്യക്കാരും ധനകാര്യം, വൈദ്യശാസ്ത്രം, സാങ്കേതികവിദ്യ, വ്യവസായം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ വൈറ്റ് കോളർ മേഖലകളിലാണ് പ്രവർത്തിക്കുന്നത്.

2011 സാമ്പത്തിക വർഷത്തിൽ ഈ രാജ്യങ്ങളിൽ നിന്നും ഇന്ത്യക്ക് ലഭിച്ച 55 ബില്യൺ ഡോളർ വിദേശ തുക 2024 സാമ്പത്തിക വർഷത്തിൽ ഇരട്ടിയായി.

വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇന്ത്യക്കാരുടെ പണം വരവ് വർധിക്കാൻ കാരണമായി രണ്ട് ഘടകങ്ങളാണ് പ്രധാനമായും റിപ്പോർട്ട് പറയുന്നത്: ആഗോള തലത്തിൽ കുടിയേറ്റം വർധിച്ചതും ഡിജിറ്റൽ ഫണ്ട് ട്രാൻസ്ഫറിന്റെ ചെലവ് കുറഞ്ഞതുമാണ് ഇവ.

ഇന്ത്യയിൽ നിന്നുള്ള അന്താരാഷ്ട്ര കുടിയേറ്റക്കാർ 1990ലെ 6.6 മില്യണിൽ നിന്ന് 2024ൽ 18.5 മില്യണായി മൂന്നു മടങ്ങ് വർധിച്ചു. മഹാരാഷ്ട്ര, തെലങ്കാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് വിദേശത്ത് പഠിക്കാൻ പോയ ശേഷം ജോലിയ്ക്കായി അവിടെ തന്നെ തുടരുന്ന ഇന്ത്യൻ വിദ്യാർഥികൾ ഇതിൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്.

2023ലെ കേരള മൈഗ്രേഷൻ സർവേ പ്രകാരം കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരിൽ വിദ്യാർഥികളുടെ എണ്ണം കൂടിയതായി കണ്ടെത്തി.

ഡിജിറ്റൽ ഫണ്ട് ട്രാൻസ്ഫറിന്റെ ചെലവ് 2016ലെ 7.5 ശതമാനത്തിൽ നിന്ന് 2024ൽ 4 ശതമാനമായി കുറഞ്ഞതോടെ പണം അയക്കാനുള്ള ശരാശരി ചെലവ് 6.5 ശതമാനത്തിൽ നിന്ന് 5 ശതമാനത്തിലേക്ക് കുറഞ്ഞു. ഡിജിറ്റൽ ചാനലുകളാണ് പണം അയക്കുന്നതിൽ കൂടുതൽ പ്രാധാന്യം നേടുന്നത്.

വിദേശ ഇന്ത്യക്കാർ അയക്കുന്ന പണം ബാഹ്യ സാമ്പത്തിക ശക്തിയുടെ ഒരു പ്രധാന ഘടകമാണ്. 2029 ആകുമ്പോൾ വിദേശ ഇന്ത്യക്കാർ അയക്കുന്ന പണത്തിന്റെ തോത് 160 ബില്യൻ ഡോളർ വരെയാകുമെന്നാണ് റിസർവ് ബാങ്ക് പ്രവചിക്കുന്നത്.

കേരളം

'പണപ്പെരുപ്പത്തിന് കാരണം തൊഴിലാളി കുടിയേറ്റം'

ന്യൂഡൽഹി: കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വിലക്കയറ്റം ഉയർന്നു നിൽക്കുന്നതിന് കാരണം താഴ്ന്ന വരുമാനമുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റമാണെന്ന് കണ്ടെത്തൽ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പഠന റിപ്പോർട്ടിലാണ് ഈ വിവരം. താഴ്ന്ന വരുമാനമുള്ള സംസ്ഥാനങ്ങളിൽ നിന്ന് നിരവധി പേരാണ് കേരളം, തമിഴ്നാട് എന്നിവിടങ്ങളിലേക്ക് തൊഴിൽ തേടി എത്തുന്നത്.

ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ വരവ് വിലക്കയറ്റം ഉയർന്ന തലത്തിൽ നിൽക്കാൻ കാരണമാകുന്നുവെന്ന് റിപ്പോർട്ട് പറയുന്നു. എന്താണ് ഇതിനു കാരണമെന്ന് റിപ്പോർട്ട് വ്യക്തമാക്കിയിട്ടില്ല.

രാജ്യത്തിന്റെ വടക്കുകിഴക്കൻ ഭാഗങ്ങളെ അപേക്ഷിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പച്ചക്കറി, ധാന്യങ്ങൾ എന്നിവയ്ക്ക് ഉയർന്ന വിലയാണ്. 2021-25 കാലഘട്ടത്തിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിലക്കയറ്റം 3.4 ശതമാനം കുറഞ്ഞു. എന്നാൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ 2.6 ശതമാനം മാത്രമാണ് കുറവ്.

വിലക്കയറ്റത്തിന് ഇതരസംസ്ഥാന തൊഴിലാളികളുടെ വരവ് മാത്രമല്ല കാരണമെന്ന് റിപ്പോർട്ടിൽ പറയുന്നു. കേരളത്തിലെ ഉയർന്ന ഇന്ധന വില, മദ്യവില, രജിസ്ട്രേഷൻ ചാർജുകൾ എന്നിവയെല്ലാം വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്.

രാജ്യത്ത് ഉപഭോക്തൃ വില സൂചിക ഏഴുമാസത്തെ താഴ്ന്ന നിലയിലാണ്. ഭക്ഷ്യ വസ്തുക്കളുടെ വില കുറഞ്ഞതാണ് ഇതിന് സഹായിച്ചത്. സംസ്ഥാനങ്ങളിൽ കേരളത്തിലാണ് വിലക്കയറ്റം ഉയർന്ന തോതിൽ നിൽക്കുന്നത് 7.3 ശതമാനം.



സംസ്ഥാനങ്ങളുടെ വിൽപ്പന നികുതി പിരിവിന്റെ വിഹിതം കണക്കിലെടുക്കുമ്പോൾ, തെക്കൻ സംസ്ഥാനങ്ങളാണ് ഏറ്റവും കൂടുതൽ നികുതി വിഹിതം വഹിക്കുന്നത് (30%). വടക്കൻ മേഖലയുടെ നികുതി വിഹിതം ഇതിനു പിന്നിലാണെന്ന് പഠന റിപ്പോർട്ട് പറയുന്നു.

ഉദ്ധിഷ്ട കാര്യത്തിന് ഉപകാരസ്മരണ



മിശിഹായുടെ സ്നേഹിതനും, വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്നസന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും ഒൻപതു ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.)

ഒരു വിശ്വാസി, ഷിക്കാഗോ



ഉണ്ണിയീശോയോടുള്ള നൊവേന

ഇഹലോകവാസികളായ ഞങ്ങളോരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയുടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. ഞങ്ങളുടെ സഹായവും രക്ഷയും അങ്ങുമാത്രമാണെന്ന് ഞങ്ങൾ ഉറപ്പായിവിശ്വസിക്കുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നൊവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്ന ..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഓരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

ഒരു വിശ്വാസി

ഉദ്ധിഷ്ട കാര്യത്തിന് ഉപകാരസ്മരണ



മിശിഹായുടെ സ്നേഹിതനും, വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്നസന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും ഒൻപതു ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.)

Mily

പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.


Jacob

വഖഫ് നിയമം പ്രാബല്യത്തിൽ

ന്യൂഡൽഹി: പുതിയ വഖഫ് നിയമം കേന്ദ്രസർക്കാർ പ്രാബല്യത്തിലാക്കി. രാഷ്ട്രപതി ഒപ്പുവച്ച വഖഫ് ഭേദഗതി നിയമം ചൊവ്വാഴ്ച മുതൽ പ്രാബല്യത്തിലായെന്ന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഇറക്കിയ വിജ്ഞാപനത്തിൽ വ്യക്തമാക്കുന്നു.

പാർലമെന്റിന്റെ ഇരു സഭകളും പാസാക്കിയ വഖഫ് ബില്ലിൽ രാഷ്ട്രപതി കഴിഞ്ഞ ദിവസം ഒപ്പുവച്ചിരുന്നു. ഇതിന് പിന്നാലെയാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പുതിയ വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിയമം നടപ്പിലാക്കുന്നതിന്റെ ചട്ട രൂപീകരണം കേന്ദ്ര സർക്കാർ ഉടൻ നടത്തും.

അതേസമയം, നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് പ്രതിപക്ഷ പാർട്ടികൾ സുപ്രിം കോടതിയെ സമീപിച്ചിരുന്നു. നിയമം ചോദ്യം ചെയ്ത് 12ലധികം ഹർജികളാണ് നിലവിൽ സുപ്രിം കോടതിയുടെ മുന്നിലെത്തിയത്. മൗലികാവകാശങ്ങൾ ലംഘിക്കുന്നതാണ് ബിൽ എന്നാരോപിച്ചാണ് കോൺഗ്രസ് ഹർജി സമർപ്പിച്ചിരിക്കുന്നത്. ഏപ്രിൽ 16ന് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഹർജികൾ പരിഗണിക്കും.



'ആർ എസ് എസിന്റെ അടുത്ത ലക്ഷ്യം കത്തോലിക്കാഭൂമി'



ന്യൂഡൽഹി: വഖഫ് ബില്ലുമായി ബന്ധപ്പെട്ട ചർച്ച പുരോഗമിക്കുന്നതിനിടെ അടുത്ത ലക്ഷ്യം പ്രഖ്യാപിച്ച് ആർ എസ് എസ് മുഖപത്രമായ ഓർഗനൈസർ. രാജ്യത്തെ ഏറ്റവും വലിയ ഭൂവുടമ കത്തോലിക്കാ സഭയാണെന്ന് അവകാശപ്പെടുന്ന ലേഖനമാണ് ഓർഗനൈസർ ഓൺലൈനിൽ പ്രസിദ്ധീകരിച്ചത്. ആർ എസ് എസ് മുഖപത്രത്തിലെ ലേഖനത്തിന് മറുപടിയുമായി രാഹുൽ ഗാന്ധി രംഗത്തെത്തി. ക്രിസ്ത്യൻ സമൂഹമായിരിക്കും ആർ എസ് എസിന്റെ അടുത്ത ലക്ഷ്യം എന്ന് രാഹുൽ ഗാന്ധി മുന്നറിയിപ്പ് നൽകി.

ഇന്ത്യയിലെ കത്തോലിക്കാ സ്ഥാപനങ്ങൾ ഏഴു കോടി ഹെക്ടർ ഭൂമി കൈവശം വച്ചിട്ടുണ്ടെന്നും അത് അവരെ ഏറ്റവും വലിയ സർക്കാരിതര ഭൂവുടമകളാക്കി മാറ്റുന്നുവെന്നും അവകാശപ്പെട്ടുകൊണ്ടാണ് ഓർഗനൈസറിന്റെ വെബ് സൈറ്റിൽ ലേഖനം പ്രസിദ്ധീകരിച്ചത്. എന്നാൽ ഇത് പിന്നീട് അവർ നീക്കം ചെയ്തു.

വഖഫ് ബില്ലിന്റെ പേരിൽ ഇപ്പോൾ മുസ്ലിംകളാണ് ആക്രമിക്കപ്പെടുന്നതെങ്കിലും ഭാവിയിൽ മറ്റ് സമുദായങ്ങളെ ലക്ഷ്യം വയ്ക്കുന്നതിനുള്ള മാതൃകയാണിതെന്ന് താൻ പറഞ്ഞിരുന്നുവെന്നും ആർ എസ്എസ് ക്രിസ്ത്യാനികളിലേക്ക് ശ്രദ്ധ തിരിക്കാൻ അധികനാളെടുത്തില്ലെന്നും അത്തരം ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്ന ഒരേയൊരു കവചം ഭരണഘടനയാണെന്നും രാഹുൽ ഗാന്ധി പറഞ്ഞു. ഓർഗനൈസറിന്റെ ലേഖനത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വാർത്താ റിപ്പോർട്ടിന്റെ ലിങ്ക് പങ്കിട്ടാണ് രാഹുൽ ഗാന്ധി ട്വീറ്റ് ചെയ്തത്.

ലേഖനത്തെ 'നിർഭാഗ്യകരം' എന്ന് വിശേഷിപ്പിച്ച മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കത്തോലിക്കാ സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള സ്വത്തുക്കൾ നിയന്ത്രിക്കുക എന്നതാണ് ബി ജെ പിയുടെ അടുത്ത നടപടിയെന്നും പറഞ്ഞു.

'വഖഫ് ബിൽ പാസാക്കുന്ന സമയത്ത് അടുത്ത നടപടി ക്രിസ്ത്യാനികൾക്കെതിരെയായിരിക്കുമെന്ന് കോൺഗ്രസും രാഹുൽ ഗാന്ധിയും പരാമർശിച്ചിരുന്നു. ഇന്ത്യയിലെ കത്തോലിക്കാ സമൂഹത്തിന്റെ കൈകളിൽ ഏഴ് കോടി ഏക്കർ ഉണ്ടെന്ന് 'ഓർഗനൈസർ' എഴുതിയ ലേഖനം വ്യക്തമായി പരാമർശിക്കുന്നു. അടുത്ത ഘട്ടം കത്തോലിക്കാ സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള സ്വത്തുക്കൾ നിയന്ത്രിക്കുക എന്നതായിരിക്കും,' ചെന്നിത്തല പറഞ്ഞതായി എ എൻ ഐ റിപ്പോർട്ട് ചെയ്തു.

'ഇന്ത്യയിൽ ആർക്കാണ് കൂടുതൽ ഭൂമിയുള്ളത്? കാത്തലിക് ചർച്ച് വേഴ്സസ് വഖഫ് ബോർഡ് ചർച്ച' എന്ന തലക്കെട്ടിലുള്ള ലേഖനത്തിൽ കത്തോലിക്കാ സ്ഥാപനങ്ങളുടെ കീഴിലുള്ള ഭൂമിയുടെ ഭൂരിഭാഗവും ബ്രിട്ടീഷ് ഭരണകാലത്ത് 1927ലെ ഇന്ത്യൻ ചർച്ച് ആക്ട് പ്രകാരം ഏറ്റെടുത്തതാണെന്നും ആരോപിച്ചു.

കൊളോണിയൽ കാലഘട്ടത്തിൽ പാട്ടത്തിനെടുത്ത ഭൂമി ഇനി പള്ളിയുടെ സ്വത്തായി അംഗീകരിക്കപ്പെടില്ലെന്ന് പ്രസ്താവിച്ച 1965ലെ സർക്കാർ ഉത്തരവും ലേഖനം ഉദ്ധരിക്കുന്നുണ്ട്. വഖഫ് ബിൽ അവതരിപ്പിക്കാനും പാസ്സാക്കാനും ബി ജെ പി ക്രിസ്ത്യൻ സമൂഹത്തിന്റെയും കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെയും പിന്തുണ തേടിയിരുന്നു.

പാർലമെന്റിൽ നടന്ന മാരത്തൺ ചർച്ചയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ത്യയിലെ വഖഫ് ഭൂമി 39 ലക്ഷം ഏക്കർ ആണെന്ന് പറഞ്ഞു. മുസ്ലിംകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയും അവരുടെ അവകാശങ്ങളും തട്ടിയെടുക്കുക എന്നതാണ് ബിൽ ലക്ഷ്യമിടുന്നതെന്ന് പ്രതിപക്ഷം അവകാശപ്പെട്ടപ്പോൾ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാൻ മാത്രമേ ഇത് സഹായിക്കൂ എന്നായിരുന്നു സർക്കാറിന്റെ നിലപാട്.

വഖഫ് ഭേദഗതി ബില്ലിനെ ചോദ്യം ചെയ്ത് കോൺഗ്രസും ഡിഎംകെയും ലീഗും സുപ്രീംകോടതിയെ സമീപിക്കും



ന്യൂഡൽഹി: പാർലമെന്റ് പാസ്സാക്കിയ വഖഫ് ഭേദഗതി ബില്ലിനെ ചോദ്യം ചെയ്ത് കോൺഗ്രസ് സുപ്രീംകോടതിയെ സമീപിക്കും. ഭരണഘടനാ വിരുദ്ധമായ ബില്ലിനെ നിയമപരമായി നേരിടും. ഉടൻ തന്നെ നിയമഭേദഗതിക്കെതിരെ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുമെന്ന് എഐസിസി ജനറൽ സെക്രട്ടറി ജയ്റാം രമേശ് എക്സിൽ കുറിച്ചു. വഖഫ് ബില്ലിനെ ചോദ്യം ചെയ്ത് കോടതിയെ സമീപിക്കുമെന്ന് ഡിഎംകെ പ്രഖ്യാപിച്ചിട്ടുണ്ട്.

കോൺഗ്രസ് മുൻകാലത്ത് മോഡി സർക്കാർ കൊണ്ടുവന്ന നിയമങ്ങളെ ചോദ്യം ചെയ്ത് സുപ്രീംകോടതിയെ സമീപിച്ചതിന്റെ പട്ടികയും ജയ്റാം രമേശ് എക്സിൽ പങ്കുവെച്ചിട്ടുണ്ട്. 2005 ലെ വിവരാവകാശ നിയമ ഭേദഗതി, തെരഞ്ഞെടുപ്പ് പരിഷ്കരണം (2024), 1991 ലെ ആരാധനാലയ നിയമത്തിലെ ഇടപെടൽ തുടങ്ങിയവക്കെതിരെ കോൺഗ്രസ് നൽകിയ ഹർജികൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഭരണഘടനയുടെ അന്തസത്തക്കെതിരായ മോദി സർക്കാരിന്റെ എല്ലാ കടന്നാക്രമണങ്ങളെയും കോൺഗ്രസ് ആത്മവിശ്വാസത്തോടെ ചെറുക്കുമെന്നും ജയ്റാം രമേശ് എക്സിൽ കുറിച്ചു.

ഡിഎംകെയും മുസ്ലിം ലീഗും അടുത്ത ആഴ്ച സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്യുമെന്നാണ് സൂചന. വഖഫ് നിയമ ഭേദഗതിക്കെതിരെ സുപ്രീംകോടതിയെ സമീപിക്കാൻ തമിഴ് നാട് സർക്കാർ നിയമോപദേശം തേടിയിട്ടുണ്ട്. ഭരണഘടന വിദഗ്ധരിൽ നിന്ന് ലഭിക്കുന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാകും ഡിഎംകെ സർക്കാർ തുടർ നടപടികൾ സ്വീകരിക്കുക.

പാർട്ടിയുടെ രാജ്യസഭാ അംഗവും അഭിഭാഷകനുമായ ഹാരിസ് ബീരാനെയാണ് കേസ് നടത്തിപ്പിന്റെ ഏകോപനത്തിന് മുസ്ലിം ലീഗ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

മണിക്കൂറുകൾ നീണ്ട ചർച്ചകൾക്കൊടുവിലാണ് ലോക്സഭയും രാജ്യസഭയും വഖഫ് ഭേദഗതി ബിൽ പാസ്സാക്കിയത്. ലോക്സഭയിൽ നടന്ന വോട്ടെടുപ്പിൽ 288 പേർ ബില്ലിനെ അനുകൂലിച്ചപ്പോൾ 232 പേർ എതിർത്തു.

രാജ്യസഭയിൽ 12 മണിക്കൂറിലേറെ നീണ്ട ചർച്ചയ്ക്കൊടുവിൽ നടന്ന വോട്ടെടുപ്പിൽ 95 നെതിരെ 128 എംപിമാരുടെ പിന്തുണയോടെയാണ് ബിൽ പാസ്സായത്. പാർലമെന്റ് പാസാക്കിയ ബിൽ രാഷ്ട്രപതി അംഗീകരിക്കുന്നതോടെ നിയമമാകും.



Classifieds



SEEKING BRIDEGROOM

Family invites proposals for an Orthodox girl, 27, RN, currently working in the City Hospital of New York from boys from medical disciplines, preferably an RN and belonging to Orthodox/Mar Thoma communities.

Please contact with details to:
(716) 575-3208 or
vjohn789@yahoo.com

(V24 NY6-13PM)

Invites proposals for Canadian - Malayalam speaking Hindu girl, 25, Software Engineer, raised / educated in Canada, from professionally qualified Keralite boys, raised / educated / settled in Canada / US

Contact:
keralite.canadian@gmail.com
1+ (416) 721-9862

(V24 TN 11-14 JS)

SEEKING BRIDE

Syro-Malabar Catholic parents settled in USA invite proposals for their devout Catholic son, 28, 5'10", PhD Chemistry degree from high-ranking university in US, working as Research Scientist, born and brought up in US, from parents of devout Catholic professionally educated, US citizen girls, under 27 years old.

Please contact with details to:
email: joecath2001@yahoo.com
or Phone: (478) 972-6054

(V24 CH15-18PM)

Christian parents well settled in the USA invite marriage proposals for their son, born and brought up in the United States, 41 years, 5'11", medium complexion, god-fearing, family oriented, and currently working as an attorney for the US Government. from parents of well educated professionally qualified god-fearing Christian girls. If interested,

Please respond with full details and a recent photograph to:
pmk8795@gmail.com

(V24 CH15-22PM)

വധുവിനെ ആവശ്യമുണ്ട്

ഹിന്ദു, വീരശൈവ, 35 വയസ്, 5.5 അടിഉയരം,ഇരുനിറം,നല്ലസ്വഭാവം, സാമ്പത്തികമായി നിലനിൽപ്പുള്ള യുവാവ്. യു.എസ്.എയിലെ സിറ്റി ഗവർമെന്റിൽ ജോലി. അമേരിക്കയിൽ സ്ഥിരതാമസക്കാരായ അനുയോജ്യരായ പെൺകുട്ടികളിൽ നിന്നും വിവാഹ അഭ്യർത്ഥനകൾ ക്ഷണിക്കുന്നു.

Ph: 215 880 3341 (USA),
9744189382 (India),
Email: vincentemmanuel@aol.com

(V24 TX15-18SJ)

ബേബിസിറ്ററെ ആവശ്യമുണ്ട്

കെന്റക്കി സ്റ്റേറ്റിൽ Louisville സിറ്റിയിൽ താമസിക്കുന്ന മലയാളി പ്രൊഫഷണൽ കുടുംബത്തിനു വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിനു ആളെ ആവശ്യമുണ്ട്.

ബന്ധപ്പെടുക:
(312) 723-8582 or (225) 287-9410

(V24 CH12-15PM)

വെസ്റ്റേൺ നെബ്രാസ്ക സ്റ്റേറ്റിൽ ഡെൻവർ സിറ്റിയിൽ നിന്നും 3 മണിക്കൂർ അകലെ താമസിക്കുന്ന മലയാളി പ്രൊഫഷണൽ കുടുംബത്തിനു വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബിസിറ്റിംഗിനു ആളെ ആവശ്യമുണ്ട്.

ബന്ധപ്പെടുക: (812) 391-4752

(V24 CH9-12PM)

ഷിക്കാഗോയുടെ നോർത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന മലയാളി കുടുംബത്തിനു വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിനു ആളെ ആവശ്യമുണ്ട്.

ബന്ധപ്പെടുക:
(224) 425-1167 or (630) 460-8929

(V24 CH10-13PM)

ഷിക്കാഗോയുടെ നോർത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന മലയാളി കുടുംബത്തിനു വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിനു ആളെ ആവശ്യമുണ്ട്.

ബന്ധപ്പെടുക:
(773) 679-5526 or (773) 396-0535

(V24 CH11-14PM)



LIVE-IN HOUSEKEEPER WANTED IN NEW YORK

A live-in housekeeper is wanted for a retired physician household with excellent salary, health insurance and other benefits including boarding and lodging.

A person with driving and cooking experience may contact:
(585) 721-9112

(V24 NY10-13PM)

LIVE-IN CAREGIVER WANTED IN LOUISVILLE, KY

A live-in caregiver is wanted for an elderly person in Louisville, Kentucky, preferably a female applicant who can speak English. Well compensated. This is in addition to another male caregiver who is already helping the elderly person.

Please call with details to:
(612) 281-2871

(V24 CH15-18PM)

PROPERTY FOR SALE IN PULLAD

Location: PULLAD a tranquil suburb, 2 Km from Kumbanad, 4 Km from Kozhencheri, 12 Km from Tiruvalla town
Size of property:
76 cents (7 lakh / cents, negotiable)
Contact: **spanikar@gmail.com,**
+1.647.984.4718
Website
https://sreekala.myportfolio.com

(V24 TN 11-14 JS)

LAND & HOUSE FOR SALE NEAR THIRUVALLA

A house and 29-1/2-cent land on the way to Kozhencherry from Thiruvalla, near Pushpagiri junction (Behind Jocy's bakery), a well with year-round water and in close proximity to Thiruvalla Medical Mission, Pushpagiri Hospital, Railway Station and all the conveniences of the area is for immediate sale.

Please contact me through WhatsApp:
(469) 269 - 5151

(V24 TX12-15PM)

PROPERTIES FOR SALE IN ERNAKULAM/ THRISSUR

Ten and half (10-1/2) cents of land, ideal for home building near Kochi International Airport and Aluva Mangalapuzha bridge under GCDA, Thottakkattukara Town Plan AND 2-1/2"-acre currently yielding rubber estate in Chalakudy Thaluk, Angamaly-Chalakudy NH route, near Kunnappilly Junction and 1-1/2 acre also currently yielding rubber estate are available for immediate sale.

Please contact for further details to:
Cell/WhatsApp - (201) 600-9924 or
email: chiramel56@gmail.com

(V24 NY14-21PM)

Are You Connected to the World...?

Read Sanghamam.....
Print or Online



sanghamam.com

Read All Day & Night
Anything About Everything



World Is On
Your Fingertips

PROVEN RESULTS
Advertise in Sanghamam Classified
Call Today



All U.S. Editions,
Call: (312) 874-3844
Canada - (905) 814-9944
Email: news@sanghamam.com
www.sanghamam.com

എം എ ബേബി

രാഷ്ട്രീയത്തിലെ സൗമ്യ സാന്നിധ്യം ഇനി സിപിഎമ്മിന്റെ അമരക്കാരൻ



മധുര: ഇന്ത്യൻ രാഷ്ട്രീയത്തിലെ സൗമ്യസാന്നിധ്യമാണ് സിപിഎം ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട എം.എ. ബേബി. കേരള രാഷ്ട്രീയത്തിൽ കക്ഷിഭേദമെന്യേ ഏവരോടും ഊഷ്മളബന്ധം പുലർത്തുന്ന ബേബി ദേശീയ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരുന്നതും ആ ഊഷ്മളതയാണ്.

ഇഎംഎസിന് ശേഷം സിപിഎം ജനറൽ സെക്രട്ടറി പദവിയിലെത്തുന്ന രണ്ടാമത്തെ മലയാളിയാണ് എം എ ബേബി. 2016 മുതൽ സിപിഎമ്മിന്റെ കേന്ദ്രനേതൃത്വത്തിലാണ് ബേബിയുടെ പ്രവർത്തനം.

1989ൽ കേന്ദ്രകമ്മിറ്റി അംഗമായ ബേബി 2012 ലാണ് പിബിയിലെത്തുന്നത്. കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ പ്രവർത്തനത്തിലെ അരനൂറ്റാണ്ടിലധികം കാലത്തെ അനുഭവക്കരുത്തുമായാണ് എം എ ബേബി സി പി എമ്മിന്റെ ജനറൽ സെക്രട്ടറിയാവുന്നത്.

അടിയന്താരാവാസ്ഥക്കാലത്തെ വിദ്യാർഥി പോരാട്ടങ്ങളിലൂടെ ഉയർന്നുവന്ന ബേബി സ്വാതന്ത്ര്യാനന്തര തലമുറ കണ്ട രാഷ്ട്രീയ നേതാക്കളിൽ പ്രമുഖനാണ്.

രാഷ്ട്രീയത്തിനു പുറമെ സാംസ്കാരിക പ്രവർത്തകനായും ഭരണാധികാരിയായും തിളങ്ങിയ ശേഷമാണ് എം എ ബേബി ഇ എം എസിനു പിൻഗാമിയായി കേരള പാർട്ടിയിൽ നിന്നും ഇന്ത്യൻ പാർട്ടിയുടെ പരമോന്നത പദവിയിലെത്തുന്നത്.

എഴുപതുകളിൽ കേരളത്തിലെ ക്യാമ്പസുകൾ ഉറക്കെ വിളിച്ച മുദ്രാവാക്യം നാലരപ്പതിറ്റാണ്ടിനു ശേഷം മധുരയുടെ മണ്ണിൽ നിന്നും മുഴങ്ങുകയാണ് 'എംഎ ബേബി നമ്മെ നയിക്കും'. 1972ലെ ഒമ്പതാം മധുര കോൺഗ്രസിന് മുന്നോടിയായുള്ള കൊല്ലം സംസ്ഥാന സമ്മേളന കാലത്താണ് പി എം അലക്സാണ്ടർ മാഷിന്റെയും ലില്ലിയുടെയും എട്ടു മക്കളിൽ ഇളയവൻ ബേബി പാർട്ടി അംഗത്വത്തിലെത്തിയത്.

മധുരയിൽ നിന്ന് തുടങ്ങി മധുരയിലെത്തി നിൽക്കുന്ന മറ്റൊരു മധുരമനോഹര സമ്മേളനത്തിൽ പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി.

അറസ്റ്റും മർദ്ദനവും ജയിലറകളും നിറഞ്ഞ അടിയന്തരാവസ്ഥയുടെ തീച്ചൂള കടന്നെത്തിയ വിപ്ലവ വിദ്യാർഥി സമൂഹത്തിന്റെ പ്രതീകമാണ് എം എ ബേബി. പ്രാക്കുളം എൻ എസ് എസ് കോളേജിലെ കെ എസ് എഫിന്റെ യൂനിറ്റ് സെക്രട്ടറി 1975ൽ എസ് എഫ് ഐയുടെ സംസ്ഥാന പ്രസിഡണ്ടായപ്പോൾ കോടിയേരി ബാലകൃഷ്ണനായിരുന്നു സെക്രട്ടറി.

1979ൽ പാറ്റ്നയിൽ നടന്ന അഖിലേന്ത്യാ സമ്മേളനത്തിൽ പ്രകാശ് കാരാട്ടിന്റെ പിൻഗാമിയായി എസ് എഫ് ഐയുടെ അഖിലേന്ത്യ പ്രസിഡന്റായപ്പോൾ സീതാറാം യെച്ചൂരിയിരുന്നു ജോയിന്റ് സെക്രട്ടറി.

ഇ എം എസ്, ബി ടി രണദിവെ, ബസവപുന്നയ്യ, ഹർകിഷൻസിങ് സുർജിത് തുടങ്ങിയവരുടെ തണലിലായിരുന്നു എം എ ബേബിയുടെയും വിദ്യാർഥിരാഷ്ട്രീയ ജീവിതം ചുവടുവെച്ചത്.

ഡൽഹി ജൻപത് റോഡിലെ ഒരു കൊച്ചു മുറിയിലായിരുന്നു അക്കാലത്ത് എസ് എഫ് ഐ ഓഫീസ്. ശൈത്യകാലത്ത് മേശ കട്ടിലാക്കി ജനൽ കർട്ടനുകളൂരി പുതച്ചുറങ്ങിയ കാലത്തിന് അൽപ്പംകൂടി വിസ്താരം വന്നത് വിതൽഭായ്പട്ടേൽ ഹൗസിലേക്ക് ഓഫീസ് മാറ്റപ്പെട്ടതോടെയാണ്.

1982ൽ ബെറ്റി ലൂയിസ് ബേബിയുടെ ജീവിതപങ്കാളിയായി. 1986ൽ രാജ്യസഭാംഗമാകുമ്പോൾ പാർലമെന്റിലെയും ബേബിയായിരുന്നു എംഎ ബേബി.

1992ലും രാജ്യസഭാംഗമായി തുടർന്നു. 1984ൽ സി പി എം സംസ്ഥാന സമിതിയിൽ അംഗമായ ബേബി 1987ൽ ഡി വൈ എഫ് ഐയുടെ അഖിലേന്ത്യ പ്രസിഡന്റായി. 1989ൽ കേന്ദ്ര കമ്മിറ്റി അംഗം. 92ൽ കേന്ദ്ര സെക്രട്ടറിയേറ്റ് അഗം, 97ൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, 2002ൽ ആലപ്പുഴ ജില്ലാ സെക്രട്ടറി, 2012 മുതൽ പൊളിറ്റ് ബ്യൂറോ അംഗം. 2006ൽ കുണ്ടറയിൽ നിന്ന് ജയിച്ച് ബേബി വി എസ് മന്ത്രിസഭാംഗമായി.

മധുരയിൽ അവസാനിച്ച ഇരുപത്തിനാലാം പാർടി കോൺഗ്രസ് രൂപം നൽകിയ പുതിയ കേന്ദ്രകമ്മിറ്റിയുടെ ആദ്യയോഗമാണ് ജനറൽ സെക്രട്ടറിയെയും 18 അംഗ പൊളിറ്റ് ബ്യൂറോയേയും തെരഞ്ഞെടുത്തത്. 85 അംഗ കേന്ദ്ര കമ്മിറ്റിയാണുള്ളത്. 84 പേരെ തെരഞ്ഞെടുത്തു. ഒരു സ്ഥാനം ഒഴിച്ചിട്ടു.

പി ബിയിൽ എട്ട് പേർ പുതുമുഖങ്ങളാണ്. 85 അംഗ സെൻട്രൽ കമ്മിറ്റിയിൽ 30 പേർ പുതുമുഖങ്ങളാണ്. ഏഴ് പേർ പ്രത്യേക ക്ഷണിതാക്കൾ. ആറംഗ സെൻട്രൽ കൺട്രോൾ കമ്മീഷനെയും തെരഞ്ഞെടുത്തു.

പി ബി അംഗം മുഹമ്മദ് സലീം ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് എം എ ബേബിയുടെ പേര് നിർദ്ദേശിച്ചു. അശോക് ധാവ്ളെ പിന്താങ്ങി. പാർട്ടി കോൺഗ്രസ് എം എ ബേബിയെ സെക്രട്ടറിയായി തെരഞ്ഞെടുത്തതായി പിണറായി വിജയൻ സമ്മേളനത്തെ അറിയിച്ചു.

2015ലെ വിശാഖപട്ടണം പാർട്ടി കോൺഗ്രസ് മുതൽ മൂന്നു തവണയായി സീതാറാം യെച്ചൂരിയാണ് പാർടി ജനറൽ സെക്രട്ടറി. 2018ൽ ഹൈദരബാദിലും 2022ൽ കണ്ണൂരിലുമാണ് പാർട്ടി കോൺഗ്രസ് ചേർന്നത്.

കഴിഞ്ഞ വർഷം യെച്ചൂരിയുടെ അകാല മരണത്തിന് പിന്നാലെ പ്രകാശ് കാരാട്ട് പൊളിറ്റ് ബ്യൂറോ കോഡിനേറ്ററായി ചുമതലയേറ്റു. ഇതിനു പിന്നാലെയാണ് ഇരുപത്തിനാലാം പാർട്ടി കോൺഗ്രസിൽ എം എ ബേബി ജനറൽ സെക്രട്ടറി സ്ഥാനത്ത് എത്തുന്നത്.

മോഡി സർക്കാരിന്റെ ആസൂത്രിത ആക്രമണങ്ങളെ ചെറുക്കാൻ കോൺഗ്രസുമായി കൈകോർക്കും: ബേബി

മധുര: നരേന്ദ്ര മോഡി നയിക്കുന്ന കേന്ദ്ര ബിജെപി സർക്കാരിനെതിരെ പ്രതിപക്ഷ പാർട്ടികളെ ചേർത്തു നിർത്തിയുള്ള പോരാട്ടമാണ് പ്രധാന ലക്ഷ്യമെന്നു പുതിയ സിപിഎം ജനറൽ സെക്രട്ടറി എംഎ ബേബി. ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിനു നൽകിയ അഭിമുഖത്തിലാണ് ഭാവി ലക്ഷ്യങ്ങളെ കുറിച്ച് അദ്ദേഹം നിലപാട് വ്യക്തമാക്കിയത്.

പ്രതിപക്ഷത്തിന് ഐക്യമില്ലായ്മ ഉണ്ടോ?

നരേന്ദ്ര മോഡി സർക്കാർ അഴിച്ചുവിടുന്ന ആസൂത്രിതമായ ആക്രമണം കണക്കിലെടുക്കുമ്പോൾ പ്രതിപക്ഷം ഐക്യമില്ലായ്മ മറികടക്കേണ്ടതുണ്ട്. ഉദാഹരണത്തിന് 'എമ്പുരാൻ' സിനിമ വിവാദം നോക്കു. പ്രതിപക്ഷത്തിന്റെ വിശാലമായ രാഷ്ട്രീയ ക്രമീകരണം കൂടുതൽ ശക്തി പ്രാപിക്കുന്നതിലേക്കാണ് ഈ വിവാദം എത്തിച്ചത്. ബിജെപി സർക്കാർ ഇത്തരം നടപടികൾ തുടരുമ്പോൾ അതിനെ ചെറുക്കാൻ ഒന്നിച്ചു ചേരുക എന്നതല്ലാതെ മറ്റ് മാർഗമില്ല.

സിപിഎം ഒരു വിശാലമായ ദേശീയ സഖ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കേരളത്തിലെ രാഷ്ട്രീയാവസ്ഥ ഒരു തടസമാണോ?

ബിജെപിക്കെതിരെ വിശാലമായ ഒരു രാഷ്ട്രീയ വേദി സൃഷ്ടിക്കുക എന്നതാണ് പ്രധാന കടമ. കാരണം നവ ഫാസിസ്റ്റ് പ്രവണതകളെ വ്യക്തമായി പ്രകടിപ്പിക്കുന്ന സർക്കാരാണ് കേന്ദ്രത്തിൽ. എന്നാൽ സംസ്ഥാന രാഷ്ട്രീയത്തിലെ യാഥാർഥ്യങ്ങളെ കൂടി ഉൾക്കൊള്ളേണ്ടതുണ്ട്. കുറച്ചു കാലമായി ഇതാണ് ഞങ്ങളുടെ സമീപനം. പാർട്ടി അതിന്റെ സ്വതന്ത്ര ശക്തി വർദ്ധിപ്പിക്കുന്നതിൽ കൂടുതൽ ഊന്നൽ നൽകും. കുറച്ച് ഇടിവ് സംഭവിച്ചിട്ടുണ്ട്. ഇടതുപക്ഷ ഐക്യം ഉറപ്പാക്കാനും ഞങ്ങൾ ശ്രമിക്കും.

വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പിണറായി വിജയൻ പാർട്ടിയെ നയിക്കുമോ?

നിലവിൽ കേരളത്തിലെ ഇടതു മുന്നണിയുടെ നേതാവാണ് പിണറായി വിജയൻ. സ്വാഭാവികമായും അടുത്ത തെരഞ്ഞെടുപ്പിലും അദ്ദേഹം മുന്നണിയുടെ രാഷ്ട്രീയ, തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് നേതൃത്വം നൽകും. അതിൽ യാതൊരു സംശയവുമില്ല. അധികാരത്തുടർച്ച ലഭിച്ചാൽ ആരാണ് മുഖ്യമന്ത്രിയാകുക എന്നത് ഇപ്പോൾ ചർച്ച ചെയ്യേണ്ട കാര്യമല്ല. അത് സമയമാകുമ്പോൾ തീരുമാനിക്കും.

സംസ്ഥാനത്ത് പാർട്ടി തുടർച്ചയായി മൂന്നാം തവണയും വിജയിക്കുമോ?

പാർട്ടിയും എൽഡിഎഫും അധികാരത്തിൽ തുടരുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. ചിട്ടയായ പ്രവർത്തനം നടന്നാൽ തുടരെ മൂന്നാം വട്ടവും അധികാരത്തിലെത്തുമെന്നു തീർച്ചയാണ്. ആ ദിശയിൽ പ്രവർത്തനം ശക്തമാക്കാൻ 24ാം പാർട്ടി കോൺഗ്രസിൽ തീരുമാനം എടുത്തിട്ടുണ്ട്.

പുതിയ ജനറൽ സെക്രട്ടറിയുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്?

പാർട്ടി കോൺഗ്രസ് മൂന്ന് രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. സംഘപരിവാറിനെയും ബിജെപി സർക്കാരിനെയും ചെറുക്കുക എന്നതാണ് അതിൽ ഏറ്റവും പ്രധാനം. സംസ്ഥാന സർക്കാരുകളെ അടിച്ചമർത്താനുള്ള ശ്രമങ്ങളുമായി മോഡി സർക്കാർ മുന്നോട്ട് പോകുകയാണ്. വരും ദിവസങ്ങളിൽ കേന്ദ്രത്തിനെതിരായ പോരാട്ടം ശക്തിപ്പെടുത്തും. രണ്ടാമതായി സിപിഎമ്മിന്റെയും ഇടതു മുന്നണിയുടെയും സ്വതന്ത്ര ശക്തി വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തിക്കേണ്ടതുണ്ട്. മൂന്നാമതായി ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുകയും പ്രാദേശിക തലങ്ങളിൽ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.

ജനറൽ സെക്രട്ടറിയായി താങ്കളെ തെരഞ്ഞെടുത്തത് ഐക്യകണ്ഠേനയായിരുന്നോ?

ഐക്യകണ്ഠേനയാണ് തെരഞ്ഞെടുക്കപ്പെട്ടത്. പൊളിറ്റ്ബ്യൂറോ അംഗവും പശ്ചിമ ബംഗാൾ സംസ്ഥാന സെക്രട്ടറിയുമായ മുഹമ്മദ് സലിം എന്റെ പേര് നിർദ്ദേശിച്ചു. ചില മാധ്യമങ്ങൾ ജനറൽ സെക്രട്ടറിയായി ഉയർത്തിക്കാട്ടിയ അശോക് ധാവ്ളെ പിന്തുണച്ചു. മറ്റുള്ളവരും പിന്തുണ നൽകി. മറ്റ് പേരുകളൊന്നും ഉയർന്നു വന്നില്ല.

ഗോകുലം 592 കോടിയുടെ നികുതി ക്രമക്കേട് നടത്തിയെന്ന് ഇ.ഡി.



ചെന്നൈ: വിദേശ നാണ്യ വിനിമയ നിയമത്തിലെ ക്രമക്കേട് ആരോപിച്ച് എമ്പുരാൻ സിനിമ നിർമാതാവ് കൂടെയായ ഗോകുലം ഗോപാലൻ 592 കോടിയുടെ നികുതി ക്രമക്കേട് നടത്തിയെന്ന് എൻഫോസ്മെന്റ് ഡയറക്ടറേറ്റ് കണ്ടെത്തൽ.

ഗോകുലം ഗോപാലന്റെ ചെന്നൈയിലെയും കോഴിക്കോട്ടെയും ഓഫീസുകളിൽ രണ്ട് ദിവസം നീണ്ട റെയിഡിന് ശേഷം എൻഫോഴ്സ്മന്റ് ഡയറക്ടറേറ്റ് വൃത്തങ്ങൾ നൽകിയ സൂചനയാണിത്.

റെയ്ഡുമായി ബന്ധപ്പെട്ട് ഗോകുലം ഗോപാലനെ ഏഴര മണിക്കൂറിലേറെ ചോദ്യം ചെയ്തിരുന്നു. മറ്റ് സാമ്പത്തിക ഇടപാടുകളും ഇഡി നിരീക്ഷിക്കുന്നുണ്ട്. രേഖകളും ഒന്നരക്കോടി രൂപയും പിടിച്ചെടുത്തതായി ആണ് സൂചന. സാമ്പത്തിക ഇടപാടുകൾ വിലയിരുത്തിയ ശേഷം റെയ്ഡ് തുടരണോ വേണ്ടയോ എന്ന് തീരുമാനിക്കും.

വിവിധ സിനിമകളിൽ പണം നിക്ഷേപിച്ചതുൾപ്പെടെ ചട്ടം ലംഘിച്ചാണെന്നാണ് ആരോപണം.

കേരളത്തിലും തമിഴ്നാട്ടിലുമായി അഞ്ച് ഓഫീസുകളിൽ ആയാണ് പരിശോധന നടന്നത്. നീലാങ്കരയിലെ വീട്ടിലും ചെന്നൈയിലെ ഓഫീസിലും ഉൾപ്പെടെ റെയ്ഡ് നടന്നു. നീലാങ്കരയിലെ വീട്ടിൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലുകളുടെ തുടർച്ചയായാണ് ഗോകുലം ഗോപാലനെ ചോദ്യം ചെയ്തത് എന്നാണ് റിപ്പോർട്ടുകൾ. ഗോകുലം ഗോപാലന്റെ മകൻ ബൈജു ഗോപാലനെയും എൻഫോഴ്സ്മന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തിരുന്നു. ഫെമ നിയമലംഘനമാണ് കേന്ദ്ര ഏജൻസി ആരോപിക്കുന്നത്.

ഒരു ഇടവേളയ്ക്കു ശേഷമാണ് കേന്ദ്ര ഏജൻസി വീണ്ടും ഗോകുലം ഗോപാലനെതിരെ രംഗത്തെത്തുന്നത്.

കോഴിക്കോട്ടെ കോർപറേറ്റ് ഓഫീസ്, ഗോകുലം മാൾ, ചെന്നൈയിലെ ഓഫീസ്, വീട് എന്നിവടങ്ങളിലെല്ലാം ഇഡി റെയ്ഡ് നടത്തി. ഗോകുലം ഗോപാലൻ ഡയറക്ടറായ മറ്റ് കമ്പനികൾ നടത്തിയ നിക്ഷേപങ്ങളും അന്വേഷണ പരിധിയിലുണ്ട്. ഗോകുലം ചിറ്റ്സും അന്വേഷണ പരിധിയിലുണ്ട്. 2017 ൽ ആദായ നികുതി വകുപ്പും 2023ൽ ഇഡിയും ഗോകുലം ഗോപാലനെതിരെ അന്വേഷണം നടത്തിയിരുന്നു.

പൃഥ്വിരാജിനെതിരെയും നടപടി

ശ്രീ ഗോകുലം ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സ്ഥാപകനും ഉടമയുമായ ഗോപാലൻ, ധനകാര്യ രംഗത്ത് മാത്രമല്ല വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ഹോസ്പിറ്റാലിറ്റി, മാധ്യമം, റിയൽ എസ്റ്റേറ്റ്, തുടങ്ങി വിവിധ മേഖലകളിൽ സ്ഥാപനങ്ങൾ നടത്തുന്നു. ഗോകുലം ഗോപാലന്റെ സിനിമ ഡിസ്ട്രിബ്യൂഷൻ കമ്പനിയാണ് ശ്രീ ഗോകുലം മൂവീസ്. ഫ്ളവേഴ്സ് ടിവി, 24 ന്യൂസ് തുടങ്ങിയ മാധ്യമ സ്ഥാപനങ്ങളിലും നിക്ഷേപമുണ്ട്.

എമ്പുരാൻ സിനിമ സംവിധാനം ചെയ്ത് നടൻ പൃഥ്വിരാജിനെതിരെയും ആദായ നികുതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മാസം അവസാനം ആദായ നികുതി നിയമ ലംഘനം ആരോപിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ പിഴ ഈടാക്കിയതായാണ് സൂചന.

വീണ്ടും ചോദ്യം ചെയ്യലിന് ഹാജരാകണം

കൊച്ചി: ഗോകുലം ഗോപാലനെ വിടാതെ പിന്തുടർന്ന് ഇ.ഡി (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്). ചോദ്യം ചെയ്യലിന് എത്തണമെന്ന് ആവശ്യപ്പെട്ട് ഗോകുലത്തിന് വീണ്ടും നോട്ടിസ് അയച്ചിരിക്കുകയാണ് ഇ. ഡി. ഈ മാസം 28ന് ഹാജരാകണമെന്നാണ് ഗോപാലനോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഗോകുലം ഗോപാലൻ നേരിട്ടോ അല്ലെങ്കിൽ കമ്പനിയുടെ പ്രതിനിധിയോ എത്തണമെന്നാണ് നോട്ടിസിൽ ആവശ്യപ്പെടുന്നത്.

ഫെമ നിയമം ലംഘിച്ച കേസിൽ ഗോകുലം ഗോപാലനെ ഇ.ഡി ഏപ്രിൽ 7ന് ആറുമണിക്കൂർ ചോദ്യം ചെയ്തിരുന്നു. ഉച്ചയ്ക്ക് 12.45 ഓടെ കൊച്ചിയിലെ ഓഫിസിൽ വിളിച്ചു വരുത്തിയാണ് ചോദ്യം ചെയ്തത്. കഴിഞ്ഞദിവസം ചെന്നൈയിലെ ഇ.ഡി ഓഫിസിൽ ഏഴുമണിക്കൂറോളം ചോദ്യം ചെയ്തിരുന്നു.

ചോദ്യങ്ങൾക്കെല്ലാം മറുപടി നൽകിയതായി ഗോകുലം ഗോപാലൻ മാധ്യമങ്ങളോടു പ്രതികരിച്ചു. ചോദ്യം ചോദിക്കാൻ ഇ.ഡിക്ക് അധികാരമുണ്ടെന്നും മറുപടി പറയേണ്ട ചുമതല തനിക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള ചിട്ടി സ്ഥാപനം വഴി വിദേശ നാണയ വിനിമയച്ചട്ടങ്ങളുടെ ലംഘനം നടന്നതായി ഇ.ഡി കണ്ടെത്തിയിരുന്നു. റെയ്ഡിൽ ചെന്നൈയിലെ കേന്ദ്ര ഓഫിസിൽ നിന്നും ഒന്നര കോടി രൂപ കണ്ടുകെട്ടുകയും രേഖകൾ പിടിച്ചെടുക്കുകയും ചെയ്തിരുന്നു.

വിദേശത്ത് നിന്നു 592.54 കോടി രൂപ അനധികൃതമായി സ്വീകരിച്ചതുൾപ്പെടെ ശ്രീ ഗോകുലം ചിറ്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് ഫെമ ചട്ടങ്ങൾ ലംഘിച്ചെന്നാണ് കണ്ടെത്തൽ. ഗോകുലം ചിട്ടി ഇടപാടുകളിലാണ് അന്വേഷണം നടക്കുന്നതെന്നാണ് ഇ.ഡിയുടെ വിശദീകരണം. 2022ൽ കൊച്ചി യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസിന്റെ ഭാഗമായാണ് അന്വേഷണമെന്നും ഇ.ഡി വൃത്തങ്ങൾ വ്യക്തമാക്കി.



ഇനി ഹോളിവുഡും പറയും എന്റമ്പുരാനേ...

ലൂസിഫർ എന്ന ചിത്രത്തിൽ നിന്ന് അഞ്ചു വർഷത്തെ ദൂരമുണ്ട് എമ്പുരാനിലേക്ക്. ആ അഞ്ചു വർഷത്തെ പൃഥ്വിരാജ് സുകുമാരന്റെ പരിശ്രമം എമ്പുരാന്റെ ഓരോ ഫ്രെയിമിലും കാണാം. ആ ഫ്രെയിമിൽ കൂടി മലയാളത്തിന്റെ താരരാജാവിനെ അവതരിപ്പിച്ചപ്പോൾ, അതിനോട് മികച്ച ഒരു നിര കഥാപാത്രങ്ങളെ കൂടി ചേർത്തു നിർത്തിയപ്പോൾ എമ്പുരാൻ മികവോടെതന്നെ വരവറിയിച്ചിരിക്കുന്നു. ഇനി നമുക്കും തലയുയർത്തി പറയാം. 'ഞങ്ങൾക്കും അറിയാം സിനിമയിൽ കാശിറക്കി കാശു വാരാൻ...'

ലൂസിഫർ അവസാനിച്ചിടത്തു നിന്നല്ല എമ്പുരാന്റെ വരവ്. കഥ തുടങ്ങുന്നത് ഉത്തരേന്ത്യയിൽ നിന്നാണ്. കൃത്യമായി പറഞ്ഞാൽ ഗുജറാത്തിലെ ഗോധ്ര കലാപത്തിന്റെ ഓർമപ്പെടുത്തലുകളുള്ള ഫ്രെയിമുകളിലൂടെ. കലാപത്തിന്റെ തീച്ചൂടിൽനിന്ന് ജീവന്റെ തുരുത്തു തേടി യാത്ര ചെയ്യുന്നവർ. രാത്രിയിൽ അവർക്ക് ഒരു സുരക്ഷിത താവളമൊരുങ്ങുന്നു. എന്നാൽ അവിടെ അവരെ കാത്തിരിക്കുന്നത് മറ്റു ചില ദുരന്തങ്ങളായിരുന്നു. ആ ദുരന്തക്കാഴ്ചകളിൽനിന്ന് നമ്മൾ നെടുമ്പള്ളിയിലേക്കു യാത്ര ചെയ്യുകയാണ്. കേരളത്തിലേക്ക്. അവിടെ എല്ലാം മാറിമറിഞ്ഞിരിക്കുന്നു. സ്റ്റീഫൻ നെടുമ്പള്ളിയുടെ സാന്നിധ്യമില്ലാത്ത കേരളം. പാർട്ടിയെയും കേരളത്തെയും ജതിൻ രാംദാസിനെ ഏൽപിച്ച് സ്റ്റീഫൻ പോയിട്ട് അഞ്ചു വർഷമായിരിക്കുന്നു. അപ്പോഴും പക്ഷേ ഗോവർധൻ തിരക്കിലാണ്. അയാളിപ്പോഴും ലൂസിഫറെ തേടിക്കൊണ്ടിരിക്കുകയാണ്. എന്തിനു വേണ്ടിയാണത്? അതിനുള്ള ഉത്തരമാണ് പ്രേക്ഷകന് എമ്പുരാൻ സമ്മാനിക്കുന്നത്.

ബ്ലാക് ഹോക്ക് ഹെലികോപ്റ്ററുകളും കോടികളിറങ്ങുന്ന ചാർട്ടേഡ് വിമാനങ്ങളും പാറിപ്പറക്കുകയാണ് ചിത്രത്തിലാകെ. വെടിയൊച്ചകളും സ്ഫോടനങ്ങളുമാണെങ്ങും. എമ്പുരാന്റെ ആദ്യപകുതിയെ വ്യത്യസ്തമാക്കുന്നതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഈ ബ്രഹ്മാണ്ഡ കാഴ്ചകളാണ്. ഇത്രയേറെ ലൊക്കേഷനുകളിൽ ഷൂട്ട് ചെയ്ത ഒരു മലയാള ചിത്രം ഇതിനു മുൻപുണ്ടായിട്ടില്ല. ഓരോ പ്രദേശത്തിനും ചേരുന്ന വിധം ഫ്രെയിമുകളൊരുക്കിയിരിക്കുന്നു സുജിത് വാസുദേവ്. ഛായാഗ്രാഹകൻ ഏറ്റവും വെല്ലുവിളി നേരിടുന്ന നിമിഷങ്ങളാണ് ചിത്രത്തിലാകെ. വികാരനിർഭരമായ രംഗങ്ങളിലെ 'ക്ലോസ്അപ്' സൂക്ഷ്മത മുതൽ യുദ്ധ രംഗങ്ങളിലെ വിശാലത വരെ സാധ്യമാക്കേണ്ടിവന്നു അദ്ദേഹത്തിന്. തനതുകാഴ്ചകൾക്കൊപ്പം സിജിഐ കൂടി ചേരുമ്പോൾ എമ്പുരാൻ ഒരു വിസ്മയമായി മാറുന്നു. ചിത്രത്തിന്റെ ഓപ്പണിങ് ഷോട്ടിൽ നിന്നുതന്നെ അതു വ്യക്തം. യുദ്ധവും ആഭ്യന്തര കലാപവും തകർത്ത ഇറാഖിലെ പ്രേതഭൂമികളിലൊന്നിൽ നിന്നുള്ള കാഴ്ച ഹോളിവുഡ് സിനിമകളോളം തന്നെ പോന്നതായിരുന്നു. കേരളത്തിലാണെങ്കിലും ലോകത്തിന്റെ ഏതു കോണിലാണെങ്കിലും എമ്പുരാന്റെ ഫ്രെയിമുകൾ സുജിത് വാസുദേവിൽ ഭദ്രമായിരുന്നു.



മുരളി ഗോപി അവസാനമായി തിരക്കഥയെഴുതിയത് തീർപ്പ് എന്ന ചിത്രത്തിനായിരുന്നു, 2022 ൽ. 2017 ൽ ടിയാൻ, 2013 ൽ ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ്... ഈ സിനിമകളെയെല്ലാം പിന്തുടരുന്നവർക്ക് ഒരു കാര്യം വ്യക്തമാണ്. അത് മുരളി ഗോപിയുടെ രാഷ്ട്രീയ എഴുത്തിനെപ്പറ്റിയുള്ളതാണ്. സമകാലിക കേരള രാഷ്ട്രീയത്തെ, ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തെ ഇത്രമേൽ വ്യത്തിയോടെ സിനിമയിലേക്ക് സന്നിവേശിപ്പിച്ച തിരക്കഥാകൃത്തുക്കൾ അപൂർവമായിരിക്കും. കേരളത്തിനു മേൽ പതിയെ പടർന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ ഭീതിയുടെ നേർക്കാഴ്ച കൂടിയാണ് എമ്പുരാൻ. അതിൽ കാവിയും ഇടതു വലതു രാഷ്ട്രീയവുമുണ്ട്, അവയിലെ പുഴുക്കുത്തുകളുണ്ട്, കലാപങ്ങളുണ്ട്, കേന്ദ്ര ഏജൻസികളുടെ നിരന്തര സാന്നിധ്യമുണ്ട്. രാഷ്ട്രീയം എങ്ങനെയാണ് ഓരോരുത്തരുടെയും നിലനിൽപിനു വേണ്ടി മാത്രമായുള്ള ആയുധമായി മാറുന്നത് എന്നതിന്റെ ഓർമപ്പെടുത്തലുമുണ്ട്. സമാനമായ കഥാപശ്ചാത്തലമാണ് എമ്പുരാനു വേണ്ടിയും മുരളി ഗോപി ഒരുക്കിയിരിക്കുന്നത്.

ഇനി പൃഥ്വിരാജിലേക്ക്. ലൂസിഫറിൽ ജതിൻ രാംദാസ് നടത്തിയ ആ പ്രസംഗം ഓർമവരുന്നു. അതിനോടു ചേർന്നു നിന്ന് ഇങ്ങനെ പറയാൻ തോന്നും എമ്പുരാൻ കണ്ടുകഴിഞ്ഞാൽ. 'മുണ്ടുടുത്ത മോഹൻലാലിന്റെ താരഗരിമ ഉപയോഗപ്പെടുത്താനറിയാതെ, ആ മഹാനടന്റെ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്താനാകാതെ പൃഥ്വിരാജ് എന്ന സംവിധായകൻ നിങ്ങൾക്കു മുന്നിലേക്ക് ഇതുപോലൊരു സിനിമയുമായി വരുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?' തോളോടു തോൾ ചേർന്നാണ് ചിത്രത്തിൽ മോഹൻലാലും പൃഥ്വിരാജും എത്തുന്നത്. എല്ലാ ഫ്രെയിമിലും വെറുതെ തള്ളിക്കയറ്റി നിർത്താതെ ഓരോ കഥാപാത്രത്തിനും അവരുടെ സ്പേസ് നൽകിയിരിക്കുന്നു. അത് ഐബി ഉദ്യോഗസ്ഥനു നേരെ തോക്കുചൂണ്ടാനെത്തുന്നു, ഏതാനും നിമിഷം മാത്രം ഫ്രെയിമിലുള്ള ചെറുപ്പക്കാരനാണെങ്കിലും മോഹൻലാലാണെങ്കിലും അങ്ങനെത്തന്നെ. നായകന്റെ നിഴലായി നിൽക്കുന്ന കഥാപാത്രങ്ങളൊന്നുമില്ല. എന്നാൽ ആവശ്യം വരുന്ന സമയത്തെല്ലാം, ആവശ്യം വേണ്ടുന്ന കഥാപാത്രങ്ങളെയെല്ലാം കൃത്യമായി പ്ലേസ് ചെയ്യുന്നുണ്ട് പൃഥ്വിരാജ്. കഥാപാത്രങ്ങളുടെ തിരഞ്ഞെടുപ്പും ഏറ്റവും മികച്ചതാണ്. വിദേശതാരങ്ങൾ മുതൽ മലയാള നടീനടന്മാരെ വരെ തിരഞ്ഞെടുത്തതിൽ ആ സൂക്ഷ്മത കാണാം. മഞ്ജുവാര്യർ, ടൊവിനോ തോമസ്, സായി കുമാർ, ബൈജു, അഭിമന്യു സിങ്, ഇന്ദ്രജിത്ത്, കിഷോർ, സുരാജ് വെഞ്ഞാറമൂട്, മണിക്കുട്ടൻ... അഭിനയ മികവ് സമ്മാനിക്കുന്ന താരനിര നീണ്ടു പോകും.

ആക്ഷൻ, ത്രിൽ എന്നീ വാക്കുകൾ ഒപ്പം കൂട്ടിച്ചേർക്കാതെ എന്ത് എമ്പുരാൻ! ചിത്രത്തിന്റെ ഏറ്റവും വലിയ മികവും ഈ സ്റ്റണ്ട് കോറിയോഗ്രഫിയിലാണ്. തുടക്കം മുതൽ ഒടുക്കം വരെ അത് പ്രേക്ഷകനു വിരുന്നായി എത്തുന്നുമുണ്ട്. ഇറാഖിൽ അതൊരു തരത്തിലാണെങ്കിൽ നെടുമ്പള്ളിയിലെ കാട്ടിലെ രാത്രിയിൽ അതു മറ്റൊരു കാൻവാസിലാണ്. ഓരോ ഫ്രെയിമിലേക്കും 'എൽ' എന്ന അക്ഷരത്തെ സന്നിവേശിപ്പിച്ചുകൊണ്ടാണ് സ്റ്റണ്ട് സിൽവയുടെ ഓരോ ആക്ഷൻ രംഗവും അവസാനിക്കുന്നത്. എൽ അഥവാ ലൂസിഫർ. മോഹൻലാലിലൂടെ ആ ലൂസിഫറിന്റെ, അബ്രാം ഖറേഷിയുടെ സാന്നിധ്യം നമുക്ക് തിരിച്ചറിയാനാകും. അതെങ്ങനെയെന്നല്ലേ? ചിത്രത്തിലെ ഒരു കഥാപാത്രം പറയുന്നതു പോലെ 'രോമാഞ്ചം അണ്ണാ രോമാഞ്ചം...'. മോഹൻലാൽ എന്ന നടന്റെ കണ്ണുകൾ പോലും കഥ പറയുന്നുണ്ട് ചിത്രത്തിൽ. സെക്കൻഡ് ഹാഫിന്റെ തുടക്കത്തിലെ ആക്ഷൻ രംഗം എടുത്തു പറയേണ്ടിവരും. നിങ്ങളൊരു മോഹൻലാൽ ഫാനല്ലെങ്കിൽ പോലും എമ്പുരാന്റെ സിനിമാറ്റിക് മൊമന്റുകളിലെ ഏറ്റവും കോരിത്തരിപ്പിക്കുന്ന നിമിഷങ്ങൾ ആ രംഗത്തിനു സമ്മാനിക്കാനാകും. സയീദ് മസൂദ് എന്ന കഥാപാത്രമായി പൃഥ്വിരാജ് പറന്നിറങ്ങുന്ന രംഗവും ആരും അത്രപെട്ടെന്നു മറക്കാനിടയില്ല.

മൂന്നു മണിക്കൂറോളമുണ്ട് ചിത്രം. അതിനാൽത്തന്നെ ബോറടിപ്പിക്കാതെ പ്രേക്ഷകനെ പിടിച്ചു നിർത്തുന്നതിൽ സംവിധായകനും ഛായാഗ്രാഹകനുമൊപ്പം സംഗീത സംവിധായകനും എഡിറ്റർക്കുമെല്ലാം 'എക്സ്ട്രാ' ജോലിയെടുത്തേ മതിയാകുമായിരുന്നുള്ളൂ. സംഗീത വിഭാഗത്തിൽ ദീപക് ദേവും എഡിറ്റർ അഖിലേഷ് മോഹനും ചിത്രത്തിന്റെ കഥാഗതിക്കൊപ്പം സഞ്ചരിച്ചാണ് തങ്ങളുടെ ജോലികൾ നിർവഹിച്ചത്. ദീപക് ദേവിന്റെ പശ്ചാത്തല സംഗീതം ചില നേരങ്ങളിൽ മറ്റൊരു തലത്തിലേക്ക് ഉയരുന്നുണ്ട്. ബാബാ ബജ്രംഗി എന്ന കഥാപാത്രം കേരളത്തിലേക്ക് എത്തുന്ന ഹെലികോപ്റ്റർ രംഗത്തിൽ പ്രത്യേകിച്ച്. പൃഥ്വിരാജിന്റെ ബ്രോ ഡാഡിയിലും അഖിലേഷ് മോഹന്റെ എഡിറ്റിങ് മികവ് കണ്ടതാണ്. എന്നാൽ അതിനേക്കാളെല്ലാം പലമടങ്ങ് അധ്വാനം വേണം എമ്പുരാനിൽ. അത്രയേറെയാണ് ലൊക്കേഷനുകൾ, അത്രയേറെയാണ് സീനുകൾ, അതിലേറെയാണ് ഷോട്ടുകൾ... ഏറെ വിയർപ്പൊഴുക്കിയാണ് ചിത്രം മികവിന്റെ തീരത്തേക്ക് എത്തിച്ചതെന്നത് ഉറപ്പ്. മോഹൻദാസിന്റെ കലാസംവിധാനവും എടുത്തു പറയണം. ചില രംഗങ്ങളിലെ ഹെലിക്കോപ്റ്റർ ഉൾപ്പടെ പലതും ഉണ്ടാക്കിയെടുത്തതു തന്നെ.

ലഹരിക്കെതിരെയാണ് ലൂസിഫറിന്റെ പ്രവർത്തനങ്ങളെങ്കിലും, 'നാർക്കോട്ടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്' എന്ന ക്യാച്ച്വേഡിൽ പിടിച്ചാണ് ചിത്രം ഒരുക്കിയതെങ്കിലും എമ്പുരാനിൽ സ്ക്രീൻ സ്പേസ് അധികവും രാഷ്ട്രീയത്തിനു വേണ്ടിയാണ് നീക്കിവച്ചത്. ആക്ഷൻ തിളയ്ക്കുന്ന ലഹരി കാർട്ടൽ രംഗങ്ങളും ഇമോഷനുകൾ നിറഞ്ഞ രാഷ്ട്രീയ കുടുബ നിമിഷങ്ങളും ബാലൻസ് ചെയ്തു പോകുന്നുണ്ടോയെന്നത് പ്രേക്ഷകൻ കണ്ടുതന്നെ മനസ്സിലാക്കണം. യുഎസും ലണ്ടനും യുഎഇയും ലേയും ലഡാക്കുമെല്ലാം ഉൾപ്പെട്ട രംഗങ്ങൾ എമ്പുരാനിൽ ഓവർക്രൗഡഡ് ആകുന്നണ്ടോയെന്ന കാര്യത്തിലും സംശയമുണ്ട്. കേരള രാഷ്ട്രീയത്തിലെ ഒരു സ്റ്റീഫൻ നെടുമ്പള്ളിയുടെ കഥ, അതായിരുന്നു ലൂസിഫർ. എന്നാൽ ലോകത്തിനു മുന്നിൽ അബ്രാം ഖറേഷി, ചിലരുടെ ലൂസിഫർ, കേരളത്തിലൊരു സ്റ്റീഫൻ നെടുമ്പള്ളി എന്ന നിലയിലേക്കാണ് എമ്പുരാനിലേക്കെത്തുന്നത്. ഇവയെല്ലാം ബാലൻസ് ചെയ്തു കൊണ്ടുപോകാനും സംവിധായകൻ ശ്രമിച്ചിട്ടുണ്ട്.

ഒരു കാര്യം ഉറപ്പ്. മലയാളത്തിലെ ആക്ഷൻ ത്രില്ലർ സിനിമകൾ എമ്പുരാന് മുൻപും ശേഷവും എന്നായിരിക്കും ഇനി അടയാളപ്പെടുത്തുക. അത് ബജറ്റിന്റെ കാര്യത്തിലാണെങ്കിലും സംവിധാന അഭിനയ ആക്ഷൻ മികവിന്റെ കാര്യത്തിലാണെങ്കിലും.

വിഷു കളറാക്കാൻ നാല് ചിത്രങ്ങൾ

ഒരു വിഷുക്കാലംകൂടി ഇങ്ങെത്തിക്കഴിഞ്ഞു. വിഷുവെന്നാൽ മലയാളികൾക്ക് പ ുത്തൻ സിനിമകൾ തിയേറ്ററുകളിലെത്തുന്ന ആഘോഷക്കാലം കൂടിയാണ്. ഇത്ത വണയും ആ പതിവിന് മാറ്റമില്ല. വിഷു ആഘോഷം കൊഴുപ്പിക്കാൻ മലയാളത്തിൽ നിന്ന് മൂന്നും തമിഴിൽ നിന്ന് ഒരു ചിത്രവുമാണ് പ്രദർശനത്തിനെത്തുന്നത്. നാലുചിത്ര ങ്ങളേക്കുറിച്ചും സിനിമാ പ്രേമികൾക്കുള്ളത് തികഞ്ഞ വിജയപ്രതീക്ഷകൾ മാത്രം.

ബസൂക്ക

തിരക്കഥാകൃത്ത് കലൂർ ഡെന്നീസിന്റെ മകനായ ഡിനോ ഡെന്നീസ് ആദ്യമായി സംവി ധാനം ചെയ്യുന്ന ചിത്രമാണ് ബസൂക്ക. ഗെയിം ത്രില്ലറായാണ് ചിത്രം ഒരുങ്ങിയിരിക്കു ന്നത്. സംവിധായകനും നടനുമായ ഗൗതം മേനോനും ചിത്രത്തിൽ ഒരു പ്രധാനവേഷ ത്തിലെത്തുന്നുണ്ട്. മമ്മൂട്ടിയുടെ സ്റ്റൈലിഷ് ലുക്ക് ഇതിനോടകം തന്നെ ചർച്ചയായിട്ടു ണ്ട്. തിയേറ്റർ ഓഫ് ഡ്രീംസ് ഇൻ അസോസിയേഷൻ വിത്ത് സരിഗമയുടെ ബാനറിൽ പ്രശസ്ത തിരക്കഥാകൃത്ത് ജിനു. വി. എബ്രഹാം, ഡോൾവിൻ കുര്യാക്കോസ് എന്നി വരാണ് ഈ ചിത്രം നിർമ്മിക്കുന്നത്. സിദ്ധാർഥ് ഭരതൻ, ഷൈൻ ടോം ചാക്കോ, ഡീൻ ഡെന്നീസ്, സുമിത് നേവൽ (ബിഗ് ബി ഫെയിം), ദിവ്യാപിള്ള, ഐശ്വര്യാ മേനോൻ, സ്ഫടികം ജോർജ്ജ് എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു. സയ്ദ് അബ്ബാസാണ് സംഗീതസംവിധാനം നിർവഹിച്ചിരിക്കുന്നത്. നിമേഷ് രവിയാണ് ഛായാഗ്രഹണം. ഏപ്രിൽ പത്തിന് ചിത്രം തിയേറ്ററുകളിലെത്തും.

മരണമാസ്

മിന്നൽ മുരളിക്കുശേഷം ടൊവിനോയും ബേസിലും ഒന്നിക്കുന്ന ചിത്രമാണ് മരണമാ സ്. എന്നാൽ ചെറിയൊരു വ്യത്യാസമുണ്ട്. ഇത്തവണ നിർമാതാവിന്റെ കുപ്പായമണി ഞ്ഞ് ക്യാമറയ്ക്ക് പിന്നിലാണ് ടൊവിനോ. ബേസിലാകട്ടെ നായകനായി ക്യാമറയ്ക്ക് മുന്നിലും. നടൻ സിജു സണ്ണിയാണ് കഥയും തിരക്കഥയും എഴുതിയിരിക്കുന്നത്. സംവിധായകൻ ശിവപ്രസാദും തിരക്കഥാകൃത്തുക്കളിൽ ഒരാളായുണ്ട്. ചിത്രത്തിലെ ബേസിലിന്റെ പ്രത്യേക ഗെറ്റപ്പ് ഇതിനകം ചർച്ചയായി കഴിഞ്ഞു. ബാബു ആന്റണി, സുരേഷ് കൃഷ്ണ, സിജു സണ്ണി, രാജേഷ് മാധവൻ, പുലിയനം പൗലോസ് എന്നിവർ ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. അനിഷ്മ അനിൽകുമാറാ ണ് നായിക. ടൊവിനോ തോമസ് പ്രൊഡക്ഷൻസ്, റാഫേൽ ഫിലിം പ്രൊഡക്ഷൻസ്, വേൾഡ് വൈഡ് ഫിലിംസ് എന്നീ ബാനറുകളിൽ ടൊവിനോ തോമസ്, റാഫേൽ പൊഴാലിപ്പറമ്പിൽ, തൻസീർ സലാം, ടിങ്സ്റ്റൺ തോമസ് എന്നിവരാണ് ഈ ചിത്രം നിർമ്മിക്കുന്നത്. ഏപ്രിൽ പത്തിന് തന്നെയാണ് മരണമാസും റിലീസ് ചെയ്യുന്നത്.

ആലപ്പുഴ ജിംഖാന

'തല്ലുമാല'യ്ക്ക് ശേഷം ഖാലിദ് റഹ്മാന്റെ സംവിധാനം, പ്രേമലുവിലൂടെ ബമ്പർ ഹി റ്റടിച്ച നസ്ലിൻ ഗഫൂർ നായകൻ, ഒപ്പം വലിയൊരു യുവതാരനിരയും. 'ആലപ്പുഴ ജിം ഖാന'യ്ക്കായി കാത്തിരിക്കാൻ മറ്റെന്തുവേണമെന്നാണ് ആരാധകർ ചോദിക്കുന്നത്. നസ്ലിന്
പുറമേ ഗണപതി, ലുക്ക്മാൻ, സന്ദീപ് പ്രദീപ് തുടങ്ങിയ താരങ്ങളുടെ ഗെറ്റപ്പും ശ്രദ്ധേയമായിക്കഴിഞ്ഞു. അനഘ രവി, ഫ്രാങ്കോ ഫ്രാൻസിസ്, ബേബി ജീൻ, ശിവ ഹരിഹരൻ, ഷോൺ ജോയ്, കാർത്തിക്, നന്ദ നിഷാന്ത്, നോയില ഫ്രാൻസി തുട ങ്ങിയവരും ചിത്രത്തിൽ പ്രധാനവേഷങ്ങളിൽ എത്തുന്നു. 'ആലപ്പുഴ ജിംഖാന' നിർമ്മിക്കുന്നത് പ്ലാൻ ബി മോഷൻ പിക്ചേഴ്സിന്റെ ബാനറിലും റീലിസ്റ്റിക് സ്റ്റു ഡിയോയുടെ ബാനറിലും ഖാലിദ് റഹ്മാൻ, ജോബിൻ ജോർജ്, സമീർ കാരാട്ട്, സുബീഷ് കണ്ണഞ്ചേരി എന്നിവർ ചേർന്നാണ്. പ്ലാൻ ബി മോഷൻ പിക്ചേഴ്സി ന്റെ ആദ്യ നിർമ്മാണസംരംഭമാണിത്. ഖാലിദ് റഹ്മാനും ശ്രീനി ശശീന്ദ്രനും ചേർന്ന് തിരക്കഥ രചിച്ച ചിത്രത്തിനായ് സംഭാഷണങ്ങൾ തയ്യാറാക്കിയിരി ക്കുന്നത് രതീഷ് രവിയാണ്. ഛായാഗ്രഹണം: ജിംഷി ഖാലിദ്, ചിത്രസം യോജനം: നിഷാദ് യൂസഫ്, സംഗീതം: വിഷ്ണു വിജയ്, ഓഡിയോഗ്രാഫി: വിഷ്ണു ഗോവിന്ദ്, ലിറിക്സ്: മുഹ്സിൻ പരാരി, വസ്ത്രാലങ്കാരം: മാഷർ ഹംസ.

ഗുഡ് ബാഡ് അഗ്ലി

മാർക്ക് ആന്റണി എന്ന സൂപ്പർഹിറ്റ് ചിത്രത്തിനുശേഷം ആധിക് രവിച ന്ദ്രൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് ഗുഡ് ബാഡ് അഗ്ലി. അജിത് കുമാറാണ് നായകൻ. വിടാമുയർച്ചി എന്ന ഈ വർഷം തന്നെയിറ ങ്ങിയ ചിത്രത്തിന്റെ ക്ഷീണം മാറ്റാനും ബോക്സോഫീസിൽ പുതിയ ചരിത്രമെഴുതാനും ലക്ഷ്യമിട്ടാണ് അജിത് ഗുഡ് ബാഡ് അഗ്ലിയുമാ യി കേരളത്തിലെത്തുന്നത്. അജിത്തിന്റെ കരിയറിലെ വൻ ഹിറ്റുക ളായ മങ്കാത്ത, ദീന, ബില്ല തുടങ്ങിയ ചിത്രങ്ങളുടെ റഫറൻസുകൾ നിറഞ്ഞ ട്രെയിലർ ഇതിനകം തന്നെ ട്രെന്റിംഗായി മാറിയിട്ടുണ്ട്.

മൈത്രി മൂവി മേക്കേഴ്സും ടീ സീരീസും ചേർന്നാണ് ചിത്രം നിർമ്മിക്കു ന്നത്. അർജുൻ ദാസ്, സുനിൽ, പ്രസന്ന, റെഡിൻ കിംഗ്സ്ലി, ഷൈൻ ടോം ചാക്കോ, ജാക്കി ഷെറോഫ്, പ്രഭു, യോഗി ബാബു, തൃഷ, പ്രിയ വാര്യർ, സി മ്രാൻ എന്നിവരാണ് മറ്റു പ്രധാന വേഷങ്ങളിൽ. അഭിനന്ദൻ രാമാനുജനാണ് ക്യാമറ കൈകാര്യം ചെയ്യുന്നത്. ജിവി പ്രകാശാണ് സംഗീതം. ഏപ്രിൽ പത്തിനുതന്നെയാ ണ് ഈ അജിത് ചിത്രം തിയേറ്ററുകളിൽ എത്തുന്നത്.





ഡോ. പി. കെ. എബ്രഹാം

കൊച്ചി: രാഷ്ട്രദീപിക ലിമിറ്റഡിന്റെ മുൻ മാനേജിംഗ് എഡിറ്ററും ഡയറക്ടറും ഫാക്ട് റിട്ട. ജനറൽ മാനേജരുമായ സൗത്ത്കളമശേരി ശാന്തിനഗറിൽ ഡോ. പി.കെ. എബ്രഹാം (82) ബംഗളൂരുവിൽ നിര്യാതനായി. ഭാര്യ: ക്ലാരമ്മ എബ്രഹാം (കോട്ടയം തോട്ടയ്ക്കാട് കൊണ്ടോടി കുടുംബാംഗം). മക്കൾ: ഡിംപിൾ ട്രീസ എബ്രഹാം (ബംഗളൂരു), അഞ്ജു എൽസ എബ്രഹാം (എക്സിക്യൂട്ടീവ് ഡയറക്ടർ, ജെ.പി മോർഗൻ ബാങ്ക്, ന്യൂയോർക്ക്). മരുമക്കൾ: റിട്ട. കമാൻഡർ അജിത് ജോർജ് (ഡെൽ ടെകനോളജീസ്), മനീഷ് തട്ടിൽ (വൈസ് പ്രസിഡന്റ്, നെസ് ഡിജിറ്റൽ, ന്യൂയോർക്ക്). ഇരിട്ടി പുറവൻതുരുത്തിൽ കുടുംബാംഗമായ എബ്രഹാം കുസാറ്റിൽ നിന്ന് എം.ബി.എയും സാമ്പത്തിക ശാസ്ത്രത്തിൽ പി.എച്ച്ഡിയും നേടി. പ്ലാന്റേഷൻ കോർപ്പറേഷനിൽ അസിസ്റ്റന്റ് എസ്റ്റേറ്റ് മാനേജരായും 30 കൊല്ലത്തോളം ഫാക്ടിൽ വിവിധ തസ്തികകളിലും പ്രവർത്തിച്ചു.

അരിനല്ലൂർ: ജെറിൻ കോട്ടേജിൽ പുതക്കുളം ആയൂർ വേദ ഡിസ്പെൻസറി ജീവനക്കാരിയുമായിരുന്ന സുനിത ജോൺ തോട്ടുവാൽ(52) അന്തരിച്ചു. ഭർത്താവ്: ജോൺ ആന്റണി. മക്കൾ: ജെറ ജോൺ, മരിയ ജോൺ.

മങ്കൊമ്പ്: തറമശേരി വീട്ടിൽ പരേതനായ ടി.എ. ഫ്രാൻസീസിന്റെ ഭാര്യ മറിയാമ്മ ഫ്രാൻസിസ് (കുഞ്ഞമ്മ83) അന്തരിച്ചു. മക്കൾ: ഷാജി, സാബു, മേഴ്സി (ഡൽഹി), ഷിബു (ആൻഡമാൻ).

മണ്ണയ്ക്കനാട്: കല്ലോലിൽ പരേതനായ വർക്കിയുടെ മകൻ സിറിയക് ജെ. കല്ലോലിൽ (86) അന്തരിച്ചു. ഭാര്യ ചിന്നമ്മ സിറിയക് പൂന്തോട്ടം കുടുംബാംഗം. മക്കൾ: ജോർജ് സിറിയക് (ഷാജി, മെർക്ക്, സിംഗപ്പൂർ), ജോസ് സിറിയക്.

താമരക്കാട്: തെക്കുംപെരുമാലിൽ പരേതനായ മത്തായി ഔസേപ്പിന്റെ ഭാര്യ ഏലിക്കുട്ടി മത്തായി (85) അന്തരിച്ചു. അരീക്കര പെരുമ്പേൽ കുടുംബാംഗം. മക്കൾ: ലില്ലി ജോയ്, ഡോ. ടി. എം. ജോസഫ്, ലിസി സ്റ്റീഫൻ, ബിജു മാത്യു (ഓസ്ട്രേലിയ).

കോട്ടയം: കോടിമത പറങ്ങോട്ട് അനിയൻ ഏബ്രഹത്തിന്റെ ഭാര്യ നിർമല സൂസൻ ഏബ്രഹാം (62) അന്തരിച്ചു. പുതുപ്പള്ളി ഇല്ലിക്കൽ കുടുംബാംഗമാണ്.

മുട്ടുചിറ: മുൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ശാസ്ത്ര സാഹിത്യകാരനുമായ മുട്ടുചിറ പള്ളിവാതുക്കൽ പി.ടി. തോമസ് (94) അന്തരിച്ചു. ഭാര്യ: പരേതയായ ഏലിയാമ്മ തോമസ്. മക്കൾ: ടോം പി. തോമസ്, ജോസ് പി. തോമസ്, ജയിംസ് പി. തോമസ്.



സി. വി. ശിവദാസ്

പറവൂർ: പെരുവാരം ഞാറയ്ക്കാട്ട് റോഡിൽ ശ്രീനാരായണ ഭവനിൽ സി.വി. ശിവദാസ് (67) നിര്യാതനായി. ഭാര്യ: ഷീല. മക്കൾ: ശ്രീതു (യു.എ.ഇ), ഗീതു (യു.എസ്.എ). മരുമക്കൾ: ശരത് മോഹൻദാസ് (യു.എ.ഇ), ഡാനി ഭദ്രൻ (യു.എസ്.എ)

ചങ്ങനാശേരി: പറാൽ കളപ്പുരക്കൽ പരേതനായ കെ. ജെ. തോമസിന്റെ ഭാര്യ സാലിമ്മ തോമസ് (64) അന്തരിച്ചു. കാവാലം കൊല്ലംപറമ്പിൽ കുടുംബാംഗം. മക്കൾ: അനു തോമസ്, അനൂപ് തോമസ്.

കടപ്ലാമറ്റം: തറപ്പേൽ സെബാസ്റ്റ്യൻ ജോൺ (75) അന്തരിച്ചു. ഭാര്യ മേരി വയലാ തട്ടാകുന്നേൽ കുടുംബാംഗം. മക്കൾ: ലാലു സെൽബിൻ, പരേതനായ സേവ്യർ.

കിടങ്ങൂർ സൗത്ത്: പല്ലോന്നിൽ തങ്കച്ചൻ ഫിലിപ്പ് (62) അന്തരിച്ചു. ഭാര്യ: ജെസി കരിങ്കുന്നം മാടശേരിൽ കുടുംബാംഗം. മക്കൾ: അജയ്, അനിറ്റ്, ആൽബിൻ, അലൻ.

വാകത്താനം: പിച്ചനാട്ടുകുളംതുഞ്ചത്ത് പരേതനായ ടി. ഡി. ജോണിന്റെ ഭാര്യ ചിന്നമ്മ ജോൺ (72) അന്തരിച്ചു. മക്കൾ: ബിജുമോൻ, ബിന്ദു സണ്ണി വെള്ളറശേരിൽ.

ഇത്തിത്താനം: ആനാരിൽ മാധവമന്ദിരത്തിൽ (വാഴപ്പള്ളി തെങ്ങുന്താനം) എസ്. വിക്രമൻ നായരുടെ ഭാര്യ എ.പി. സരസമ്മ (80) അന്തരിച്ചു. മക്കൾ: വിനോദ്, വിദ്യ.

മണർകാട്: വാതല്ലൂരായ മുണ്ടാനിക്കൽ എം. വി. ഫിലിപ്പോസിന്റെ ഭാര്യ അന്നമ്മ ഫിലിപ്പോസ് (പെണ്ണമ്മ 79) അന്തരിച്ചു. കുറിച്ചി മലേപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: റീജ ജേക്കബ്, റോജി ഫിലിപ്പോസ്, റെജി എം.ഫിലിപ്പോസ്.

പാമ്പാടി: കണിയാൻ തറയിൽ മിനി ഭവനത്തിൽപരേതനായ ചാക്കോയുടെ ഭാര്യ മറിയാമ്മ ചാക്കോ (74) അന്തരിച്ചു. മക്കൾ: അനിലേ മിനി. മരുമകൻ: തമ്പി.

പാലയ്ക്കാട്ടുമല: കൈമ്മേട്ട് കെ.എം.മാണി (64) അന്തരിച്ചു. മണിയമ്പ്ര കുടുംബാംഗം. ഭാര്യ: ഡെയ്സി കല്ലറ മണിയൻതുരുത്ത് കളപ്പുരയ്ക്കൽ കുടുംബാംഗം. മക്കൾ: ആഷ്ന (ന്യൂ സിലാൻഡ്) അഭിലാഷ്, ആൽബിൻ (ഒമാൻ).

കടുത്തുരുത്തി: നെയ്യത്തുംപറമ്പിൽ പരേതനായ മത്തായി ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (101) അന്തരിച്ചു. വൈക്കം മുട്ടുമന കുടുംബാംഗം. മക്കൾ: മേരി, മാത്യു, ജോസഫ്, ബ്രദർ ജോർജ്, ആലീസ്, തോമസ്, ഫിലോമിന, പയസ്, നിർമല, ഷാജി.

ചാത്തന്നൂർ: മാമ്പള്ളിക്കുന്നം കുരുവിക്കോണത്ത് കെ. ജോയിക്കുട്ടിയുടെ ഭാര്യ പൊടിയമ്മ (71) അന്തരിച്ചു. മക്കൾ: ലിനി, ലീന.



മുൻ എംപി കുമരി അനന്തൻ

ചെന്നൈ: പാർലമെന്റിൽ തമിഴ്ഭാഷ ഉപയോഗിക്കുന്നതിന് വേണ്ടി പോരാട്ടം നടത്തിയ മുതിർന്ന കോൺഗ്രസ് നേതാവും പ്രശസ്ത പ്രാസംഗികനുമായ കുമാരി അനന്തൻ അന്തരിച്ചു. 92 വയസായിരുന്നു. ഇളകിയ സെൽവർ എന്ന് വിളിക്കുന്ന കുമാരി അനന്തൻ തമിഴ്നാട് കോൺഗ്രസിന്റെ മുൻ അധ്യക്ഷനായിരുന്നു. മുതിർന്ന ബിജെപി നേതാവും തെലങ്കാന മുൻ ഗവർണറുമായ തമിഴിസൈ സൗന്ദരരാജന്റെ പിതാവാണ്. മറ്റ് നാല് പെൺമക്കൾ കൂടിയുണ്ട് അദ്ദേഹത്തിന്. കുമാരി അനന്തന്റെ വിയോഗം തമിഴ് സമൂഹത്തിന് തന്നെ വലിയ നഷ്ടമാണെന്ന് മുഖ്യമന്ത്രി സ്റ്റാലിൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. തമിഴ്ഭാഷയെ സേവിക്കുന്നതിനായി അനന്തൻ തന്റെ ജീവിതം സമർപ്പിച്ചുവെന്നും പാർലമെന്റിൽ തമിഴിൽ സംസാരിക്കാനുള്ള അവകാശം സ്ഥാപിച്ചതിന്റെ ബഹുമതി അദ്ദേഹത്തിന് മാത്രമാണുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു. തപാൽ വകുപ്പിന്റെ ഫോമുകളിൽ തമിഴ് ഉപയോഗിക്കുന്നതിനുള്ള പോരാട്ടത്തിനും അനന്തനെ എംഡിഎംകെ ജനറൽ സെക്രട്ടറി വൈകോ പ്രശംസിച്ചു. മദ്യനിരോധത്തിനായി ജീവിതകാലം മുഴുവൻ പോരാടിയ വ്യക്തിയാണെന്നും അദ്ദേഹം കുട്ടിച്ചേർത്തു. കന്യാകുമാരി ജില്ലയിലെ അഗസ്തീശ്വരത്ത് ജനിച്ച അദ്ദേഹം നാഗർകോവിലിൽ നിന്ന് പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

പയസ്മൗണ്ട്: മേനമറ്റത്തിൽ പരേതനായ റിട്ട. ഹെഡ്മാസ്റ്റർ എം.യു. മത്തായിയുടെ ഭാര്യ എം.എം. മറിയം (78) അന്തരിച്ചു. മക്കൾ: ബിജു മാത്യു (യുകെ), ബിജി സോബി (യുകെ).

പ്രവിത്താനം: അരീക്കൽ കെ. എൻ. കൃഷ്ണന്റെ മകൻ എ. കെ. പ്രവീൺ (ഷൈൻ 44) അന്തരിച്ചു. ഭാര്യ ജിഷ കല്ലറ തെക്കേകൊച്ചത്ത് കുടുംബാംഗം. മകൾ: അഥിതി കൃഷ്ണ.

കൊച്ചി: കടവന്ത്ര വിദ്യാനഗറിൽ 'ഓം' വി.എൻ.ആർ.എ 59ൽ കെ. രഘുനാഥ് (63) അന്തരിച്ചു. ഭാര്യ: ധന്യ. മകൾ: രമ്യ. മരുമകൻ: എ. നിതിൻ (അമേരിക്ക).

കുറുമ്പനാടം: ചിറത്തലയ്ക്കൽ സി.ജി. ഫ്രാൻസിസ് (78) അന്തരിച്ചു. ഭാര്യ ഏലിയാമ്മ ചങ്ങനാശേരി പാലത്തിങ്കൽ കുടുംബാംഗം. മക്കൾ: റ്റിജി ഫ്രാൻസിസ് (ദുബായ്), റ്റിറ്റോ ഫ്രാൻസിസ്, റ്റിജോ ഫ്രാൻസിസ് (യുകെ).

നെയ്യശേരി: തെക്കേ കുന്നേൽ ചാക്കോ വർക്കി (കുഞ്ഞാക്കോ 87) അന്തരിച്ചു. ഭാര്യ മേരി കോതമംഗലം തുരുത്തിക്കാട്ട് കുടുംബാംഗം. മക്കൾ: ജാൻസി, സോഫി, സാലി, ജോജോ, ഷൈമോൻ, ജിഷ, ദീപ.

കീഴ്വായ്പൂർ: ജെ എസ് വിലാസത്തിൽ പരേതനായ എം. എസ്. പ്രഭാകരൻ നായരുടെ ഭാര്യ ജി. ഇന്ദിരദേവിയമ്മ (76) അന്തരിച്ചു. മക്കൾ: പി. മധുലാൽ, പി. ജയശ്രീ.

തായങ്കരി: കളത്തിൽ പരേതനായ തോമസ് ഗർവ്വാസീസിന്റെ ഭാര്യ ത്രേസ്യാമ്മ തോമസ് (കുഞ്ഞമ്മ 92) അന്തരിച്ചു. കരുവാറ്റ തയ്യിൽ ചക്കിട്ടപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജയിംസ്, ജിമ്മിച്ചൻ, ജാൻസി, ജെസി.

പൂച്ചാക്കൽ: പള്ളിപ്പുറം പതിയാമൂലയിൽ പരേതനായ ജോസഫിന്റെ ഭാര്യ റോസമ്മ ജോസഫ് (കുഞ്ഞമ്മ 89) അന്തരിച്ചു. മക്കൾ: ഗ്രേസി കുറുപ്പന്തറ, തങ്കച്ചൻ, കൊച്ചുറാണി, ആനി അർത്തുങ്കൽ, ആലീസ് മൈസൂർ, ക്ലാര മൂക്കന്നൂർ.

കൈപ്പുഴ: ചാത്താംപടത്തിൽ (ഇലക്കാട്ട്)പരേതനായ ബേബിയുടെ ഭാര്യ ആൻസി ബേബി (58) അന്തരിച്ചു. മക്കൾ: ബിൻസി (ബെൽജിയം), ബിബിൻ (യുകെ), അനി മോൾ (യുകെ).

കോതനല്ലൂർ: പട്ടമന പരേതനായ ജോസിന്റെ ഭാര്യ റോസമ്മ (79) അന്തരിച്ചു. അതിരമ്പുഴ വട്ടമല കുടുംബാംഗം. മക്കൾ: മരിയ (ഓസ്ട്രേലിയ), സജി (കുവൈറ്റ്), ഡാലിയ (യുകെ).

കുറുമണ്ണ്: പുളിക്കൽ സെബാസ്റ്റ്യൻ (ജോണി 67) അന്തരിച്ചു. ഭാര്യ: കുട്ടിയമ്മ, ഉള്ളനാട് മഠത്തിൽകുന്നേൽ കുടുംബാംഗം. മക്കൾ: സോണിയ(ദുബായ്), റോണിയ.

തൃക്കൊടിത്താനം: പാറക്കുളം പി.ഡി. ജോസഫ് (ജോസുകുട്ടി 75) അന്തരിച്ചു. ഭാര്യ: പരേതയായ റോസമ്മ തുരുത്തി പാലത്തിങ്കൽ കുടുംബാംഗം. മക്കൾ: പ്രീതി, പ്രിൻസ്, പ്രിന്റോ, പ്രിയ.

ഏറ്റുമാനൂർ: അതിരമ്പുഴ വൈശാഖിൽ കെ.എസ്. പ്രഭാകരൻ നായർ (കുട്ടൻ 90) അന്തരിച്ചു. ഭാര്യ പരേതയായ രാധാമണിയമ്മ വാഴൂർ കൊല്ലത്ത് കുടുംബാംഗം. മക്കൾ:സുനിത, സുനില, സുനിൽ (യുകെ).

അയ്മനം: പുതുപ്പള്ളി പനയ്ക്കൽ പരേതനായ സുകുമാരന്റെ ഭാര്യ ശ്രീരാഗത്തിൽ സി. പി. ശാന്തമ്മ (85) അന്തരിച്ചു. കാഞ്ഞിരം മലരിക്കൽ ചേരിക്കൽ കുടുംബാംഗം. മക്കൾ: അനിത, ശ്രീദേവി, ആശാദേവി.

ചങ്ങനാശേരി: പറാൽ കളപ്പുരയ്ക്കൽ പരേതനായ കെ. ജെ. തോമസിന്റെ ഭാര്യ സാലിമ്മ തോമസ് (64) അന്തരിച്ചു. കാവാലം കൊല്ലംപറമ്പിൽ കുടുംബാംഗം. മക്കൾ: അനൂപ് തോമസ്, അനു തോമസ്.

വാകത്താനം: മാങ്ങാടൻ കുടുംബംഗമായ ചിറമാട്ടയിൽ പരേതനായ ജോസഫ് ചാക്കോയുടെ മകൻ രാജു ജോസഫ് (റെജി 52) അന്തരിച്ചു. ഭാര്യ ബിന്ദു രാജു പരിയാരം കൊച്ചുപുരക്കൽ കുടുംബാംഗം. മക്കൾ: ജിതിൻ രാജു, ജിഷ രാജു, ജിബിൻ രാജു.

പങ്ങട: നീലംപടവത്ത് പരേതനായ കുര്യൻ വർഗീസിന്റെ ഭാര്യ ഏലിയാമ്മ കുര്യൻ (101) അന്തരിച്ചു. പങ്ങട ആനിവയലിൽ കുടുംബാഗമാണ്. മക്കൾ: പരേതനായ എൻ.കെ. വർഗീസ്, എ.ഐ.വർഗീസ്, ഐപ്പ് കുര്യൻ, മറിയാമ്മ എബ്രഹാം.

കേശവദാസപുരം: കിളിലേത്ത് പരേതനായ കെ. സി. ചെറിയാന്റെ ഭാര്യ ഏലിയാമ്മ ചെറിയാൻ (90) അന്തരിച്ചു. മക്കൾ: മോഹൻ കെ. ചെറിയാൻ, ലൗലി ജോയ് ചെറിയാൻ, പരേതനായ ജേക്കബ് കെ. ചെറിയാൻ, രഞ്ജി കെ. ചെറിയാൻ.

കോടഞ്ചേരി: ചെമ്പുകടവ് പുല്ലത്ത് ജോയി (69) അന്തരിച്ചു. ഭാര്യ: ജയ (ഇല്ലിക്കൽ കുടുംബാംഗം, ചങ്ങനാശേരി). മക്കൾ: റ്റിന്റു, റ്റുബിൻ (കാനഡ). മരുമക്കൾ: പീറ്റർ താന്നിക്കൽ (ചെമ്പുകടവ്), ജോഷ്ലി വരമ്പകത്ത് (കാനഡ).

പാലോട്: ഇലവുപാലം ഷൈൻ നിവാസിൽ പരേതനായ ധർമദാസിന്റെ ഭാര്യ ബേബി ധർമദാസ് (65) അന്തരിച്ചു. മക്കൾ: ഷൈൻദാസ്, ഷൈജി മോൾ, ഷൈനി മോൾ.

നേമം: ശാന്തിവിള സർവോദയം റോഡ് പുളിയറത്തല വീട്ടിൽ പങ്കജാക്ഷി അമ്മ (80) അന്തരിച്ചു. മക്കൾ: സിദ്ധാർഥൻ, രാമാനുജൻ നായർ, രാധാകൃഷ്ണൻ നായർ, പി. ശ്രീകല.

നേമം: ശാന്തിവിള കുരുമി റോഡ് വാറുവിളാകത്തു വീട്ടിൽ പരേതനായ കരുണാകരന്റെ (കർണൻ) ഭാര്യ ഭാസുരാംഗി (78) അന്തരിച്ചു. മക്കൾ: ശിവകുമാർ (കുമാർ), വിജയകുമാർ (അനി).

നെയ്യാറ്റിൻകര: വഴുതൂർ ഏറത്തു മേലേപുത്തൻ വീട്ടിൽ പരമേശ്വരൻ പിള്ള (94) അന്തരിച്ചു. ഭാര്യ: പരേതയായ എം. സരസമ്മ. മക്കൾ: വേണുഗോപാലൻ നായർ, പി. വിജയൻ, ശ്രീകുമാരി, അനിതാ ഗോപാൽ.

മണ്ണന്തല: പൗഡിക്കോണം രണ്ടാം ചിറ അഹല്യ ഭവനിൽ പരേതനായ ശ്രീധരന്റെ ഭാര്യ സരസു (90) അന്തരിച്ചു. മക്കൾ: ലൈല കുമാരി, അശോകൻ.

നേമം: വിളപ്പിൽശാല സ്റ്റുഡിയോറോഡ് ബിന്ദു നിവാസിൽ ശങ്കരമംഗലത്തിൽ ലളിതമ്മ (87) അന്തരിച്ചു. ഭർത്താവ്: പരേതനായ കേശവൻ നായർ. മക്കൾ: സുധാമണി, അനിൽകുമാർ.

നിലമാമൂട്: ത്രേസ്യാപുരം ഷിജോ നിവാസിൽ കടാക്ഷം (86) അന്തരിച്ചു. ഭാര്യ: സിൽവി. മക്കൾ: കെ. എസ്. ഷീബാറാണി, കെ. എസ്. സുമ.

പാലോട് : ആലുംകുഴി ആയില്യം ഹൗസിൽ പ്രഭാകരൻ നായരുടെ ഭാര്യ ഭവാനി അമ്മ (80) അന്തരിച്ചു. മക്കൾ: ബി. ഗീതകുമാരി, പി. സുരേഷ് കുമാർ, ബി. മഞ്ജുഷ, ബി. ബിന്ദുകുമാരി.

ചാത്തന്നൂർ: മാമ്പള്ളിക്കുന്നം ജാസ്മിൻ മൻസിലിൽ പരേതനായ ടി. എം. മുഹമ്മദ് ഹനീഫയുടെയും ഷെരീഫാ ബീവിയുടെയും മകൻ. സുൽഫി (61) അന്തരിച്ചു. ഭാര്യ: ജവഹർ നിസാ. മകൾ: ജെസ്ന.

കൊല്ലം: പട്ടത്താനം വെളിയിൽ വീട്ടിൽ ((ശ്രീനഗർ 26)ശശിധരന്റെ ഭാര്യ പുഷ്പവല്ലി (72) അന്തരിച്ചു. മക്കൾ: പൂർണിമ രാമചന്ദ്രൻ, പൗർണമി സന്തോഷ്, സജീവ്.

മാങ്ങാട്: സുജാത ഭവനിൽ പരേതനായ വി. ചെല്ലപ്പന്റെ ഭാര്യ കെ. സരസമ്മ (87) അന്തരിച്ചു. മക്കൾ: ശോഭന, രഘുനാഥ്, ശ്രീദേവി, ബാബു.

വെച്ചൂച്ചിറ: പള്ളിക്കിഴക്കേതിൽ പരേതനായ പി.ജി. ജോണിന്റെ ഭാര്യ അന്നമ്മ ജോൺ (78) അന്തരിച്ചു. ചേപ്പാട് വേലന്റേത്ത് പള്ളിയമ്പിൽ കുടുംബാംഗം. മക്കൾ: ജോമോൻ തെള്ളിയിൽ, ജോളി പി. ജോൺ, ജോയ് സി പി. ജോൺ.

എടത്വ: പാണ്ടങ്കരി നെല്ലിക്കുന്നത്ത് എൻ.പി. തോമസിന്റെ (മോൻസി) മകൻ അനൂപ് തോമസ് (37) അന്തരിച്ചു. ഭാര്യ പ്രിൻസി അനൂപ് തൃപ്പൂണിത്തറ തായ്ക്കശേരി കുടുംബാംഗം. മകൾ: സാറാ അനൂപ്.

പാലാ: തിരുഹൃദയമഠാംഗമായ സിസ്റ്റർ ജോസിലിൻ മേരി പനയ്ക്കക്കുഴി എസ്എച്ച് (75) അന്തരിച്ചു. അമ്പാറനിരപ്പേൽ പരേതരായ പി. ഡി. തോമസ് മറിയം ദമ്പതികളുടെ മകളാണ്.

കാപ്പുംതല: ചേലങ്ങാട്ടുശേരി (നെടിയാനി) പരേതനായ ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി ജോസഫ് (96) അന്തരിച്ചു. തോട്ടുവ തെക്കും മേലിൽ കുടുംബാംഗം. മക്കൾ: ജോയി, പരേതയായ ത്രേസ്യാമ്മ, മേരിക്കുട്ടി, ഫാ. മാത്യു സെബാസ്റ്റ്യൻ, സിസ്റ്റർ ലില്ലിക്കുട്ടി, ജോർജ്, തോമസ്, സിസിലി, ലിസി.

കടനാട്: കിഴക്കേക്കുന്നേൽ മാത്യു ഫ്രാൻസിസിന്റെ ഭാര്യ ഏലിയാമ്മ മാത്യു (77) അന്തരിച്ചു. ഐങ്കൊമ്പ് കുന്നുംപുറത്ത് കുടുംബാംഗം. മക്കൾ: സാജൻ, ലീലാമ്മ.

വെമ്പള്ളി: ഊരാളിപറമ്പിൽ ഡി. ചെറിയാൻ (82) അന്തരിച്ചു. ഭാര്യ പരേതയായ ഏലിയാമ്മ നെടുമറ്റത്തിൽ കുടുംബാംഗം. മക്കൾ: സാജി മോൾ, പരേതനായ സാജൻ.

പുന്നത്തുറ വെസ്റ്റ്: പ്ലാക്കിതൊട്ടിൽ പി.ജെ. മാത്യുവിന്റെ ഭാര്യ പൗളിൻ മാത്യു (ബേബി 68) അന്തരിച്ചു. മകൻ: ജാക്സൺ മാത്യൂസ്.

വെള്ളികുളം: വട്ടോത്ത് മാത്യു ജോസഫ് (81) അന്തരിച്ചു. ഭാര്യ തെയ്യാമ്മ മുക്കുളം കാപ്പിലിപ്പറമ്പിൽ കുടുംബാംഗം. മക്കൾ: ജോസ്, സോബി.

ഏറ്റുമാനൂർ: പട്ടിത്താനം പഴയവീട്ടിൽ പി.ജെ. അലക്സാണ്ടർ (85) അന്തരിച്ചു. ഭാര്യ അച്ചാമ്മ കൊഴുവനാൽ കല്ലൂർകുളം മണിയങ്ങാട്ട് കുടുംബാംഗം. മകൻ: ബിനോ ജോസ്.

അരുവിത്തുറ: കരോട്ടുപുള്ളോലിൽ ജോസ് ജോസഫിന്റെ ഭാര്യ ജെസി ജോസ് (62) അന്തരിച്ചു. കടപ്ലാമറ്റം കുറുവാച്ചിറ കുടുംബാംഗം. മക്കൾ: റിനി, അലൻ, സാനിയ.

തോടനാൽ: മാടയാങ്കൽ വർക്കി മാത്യു (മത്തച്ചൻ 96) അന്തരിച്ചു. ഭാര്യ ത്രേസ്യാമ്മ കുടക്കച്ചിറ മുരിക്കോലിൽ കുടുംബാംഗം. മക്കൾ: ജോസ്, മേരി, സിസ്റ്റർ ടെസി, ബിജു, സാജു, ജോയി, ബീന, ബിനോയി.

വെട്ടിമുകൾ: മുകളേൽ പരേതനായ എം.കെ. ചാക്കോയുടെ മകൻ എം.സി. കുര്യൻ (74) അന്തരിച്ചു. ഭാര്യ തങ്കമ്മ കുര്യൻ കപിക്കാട് മുട്ടേത്താഴത്ത് കുടുംബാംഗം. മക്കൾ: ജയ് കുര്യൻ, എം.കെ. ജയമോൾ, നിഷ കുര്യൻ (നഴ്സ്, ജർമനി).

അടിച്ചിറ: തെള്ളകത്തുശേരിയിൽ പുത്തേട്ടുവീട്ടിൽ ടി. പി. ജോൺ (74) അന്തരിച്ചു. ഭാര്യ: ആലീസ് ജോൺ. മക്കൾ: പ്രിൻസ്, ജോഷി, ജീമോൾ.


Embrace a season of fortune with exquisite artisanship. Discover jewellery that radiates opulence, tradition and a promise of endless prosperity.
MALABAR
GOLD & DIAMONDS
EMBRACE THE GIFT OF GOLD
FREE GOLD COINS
on Diamond & Precious Gem Jewellery worth USD 1,500 and above
0% Zero deduction on old gold (916) exchange
100% value on diamond exchange
*T&C apply.
Pay 10% advance and get gold rate protection
Special counters with attractive discounts are available!
Offer valid till 30th April 2025
NEW JERSEY | DALLAS | CHICAGO | NAPERVILLE
LOS ANGELES | ATLANTA
Shop 24/7 at www.malabargoldanddiamonds.com
Scan to view the festive jewellery collection
OVER 390 SHOWROOMS ACROSS USA, UK, CANADA, AUSTRALIA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KSA, KUWAIT & INDIA